*Issued on 22-4-1991*

85423

# PROCEEDINGS

# of the

# EIGHTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

**Sixth Session**

Wednesday, 21st Decen ber 1988

**OFFICIAL REPORT**

Vol. LXXV—No. 1

**Price: 50 P.**

©

Government of Kerala

1991

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
THIRUVANANTHAPURAM, 1991

# എട്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

| | |
|---|---|
| സ്പീക്കർ: | ശ്രീ. വർക്കല രാധാകൃഷ്ണൻ |
| ഡെപ്യൂട്ടി സ്പീക്കർ: | ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ |
| സെക്രട്ടറി (ഇൻ-ചാർജ്): | ശ്രീ. കെ. ബാലഗോപാലൻ |
| ചീഫ് എഡിറ്റർ: | ശ്രീമതി പി. രാജമ്മ |

# കേരള സർക്കാർ

## മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. ഇ. കെ. നായനാർ |
| ജലസേചനവകുപ്പു മന്ത്രി | ശ്രീ. ബേബി ജോൺ |
| വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി | ശ്രീ. കെ. ചന്ദ്രശേഖരൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | ശ്രീമതി കെ. ആർ. ഗൗരിയമ്മ |
| മരാമത്തുവകുപ്പുമന്ത്രി | ശ്രീ. ടി. കെ. ഹംസ |
| വനം വകുപ്പുമന്ത്രി | ശ്രീ. എൻ. എം. ജോസഫ് |
| ഭവനനിർമ്മാണവകുപ്പുമന്ത്രി | ശ്രീ. ലോനപ്പൻ നമ്പാടൻ |
| സ്പോർട്സും യുവജനക്ഷേമവും വകുപ്പുമന്ത്രി | ശ്രീ. എ. നീലലോഹിതദാസൻ നാടാർ |
| തൊഴിൽ വകുപ്പുമന്ത്രി | ശ്രീ. കെ. പങ്കജാക്ഷൻ |
| പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി | ശ്രീ. പി. കെ. രാഘവൻ |
| കൃഷി വകുപ്പുമന്ത്രി | ശ്രീ. വി. വി. രാഘവൻ |
| സഹകരണ-ഫിഷറീസ് വകുപ്പുമന്ത്രി | ശ്രീ. ടി. കെ. രാമകൃഷ്ണൻ |
| ഗതാഗതവകുപ്പുമന്ത്രി | ശ്രീ. കെ. ശങ്കരനാരായണപിള്ള |
| ആരോഗ്യവകുപ്പുമന്ത്രി | ശ്രീ. എ. സി. ഷൺമുഖദാസ് |
| വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി | ശ്രീ. ടി. ശിവദാസമേനോൻ |
| റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | ശ്രീ. പി. എസ്. ശ്രീനിവാസൻ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | ശ്രീ. വി. ജെ. തങ്കപ്പൻ |
| ധനകാര്യവകുപ്പുമന്ത്രി | ശ്രീ. വി. വിശ്വനാഥമേനോൻ |

2/942/V.

LIBRARY ARCHIVES Kerala Legislative Assembly

# എട്ടാം കേരള നിയമസഭ

## അംഗങ്ങൾ

1. ശ്രീ. ചെർക്കളം അബ്ദുള്ള (മഞ്ചേശ്വരം)
2. ,, കെ. പി. എ. മജീദ് (മങ്കട)
3. ,, പി. എം. അബൂബക്കർ (കൊടുവള്ളി)
4. ,, ഇ. അഹമ്മദ് (താനൂർ)
5. ,, സി. ടി. അഹമ്മദ് അലി (കാസർഗോഡ്)
6. ,, കൊരമ്പയിൽ അഹമ്മദ് ഹാജി (കുററിപ്പുറം)
7. ,, ആനത്തലവട്ടം ആനന്ദൻ (ആററിങ്ങൽ)
8. ,, ററി. ജെ. ആഞ്ചലോസ് (മാരാരിക്കുളം)
9. ,, കെ. പി. അരവിന്ദാക്ഷൻ (കുന്നംകുളം)
10. ,, ടി. കെ. അറുമുഖൻ (കുഴൽമന്ദം—എസ്. സി.)
11. ,, ബേബി ജോൺ (ചവറ)
12. ,, ബാബു ദിവാകരൻ (കൊല്ലം)
13. ,, കോടിയേരി ബാലകൃഷ്ണൻ (തലശ്ശേരി)
14. ,, ആർ. ബാലകൃഷ്ണ പിള്ള (കൊട്ടാരക്കര)
15. ,, പി. ബാലൻ (ശ്രീകൃഷ്ണപുരം)
16. ,, സി. പി. ബാലൻ വൈദ്യർ (കുന്നമംഗലം–എസ്. സി.)
17. ,, പി. കെ. കെ. ബാവ (ഗുരുവായൂർ)
18. ,, ഒ. ഭരതൻ (എടക്കാട്)
19. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ (കിളിമാനൂർ—എസ്. സി.)
20. ശ്രീ. പി. ഭാസ്ക്കരൻ. (കണ്ണൂർ)
21. ,, കെ. ആർ. ചന്ദ്രമോഹനൻ (ചടയമംഗലം)
22. ,, കെ. എ. ചന്ദ്രൻ (ചിററൂർ)
23. ,, കെ. ചന്ദ്രശേഖരൻ (വടകര)
24. ,, ഇ. ചന്ദ്രശേഖരൻ നായർ (പത്തനാപുരം)
25. ,, ജെ. ചിത്തരഞ്ജൻ (പുനലൂർ)
26. ,, എം. ദാസൻ (കോഴിക്കോട്–I)
27. ,, വി. ദിനകരൻ (അമ്പലപ്പുഴ)
28. ,, ഈപ്പൻ വർഗ്ഗീസ് (റാന്നി)
29. ,, കെ. ജെ. ജോർജ് (ചാലക്കുടി)
30. ,, പി. പി. ജോർജ് (തിരുവമ്പാടി)
31. ,, ജോർജ് ജോസഫ്. പൊടിപ്പാറ (ഏററുമാനൂർ)
32. ,, എം. ആർ. ഗോപാലകൃഷ്ണൻ (കായംകുളം)
33. ,, ഗോപി കോട്ടമുറിക്കൽ (പിറവം)
34. ശ്രീമതി കെ. ആർ. ഗൗരിയമ്മ (അരൂർ)
35. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് (മാവേലിക്കര)
36. ,, ടി. കെ. ഹംസ (ബേപ്പൂർ)
37. ,, എം. എം. ഹസ്സൻ (തിരുവനന്തപുരം–വെസ്ററ്)
38. ,, ഇസ്ഹാക് കുരിക്കൾ (മഞ്ചേരി)
39. ഡോക്ടർ. എ. വി. ഐസക് (മൂവാററുപുഴ)
40. ശ്രീ. ററി. എം. ജേക്കബ് (കോതമംഗലം)
41. ഡോക്ടർ. കെ. സി. ജോസഫ് (കുട്ടനാട്)
42. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
43. ,, എൻ. എം. ജോസഫ് (പൂഞ്ഞാർ)

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
45. ,, ഇ. കെ. മേനോൻ (തൃശ്ശൂർ)
46. ,, എ. കണാരൻ (മേപ്പയൂർ)
47. ,, കെ. കരുണാകരൻ (മാള)
48. ,, വി. കേശവൻ (പന്തളം–എസ്. സി.)
49. ,, സി. ടി. കൃഷ്ണൻ (കൊല്ലങ്കോട്)
50. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ (വാമനപുരം)
51. ,, കൃഷ്ണൻ കണിയാമ്പറമ്പിൽ (നാട്ടിക)
52. ,, കെ. കെ. നായർ (പത്തനംതിട്ട)
53. ,, ഇ. കെ. നായനാർ (തൃക്കരിപ്പൂർ)
54. ,, പി. കെ. കുഞ്ഞാലിക്കുട്ടി (മലപ്പുറം)
55. ,, സി. പി. കുഞ്ഞാലിക്കുട്ടി കേയി (തിരൂരങ്ങാടി)
56. ,, കെ. പി. കുഞ്ഞിക്കണ്ണൻ (ഉദുമ)
57. ,, സി. പി. കുഞ്ഞ് (കോഴിക്കോട്–2)
58. ഡോക്ടർ എം. എ. കുട്ടപ്പൻ (ചേലക്കര–എസ്. സി.)
59. ശ്രീമതി ലീലാദാമോദരമേനോൻ (പട്ടാമ്പി)
60. ശ്രീ. ലോനപ്പൻ നമ്പാടൻ (ഇരിങ്ങാലക്കുട)
61. ,, കെ. കെ. മാധവൻ (ഞാറയ്ക്കൽ–എസ്. സി.)
62. ,, മാമ്മൻ ഐപ്പ് (ചെങ്ങന്നൂർ)
63. ,, കെ. പി. മമ്മു മാസ്റ്റർ (കൂത്തുപറമ്പ്)
64. ,, കെ. എം. മാണി (പാലാ)
65. ,, എം. വി. മാണി (അങ്കമാലി)
66. ,, എൻ. മനോഹരൻ മാസ്റ്റർ (ഹോസ്ദുർഗ്–എസ്. സി.)
67. ,, സി. എ. മാത്യു (കല്ലൂപ്പാറ)
68. ,, മാത്യു സ്റ്റീഫൻ (ഉടുമ്പൻചോല)
69. ,, മാത്യു റ്റി. തോമസ് (തിരുവല്ല)
70. ശ്രീമതി മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)
71. ശ്രീ. ആര്യാടൻ മുഹമ്മദ് (നിലമ്പൂർ)
72. ,, കല്ലടി മുഹമ്മദ് (മണ്ണാർക്കാട്)
73. ,, കെ. മുഹമ്മദാലി (ആലുവ)
74. ,, പി. ടി. മോഹനകൃഷ്ണൻ (പൊന്നാനി)
75. ,, കെ. മൊയ്തീൻകുട്ടി ഹാജി (തിരൂർ)
76. ,, ടി. എച്ച്. മുസ്തഫ (കുന്നത്തുനാട്)
77. ,, കെ. കെ. എൻ. പരിയാരം (തളിപ്പറമ്പ്)
78. ശ്രീമതി നബീസാ ഉമ്മാൾ (കഴക്കൂട്ടം)
79. ശ്രീ. ടി. നാണു മാസ്റ്റർ (കുന്നത്തൂർ–എസ്. സി.)
80. ,, സി. പി. നാരായണൻ (പയ്യന്നൂർ)
81. ,, കെ. എസ്. നാരായണൻ നമ്പൂതിരി (വടക്കാഞ്ചേരി)
82. ,, എ. നീലലോഹിതദാസൻ നാടാർ (കോവളം)
83. ,, കെ. പി. നൂറുദ്ദീൻ (പേരാവൂർ)
84. ,, ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)
85. ശ്രീമതി എം. ടി. പത്മ (കൊയിലാണ്ടി)
86. ശ്രീ. എ. കെ. പത്മനാഭൻ (പേരാമ്പ്ര)
87. ,, കെ. പങ്കജാക്ഷൻ (ആര്യനാട്)
88. ,, എ. എം. പരമൻ (ഒല്ലൂർ)
89. ,, ടി. പി. പീതാംബരൻ മാസ്റ്റർ (പള്ളുരുത്തി)
90. ,, വർക്കല രാധാകൃഷ്ണൻ (വർക്കല)

LIBRARY ARCHIVES Kerala Legislative Assembly

91. ശ്രീ. ബി. രാഘവൻ (നെടുവത്തൂർ—എസ്.സി.)
92. ,, എം. വി. രാഘവൻ (അഴീക്കോട്)
93. ,, പി. കെ. രാഘവൻ (വൈക്കം—എസ്.സി.)
94. ,, വി. വി. രാഘവൻ (ചേർപ്പ്)
95. ,, കെ. രാഘവൻ മാസ്റ്റർ (നോർത്ത് വയനാട്—എസ്. ടി.)
96. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ (സുൽത്താൻബത്തേരി)
97. ,, ടി. കെ. രാമകൃഷ്ണൻ (കോട്ടയം)
98. ,, വി. പി. രാമകൃഷ്ണപിള്ള (ഇരവിപുരം)
99. ,, വി. കെ. രാജൻ (കൊടുങ്ങല്ലൂർ)
100. ,, സി. കെ. രാജേന്ദ്രൻ (ആലത്തൂർ)
101. ,, കാനം രാജേന്ദ്രൻ (വാഴൂർ)
102. ,, രമേശ് ചെന്നിത്തല (ഹരിപ്പാട്)
103. ,, പി. ആർ. കുറുപ്പ് (പെരിങ്ങളം)
104. ,, വയലാർ രവി (ചേർത്തല)
105. ,, പി. രവീന്ദ്രൻ (ചാത്തന്നൂർ)
106. ശ്രീമതി റോസമ്മ ചാക്കോ (ഇടുക്കി)
107. ശ്രീമതി റോസമ്മ പുന്നൂസ് (ആലപ്പുഴ)
108. ശ്രീ. കെ. ശങ്കരനാരായണൻ (ഒററപ്പാലം)
109. ,, കെ. ശങ്കരനാരായണപിള്ള (തിരുവനന്തപുരം ഈസ്ററ്)
110. പ്രൊഫസർ എം. കെ. സാനു (എറണാകുളം)
111. ശ്രീ. എസ്. ശർമ്മ (വടക്കേക്കര)
112. ,, ചിററൂർ ശശാങ്കൻ നായർ (കോന്നി)
113. ,, സത്യൻ മൊകേരി (നാദാപുരം)
114. ,, എം. സത്യനേശൻ (പാറശ്ശാല)
115. ,, പി. സീതി ഹാജി (കൊണ്ടോട്ടി)
116. ,, എ. സി. ഷൺമുഖദാസ് (ബാലുശ്ശേരി)
117. ,, ടി. ശിവദാസമേനോൻ (മലമ്പുഴ)
118. ,, എൻ. ശിവൻപിള്ള (പറവൂർ)
119. ,, നാലകത്ത് സൂപ്പി (പെരിന്തൽമണ്ണ)
120. ,, കെ. കെ. ശ്രീനിവാസൻ (ആറൻമുള)
121. ,, പി. എസ്. ശ്രീനിവാസൻ (കരുനാഗപ്പള്ളി)
122. ,, പന്തളം സുധാകരൻ (വണ്ടൂർ—എസ്.സി.)
123. ,, വി. എം. സുധീരൻ (മണലൂർ)
124. ,, സി. എം. സുന്ദരം (പാലക്കാട്)
125. ,, സുന്ദരം മാണിക്യം (ദേവികുളം—എസ്. സി.)
126. ,, കെ. വി. സുരേന്ദ്രനാഥ് (നെടുമങ്ങാട്)

LIBRARY ARCHIVES Kerala Legislative Assembly

127. ശ്രീ. എം. പി. താമി (തൃത്താല—എസ്. സി.)
128. ,, പി. പി. തങ്കച്ചൻ (പെരുമ്പാവൂർ)
129. ,, വി. ജെ. തങ്കപ്പൻ (നേമം)
130. ,, എസ്. ആർ. തങ്കരാജ് (നെയ്യാററിൻകര)
131. ,, സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)
132. ,, കെ. ജെ. തോമസ് (കാഞ്ഞിരപ്പള്ളി)
133. ,, കെ. കെ. തോമസ് (പീരുമേട്)
134. ,, പി. സി. തോമസ് (കടുത്തുരുത്തി)
135. ,, ആർ. ഉണ്ണികൃഷ്ണപിള്ള (അടൂർ)
136. ,, എം. പി. വീരേന്ദ്രകുമാർ (കൽപ്പററ)
137. ,, എം. വിജയകുമാർ (തിരുവനന്തപുരം നോർത്ത്)
138. ,, കെ. പി. വിശ്വനാഥൻ (കൊടകര)
139. ,, വി. വിശ്വനാഥമേനോൻ (തൃപ്പൂണിത്തുറ)
140. ,, എം. ജെ. സഖറിയ (മട്ടാഞ്ചേരി)
141. ,, നിക്കോളാസ് റോഡ്രിഗ്സ് (നോമിനേററഡ്)

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


| | പേജ് |
|---|---|
| I ചോദ്യോത്തരങ്ങൾ : | |
| (i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ | 1—21 |
| (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ | 21—42 |
| (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ | 43—88 |
| II ചരമോപചാരം : | |
| ശ്രീ. കെ. അവുക്കാദർകുട്ടി നഹ, ശ്രീ. എൻ. ശ്രീനിവാസൻ ശ്രീ. പി. എൻ. ചന്ദ്രസേനൻ എന്നിവരുടെ നിര്യാണം | 88—90 |
| (2) അർമീനിയയിലെ അത്യാഹിതം | 90—93 |
| III ശ്രദ്ധ ക്ഷണിക്കൽ : | |
| ഭൂപരിഷ്ക്കരണനിയമത്തിന് ഭേദഗതി | 94—95 |
| IV മേശപ്പുറത്തുവച്ച കടലാസുകൾ : | 96—97 |
| V ചെയർമാൻമാരുടെ പാനൽ : | 97 |
| VI നിയമനിർമ്മാണകാര്യം : | |
| (1) 1988-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബിൽ സബ്ജക്റ്റ് കമ്മിറ്റിക്കയച്ചു | 97—98 |
| (2) 1988-ലെ കേരള ഖാദിത്തൊഴിലാളി ക്ഷേമനിധി ബിൽ സബ്ജക്റ്റ് കമ്മിറ്റിക്കയച്ചു | 98—146 |


LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

എട്ടാം കേരള നിയമസഭ

ആറാം സമ്മേളനം

1988 ഡിസംബർ 21, ബുധൻ

വാല്യം LXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 1988 ഡിസംബർ 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വർക്കല രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## 1. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കററിൽ കാണിച്ചിരിക്കുന്നു.

### (i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ,.................ഓർഡർ, ഓർഡർ.................

(ചോദ്യം 1)

സംസ്ഥാന ജീവനക്കാരുടെ പെൻഷൻ വയസ്

* 1. [1] ശ്രീ. ചെർക്കളം അബ്ദുള്ള :
,, നാലകത്തു സൂപ്പി :
,, കൊരമ്പയിൽ അഹമ്മദ് ഹാജി :
,, പി. എം. അബൂബക്കർ :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ പെൻഷൻ വയസ് ഇപ്പോൾ എത്രയാണ് ;

(ബി) പെൻഷൻ വയസ് 58 ആക്കി ഉയർത്തുവാൻ സർക്കാരിനു ഉദ്ദേശമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) പെൻഷൻ വയസ് 55 ആണ്.

(ബി) പെൻഷൻ വയസ് 58 ആക്കി ഉയർത്താൻ ഉദ്ദേശമില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : പെൻഷൻ വയസ് 58 ആക്കി ഉയർത്തിയാൽ അത് സംസ്ഥാനത്തിന് വളരെ പ്രയോജനം ചെയ്യുന്നതാണെന്നുള്ള ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ പ്രസ്താവന അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ധനകാര്യ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് അദ്ദേഹത്തിന്റെ അഭിപ്രായമാണെന്ന് തോന്നുന്നില്ല. എക്സ്പെൻഡിച്ചർ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് അത് പറഞ്ഞിട്ടുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഗവൺമെന്റിന്റെ നയം ഏതാണെന്ന് വ്യക്തമായി പറഞ്ഞാൽ കൊള്ളാം. പ്രതിപക്ഷ നേതാവ് ശ്രീ. കെ. കരുണാകരൻ സമ്മതിക്കുകയാണെങ്കിൽ നടപ്പിലാക്കാമായിയിരുന്നു എന്നു പറഞ്ഞിരുന്നു. ആ നിലയ്ക്ക് പ്രതിപക്ഷവുമായി സംസാരിക്കാൻ വല്ല ഉദ്ദേശവുമുണ്ടോ? ഗവൺമെന്റിന്റെ നയം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞതാണോ അതോ മുഖ്യമന്ത്രി പറഞ്ഞതാണോ എന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. ഇ. കെ. നായനാർ : നയത്തെപ്പററി ഒരഭിപ്രായവ്യത്യാസവുമില്ല. തുടർന്നുവരുന്ന നയം തന്നെയാണുള്ളത്, അദ്ദേഹം വ്യക്തിപരമായി പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ ഗവൺമെന്റിന്റെ നയം മാററാൻ യാതൊരു ഉദ്ദേശവുമില്ല.

ശ്രീ. നാലകത്തു സൂപ്പി : പെൻഷൻ വയസ്സ് 58 ആക്കണമെന്നുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന എക്സ്പെൻഡിച്ചർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് പറയുന്നു. വളരെ ആധികാരികമായ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഒരു മന്ത്രി ഇങ്ങനെ പ്രസ്താവന നടത്തുന്നത് വ്യക്തിപരമാണെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വ്യാഖ്യാനം ശരിയാണോ ?

ശ്രീ. ഇ. കെ. നായനാർ : വ്യക്തിപരമായ അദ്ദേഹത്തിന്റെ അഭിപ്രായം അല്ല. എക്സ്പെൻഡിച്ചർ കമ്മീഷൻ റിപ്പോർട്ടിനെ ഉദ്ധരിച്ച് പറഞ്ഞതാണ്. കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. ഇന്ത്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും 58 വയസ്സാക്കിയിട്ടുണ്ട്. ഇവിടെ 55 ആണ്. ആ നയമാണ് ഗവൺമെന്റിനുള്ളത്. എക്സ്പെൻഡിച്ചർ കമ്മീഷൻ റിപ്പോർട്ടിനെ ഉദ്ധരിച്ച് അദ്ദേഹം പറഞ്ഞുവെന്നേയുള്ളു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ) : "എക്സ്പെൻഡിച്ചർ കമ്മീഷൻ ഇങ്ങനെയൊരു ശുപാർശ നടത്തിയതായിട്ടറിയുന്നു, അത് ശരിയാണോ" എന്ന് പത്രക്കാർ ചോദിച്ചു. ശരിയാണെന്ന് ഞാൻ പറയുകയും ചെയ്തു. അല്ലാതെ ഞങ്ങളുടെ നയം അതാണെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. നാലകത്തുസൂപ്പി : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സമ്മതിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാമെന്നും നടപ്പിലാക്കാമെന്നും പറഞ്ഞു. അത് പത്രക്കാർ ചോദിച്ചതാണോ അതോ വ്യക്തിപരമായ അഭിപ്രായമാണോ ?

ശ്രീ. വി. വിശ്വനാഥമേനോൻ : ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത് ഇക്കാര്യത്തെക്കുറിച്ച് ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ശ്രമിച്ചതാണ്. അന്ന് ഞങ്ങൾ അതിനെ എതിർത്തത് ശരിയാണെന്നാണ്. ഇനിയിപ്പോൾ ഞങ്ങൾ കൊണ്ടുവരുമ്പോൾ കരുണാകരനും എതിർക്കും അത്രയേയുള്ളു. അങ്ങനെയൊക്കെ നടക്കുമെന്നുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു.

ശ്രീ. പി. എം. അബൂബക്കർ : ഇക്കാര്യത്തെക്കുറിച്ച് എക്സ്പെൻഡിച്ചർ കമ്മീഷൻ പറയുന്നതാണോ മുഖ്യമന്ത്രി പറയുന്നതാണോ പ്രാവർത്തികമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മെമ്പർ അത് മനസ്സിലാക്കിയിട്ടില്ലെങ്കിൽ അതിൽ ദുഃഖിക്കുക മാത്രമേ നിർവ്വാഹമുള്ളു. എക്സ്പെൻഡിച്ചർ കമ്മിഷൻ അല്ല സർക്കാർ. അത് വിശദീകരിച്ചുതരാൻ സമയമില്ലാത്തതുകൊണ്ട് ഇപ്പോൾ പറയാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. എം. അബൂബക്കർ : ഞാൻ ചോദ്യം വ്യക്തമായിത്തന്നെ ചോദിക്കാം. എക്സ്പെൻഡിച്ചർ കമ്മിഷൻ അഭിപ്രായം പ്രകടിപ്പിക്കുകയും അതിനുവ്യത്യസ്തമായ രൂപത്തിൽ മുഖ്യമന്ത്രി നിലപാട് സ്വീകരിക്കുകയും ചെയ്യുമ്പോൾ ഏതിനാണ് പ്രാമുഖ്യം എന്നുള്ളതാണ് ചോദ്യം.

ശ്രീ. ഇ. കെ. നായനാർ : അതുതന്നെയാണ് ഞാനും പറഞ്ഞത്. ഒരു കമ്മിഷൻ റിപ്പോർട്ടും ഒരു ഗവൺമെന്റിന്റെ തീരുമാനവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നില്ലെങ്കിൽ അതിൽ ഖേദിക്കുകയല്ലാതെ മറെറന്തു ചെയ്യാനാണ്. ഗവൺമെന്റിന്റെ നിലപാട് ഗവൺമെന്റ് തുടരുന്നു. അംഗീകരിച്ചാൽ നിങ്ങളോട് പറയും. ഇത് ശ്രീ. അബൂബക്കർക്ക് മനസ്സിലായിട്ടില്ലെങ്കിൽ ഞാൻ എന്തു പറയാനാണ് ?

ശ്രീ. സി. ടി. അഹമ്മദ് അലി : എക്സ്പെൻഡിച്ചർ കമ്മിഷൻ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : അതിപ്പോൾ എങ്ങനെ വ്യക്തമാക്കാനാണ്? റിപ്പോർട്ട് പഠിച്ച് ചർച്ചചെയ്ത് ഒരു തീരുമാനം വരണ്ടേ ? ഒരു റെക്കമെൻറേഷൻ അദ്ദേഹം പറഞ്ഞുവെന്നുമാത്രമേയുള്ളു. റിപ്പോർട്ടാകെ പരിശോധിച്ച് നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിക്ക് അതിനെക്കുറിച്ച് വിശദമായ വിവരമുള്ളതുകൊണ്ട് അദ്ദേഹത്തിന് അതിനെ സംബന്ധിച്ച ഒരു വിശദീകരണം നൽകാമോ ?

ശ്രീ. ഇ. കെ. നായനാർ : എന്നോടുള്ള ചോദ്യത്തിന് ധനകാര്യ വകുപ്പു മന്ത്രി മറുപടി നൽകിയാൽ പോരാ.

ശ്രീ. പി. ആർ. കുറുപ്പ് : സംസ്ഥാനത്തിലെ ജീവനക്കാരിൽ വയസ്സിന്റെ കാര്യത്തിൽ വ്യത്യസ്തത അനുഭവിച്ചുവരുന്ന വല്ല വിഭാഗവും ഉണ്ടോ ? ഉണ്ടെങ്കിൽ ആ അനോമലി തീർക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : വ്യത്യസ്ത പ്രായങ്ങളിൽ പെൻഷൻ ആകുന്നവർ ഉണ്ട്. പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാരുടെ പെൻഷൻ പ്രായം 70 വയസ്സാണ്. 1970-നു മുമ്പ് സർവ്വീസിൽ പ്രവേശിച്ച ക്ലാസ് ഫോർ ജീവനക്കാരുടെ പെൻഷൻ പ്രായം 60 വയസ്സാണ്. മറെറല്ലാ ജീവനക്കാരുടെയും പെൻഷൻ പ്രായം 55 വയസ്സാണ്. ഇതാണിപ്പോൾ തുടർന്നുവരുന്നത്.

ശ്രീ. കെ. എം. മാണി : ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏതാണ്ടൊരർദ്ധ സമ്മതം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട കരുണാകരൻ എതിർക്കും അല്ലെങ്കിൽ അത് പററുമായിരുന്നുവെന്നുള്ള ധ്വനിയാണ്. ഒരു കമ്മിഷൻ റിപ്പോർട്ട് വന്നാൽ അതിനെ സംബന്ധിച്ച് ക്യാബിനററ് പരിശോധിച്ച് അന്തിമമായ ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് ഒരു വകുപ്പു മന്ത്രി ഇതു സംബന്ധിച്ച് ഇപ്രകാരമുള്ള കമന്റ് നടത്തുന്നത് ശരിയാണോ ? അതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായം അറിയണം. മുഖ്യമന്ത്രി ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുടെ വ്യക്തിപരമായ അഭിപ്രായമാണെന്ന് തള്ളിപ്പറഞ്ഞ പശ്ചാത്തലത്തിൽ ഞാൻ ചോദിക്കുകയാണ് ഇപ്രകാരമൊരു റിപ്പോർട്ട് പരിശോധിക്കുന്നതിനു മുമ്പ് ഒരു വകുപ്പുമന്ത്രി ഇതിനെപ്പററി ഒരു കമന്റ് നടത്തുന്നത് ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ആ ചോദ്യം ഇതിൽ വരുന്നില്ല.

ശ്രീ. സി. എഫ്. തോമസ് : ഇപ്പോഴും പ്രശ്നം തുടരുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ശ്രീ. കരുണാകരൻ കൊണ്ടു വന്നപ്പോൾ ഞങ്ങൾ എതിർത്തു. ഞങ്ങൾ കൊണ്ടുവരുമ്പോൾ ശ്രീ. കരുണാകരൻ എതിർക്കുമെന്നാണ്. ഞങ്ങൾ കൊണ്ടുവരുമെന്നുള്ള അവ്യക്തമായ സൂചന അതിലുണ്ട്. ഇവിടെ വന്നിരിക്കുന്ന പ്രശ്നം ഏതെങ്കിലുമൊരു മന്ത്രി ഒരു പ്രസ്താവന നടത്തിയാൽ അതാണോ ഗവൺമെൻറിൻെറ നയം; അതോ അത് സംബന്ധിച്ച് അവസാനമായി മുഖ്യമന്ത്രി പറഞ്ഞാൽ മാത്രമേ അത് നയമായിട്ട് ജനങ്ങൾ കാണുകയുള്ളുവെന്നുള്ളതാണോ ? വ്യക്തമായൊരു മറുപടി പറയണം.

ശ്രീ. ഇ. കെ. നായനാർ : ഈ ചോദ്യം ഇതിൽ വരുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പെൻഷൻ പ്രായം 58 ആക്കി ഉയർത്തുന്നത് കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : തൊഴിലില്ലാത്ത ചെറുപ്പക്കാർ അധികമുള്ള ഒരു സംസ്ഥാനമാണ് കേരളമെന്നുള്ളതുകൊണ്ടാണ് പെൻഷൻ പ്രായം 55 എന്നുള്ളത് മാററണ്ടെന്ന് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. കരുണാകരൻ : ഒരു മന്ത്രി താൻ കൈകാര്യം ചെയ്യുന്ന വകുപ്പിനെക്കുറിച്ച് ഒരഭിപ്രായം പറഞ്ഞാൽ, സാധാരണ നമ്മുടെ നിയമപ്രകാരം ആ മന്ത്രിയുടെ അഭിപ്രായം ഗവൺമെൻറിൻെറ അഭിപ്രായമാണ്. അല്ലെങ്കിൽ അദ്ദേഹം പറയണം എനിക്ക് ഇങ്ങനെ ഒരു വ്യക്തിപരമായ അഭിപ്രായമുണ്ടെന്ന്. നേരെമറിച്ച് ഒരു മിനിസ്ററർ താൻ കൈകാര്യം ചെയ്യുന്ന വകുപ്പിനെക്കുറിച്ച് നയപരമായ ഒരു കാര്യം പറഞ്ഞാൽ അത് ഗവൺമെൻറിൻെറ നയമാണ്. ആ നയം തിരുത്തിക്കൊണ്ട് 'ഞാൻ ഗവൺമെൻറിനുവേണ്ടി പറഞ്ഞിട്ടില്ല' എന്ന് പറഞ്ഞാൽ 'മനസ്സിലാക്കാം. അല്ലാതെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഗവൺമെൻറിനുവേണ്ടിയാണ്. അതിൻെറ ഉത്തരവാദിത്വം മുഖ്യമന്ത്രി ഏറെറടുക്കാൻ തയ്യാറുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : പറഞ്ഞത് ടിസ്ററ് ചെയ്യുന്നത് ശരിയല്ല എന്നാണ് എൻെറ അഭിപ്രായം. അദ്ദേഹം പറഞ്ഞത് എക്സ്പെൻഡിച്ചർ കമ്മീഷൻെറ ഇപ്പോഴത്തെ റെക്കമെൻേറഷനാണ്, അദ്ദേഹത്തിൻെറ തീരുമാനമായിട്ടല്ല പറഞ്ഞത്. എക്സ്പെൻഡിച്ചർ കമ്മീഷൻെറ റെക്കമെൻേറഷനാണ്. കമ്മീഷൻെറ റിപ്പോർട്ട് പൂർണ്ണമായിട്ടും ക്യാബിനററാണ് തീരുമാനിക്കേണ്ടത്. മുഖ്യമന്ത്രിയാണ് അത് പ്രഖ്യാപിക്കുക. അതല്ലാതെ ഒരു മന്ത്രി പറഞ്ഞു എന്നുള്ളതുകൊണ്ട് അത് ഗവൺമെൻറ് തീരുമാനമാണ്, അദ്ദേഹത്തിൻേറതായിട്ടല്ല പറഞ്ഞത് എന്ന് പറയുന്നത് ശരിയല്ല. എക്സ്പെൻഡിച്ചർ കമ്മീഷൻെറ റെക്കമെൻേറഷനുണ്ട്. അതിൻെറയർത്ഥം ഗവൺമെൻറ് തീരുമാനം എന്നല്ല.

ശ്രീ. കെ. പി. പത്മനാഭൻ : തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ഈ സംസ്ഥാനത്ത് പെൻഷൻ പ്രായം വർദ്ധിപ്പിക്കരുതെന്ന് യൂത്ത് കോൺഗ്രസ് (ഐ) ഉൾപ്പെടെയുള്ള യുവജന സംഘടനകൾ അഭിപ്രായപ്പെട്ടതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : എല്ലാ യുവജന സംഘടനകളും അത്തരം അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഇന്നത്തെ നയം മാറേറണ്ട എന്ന അഭിപ്രായമുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : കേരളത്തിൽ രൂക്ഷമായ തൊഴിലില്ലായ്മ, പ്രത്യേകിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, നിലനിൽക്കുന്ന അവസരത്തിൽ എക്സ്പെൻഡിച്ചർ കമ്മീഷന്റെ റിപ്പോർട്ട് ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം തള്ളിക്കളയും എന്ന് അസന്നിഗ്ധമായി മുഖ്യമന്ത്രിക്ക് പറയാമോ ?

ശ്രീ. ഇ. കെ. നായനാർ : എക്സ്പെൻഡിച്ചർ കമ്മീഷന്റെ റിപ്പോർട്ട് വന്നതിനുശേഷം അതിനെപ്പററി തീരുമാനം എടുക്കും. ഗവൺമെന്റിന്റെ ഇപ്പോഴത്തെ നില തുടരും. കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയാൽ നിങ്ങളുടെ മുമ്പാകെ പൂർണ്ണമായി വയ്ക്കും.

ശ്രീ. രമേശ് ചെന്നിത്തല : എക്സ്പെൻഡിച്ചർ കമ്മീഷന്റെ റിപ്പോർട്ടിൽ ഇതിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളതിനെപ്പററി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ? അതിനെ സംബന്ധിച്ച് എന്തെങ്കിലും തരത്തിൽ ചർച്ചകൾ നടത്തുയിട്ടുണ്ടോ ? ഇതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ ആധികാരികമായ അഭിപ്രായം വ്യക്തമാക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : അതിനെപ്പററി പൂർണ്ണമായ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അതിനെപ്പററി ഒരു അഭിപ്രായം പറയേണ്ട കാര്യമില്ല.

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം പറഞ്ഞ പെൻഷൻ വയസ്സ് 58 ആക്കുകയില്ല എന്ന്. ആക്കുന്ന കാര്യം ആലോചിച്ചിട്ടില്ല എന്ന് പറഞ്ഞു. പിന്നെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ ചോദ്യം വന്നപ്പോൾ പറഞ്ഞത് ഞങ്ങൾ ആക്കുന്നതല്ല എന്നാണ്. ഇങ്ങനെ രണ്ട് തരത്തിലാണ് ബഹുമാനമപ്പട്ട മുഖ്യമന്ത്രിയുടെ മറുപടി. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞത് കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞു എന്നാണ്.. കമ്മീഷന്റെ റിപ്പോർട്ട് വന്നാൽ ക്യാബിനററിൽ അംഗീകരിക്കാതെ, നിയമസഭയെ അറിയിക്കാതെ, ഒരു മന്ത്രി ഇതിനെ സംബന്ധിച്ച് പുറത്തു പറയുന്നത് ശരിയാണോ ? എന്താണ് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ നയം ?

ശ്രീ. ഇ. കെ. നായനാർ : മൂന്നു നാല് ചോദ്യം ഒരു ചോദ്യത്തിലുന്നയിച്ചാൽ ഒരു ചോദ്യത്തിനേ ഞാൻ മറുപടി പറയുകയുള്ളു. നാല് ചോദ്യമാണ് ശ്രീ. അഹമ്മദ് ചോദിച്ചത്. മന്ത്രി പറഞ്ഞത് ശരിയാണോ, കമ്മീഷൻ റിപ്പോർട്ട് ശരിയാണോ, 58വയസെന്നു പറയുന്നത് ശരിയാണോ, 55 ശരിയാണോ എന്നൊക്കെ ചോദിച്ചു ഒറ മറുപടിയേ എനിക്കുള്ളു. ഗവൺമെന്റിന്റെ നിലപാട് 55 വയസ് തന്നെ തുടരുമെന്നാണ്.

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, അതും സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെപ്പററി ആധികാരികമായി അഭിപ്രായം പറയേണ്ട ആൾ, പെൻഷൻ വയസ്സ് 58 ആക്കുമെന്നൊരു ധ്വനിയുണ്ടാക്കിയ സാഹചര്യത്തിൽ, ശ്രീമാൻ കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞത്, കേരളത്തിലെ തൊഴിലില്ലായ്മ രൂക്ഷമായതുകൊണ്ട് 55. ആയിത്തന്നെ തുടരുമെന്നാണ്. അങ്ങനെയൊരു തീരുമാനം ക്യാബിനററ് എടുത്തിട്ടുണ്ടോ ? അല്ലെങ്കിൽ അങ്ങനെ തീരുമാനം ക്യാബിനററ് എടുക്കുമോ ? അതിനെപ്പററി ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ക്യാബിനററ് തീരുമാനമൊന്നും എടുത്തിട്ടില്ല. ഗവൺമെന്റിന്റെ നയം അതായി തുടരുകയാണിപ്പോൾ. അതിന് യാതൊരു മാററവും വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## പരിഹരിക്കപ്പെടാതെ കിടക്കുന്ന അടിയന്തിര ആവശ്യങ്ങൾ

* 2. [2] ശ്രീ. കെ. പി. മമ്മു മാസ്ററർ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, സി. പി. കുഞ്ഞ് :
,, സി. ടി. കൃഷ്ണൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെൻറിൻെറ അവഗണനയും വിവേചനവുംമൂലം പരിഹരിക്കപ്പെടാതെ കിടക്കുന്ന കേരളത്തിൻെറ അടിയന്തിര ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) കേരളത്തിൻെറ അടിയന്തിര ആവശ്യങ്ങൾ കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നതിന് ഈ ഗവൺമെൻറ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൻെറ ഈ ആവശ്യങ്ങളോരോന്നിനോടും കേന്ദ്ര ഗവൺമെൻറിൻെറ സമീപനം എന്താണെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടതും പരിഹരിക്കപ്പെടാതെ കിടക്കുന്നവയുമായ അടിയന്തിരാവശ്യങ്ങൾ ഇനിപ്പറയുന്നവയാണ്.

(1) വൈദ്യുത പദ്ധതികൾ :

1. ബ്രഹ്മപുരം ഗ്യാസ് ടർബയിൻ
2. തൃക്കരിപ്പൂർ താപനിലയം
3. ആണവ വൈദ്യുതനിലയം
4. പൂയംകുട്ടി ജലവൈദ്യുത പദ്ധതി
5. കുരിയാർകുററി–കാരപ്പാറ പദ്ധതി
6. പള്ളിവാസൽ റീപ്ലേസ്മെൻറ് പദ്ധതി
7. ചാലക്കുടി ബേസിൻ വികസനപദ്ധതി

(2) കേരളത്തിലെ കേന്ദ്ര നിക്ഷേപം കഴിഞ്ഞ കുറെ വർഷങ്ങളായി കുറഞ്ഞുവന്നുകൊണ്ടിരിക്കുന്ന സ്ഥിതിമാററി സംസ്ഥാനത്തിന് അർഹമായ തോതിൽ വർദ്ധിപ്പിക്കണമെന്ന ആവശ്യം.

(3) പൊതുമേഖലാ ബാങ്കുകളുടെ വായ്പാനിക്ഷേപ അനുപാതം വർദ്ധിപ്പിക്കുക. ദക്ഷിണ സംസ്ഥാനങ്ങളിൽ കേരളത്തിൽ ഈ അനുപാതം ഏററവും കുറവാണ്.

(4) കേരളത്തിലെ കാർഷികവിളകളെ ദോഷകരമായി ബാധിക്കുന്ന ഇറക്കുമതി നയം തിരുത്തുക.

(5) വിൽപ്പനനികുതി നിയമത്തിലുള്ള ഭേദഗതി വഴി കയററുമതി ചെയ്യുന്ന സാധനങ്ങളിൻമേൽ വിൽപ്പനനികുതി എടുത്തുകളഞ്ഞതുവഴി വർഷം തോറും 100 കോടി രൂപ വീതം സംസ്ഥാനത്തിന് നഷ്ടപ്പെടുന്നത് നികത്തി കിട്ടുക.

(6) ഗൾഫിൽനിന്ന് തൊഴിൽ രഹിതരായി മടങ്ങി വരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 750 കോടി രൂപയുടെ ഫണ്ട് രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണമെന്ന ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly

(7) തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമാക്കണമെന്ന ആവശ്യം.

(8) കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം.

(9) തലശ്ശേരി-മൈസൂർ, നിലമ്പൂർ-ചാമരാജ നഗർ, കൊച്ചി-ബോഡിമട്ട് എന്നീ പുതിയ റയിൽവേ ലൈനുകളും മംഗലാപുരം-ഷൊർണ്ണൂർ റയിൽവേലൈൻ ഇരട്ടിപ്പിക്കൽ, കായംകുളം-തിരുവനന്തപുരം ലൈൻ ഇരട്ടിപ്പിക്കൽ എന്നിവ.

(10) നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കണമെന്ന ആവശ്യം.

(11) പ്രത്യേക ഭക്ഷ്യധാന്യ ഉല്പാദന പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തണമെന്ന ആവശ്യം.

(12) ഓവർഡ്രാഫ്ററ് പരിധി 75 കോടി രൂപയായും കാലാവധി 21 ദിവസമായും വർദ്ധിപ്പിക്കണമെന്ന ആവശ്യം.

(13) പെരുമൺ സ്പെഷ്യൽ റിഫ്രാക്ററീസ് പദ്ധതിക്ക് അംഗീകാരം നൽകണമെന്ന ആവശ്യം.

(14) വെസ്ററ് കോസ്ററ് കനാൽ ദേശീയ ജലപാതയാക്കുക.

(15) വൈപ്പിൻ പാലം പണി കേന്ദ്ര മേഖലയിൽ ഏറ്റെടുക്കുക.

(16) കയർ ബോർഡിൽ കേരളത്തിന്റെ പ്രാതിനിദ്ധ്യം 23-ൽ 12 ഉണ്ടായിരുന്നത് 7 ആയി കുറച്ച നടപടി റദ്ദാക്കുക.

(17) സംസ്ഥാനത്തിന്റെ അരിവിഹിതവും പാമോയിൽ വിഹിതവും വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കുക.

(18) ഒമ്പതാം ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിൽ കേരളത്തിനു ദോഷകരമായി വന്നിട്ടുള്ള കാര്യങ്ങൾ പുനഃപരിശോധിക്കണമെന്ന ആവശ്യം.

(19) ഡൽഹിയിലെ കപൂർത്തലാ പ്ലോട്ടും ട്രാവൻകൂർ ഹൗസും സംസ്ഥാനത്തിന് തിരിച്ചുതരണമെന്ന ആവശ്യം.

(20) എം. സി. റോഡും കൊച്ചി-മധുര റോഡും നാഷണൽ ഹൈവേയായി പ്രഖ്യാപിക്കണമെന്ന ആവശ്യം.

(21) കൊച്ചി വിമാനത്താവളം വികസിപ്പിക്കണമെന്ന ആവശ്യം.

(22) മാതൃകാ കയർ ഗ്രാമ പദ്ധതി സംസ്ഥാനത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്ത നടപടി റദ്ദാക്കണമെന്ന ആവശ്യം.

(ബി) മുഖ്യമന്ത്രിയും മററ് സംസ്ഥാന മന്ത്രിമാരും പ്രധാനമന്ത്രിക്കും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കും കത്തുകൾ അയയ്ക്കുകയും അവരെ നേരിൽ കണ്ട് നിവേദനം നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള എഴുത്തുകുത്തുകൾക്ക് പുറമേ കേരളത്തിലെ എം. പി. മാർ മുഖാന്തിരവും കേന്ദ്ര ഗവൺമെന്റിൽ ഇക്കാര്യങ്ങളെക്കുറിച്ച് തുടർച്ചയായി സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ട്.

(സി) ഇവയ്ക്കൊന്നും കേന്ദ്രത്തിൽ നിന്നും അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല. നിഷേധാത്മകമായ സമീപനമാണ് പൊതുവേ ഉണ്ടായിട്ടുള്ളത്.

ശ്രീ. കെ. പി. മമ്മു മാസ്ററർ: കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടതും പരിഹരിക്കപ്പെടാതെ കിടക്കുന്നതുമായ കേരളത്തിന്റെ അടിയന്തിരാവശ്യങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രി വിശദമായി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. കേരളത്തിന്റെ പല കാര്യങ്ങളും അവഗണിക്കപ്പെടുന്നത് ആവശ്യമായ സ്കീമുകൾ സമർപ്പിക്കാത്തതുകൊണ്ടും സംസ്ഥാനത്തിന്റെ ബാദ്ധ്യതകൾ നിർവ്വഹിക്കാത്തതുകൊണ്ടുമാണ് എന്നുള്ള ഒരു ആരോപണം വളരെ ശക്തിയായി വന്നിട്ടുണ്ട്. ഇക്കാര്യത്തിന്റെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : സ്കീമുകൾ സമർപ്പിക്കാത്തതുകൊണ്ടാണ് ഇങ്ങനെ വരുന്നത് എന്നുള്ള ആക്ഷേപമോ വിമർശനമോ ശരിയല്ല. ഓരോന്നിനെ സംബന്ധിച്ചും നേരിട്ട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഞാൻ തന്നെ പ്രധാനമന്ത്രിയെ ഒന്നിലധികം തവണ നേരിട്ടു കണ്ട് സംസാരിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമർപ്പിച്ചിട്ടില്ല എന്ന് പറയുന്നത് ശരിയല്ല.

ശ്രീ. കെ. പി. മമ്മു മാസ്ററർ : കേരളത്തിലെ കാർഷിക വിളകളെ ദോഷകരമായി ബാധിക്കുന്ന ഇറക്കുമതി നയം കേന്ദ്രം തിരുത്തും എന്ന ഉറപ്പ് തന്നിട്ടുണ്ടെന്ന് ചില പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. അങ്ങനെ വല്ല തിരുത്തലും ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം ഒരു ഉറപ്പും തന്നിട്ടില്ല, തന്നിട്ടുണ്ടെന്നു പറയുന്നത് സത്യവിരുദ്ധമാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : തിരുവനന്തപുരം വിമാനത്താവളം ഒരു അന്തർദേശീയ വിമാനത്താവളമായി മാററണമെന്നുള്ള കേരളത്തിലെ മുഴുവൻ ആളുകളുടേയും ആഗ്രഹം കേന്ദ്ര ഗവൺമെൻറ് കൈക്കൊള്ളുന്നില്ലെന്ന് മാത്രമല്ല, ഗൾഫിൽ നിന്നു തിരുവനന്തപുരത്തേക്ക് വരുന്നതിനുള്ള വിമാന യാത്രക്കൂലി വർദ്ധിപ്പിച്ചത് കുറവു ചെയ്യണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ട് കേന്ദ്രഗവൺമെൻറ് അതിന് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : തിരുവനന്തപുരത്തുനിന്നും ഗൾഫിലേക്കുള്ള വിമാന യാത്രക്കൂലിയും എക്സസ് ബാഗേജ് ഫ്രൈററും മററ് അന്തർദേശീയ യാത്രക്കൂലിക്ക് ആനുപാതികമായി കുറവു ചെയ്യണമെന്ന് നമ്മൾ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്, അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : കേരളത്തിന്റെ കാർഷിക മേഖലയെ തകർക്കുന്ന, കേന്ദ്ര ഗവൺമെൻറ് നിയന്ത്രണത്തിലുള്ള നബാർഡിന്റെ വായ്പാ പദ്ധതിയിൽ ഇപ്പോൾ സാരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. അതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെൻറ് ഇക്കാര്യം കേരള ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ? എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ബാങ്ക് വായ്പയെ സംബന്ധിച്ച് ശതമാനം കുറഞ്ഞത് ഞാൻ അവിടെ പറഞ്ഞു. തീർച്ചയായിട്ടും അത് ശ്രദ്ധയിൽ പെടുത്തിയതാണ്.

ശ്രീ. സി. പി. കുഞ്ഞ് : കേരളത്തിന് കേന്ദ്രം അനുവദിച്ചിട്ടുള്ള അരിയുടേയും പാമോയിലിന്റേയും ക്വോട്ട കുറച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണ് ?

ശ്രീ. ഇ. കെ. നായനാർ : പാമോയിൽ കുറച്ചിട്ടുണ്ട്. 5,000 ടൺ തരേണ്ട സ്ഥാനത്ത് 2,000 ആക്കി കുറച്ചു. ഇതിനെതിരെ പ്രധാനമന്ത്രിയടക്കം

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 1,500 ടൺ കൂടി വർദ്ധിപ്പിക്കുന്നതാണെന്നു പറഞ്ഞു ഇന്നലെ രാത്രി കമ്പി കിട്ടി. അപ്പോൾ 3,500 ടൺ മാത്രമേ ആകുന്നുള്ളു. അതുപോര നേരത്തെ അനുവദിച്ചിരുന്ന 5,000 ടൺ തന്നെ തരണമെന്നതാണ് നമ്മുടെ ആവശ്യം. അരി 1,45,000 ടൺ ആണ് തരേണ്ടത്. അത് 20,000 ടൺ വീതം കുറച്ചിരിക്കുകയാണ്.

ശ്രീ. സി. പി. കുഞ്ഞ് : കേരളത്തിന് പൊതുമേഖലയിൽ കേന്ദ്ര വിഹിതം കുറെ വർഷങ്ങളായി കുറഞ്ഞുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : കേന്ദ്ര നിക്ഷേപം കേരളത്തിൽ കുറഞ്ഞുവരുന്നതു മനസ്സിലാക്കാൻ കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലിസ്റ്റുതന്നെ ഉണ്ട്. 1974-ൽ 3.28 ശതമാനം ആയിരുന്നത് 1987-ൽ 1.32 ശതമാനമായി കുറഞ്ഞു. ജനസംഖ്യാനുപാതികമായി 2484 കോടി രൂപയുടെ കേന്ദ്രനിക്ഷേപം ഉണ്ടാകേണ്ട സ്ഥാനത്ത് 1,074 കോടി രൂപയുടെ നിക്ഷേപം മാത്രമാണ് ഉണ്ടായത്. 15 വർഷക്കാലയളവുകൊണ്ട് ഈ വിധത്തിലുള്ള അന്തരം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇത് കുറയ്ക്കരുത് എന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ : പുഴുക്കലരി ഉണ്ട് ശീലിച്ച കേരളീയർക്ക് പച്ചരിയും പച്ചരിയിൽ വലിയ വിരോധം ഇല്ലാത്ത തമിഴ്നാട് ജനതക്ക് പുഴുക്കലരിയും നിർബന്ധമായി കൊടുക്കുന്ന കേന്ദ്രഗവൺമെന്റു നയം തിരുത്തി പുഴുക്കലരി മാത്രം നൽകണമെന്ന് പ്രത്യേകമായി ആവശ്യപ്പെടാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. കെ. നായനാർ : പുഴുക്കലരി ആന്ധ്രയിൽനിന്നും കൊണ്ടുവരുന്നതിനുവേണ്ട ഏർപ്പാട് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : പുഴുക്കലരിതന്നെ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോഴുള്ള പ്രശ്നം എഫ്. സി. ഐ. യുടെ അരിയല്ല നമുക്ക് തരുന്നത്. തായ്‌ലന്റിൽ നിന്നുള്ള ഇംപോർട്ടഡ് റൈസാണ്. തായ്‌ലന്റിൽനിന്നും ഇറക്കുമതി ചെയ്യുന്നത് മുഴുവൻ പച്ചരിയാണ്. ഇതിൽ നമുക്ക് ഡിസ്ക്രിഷൻ ഇല്ല. എഫ്. സി. ഐ. യുടെ ചെയർമാൻ ഇവിടെ വരുന്നുണ്ട്. ആന്ധ്രയിൽ നിന്നും പഞ്ചാബിൽനിന്നും നമുക്ക് പററുന്ന പുഴുക്കലരി തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ : പാലക്കാട് ജില്ലയിലെ സൈലന്റ്‌വാലി പദ്ധതി ഉപേക്ഷിക്കുന്ന അവസരത്തിൽ അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പൂയംകുട്ടി പദ്ധതി അനുവദിക്കാം എന്നു പറഞ്ഞിരുന്നു. അതോടൊപ്പം പാലക്കാടിന് സമീപം ഒരു നാഷണൽ പാർക്കും അനുവദിക്കാമെന്നു പറഞ്ഞിരുന്നു. കുരിയാർകുട്ടി ജലവൈദ്യുത പദ്ധതിക്ക് പകരം മറെറാരു പദ്ധതിയും തരാമെന്നു പറഞ്ഞിരുന്നു. മരണപ്പെട്ട പ്രധാനമന്ത്രിയുടെ മകൻ പ്രധാനമന്ത്രിയായിരിക്കുമ്പോൾ അമ്മയുടെ വാക്ക് നിറവേററണമെന്ന് ഈ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ ? അതിന് വല്ല നടപടിയും കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : കുരിയാർകുട്ടി കാരപ്പാറയെ സംബന്ധിച്ചിടത്തോളം ആ പദ്ധതി നാല് കാരണങ്ങൾ പറഞ്ഞു, Environmental Department, Government of India അത് തള്ളുകയാണ് ചെയ്തത്.

2/942/V.

കാരപ്പാറ മാത്രം ജലവൈദ്യുത പദ്ധതിയായി ഏറ്റെടുക്കാൻവേണ്ടി റൂം അമെൻറു ചെയ്ത് കിട്ടാൻവേണ്ടി ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പൂയംകുട്ടി പദ്ധതിക്ക് ഫോറസ്റ്റ് റിസർവേഷൻ ആക്ടിൽ നിന്നുള്ള ക്ലിയറൻസ് ഒഴിച്ച് ബാക്കി എല്ലാ ക്ലിയറൻസും കിട്ടിക്കഴിഞ്ഞു. പ്ലാനിംഗ് കമ്മീഷൻെറ Investment Clearence, Chief Engineer-ടെ Techno-Economic Clearence, Enviornmental Clearence എല്ലാം കിട്ടിക്കഴിഞ്ഞു. Afforestation-ൻെറ സ്കെച്ചും മാപ്പും പ്രിപ്പയർ ചെയ്ത് അയച്ചു കഴിഞ്ഞു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : കേരളത്തിൽ ഒരു റെയിൽവേ കോച്ച് ഫാക്ടറി അനുവദിക്കാമെന്ന മുൻപ്രധാനമന്ത്രിയുടെ വാഗ്ദാനം നിറവേറ്റപ്പെടാത്ത സാഹചര്യത്തിൽ അത്തരമൊരു കോച്ച് ഫാക്ടറി കേരളത്തിൽ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്താനും ആ ആവശ്യത്തിനുവേണ്ടി പ്രതിപക്ഷം ഉൾപ്പെടെയുള്ള ആളുകളുമായി ചേർന്ന് 'ഒരു നിരന്തര സമരത്തിന്' തീരുമാനമെടുത്ത് മുന്നോട്ടുപോകാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. ഇ. കെ. നായനാർ : നിരന്തര സമരമൊന്നുമില്ല. ഞാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : കായംകുളം താപവൈദ്യുത നിലയം തുടങ്ങാൻ 10 വർഷക്കാലമെടുക്കുമെന്ന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ പ്രസ്താവന കണ്ടു. ഇത്രയും കാലമെടുക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : കായംകുളം തെർമൽ സ്റ്റേഷന് പ്ലാനിംഗ് കമ്മീഷൻെറ ഇൻവെസ്റ്റുമെൻറ് ക്ലിയറൻസ് കിട്ടിക്കഴിഞ്ഞു. അതിൻെറ പ്രവർത്തനം ഏറ്റെടുത്തു നടത്താൻ ഇന്ത്യാ ഗവൺമെൻറ് നാഷണൽ തെർമൽ പവർ കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ട്. അതിൻെറ എല്ലാ ക്ലിയറൻസും കിട്ടി. അതിൻെറ വർക്ക് കംപ്ലീറ്റ് ചെയ്യാൻ 5/6 കൊല്ലമെടുക്കും. മാക്സിമം പത്തു കൊല്ലത്തിനുള്ളിൽ പൂർത്തിയാകുമെന്നാണ് പറഞ്ഞിട്ടുള്ളത്. പത്തു കൊല്ലത്തെ താമസമുണ്ടാകുമെന്നല്ല അതിനർത്ഥം. ആറ് കൊല്ലമെങ്കിലും എടുക്കും.

ശ്രീ. പി. ജെ. ജോസഫ് : ഒരു അണുശക്തി നിലയം ആവശ്യപ്പെട്ടിട്ടുണ്ട് എന്നിവിടെ പറയുകയുണ്ടായി. ഈ ഗവൺമെൻറ് വന്നതിനുശേഷം അണുശക്തിനിലയം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് എവിടെ സ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത് ?

ശ്രീ. ഇ. കെ. നായനാർ : അണുശക്തി നിലയത്തെപ്പററി പ്രധാനമന്ത്രിക്ക് ഒന്നിലധികം തവണ എഴുതിയിട്ടുണ്ട്. അണുശക്തി കമ്മീഷൻെറ ചെയർമാനുമായിട്ട് സംസാരിച്ചിട്ടുണ്ട്. സ്ഥലമൊക്കെ പരിശോധിക്കാമെന്ന ഒരു നിലയിൽ എത്തിയിട്ടില്ല. ഏതായാലും നിഷേധിച്ചിട്ടുമില്ല. നമ്മൾ അഭ്യർത്ഥിച്ചിട്ടുണ്ട് അണുശക്തിനിലയം വേണമെന്ന്. കാസർകോട്ടുള്ള ബഹുമാനപ്പെട്ട മെമ്പർ ഒരു പെററീഷനും തന്നിട്ടുണ്ട്, ആ ഭാഗത്തൊന്നും ഇത് വേണ്ടെന്ന് കാണിച്ച്. തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ ഒരു അണുശക്തിനിലയം കേന്ദ്രഗവൺമെൻറ് സ്ഥാപിക്കാൻ പോകുകയാണ്. അതിൻെറ റിയാക്ഷനെ സംബന്ധിച്ച ഭയമാണെങ്കിൽ കാസർകോടും കടന്നുപോകുകയേയുള്ളു. അതുകൊണ്ട് റിയാക്ഷനെപ്പററി പറയുന്നതിൽ ശാസ്ത്രീയ പഠനമുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഗോപി കോട്ടമുറിക്കൽ : കേരളത്തിന്റെ ജീവത്തായ ആവശ്യങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ മന്ത്രിമാരും എം. എൽ. എ. മാരും ചേർന്ന് ഡൽഹിയിൽ ഒരു വലിയ സമരം സംഘടിപ്പിക്കുകയുണ്ടായി. ഈ സമരത്തിനുശേഷം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും പ്രതികരണമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ അന്നുണ്ടായ സമരത്തിന്റെ പ്രതികരണമൊന്നും എഴുതി കിട്ടിയിട്ടില്ല. വാക്കാലായിട്ട് പറഞ്ഞതായിട്ടറിയാം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, 1987 ജനുവരിയിൽ പ്രധാനമന്ത്രി എറണാകുളത്തു വന്നപ്പോൾ കേരളത്തിന്റെ വിവിധ മേഖലകളിലെ വികസനത്തിനുവേണ്ടി പ്രഖ്യാപിച്ച 414 കോടി രൂപയുടെ എക്കണോമിക് പാക്കേജ് സ്കീമിൽ ഏതെങ്കിലും സ്കീം കേന്ദ്രഗവൺമെന്റ് പിൻവലിക്കുകയോ, അന്നു പ്രഖ്യാപിച്ച 414 കോടി രൂപയുടെ സ്കീമിൽ ഏതെങ്കിലും സ്കീമിന്റെ ഒരു രൂപയെങ്കിലും കുറവു ചെയ്യുകയോ ചെയ്തിട്ടുണ്ടോ ? അതുപോലെതന്നെ പ്രധാനമന്ത്രി പ്രഖ്യാപിച്ച എക്കണോമിക് പാക്കേജിലെ പദ്ധതികൾ ഇന്ന് വേഗതയിൽ നടക്കാതിരിക്കുന്നതിന്റെ കാരണമെന്താണെന്നുകൂടി വ്യക്തമാക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : അതിനെക്കുറിച്ച് പ്രത്യേകമായിട്ട് ചോദിച്ചാൽ വിശദമായിട്ട് പറയാം. എങ്കിലും ചോദ്യത്തിന് മറുപടി ഞാൻ പറയാം. 1987 ഫെബ്രുവരി മാസം യൂത്തുകോൺഗ്രസ്സിന്റെയും മററും യുവജന റാലിയിൽ വച്ചാണ് 415 കോടി രൂപയുടെ പാക്കേജ് സ്കീം പ്രഖ്യാപിച്ചത്. അതിൽ 145 കോടി രൂപയോളം ഏഴിമല നേവൽ അക്കാഡമിക്കുവേണ്ടി പ്രഖ്യാപിച്ചതിൽ 70 ലക്ഷം രൂപയേ തന്നിട്ടുള്ളൂ, ബാക്കി തുക തരാൻ കിടക്കുകയാണ്. കേരളാ ഗവൺമെന്റ് നിർവ്വഹിക്കേണ്ട പാലത്തിന്റെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഡീറെറയിൽസ് വേണമെങ്കിൽ പ്രത്യേക ചോദ്യം ചോദിച്ചാൽ തരാം. ഓർമ്മയിലുള്ള ഈയൊരു വസ്തുത ഞാൻ പറഞ്ഞു. ഈ കണക്ക് കണക്കാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : എന്റെ ചോദ്യം, പ്രധാനമന്ത്രി പ്രഖ്യാപിച്ച സ്കീമിൽ ഏതെങ്കിലും സ്കീം കേന്ദ്രഗവൺമെന്റ് പിൻവലിച്ചിട്ടുണ്ടോ എന്നാണ്. അത് മുഖ്യമന്ത്രി അറിയേണ്ടേ ? അതിന് മറുപടി പറയണം ?

ശ്രീ. ഇ. കെ. നായനാർ : പിൻവലിക്കേണ്ട, പൈസ തരാതിരുന്നാൽ മതി.

മി. സ്പീക്കർ : സ്കീം പിൻവലിച്ചിട്ടില്ല, പൈസ കൊടുത്തിട്ടില്ല എന്നാണ് പറഞ്ഞത്.

ശ്രീ. ഇ. കെ. നായനാർ : 145 കോടി രൂപയിൽ 70 ലക്ഷം രൂപ തന്നിട്ട് സ്കീം പിൻവലിച്ചിട്ടുണ്ടോയെന്നാണ് ചോദിക്കുന്നത്.

ഡോക്ടർ എ. വി. ഐസക് : പതിനാറു വർഷമായിട്ട് ഇന്ത്യയിൽ റോഡ് കോൺഗ്രസ് നടക്കുന്ന അവസരത്തിലെല്ലാം റോഡ് കോൺഗ്രസ് നടക്കുന്ന സ്റേററിന് ഒരു നാഷണൽ ഹൈവേ കൊടുക്കാറുണ്ട്. അത് അനിഷേധ്യമായിട്ടുള്ള, അതായത്, നിയമമായിട്ട് അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഇത്തവണ റോഡ് കോൺഗ്രസ് -നടത്താൻവേണ്ടി ആവശ്യപ്പെടുകയും അങ്ങനെ നടത്തുകയും 'ഇപ്പോൾ നിങ്ങൾക്ക് നാഷണൽ ഹൈവേ തരാം' എന്ന് പറയുകയും, അവസാനം ഡൽഹിയിൽ പോയി ഡിക്ലെയർ

ചെയ്യാം എന്ന് പറയുകയും ഇതുവരെയും അത് തരാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ അതിനെക്കുറിച്ച് സംസ്ഥാന ഗവൺമെന്റിന് എന്താണ് പറയാനുള്ളത് ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ) : 48-ാം റോഡ് കോൺഗ്രസ്സാണ് കേരളത്തിൽ വച്ച് നടന്നത്. 47 റോഡ് കോൺഗ്രസ്സുകളും രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ വച്ച് നടന്നപ്പോഠം ഒരു പാരിതോഷികമെന്നുള്ള നിലയിൽ ഏതെങ്കിലും ഒരു പ്രവൃത്തി ആ യോഗത്തിൽവച്ച് ഡിക്ലെയർ ചെയ്യുക പതിവാണ്. 48-ാം റോഡ് കോൺഗ്രസ് കേരളത്തിൽവച്ച് പതിനഞ്ചു ലക്ഷം രൂപ ചെലവഴിച്ച് ഹോസ്ററ് ചെയ്തത് നമ്മളാണ് നടത്തിയത്. അതിൽ ഒരു വർക്ക് സജസ്ററ് ചെയ്യാൻ നമ്മളോട് ആവശ്യപ്പെട്ടതനുസരിച്ച്, തിരുവനന്തപുരം-മൂവാററുപുഴ-മധുര ലിങ്കിംഗ് വിത്ത് കൊച്ചിൻ ആൻറ് അങ്കമാലി റോഡ് നാഷണൽ ഹൈവേ ആക്കി പ്രഖ്യാപിക്കാനുള്ള പ്രൊപ്പോസൽ എല്ലാ സാങ്കേതികമായ പഠനങ്ങളും നടത്തി ഞങ്ങഠം സമർപ്പിക്കുകയുണ്ടായി. പക്ഷേ അത് യോഗത്തിൽ ഡിക്ലെയർ ചെയ്തില്ല. ഡൽഹിയിൽവച്ച് പിന്നീട് ഡിക്ലെയർ ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രിയും കേന്ദ്ര ഉദ്യോഗസ്ഥൻമാരും ഉറപ്പു തന്നിരുന്നു. ഇന്നുവരെയും അത് ചെയ്തില്ലെന്നുള്ള ദു:ഖസത്യമാണ് അതിന്റെ പിന്നിലുള്ളത്.

ശ്രീ. കെ. കരുണാകരൻ : കേരളത്തെ സംബന്ധിച്ചിടത്തോളം 414 കോടി രൂപയുടെ പദ്ധതി യൂത്തുകോൺഗ്രസ് സമ്മേളനത്തിൽ പ്രഖ്യാപിച്ചതല്ല. നേരെമറിച്ച്, മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും സ്റേററിന്റെ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥൻമാരും കേന്ദ്ര ഉദ്യോഗസ്ഥൻമാരും പ്ലാനിംഗ് കമ്മീഷൻ പ്രതിനിധികളും പ്രധാനമന്ത്രിയും ഇരുന്ന് ഔദ്യോഗികമായിട്ട് എടുത്ത തീരുമാനമാണ്. അതിന്റെ പ്രൊസീഡിംഗ്സുണ്ട്. അതിൽ ഓരോ പദ്ധതിക്കും ഇത്ര രൂപയെന്ന് നീക്കിവച്ചിട്ടുണ്ട്. ആ പദ്ധതിക്ക് ഘട്ടം ഘട്ടങ്ങളായിട്ട് ഇന്ത്യാ ഗവൺമെന്റ് സാംഗ്ഷൻ തന്നിട്ടുമുണ്ട്. അതിലേതെങ്കിലും പദ്ധതി ഫലപ്രദമായിട്ട് നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് മുതിർന്നിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികഠം ഇതിനകം ഏറെറടുത്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആദ്യം പറഞ്ഞത് അർദ്ധസത്യമാണ്. എന്താണ് കാരണം എന്നു പറഞ്ഞാൽ, മററു ഭാഷ ഞാൻ പറയുന്നില്ല, സംസ്കൃതം തന്നെ ഇരുന്നുകൊള്ളട്ടെയെന്ന് വച്ചിട്ടാണ്. മററു ഭാഷ അറിയാഞ്ഞിട്ടല്ല. അന്ന് ബഹുമാനപ്പെട്ട മാണിയുമൊക്കെ മന്ത്രിയായിരുന്നു. ഇവിടെ ക്യാബിനററ് യോഗം ചേർന്ന് പ്രധാനമന്ത്രിയടക്കം ചർച്ച ചെയ്ത വിഷയമാണ്. ഞങ്ങളെയൊന്നും ചർച്ചയ്ക്ക് വിളിച്ചിട്ടില്ലായിരുന്നു.

ശ്രീ. ടി. എം. ജേക്കബ് : എറണാകുളത്തുവച്ചാണ് ചർച്ച ചെയ്തത്.

ശ്രീ. ഇ. കെ. നായനാർ : അതെ. എറണാകുളത്തെവിടെയോ മന്ത്രിമാരെയും വിദഗ്ദ്ധൻമാരെയും വിളിച്ച് ചർച്ച ചെയ്തതാണ്. എന്നാൽ പ്രതിപക്ഷത്തോട് യാതൊരക്ഷരവും ചോദിക്കുകയോ, ചർച്ച ചെയ്യുകയോ, അന്വേഷിക്കുകയോ ചെയ്തിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : ഞാൻ ചോദിച്ചതല്ല.

ശ്രീ. ഇ. കെ. നായനാർ : ഞാൻ പറയട്ടെ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ഞാൻ കേട്ടല്ലോ, ഞാൻ പറയുന്നത് കേഠക്കാനുള്ള ക്ഷമ വേണ്ടേ ? ഞാനും തിരിച്ചു തരുമെന്നുള്ള ധാരണ വേണ്ടേ ? അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

അവരെയൊക്കെ വിളിച്ചു സംസാരിച്ചതിൽ ഞങ്ങൾക്ക് അലോഹ്യമൊന്നുമില്ല. നല്ലത്, അത്രയ്ക്ക് അത്രയും കിട്ടുമല്ലോ. എന്നാൽ 414 കോടി രൂപയുടെ പദ്ധതിയല്ല, ആ കണക്ക് മനസ്സിലാക്കണം. 415 കോടി രൂപയുടെ പദ്ധതിയാണ്. എങ്ങനെയാണ് കണക്ക് പറയുന്നതെന്ന് എനിക്കറിയാം. 500 കോടി രൂപയുടെ പദ്ധതിയെന്നാണ് പത്ര പ്രസ്താവനയിൽ പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഞാൻ പത്രക്കാരോട് ചോദിച്ചു, 'നിങ്ങൾ എങ്ങനെയാണ് ഇത് തെററായി പ്രസിദ്ധപ്പെടുത്തിയത്' എന്ന്, അവർ പറഞ്ഞത്, 'എഴുതിത്തന്നാൽ ഞങ്ങൾ എന്തു ചെയ്യാനാണ്' എന്നാണ്. അങ്ങനെയാണ് പി. ടി. ഐ. യുടേയും യു. എൻ. ഐ. യുടേയും ആളുകൾ പ്രസ് കോൺഫറൻസിൽ എന്നോട് പറഞ്ഞത്. 500 കോടി രൂപയുടെ പദ്ധതിയെന്നല്ല, 415 കോടി രൂപയുടെ പദ്ധതിയാണ്. ഇല്ലാത്ത കണക്ക് പറഞ്ഞ് രാജ്യത്ത് തെററിദ്ധാരണ പരത്തരുതെന്നാണ് അഭ്യർത്ഥന. ഉള്ള കണക്ക് പഠിച്ച്, പറയുക എന്നല്ലാതെ എന്തെങ്കിലും പറഞ്ഞ് പുക മറ ഉണ്ടാക്കുന്നത് ശരിയല്ല. ശ്രീ. കരുണാകരന്റെ പത്രറിപ്പോർട്ട് ആയതു കൊണ്ട് നമുക്ക് ക്ഷമിക്കാം. അതിരിക്കട്ടെ, പ്രത്യേക ചോദ്യമായി ചോദി ച്ചാൽ വിശദമായ കണക്ക് ഞാൻ തരാം. ഏഴിമല നേവൽ അക്കാഡമിയെ സംബന്ധിച്ചിടത്തോളമുള്ള കണക്ക് എനിക്ക് ഓർമ്മയുണ്ട്. അതുകൊണ്ടാണ് 70 ലക്ഷം രൂപയേ തന്നിട്ടുള്ളു, 145 കോടി രൂപയോളം അതിന് അലോട്ടു മെൻറുണ്ട്, ബാക്കി തന്നിട്ടില്ലെന്ന് പറഞ്ഞത്. പദ്ധതി പിൻവലിച്ചു എന്ന് ഞാൻ പറയുന്നില്ല, പൈസ തന്നിട്ടില്ല എന്നുള്ളതാണ് വസ്തുത.

ശ്രീ. പി. സീതി ഹാജി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ കുറെ പദ്ധതികളുടെ പേരു പറഞ്ഞു. ഇത് കേരളം ഉടലെടുത്തതു മുതൽ നടക്കുന്നതാണ്. പൂയംകുട്ടി, പുന്നപ്പുഴ തുടങ്ങിയ പദ്ധതികൾ നടപ്പി ലാക്കിയാൽ ഈ രാജ്യത്തെ പരിസ്ഥിതി മോശമാകും എന്നും മഴയുണ്ടാ കില്ലെന്നും പറഞ്ഞ് ചില കലാകാരൻമാരും സാഹിത്യകാരൻമാരും ഡൽഹിയിൽ പോയി നിവേദനം നടത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ആദ്യം പറഞ്ഞത് സത്യമല്ല, ആദ്യവാചകം സത്യവിരുദ്ധമാണ്. കാരണം, ഏററവും ഒടുവിൽ സമർപ്പിച്ചത് ബ്രഹ്മപുരം ഗ്യാസ് ടർബയിൻ പ്ലാൻറാണ്.

ശ്രീ. പി. സീതിഹാജി : അതെനിക്കറിയാം.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മെമ്പർക്കറിയാം എങ്കിൽ ഞാൻ അത് സ്വീകരിച്ചിട്ടുണ്ട്. അറിയില്ലെങ്കിൽ ഞാൻ ഉത്തരവാദിയല്ല. ബ്രഹ്മപുരം ഗ്യാസ് ടർബയിനിൽനിന്നും നൂറു മെഗാവാട്ടിലധികം കിട്ടുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആ പ്ലാൻറ് തരാമെന്ന് പറഞ്ഞിട്ട് കൊല്ലം ഒന്നായി. ഇതുവരെ തന്നിട്ടില്ല. അതാണ് ആദ്യം പറഞ്ഞത്. അതുപോലെതന്നെ സൈലൻറ്വാലി പദ്ധതിക്കുവേണ്ടി ശ്രീ. ബാലകൃഷ്ണ പിള്ള മന്ത്രിയായിരുന്ന കാലത്ത് മൂന്നു കോടി രൂപ ചെലവാക്കിയതാണ്.

ശ്രീ. ടി. എം. ജേക്കബ് : അത് പരിസ്ഥിതിയെ സംബന്ധിച്ച് കലാകാരൻമാർ പോയി പറഞ്ഞതുകൊണ്ടല്ലേ ?

ശ്രീ. ഇ. കെ. നായനാർ : എനിക്ക് കലാകാരൻമാർ പറഞ്ഞതിനെക്കുറിച്ച് അറിയില്ല.

ശ്രീ. പി. സീതി ഹാജി : കലാകാരൻമാരും മററും അവിടെ പോയി ഈ പദ്ധതി നടപ്പിലാക്കിയാൽ പരിസ്ഥിതി അപകടത്തിലാകുമെന്നും മഴ ഉണ്ടാകില്ലെന്നും പറഞ്ഞ് കേന്ദ്ര ഗവൺമെൻറിൽ നിവേദനം നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : കലാകാരൻമാരില്ല, ഒരു കലാകാരി ഉണ്ടോയെന്ന് എനിക്കറിയില്ല.

മി. സ്പീക്കർ : ചോദ്യം 3, 29 എന്നിവ ഒരേ വിഷയമായതുകൊണ്ട് അവ രണ്ടിനും ഒരുമിച്ച് ഉത്തരം പറഞ്ഞാൽ മതി.

ഒൻപതാം ധനകാര്യ കമ്മീഷന്റെ ആദ്യറിപ്പോർട്ട്

* 3. [3] ശ്രീ. ഒ. ഭരതൻ :
,, ആർ. ഉണ്ണിക്കൃഷ്ണപിള്ള :
,, സി. പി. ബാലൻ വൈദ്യർ :
,, ആനത്തലവട്ടം ആനന്ദൻ :
,, ഗോപി കോട്ടമുറിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം ധനകാര്യ കമ്മീഷന്റെ 1989-90 ലേക്കുള്ള ആദ്യ റിപ്പോർട്ട് സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഒൻപതാം ധനകാര്യകമ്മീഷന്റെ ആദ്യ അവാർഡിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ അപാകതകൾ എന്തെല്ലാം ;

(ഇ) ഗ്രാന്റുകൾ അനുവദിക്കുന്ന കാര്യത്തിൽ കമ്മീഷൻ കേരളത്തോട് വിവേചനം കാണിച്ചതായി കരുതുന്നുണ്ടോ ;

(എഫ്) എങ്കിൽ ഏതെല്ലാം ഗ്രാന്റുകൾക്ക് ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ, ബി, സി, ഡി) ഒൻപതാം ധനകാര്യകമ്മീഷന്റെ 1989-90 ലേക്കുള്ള ആദ്യറിപ്പോർട്ട് സർക്കാർ പരിശോധിച്ചതിൽ ഇനി പറയുന്ന അപാകതകൾ ഉള്ളതായി കാണുകയുണ്ടായി.

കേരളത്തിന്, ഭരണഘടനയുടെ 275-ാം വകുപ്പു പ്രകാരം റവന്യൂ കമ്മി നികത്താനുള്ള ഗ്രാന്റിന് അർഹതയില്ലെന്നാണ് ധനകാര്യ കമ്മീഷൻ പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ ലഭ്യമാകാത്ത വരവുണ്ടാകുമെന്ന് കാണിച്ചും ചെലവ് ചുരുക്കിക്കാണിച്ചും കൊണ്ടാണ് കമ്മീഷൻ മേൽപ്പറഞ്ഞ നിഗമനത്തിൽ എത്തിയിട്ടുള്ളത്. നഷ്ടത്തിൽ നടക്കുന്ന, കെ. എസ്. ആർ. ടി. സി., കെ. എസ്. ഇ. ബി. തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും മൂന്നു മുതൽ ഏഴു ശതമാനംവരെ വരവ് സർക്കാരിന് ഉണ്ടാകുമെന്ന് കമ്മീഷൻ കണക്കാക്കിയിരുന്നു. യഥാർത്ഥത്തിൽ യാതൊന്നുംതന്നെ ഈ ഇനങ്ങളിൽ ലഭ്യമല്ല. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സഹകരണ സ്ഥാപനങ്ങളിൽനിന്നും മൂന്നു മുതൽ ആറു ശതമാനം വരെ പലിശയിനത്തിലും ഡിവിഡന്റ് ഇനത്തിലും കിട്ടുമെന്നും കണക്കാക്കിയിരിക്കുന്നു. പക്ഷെ ഇതുവരെയുള്ള അനുഭവം വച്ചുനോക്കുമ്പോൾ വളരെ കുറഞ്ഞ തുക മാത്രമേ ഈ ഇനങ്ങളിൽ സർക്കാരിന് ലഭ്യമാകുകയുള്ളു. കാരണം ഇവയെല്ലാം നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ക്ഷാമബത്ത ഇനത്തിലും ശമ്പളപരിഷ്ക്കരണ ഇനത്തിലും നൽകേണ്ട തുക പൂർണ്ണമായും കമ്മീഷൻ കണക്കാക്കിയിട്ടില്ല. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം നിർണ്ണയിക്കുന്നതിന് കമ്മീഷൻ അവലംബിച്ച 'പോവർട്ടി റേഷ്യോ' കേരളത്തെ സംബന്ധിച്ചിടത്തോളം

പ്രതികൂലമായി ബാധിച്ചു. കൂടാതെ കേരളത്തിന്റെ 'പോവർട്ടി റേഷ്യോ' തിട്ടപ്പെടുത്തിയിരിക്കുന്നതും ശരിയായ രീതിയിലല്ല. തൻമൂലം എട്ടാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര വിഹിതത്തിന്റെ 3.27 ശതമാനം കേരളത്തിന് ലഭിച്ചിരുന്നത് ഒൻപതാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം 3.01 ശതമാനമായി കുറഞ്ഞു.

(ഇ, എഫ്) ഭരണനിലവാരം ഉയർത്തുന്നതിനായി 100 കോടി രൂപയുടെ ഗ്രാന്റ് ആവശ്യപ്പെട്ടപ്പോൾ 2.11 കോടി രൂപയുടെ ഗ്രാന്റ് മാത്രമാണ് ഈ ഇനത്തിൽ ലഭിച്ചിട്ടുള്ളത്. കൂടാതെ 'സ്പെഷ്യൽ പ്രോബ്ലം' ഗ്രാന്റിനത്തിൽ മററു ചില സംസ്ഥാനങ്ങൾക്ക് ഭീമമായ തുക അനുവദിച്ചപ്പോൾ കേരളത്തിന് യാതൊന്നുംതന്നെ നൽകിയില്ല.

ഒൻപതാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള വിഹിതം കുറഞ്ഞുപോയതായി പരാതി

* 4. [29] ശ്രീ. ജെ. ചിത്തരഞ്ജൻ :
,, എ. എം. പരമൻ :
ഡോക്ടർ എ. വി. ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള വിഹിതം കുറഞ്ഞുപോയിട്ടുണ്ടെന്ന പരാതി കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് നൽകിയത് ;

(സി) ഇത്തരത്തിലൊരു പരാതി ലഭിച്ചിട്ടില്ലെന്ന കേന്ദ്ര ധനകാര്യ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) പരാതികൾ ധനകാര്യ കമ്മീഷനും കേന്ദ്രഗവൺമെന്റിനും നൽകിയിട്ടുണ്ട്.

(ബി) 20-9-1988, 7-10-1988, 3-11-1988 എന്നീ തീയതികളിൽ മുഖ്യമന്ത്രി ഇക്കാര്യത്തിൽ ധനകാര്യ കമ്മീഷൻ ചെയർമാന് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ 26-9-1988-ൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രധാനമന്ത്രിക്കെഴുതിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മുൻകത്തുകളുടെ തുടർച്ചയായി കത്തിടപാട് തുടർന്നു വരുന്നു.

ശ്രീ. ഒ. ഭരതൻ : സർ, ഒമ്പതാം ധനകാര്യ കമ്മീഷൻ ആവിഷ്ക്കരിച്ച യുക്തിസഹമല്ലാത്ത പുതിയ ഫോർമുലയുടെ ദോഷാംശങ്ങൾ നീക്കം ചെയ്യുന്നതിന് ദേശീയ വികസന സമിതിയോഗം വിളിച്ചു ചേർക്കണമെന്ന് കേരളം ഉൾപ്പെടെയുള്ള പീഡിത സംസ്ഥാനങ്ങൾ ആവശ്യപ്പെടണം എന്ന് പ്രസിദ്ധ ധനശാസ്ത്രജ്ഞനും മുൻപ്ലാനിംഗ് ബോർഡ് അംഗവും കെ. പി. സി. സി. യുടെ ധനകാര്യ അദ്ധ്യക്ഷനുമായ ഡോക്ടർ പി. കെ. ഗോപാലകൃഷ്ണൻ ആവശ്യപ്പെട്ടത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അത് സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായം എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : ഡോക്ടർ പി. കെ. ഗോപാലകൃഷ്ണൻ എഴുതിയതൊക്കെ ഞാൻ വായിച്ചിട്ടുണ്ട്. അദ്ദേഹവുമായി ഞാൻ സംസാരിച്ചിട്ടുമുണ്ട്. ഒമ്പതാം ധനകാര്യ കമ്മിഷന്റെ റിപ്പോർട്ടിൽ പല അപാകതകളും ഉണ്ടെന്ന് അദ്ദേഹം തുറന്നുതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഞാൻ അതിനോട് പൂർണ്ണമായി യോജിക്കുകയാണെന്ന് അദ്ദേഹത്തോട് പറഞ്ഞു. അതിൽ കുറെക്കൂടി വിശദമായ ഭാഗങ്ങളുമുണ്ട്. അവരുടെ ന്യായപൂർവ്വമല്ലാത്ത സമീപനത്തോട് ഡോക്ടർ ഗോപാലകൃഷ്ണന് പ്രത്യേക അഭിപ്രായമുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്.

ശ്രീ. ഒ. ഭരതൻ : ഒമ്പതാം ധനകാര്യ കമ്മിഷന്റെ ശുപാർശ പിന്നോക്കം നിൽക്കുന്ന കേരളത്തിന്റെ താൽപര്യത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നതുകൊണ്ട് കേരളത്തിലെ ബന്ധപ്പെട്ട എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രസിദ്ധ ധനശാസ്ത്രജ്ഞൻമാരുടെയും സംയുക്തമായിട്ടുള്ള യോഗം വിളിച്ച് ചേർത്ത് ഇതു സംബന്ധിച്ച് വ്യക്തമായ അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും സംരംഭം നടത്തുമോ ?

ശ്രീ. ഇ. കെ. നായനാർ : ഇതു സംബന്ധിച്ച ഒരു സെമിനാർ നാലഞ്ചു ദിവസങ്ങൾക്കുമുമ്പ് ഇവിടെ നടക്കുകയുണ്ടായി. അതിൽ എല്ലാ കക്ഷികളിലെയും നേതാക്കൻമാരും എന്നാൽ വ്യത്യസ്ത രാഷ്ട്രീയ നേതാക്കൻമാരും പങ്കെടുക്കുകയും ചെയ്തു. ഇൻഡ്യയിലെ ധനതത്വ വിദഗ്ദ്ധൻമാരായിട്ടുള്ള നേതാക്കൻമാർ, ഗുലാത്തിയും അശോകമിത്രയും മാത്രമല്ല റെഡ്ഡിയും മററുള്ള നേതാക്കൻമാരും എല്ലാം അതിൽ പങ്കെടുക്കുകയുണ്ടായി. കേരളത്തെപ്പററി റിപ്പോർട്ട് ത യ്യാ റാ ക്കി യി ട്ടു ള്ള ബാക്ഷി തന്നെ ആ യോഗത്തിൽ പങ്കെടുത്തിട്ടുണ്ട്. അങ്ങനെ ഇൻഡ്യാ ഗവൺമെന്റ് അംഗീകരിച്ച സാമ്പത്തിക വിദഗ്ദ്ധൻമാരിൽ നല്ലൊരു വിഭാഗം ആ സെമിനാറിൽ ഉണ്ടായിരുന്നു. കക്ഷി വ്യത്യാസം കൂടാതെ മററു പലരും അതിൽ പങ്കെടുക്കുകയുണ്ടായി. അതിന്റെ അഭിപ്രായം സ്വരൂപിച്ച് നമ്മുടെ ഫൈനാൻസ് കമ്മിഷൻ ചെയർമാൻ സാൽവേയ്ക്കും പ്ലാനിംഗ് കമ്മിഷൻ മന്ത്രി മൗലാനയ്ക്കും സമർപ്പിക്കുന്നുണ്ട്.

ശ്രീ. ആർ. ഉണ്ണിക്കൃഷ്ണപിള്ള : ഈ ഗവൺമെന്റ് 100 കോടി രൂപയുടെ ഗ്രാൻറിന് അഭ്യർത്ഥിച്ചു എന്നു പറഞ്ഞു. അതിൽവളരെ ചെറിയ ഒരു അംശം മാത്രമാണ് കേരളത്തിന് ലഭിച്ചിരിക്കുന്നത് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്തു കാരണം കൊണ്ടാണ് നമുക്ക് ഈ ഗ്രാൻറ് കുറഞ്ഞു കിട്ടുന്നത് എന്നും ഏതു കാലയളവിലാണ് ഏററവും കൂടുതൽ ഗ്രാൻറ് കിട്ടിയത് എന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പറയുവാൻ സാധിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : നമുക്ക് ഗ്രാൻറ് കുറയ്ക്കുകയാണ് ചെയ്തത്. ഇൻഡ്യാ ഗവൺമെന്റ് ഗ്രാൻറ് നൽകിയിട്ടുള്ളത്, ബോംബെയിലുള്ള ചേരി നിർമ്മാർജ്ജനത്തിന് 50 കോടി രൂപയും അതുപോലെ തന്നെ ഡാൽ തടാകത്തിനുവേണ്ടി പത്തു കോടി രൂപയും നൽകിയിട്ടുണ്ട്. ബംഗാളിനും ചേരി നിർമ്മാർജ്ജനത്തിന് ചുരുങ്ങിയ സംഖ്യ നൽകിയിട്ടുണ്ട്. കാശ്മീരിന് പത്തു കോടി രൂപ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത്, വിദ്യാലയങ്ങൾ നന്നാക്കിയെടുക്കുന്നതിനും ഗ്രാമീണ വിദ്യാലയങ്ങൾ മേയാനും വേണ്ടിയൊക്കെ 200 കോടി രൂപ ഗ്രാൻറ് നൽകി. എന്നാൽ ഇതിലൊന്നിലും ഒരു നയാ പൈസ പോലും കേരളത്തിനില്ല.

ശ്രീ. ആർ. ഉണ്ണിക്കൃഷ്ണപിള്ള : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ എന്തു കാരണത്താലാണ് കേരളത്തിൽ ഈ കുറവ് സംഭവിച്ച

LIBRARY ARCHIVES Kerala Legislative Assembly

തെന്ന് വ്യക്തമാക്കാൻ കഴിയുമോ എന്ന ചോദ്യത്തിന് മറുപടി ഇല്ല. മററു ചില സംസ്ഥാനങ്ങൾക്ക് കൂടുതൽ കിട്ടുകയും ചെയ്യുന്നുണ്ട്. അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാൻ അങ്ങേക്ക് കഴിയുമോ ?

ശ്രീ. ഇ. കെ. നായനാർ : ഗ്രാൻറ് വീതിക്കുന്നതിന് ഒരു ദാരിദ്ര്യ അനുപാതം എന്ന് ഒരു പുതിയ മാനദണ്ഡം ഒമ്പതാം ധനകാര്യ കമ്മീഷൻ എട്ടാം ധനകാര്യ കമ്മീഷനിൽ നിന്നും വ്യത്യസ്തമായിട്ട് സ്വീകരിച്ചു. ഇത് ആദായ നികുതിയും എക്സൈസ് തീരുവയും സംസ്ഥാനങ്ങൾക്ക് വീതിക്കുന്നതിനാണ്. മൊത്തം തുകയുടെ പന്ത്രണ്ടര ശതമാനമാണ് ഈ അനുപാത പ്രകാരം വീതിച്ചിട്ടുള്ളത്. ഇത് കേരളത്തിന് ദോഷകരമായി ബാധിക്കുന്നു. രാജ്യത്താകമാനമുള്ള ദരിദ്ര ജനങ്ങളുടെ സംഖ്യയുമായി നോക്കുമ്പോൾ ഇത് കേരളത്തിന് ദോഷകരമായി ബാധിക്കുന്നു എന്നു സെമിനാർ തന്നെ അംഗീകരിക്കുകയുണ്ടായി. ആ മെഷർമെൻറ് തെററാണെന്ന് സാൽവെയെ അറിയിച്ചിട്ടുണ്ട്. അത് പരിശോധിക്കാമെന്ന് അദ്ദേഹത്തിന്റെ കത്തും എനിക്ക് കിട്ടിയിട്ടുണ്ട്. പക്ഷെ അത് പൂർണ്ണമായി അംഗീകരിച്ചിട്ടില്ല. ഈ ആനുപാതം കൊണ്ട് കേരളത്തിന് കിട്ടിയിട്ടുള്ളത്, ഉദാഹരണത്തിന്, ആദായനികുതി എട്ടാം ധനകാര്യ കമ്മീഷനിൽ 3.761 ശതമാനമാണെങ്കിൽ ഒമ്പതാം കമ്മീഷനിൽ 3.554 ശതമാനമാണ്. അത് കുറവാണ്. എക്സൈസ് തീരുവ എട്ടാം കമ്മീഷനിൽ 3.800 ശതമാനമാണ്. അത് ഒമ്പതാം കമ്മീഷനിൽ 3.707 ശതമാനമാണ്. അധിക എക്സൈസ് തീരുവ എട്ടാം കമ്മീഷനിൽ 9.33 ശതമാനമാണ്. ഒമ്പതാം കമ്മീഷനിൽ 3.834 ശതമാനമാണ്. ദാരിദ്ര്യ അനുപാതം എന്ന പുതിയ മാനദണ്ഡം ഉപയോഗിച്ചതിന്റെ ഫലമായി ഈ തരത്തിൽ കുറയുകയാണ് ചെയ്തിട്ടുള്ളത്. ഇത് മാററണം എന്നാണ് നമ്മുടെ മൗലികമായ അഭിപ്രായം.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഒമ്പതാം ധനകാര്യ കമ്മീഷൻ പ്രൈമറി വിദ്യാലയങ്ങൾക്ക് നല്ല കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാൻറ് കൊടുക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ആ കൂട്ടത്തിൽ നമ്മുടെ സംസ്ഥാനത്തെ ഉൾപ്പെടുത്തിയിട്ടില്ല. വിദ്യാഭ്യാസ രംഗത്ത് ഏററവും മുന്നോക്കം നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തെ അതിൽ ഉൾപ്പെടുത്താതിരിക്കുവാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ ? അത് തിരുത്തിക്കുവാൻ ഗവൺമെൻറ് വല്ല നടപടിയും സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : പന്ത്രണ്ട് മിച്ച സംസ്ഥാനങ്ങളിൽ ഒന്നായിട്ടാണ് കേരളത്തെ കാണുന്നത്. 1989-90 വർഷത്തിലെ നോൺ പ്ലാൻ റവന്യൂ കമ്മി നികത്താൻ പതിമൂന്നു സംസ്ഥാനങ്ങൾക്ക് അവർ ഗ്രാൻറ് അനുവദിച്ചു. അത് 984.06 കോടി രൂപയാണ്. ബാക്കിയുള്ള പന്ത്രണ്ട് മിച്ച സംസ്ഥാനങ്ങളിൽ ഒന്നായിട്ട് കേരളത്തെ കണക്കാക്കിയതു കൊണ്ട് ഒരു സഹായധനവും കേരളത്തിന് ആവശ്യമില്ല എന്നാണ് സാൽവേയുടെ കണക്ക്. സാൽവെ മഹാരാഷ്ട്രക്കാരനാണെന്ന് നമുക്കൊക്കെ അറിയാം. മഹാരാഷ്ട്രയ്ക്ക് ഈ രീതിയിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഞാൻ അദ്ദേഹം മഹാരാഷ്ട്രക്കാരനായതുകൊണ്ട് ഈ രീതിയിൽ തീരുമാനിച്ചു എന്നു പറയുന്നില്ല. അദ്ദേഹം ആൾ ഇൻഡ്യാ ഫൈനാൻസ് കമ്മീഷന്റെ ചെയർമാനാണ്. പന്ത്രണ്ട് മിച്ച സംസ്ഥാനങ്ങളിൽ ഒന്നായിട്ടാണ് കേരളത്തെ കണക്കാക്കുന്നത്. അത് ശരിയായിരുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ ഈ ഗ്രാൻറിൽ ഒന്നും നമുക്ക് ഒരു നയാപൈസപോലുമില്ല. ഖാലിസ്ഥാൻ ഭീകരവാദികൾ വന്നതിൽ 80 കോടി രൂപ അവിടെ ഗ്രാൻറായിട്ട് കൊടുക്കുന്നുണ്ട്. ഹരിയാനയ്ക്ക് പത്തു എഴുപതു കോടി രൂപ ഗ്രാൻറ് കൊടുക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഭീകരൻമാർ ഒന്നുമില്ല. മഹാരാഷ്ട്ര ഒരു



LIBRARY ARCHIVES Kerala Legislative Assembly

മിച്ച സംസ്ഥാനമാണെങ്കിലും അതിന് അൻപതുകോടി രൂപ കൊടുത്തു. നമുക്ക് ഈ കാര്യത്തിൽ ഒരു നയാപൈസ തന്നിട്ടില്ല. വിദ്യാഭ്യാസത്തിന്റെ കാര്യം ഇവിടെ കക്ഷി വ്യത്യാസമില്ലാതെ അംഗീകരിച്ചതാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മൾ ഇൻഡ്യയിൽ ഫസ്ററ് റാങ്കാണ്. അതുകൊണ്ട് കുറച്ചു സഹായം തരണമെന്ന് എല്ലാ കക്ഷിക്കാരും ആവശ്യപ്പെട്ടു. അതിന്റെ പാപപരിഹാരം ഇപ്പോൾ പരിഹരിക്കുന്ന മട്ടിലാണ്. ഈ കാര്യത്തിൽ ഒരു പള്ളിക്കൂടം മേയാൻപോലും നമുക്ക് ഒരു നയാപൈസ തരുന്നില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒമ്പതാം ധനകാര്യ കമ്മിഷനേതു ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തോട് കേന്ദ്ര ഗവൺമെൻറ് കുറെ കൊല്ലങ്ങളായി അവഗണിച്ചു വരുന്നതിന്റെ ഒരു പട്ടിക ഇവിടെ നിരത്തി വച്ചു. കേന്ദ്ര ഗവൺമെൻേറാ ധനകാര്യ കമ്മിഷനോ ഒരു അവഗണനയും ഈ സംസ്ഥാനത്തോട് കാണിക്കുന്നില്ല എന്ന് പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടി നേതാക്കൻമാരുടെ പ്രസ്താവനകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; അത്തരം നേതാക്കൻമാരെ ഈ യാഥാർത്ഥ്യം ബോദ്ധ്യപ്പെടുത്താൻ വല്ല നടപടിയും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ഉള്ള വസ്തുതകൾ ജനങ്ങളോട് പറയുകയല്ലാതെ ഗവൺമെൻറ് എന്തു നടപടി എടുക്കണമെന്നാണ് സി. പി. ബാലൻ വൈദ്യർ പറയുന്നത് ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : കെ. എസ്. ആർ. ടി. സി., കെ. എസ്. ഇ. ബി. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 3 മുതൽ 7 ശതമാനം വരെ വരുമാനം പ്രതീക്ഷിച്ചിരുന്നു. പക്ഷേ അത് ലഭിച്ചിട്ടില്ലെന്ന് ഇവിടെ പറയുകയുണ്ടായി. ഇതുപോലെയുള്ള മററു പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിലവാരം എന്താണ്, അതിൽ നിന്ന് വല്ല വരുമാനവും ലഭിക്കുന്നുണ്ടോ, അതല്ല കെ. എസ്. ആർ. ടി. സി. യുടെയും കെ. എസ്. ഇ. ബി. യുടെയും സ്ഥിതി ഇതുതന്നെയാണോ എന്ന കാര്യം വ്യക്തമാക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : അതിന്റെ വ്യക്തമായ കണക്കിന് പ്രത്യേക ചോദ്യം ചോദിച്ചാലേ പറയാൻ കഴിയുകയുള്ളൂ. കുറച്ചു ഭേദമുണ്ടെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഇന്ന് രാവിലെ അഖിലേന്ത്യാ റേഡിയോയിൽ പറയുകയുണ്ടായി തമിഴ്നാട്ടിൽ കൊടുത്തുകൊണ്ടിരുന്നതിനേക്കാൾ 25,000 ടൺ ഭക്ഷ്യസാധനം അഡീഷണലായിട്ട് കൊടുക്കാനും പഞ്ചസാര കൊടുക്കാനും തീരുമാനിച്ചു എന്ന്. മററ് സംസ്ഥാനങ്ങൾക്ക് സഹായമായി ഗ്രാൻറ് നൽകുമ്പോൾ കേരളത്തിൽ ഒന്നും നൽകുന്നില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയുണ്ടായി. ഇന്ന് അതു വീണ്ടും ആവർത്തിച്ചിരിക്കുന്നു. 25,000 ടൺ അരി തമിഴ്നാട്ടിന് നേരത്തെ കൊടുത്തുകൊണ്ടിരുന്നതിനെക്കാൾ കൂടുതൽ കൊടുക്കുമ്പോൾ കേരളത്തിന് നൽകിക്കൊണ്ടിരുന്ന റേഷൻ വെട്ടിക്കുറയ്ക്കാനുള്ള ന്യായീകരണം എന്താണെന്നുകൂടി പറയണം ?

മി. സ്പീക്കർ : ആ ചോദ്യത്തിന് ഉത്തരം പറയണ്ട. ചോദ്യത്തിനുള്ള ഉത്തരവും അതിൽ ഉണ്ട്.

ശ്രീ. ഗോപി കോട്ടമുറിക്കൽ : മൊത്തം എക്സൈസ് ഡ്യൂട്ടിയുടെ 5 ശതമാനം കമ്മി സംസ്ഥാനങ്ങൾക്ക് പ്രത്യേകാവശ്യങ്ങൾക്കുവേണ്ടി നൽകുമെന്ന പ്രഖ്യാപനം വന്നിട്ടുണ്ട്. ഇത് കേരളത്തിന് എന്തുമാത്രം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : എക്സൈസ് ഡ്യൂട്ടി കുറഞ്ഞതിന്റെ കണക്കു ഞാൻ നേരത്തെ ഇവിടെ പരാമർശിക്കുകയുണ്ടായി. എക്സൈസ് ടാക്സിന്റെ ഇനത്തിൽ നമുക്കുള്ളതായിരിക്കുന്ന വരവ് എട്ടാം ധനകാര്യ കമ്മീഷനെക്കാളും ഒൻപതാം ധനകാര്യ കമ്മീഷനിൽ കുറവാണ്. എക്സൈസ് തീരുവ ഇനത്തിൽ എട്ടാം ധനകാര്യ കമ്മീഷനിൽ നമുക്ക് ലഭിച്ചത് 3.800 ശതമാനവും ഒൻപതാം ധനകാര്യ കമ്മീഷനിൽ നമുക്കു ലഭിച്ചത് 3.707 ശതമാനവുമാണ്.

ശ്രീ. ഗോപി കോട്ടമുറിക്കൽ ; 1986-88 കാലത്ത് നമുക്ക് അനുവദിച്ച വരൾച്ച ദുരിതാശ്വാസ തുക തിരിച്ചടക്കുന്നതിനെ സംബന്ധിച്ച് മോറട്ടോറിയം പ്രഖ്യാപിച്ചത് നമുക്ക് വലിയ ആശ്വാസമായെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസ്താവന കണ്ടു. ഈ ആശ്വാസത്തിന്റെ വ്യാപ്തി എന്തെന്ന് ദയവായി വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : കഴിഞ്ഞ പ്രാവശ്യം വരൾച്ച ദുരിതാശ്വാസത്തിനു വേണ്ടി കൊടുത്ത 37 കോടി രൂപ വകമാറി ചെലവ് ചെയ്തു എന്ന ആരോപണമാണ് കേന്ദ്രഗവൺമെന്റ് കേരള ഗവൺമെന്റിനെതിരായി ഉന്നയിച്ചത്. അതു റദ്ദാക്കി തരണമെന്ന് കേരള ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിരുന്നു.

ശ്രീ. എ. എം. പരമൻ : യഥാർത്ഥത്തിൽ പ്ലാൻ പദ്ധതിക്കാര്യത്തിൽ പറയേണ്ട പലയിനം ചെലവുകളും നോൺ പ്ലാൻ ആക്കി പരിഗണിക്കുകയും റവന്യൂ മിച്ചം ഉണ്ടെന്ന അടിസ്ഥാനത്തിൽ രണ്ടു നിലയിലും ധനസഹായം നിഷേധിക്കുകയും ചെയ്യുന്ന പതിവിന് എതിരായി സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിൽ നിവേദനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. കെ. നായനാർ : ഇതിനെപ്പററി കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന് നിവേദനവും കൊടുത്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം എന്തെന്ന് വ്യക്തമല്ല.

ഡോ. എ. വി. ഐസക്ക് : കേരള സംസ്ഥാനം ഏററവും കുറഞ്ഞ പ്രതിശീർഷ വരുമാനമുള്ള നാല് സംസ്ഥാനങ്ങളിൽ ഒന്നാണ്. എന്നാൽ ഒൻപതാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രതിശീർഷ വരുമാനമല്ല പോവർട്ടി റേഷ്യോ ആണ് എടുക്കേണ്ടതെന്നാണ് വച്ചിരിക്കുന്നത്. അത് മഹാരാഷ്ട്ര പോലെയുള്ള സമ്പന്നമായ, പ്രതിശീർഷ വരുമാനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളെ സഹായിക്കുക എന്നു വരുന്നതുകൊണ്ടു ഈ തരത്തിൽ സമ്പന്നമായ സംസ്ഥാനങ്ങളെ, പ്രതിശീർഷ വരുമാനം കൂടുതലുള്ള സംസ്ഥാനങ്ങളെ, പോവർട്ടി റേഷ്യോയിൽ കൂടുതലായിട്ടുള്ള സംസ്ഥാനങ്ങളായിട്ട് വരുമ്പോൾ അവർക്ക് ഒരു പാരിതോഷികം കൊടുക്കുന്ന മാതിരി പോവർട്ടി റേഷ്യോവർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഇൻസെൻറീവ് ആയിട്ടാണ് വാസ്തവത്തിൽ ഒൻപതാം ധനകാര്യ കമ്മീഷന്റെ ഇപ്പോഴത്തെ ടേംസ് ഓഫ് റഫറൻസ്. അങ്ങനെ വന്നുകഴിഞ്ഞാൽ സോഷ്യലിസം എന്ന് ഇൻഡ്യ പ്രഖ്യാപിച്ചിരിക്കുന്നതിനുപകരം പാവങ്ങളെ വർദ്ധിപ്പിക്കുക എന്നുള്ളതിന്റെ ഇൻസെൻറീവ് ആയിട്ട് ഈ ധനകാര്യകമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് വരികയില്ലേ ? അത് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ : ഈ ചോദ്യത്തിന് ഉത്തരം പറയണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ. എ. വി. ഐസക്ക് : ഈ കാര്യം ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപെടുത്തുകയും ടേംസ് ഓഫ് റഫറൻസ് മാററുകയും ചെയ്യാനായിട്ട് സംസ്ഥാന ഗവൺമെന്റ് സോഷ്യലിസത്തിന് വിപരീതമാണിത് എന്നുള്ളതു കാണിച്ചു അവരെ ബോദ്ധ്യപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ എടുക്കുന്നുണ്ടോ. അതിന് മറുപടി എന്താണ് ?

ശ്രീ. ഇ. കെ. നായനാർ : ദാരിദ്ര്യ അനുപാതത്തെ സംബന്ധിച്ച് ഒൻപതാം ധനകാര്യ കമ്മീഷൻ കണക്ക് എടുത്തത് 1983-84-ലെ എസ്ററിമേററ് അനുസരിച്ചാണ്. അത് ശരിയല്ല എന്നാണ് ഇൻഡ്യയിലെ ധനകാര്യ വിദഗ്ധൻമാരുടെ അഭിപ്രായം. ഇതു മാററിക്കൊണ്ട് തീർച്ചയായിട്ടും യഥാർത്ഥമായ വസ്തുനിഷ്ഠമായ കണക്കിലായിരിക്കണം സാൽവെ നമ്മളോട് പെരുമാറേണ്ടതെന്ന് അദ്ദേഹത്തെ അറിയിച്ചിരിക്കുകയാണ്. ഒൻപതാം ധനകാര്യ കമ്മീഷന്റെ 1983-84–ലെ എസ്ററിമേററ് അനുസരിച്ച് ദരിദ്രരുടെ കണക്ക് ശരിപ്പെടുത്തുകയാണ്. ഇത് പ്ലാനിംഗ് കമ്മീഷന്റെ ദരിദ്രരെ സംബന്ധിച്ചുള്ള കണക്കുകളുടെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഇത് അപ്പടി സ്വീകരിച്ചുകൊണ്ട് ധനകാര്യ കമ്മീഷൻ നികുതി വിഹിതം വീതിക്കുന്നതിന്റെ സാദ്ധ്യതയെ ഇൻഡ്യയിലെ സാമ്പത്തിക വിദഗ്ധൻമാർ ചോദ്യം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് അത് മാററണം. നമുക്ക് അനുകൂലമായി യഥാർത്ഥ വസ്തുതകൾ കണക്കിലെടുക്കണം.

ശ്രീ. കെ. കരുണാകരൻ : സംസ്ഥാന ഗവൺമെന്റ് ഫീനാൻസ് കമ്മീഷനോട് ആവശ്യപ്പെട്ട രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന് സ്റേറററുകൾ തമ്മിൽ വിവേചനം കാണിക്കാൻ പാടില്ല എന്നുള്ളതാണ്. രണ്ടാമത്തെ കാര്യം കേന്ദ്രഗവൺമെന്റിനെ കമ്മീഷന്റെ പ്രവർത്തനത്തിൽ ഇടപെടാൻ അനുവദിക്കരുത്. കേന്ദ്രഗവൺമെന്റ് എന്തുപറഞ്ഞാലും കമ്മീഷൻ സ്വതന്ത്രമായിട്ട് പ്രവർത്തിക്കണം എന്നുള്ളതാണ്. ഇതു അംഗീകരിച്ചുകൊണ്ട് ഒൻപതാം ധനകാര്യകമ്മീഷൻ ഇടക്കാലാശ്വാസം നൽകിയതിൽ രണ്ടു കാര്യത്തിൽ പ്രത്യേകത കാണിച്ചു. ഒന്ന് കമ്മീഷൻ പറഞ്ഞിട്ടുള്ളത് വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന, പ്രത്യേക പ്രശ്നങ്ങളുള്ള സംസ്ഥാനങ്ങൾക്ക് ആ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചാൽ പരിഹാരം കൊടുക്കാനുള്ള ഒരു പ്രതിവിധിയാണ്. അതുപോലെ രണ്ടാമത്തേത് കടത്തിൽ ആശ്വാസംനൽകാനുള്ള പരിപാടിയാണ്. സംസ്ഥാന ഗവൺമെന്റ് കടാശ്വാസമായി ആവശ്യപ്പെട്ടത് 37 കോടി രൂപയാണ്. എവിടെയെല്ലാം നാച്വറൽ കലാമിററീസിന്റെ ഫലമായിട്ട് കൊടുക്കാനുണ്ടോ അവർക്ക് ഇത് തിരിച്ചടയ്ക്കാൻ ആശ്വാസമായിട്ട് ഗഡുവും കൊടുത്തിരിക്കുകയാണ്. അതിൽ വിവേചനം ഉണ്ടായിട്ടില്ല. എനിക്ക് ചോദിക്കാനുള്ളത് ചേരിനിർമ്മാർജ്ജനത്തിനുവേണ്ടി മഹാരാഷ്ട്രക്ക് കൊടുത്തതിനേക്കാൾ കൂടുതൽ തുക പശ്ചിമ ബംഗാളിന് കൊടുത്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉണ്ട്. ഒന്ന്, തൊഴിൽ കൊടുക്കാനുള്ള ഒരു സ്കീം, രണ്ട്, കടലോരത്തുള്ള മൽസ്യത്തൊഴിലാളികൾക്ക് കുടിവെള്ളം കൊടുക്കാനുള്ള സ്കീം. ചേരിനിർമ്മാർജ്ജനം പോലുള്ള ഏതെങ്കിലും സ്പെസിഫിക്കായിട്ടുള്ള ഒരു പദ്ധതി ഫിനാൻസ് കമ്മീഷന്റെ മുമ്പാകെ കേരള ഗവൺമെന്റ് കൊടുത്തോ; അതിന്റെ അടിസ്ഥാനത്തിൽ അവർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വസ്തുതകൾ നോക്കാതെയാണോ പറയുന്നതെന്ന കാര്യത്തിൽ സംശയമുണ്ട്. പശ്ചിമ ബംഗാളിന് കൂടുതൽ തുക കൊടുത്തു എന്നു പറയുന്ന കണക്ക് തെററാണ്. എന്റെ അടുത്ത് അതിന്റെ വ്യക്തമായ കണക്കുകൾ ഉണ്ട്. 200 കോടി രൂപ പ്രാഥമിക വിദ്യാലയങ്ങൾ കെട്ടിമേയാൻ ഗ്രാന്റ്. ഇത് കേരളത്തിന്

ആവശ്യമില്ലേ ? ഈ 200 കോടി രൂപ മററു 14 സംസ്ഥാനങ്ങൾക്ക് കൊടുക്കുമ്പോൾ കേരളത്തിന് കിട്ടണ്ടേ ? പക്ഷേ അത് കിട്ടിയിട്ടില്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏററവും മുൻപന്തിയിലാണ്. ടാൽ തടാകം മനുഷ്യന് പോകുന്നതിന് സൗകര്യപ്പെടുത്താൻ 10 കോടി. രൂപ ഗ്രാൻറ് കൊടുക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിലെ പാവപ്പെട്ട ആളുകൾക്ക് ആശ്വാസം കൊടുക്കാൻ 5 കോടി രൂപ തന്നുകൂടെ ? ചേരി നിർമ്മാർജ്ജനത്തിന് 50 കോടി രൂപ മഹാരാഷ്ട്രക്ക് കൊടുക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ചേരി നിർമ്മാർജ്ജനത്തിന് 2 കോടി രൂപ തന്നുകൂടെ ? ഇതു തരാത്തത് ചോദിക്കാത്തതുകൊണ്ടാണോ ? ഈ നടപടി തീർച്ചയായിട്ടും തെററായിട്ടുളള ഒന്നാണ്. സാൽവെ കമ്മിഷന്റെ ശുപാർശയും തെററായിരുന്നു. സാൽവെ കമ്മിഷന്റെ ശുപാർശ കേരളത്തിന് എതിരാണ്, ഇതാണ് ഇൻഡ്യയിലെ സാമ്പത്തിക വിദഗ്ധൻമാരുടെ കണക്ക്. പശ്ചിമ ബംഗാളിൽ കൂടുതൽ തുക കൊടുത്തു എന്നൊക്കെ പറയുന്നത് തെററാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് പറയാനുളളത് ആ ശുപാർശ തിരുത്തി എഴുതുവാൻ സാൽവെയോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്നാണ്. അതിന് അദ്ദേഹം എനിക്ക് കത്ത് അയച്ചിട്ടുണ്ട്. ഇനി ഇതിനെപററി പുന:പരിശോധിക്കുന്ന കാര്യത്തിൽ അത് നടക്കുമോയെന്ന് എനിക്ക് അറിയില്ല. ഈ കാര്യത്തിൽ പിന്നിൽ നിന്നുളള പുറം ബാക്കിംഗ് എങ്ങനെയാണെന്നും എനിക്ക് അറിയില്ല. ഏതായാലും ഇത് പുന:പരിശോധിക്കണം. ധനകാര്യ കമ്മിഷന്റെ മെഷർമെൻറ് തെററാണെന്ന് സാൽവേയോട് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട കരുണാകരനോട് എനിക്ക് അഭ്യർത്ഥിക്കാനുളളത് ഇതൊന്ന് പഠിക്കണം എന്നാണ്.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### താലൂക്കാശുപത്രികളിലെ അധികാരികൾക്ക് മരുന്നു വാങ്ങാനുളള അധികാരം

* 5 [4] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളിലെ അധികാരികൾക്ക് സ്റേറാഴ്സ് പർച്ചേസ് നിയമം അനുസരിച്ച് എത്ര രൂപ വിലയുളള മരുന്നുകൾ വാങ്ങുവാൻ അധികാരമുണ്ട് ;

(ബി) ഏതെല്ലാം ഉത്തരവുകൾ, പ്രകാരം അവയുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ ;

(സി) മരുന്നുകൾ വാങ്ങാനായി ഇപ്പോൾ അനുവദിച്ചിട്ടുളള സംഖ്യ വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സ്റേറാഴ്സ് പർച്ചേസ് നിയമങ്ങൾക്ക് വിധേയമല്ലാതെ താലൂക്കാശുപത്രികളിൽ അടിയന്തിര സന്ദർഭത്തിൽ മരുന്നുകൾ വാങ്ങുവാൻ അനുവാദമുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എത്ര രൂപ വരെ ;

(ജി) ഏതെല്ലാം ഉത്തരവുകൾ മുഖേനയാണ് ഇങ്ങനെ അധികാരം നൽകിയിട്ടുളളത് ;

(എച്ച്) ഈ ഉത്തരവുകളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) :

(എ) 51 മുതൽ 200 വരെ കിടക്കകളുള്ള താലൂക്കാശുപത്രികളിലെ അധികാരികൾക്ക് രണ്ടായിരം രൂപയും 201 നും 500 നുമിടക്ക് കിടക്കകളുള്ള ആശുപത്രിയിലെ അധികാരികൾക്ക് മൂവായിരം രൂപയും വിലയുള്ള മരുന്നുകൾ വാങ്ങാൻ അധികാരമുണ്ട്.

(ബി) 4-11-1981 ലെ സർക്കാർ ഉത്തരവ് നമ്പർ (എം. എസ്.) 62/81/പി. ആൻറ് എ.ആർ.സി. പ്രകാരം പകർപ്പ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി) ഇപ്പോൾ ഉദ്ദേശമില്ല.

(ഡി) ഇതു സംബന്ധിച്ച് ഇപ്പോൾ നിർദ്ദേശമൊന്നും പരിഗണനയിലില്ല.

(ഇ) ഉണ്ട്.

(എഫ്) 51-നും 200-നുമിടയ്ക്ക് കിടക്കകളുള്ള താലൂക്കാശുപത്രികളിൽ ഒരു പ്രാവശ്യം 500 രൂപയും 201-നും 500-നും ഇടയ്ക്ക് കിടക്കകളുള്ളവയിൽ ഒരു പ്രാവശ്യം 1000 രൂപയും വിലയ്ക്കുള്ള മരുന്നുകൾ വാങ്ങാൻ അനുവാദമുണ്ട്.

(ജി) 4-11-1981-ലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 62/81/പി ആൻറ് എ. ആർ. ഡി. പ്രകാരം.

(എച്ച്) മേശപ്പുറത്തു വച്ചിട്ടുണ്ട് †

## പൊതുവിതരണ സമ്പ്രദായം

* 6 [5] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, സത്യൻ മൊകേരി :
,, പി. രവീന്ദ്രൻ :

ശ്രീമതി റോസമ്മ പുന്നൂസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ മാവേലി സ്റ്റോറുകൾ സഹകരണ മാവേലി സ്റ്റോറുകൾ ഡിപ്പാർട്ടുമെൻറു സ്റ്റോറുകൾ ഇവ എത്ര വീതം നിലവിലുണ്ടായിരുന്നു ;

(സി) ഇപ്പോൾ ഇവ ഓരോന്നും എത്ര വീതമുണ്ട് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) കേരളത്തിലെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷനും സിവിൽ സപ്ലൈസ് വകുപ്പും ഇതിനകം പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ ചില്ലറ വില്പന കേന്ദ്രങ്ങളായ മാവേലി സ്റ്റോറുകൾ, സഹകരണ മാവേലി സ്റ്റോറുകൾ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പ്രവർത്തിക്കുന്ന സൂപ്പർ മാർക്കററുകൾ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ കൂടി അരി, പഞ്ചസാര, പാമോയിൽ, പയറുവർഗ്ഗങ്ങൾ, മുളക് ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് വ്യാപകമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചു. എല്ലാ വികസന ബ്ലോക്കിലും കുറഞ്ഞത് ഒരു മാവേലി സ്റ്റോറെങ്കിലും സ്ഥാപിക്കണം എന്ന ലക്ഷ്യം മുൻനിറുത്തി 43 പുതിയ മാവേലി സ്റ്റോറുകൾ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. മാവേലി സ്റ്റോറുകൾ കൂടാതെ 2,091 ചില്ലറ വില്പനകേന്ദ്രങ്ങളിൽക്കൂടി പയറുവർഗ്ഗങ്ങളും മററത്യാവശ്യസാധനങ്ങളും ന്യായമായ വിലയ്ക്ക് വിതരണം നടത്തുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപായി ഇത്തരം 1,000 ചില്ലറ വില്പന കേന്ദ്രങ്ങൾകൂടി തുറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

റേഷൻ കടകളിൽകൂടി നല്ലയിനം അരി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുകയും ക്രമക്കേട് കണ്ടുപിടിക്കാനുള്ള സംവിധാനം ശക്തമാക്കുകയും ചെയ്തു. സാധാരണ റേഷനുപുറമേ 45 ആഴ്ച 5 കിലോഗ്രാം വീതവും 5 ആഴ്ച 3 കിലോഗ്രാം വീതവും അധികറേഷൻ നൽകി. ഓണം, ക്രിസ്തുമസ്, ബക്രീദ് മുതലായ ഉൽസവകാലങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉൽസവ ചന്തകൾ സംഘടിപ്പിക്കാറുണ്ട്. കഴിഞ്ഞ ഓണക്കാലത്ത് മൂവായിരത്തോളം ഓണച്ചന്തകൾ നടത്തിയിരുന്നു. 1983-ലെ ഓണച്ചന്തയിലെ വിററുവരവ് 1449.50 ലക്ഷം രൂപ. 1986-ലെ ഓണച്ചന്തയിലെ വിററുവരവ് 193.20 ലക്ഷം രൂപ.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഉള്ള ആദ്യത്തെ 19 മാസം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്ത അരി, പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനസാധനങ്ങൾ തുടങ്ങിയവയുടെ അളവും അതിനു തൊട്ടുമുൻപുള്ള 19 മാസത്തെ അളവും, വിതരണം ചെയ്ത പാമോലിൻെറ അളവും അനുബന്ധമായി ചേർക്കുന്നു. †

അരി, പാമോയിൽ എന്നിവയുടെ വിഹിതം കൂട്ടിത്തരണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | മാവേലി സ്റ്റോറുകൾ | .. | 165 |
| | ഡിപ്പാർട്ടുമെൻറൽ സ്റ്റോർ | .. | 3 |
| | സഹകരണ മാവേലി സ്റ്റോർ | .. | 1,206 |

ഇതിൽ 229 സഹകരണ മാവേലി സ്റ്റോറുകൾ മാത്രമേ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി സ്ഥിരമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നുള്ളൂ. ഇപ്പോൾ അവയുടെ എണ്ണം 603 ആയിട്ടുണ്ട്.

(സി) ഇപ്പോൾ 208 മാവേലി സ്റ്റോറുകളും മൂന്നു ഡിപ്പാർട്ടുമെൻറ് സ്റ്റോറുകളുമുണ്ട്. ഇതിനുപുറമേ ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി സ്ഥിരമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന 603 സഹകരണ മാവേലി സ്റ്റോറുകളും ഉണ്ട്.

## സർക്കാരിയ കമ്മീഷൻ ശുപാർശകൾ

* 7 [6] ശ്രീ. എസ്. സുന്ദരംമാണിക്യം :
,, വി. കേശവൻ :
,, ടി. ജെ. ആഞ്ചലോസ് :
,, കെ. കെ. തോമസ് :
,, എം. ആർ. ഗോപാലകൃഷ്ണൻ :

---

† അനുബന്ധം 2

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പത്മനാഭൻ :
,, ഇ. കെ. മേനോൻ :
,, ആനത്തലവട്ടം ആനന്ദൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിയ കമ്മീഷൻ ശുപാർശകൾക്ക് സംസ്ഥാന ഗവൺമെന്റ് ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ച ഭേദഗതികളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ ഒരഴിച്ചുപണി ആവശ്യമാണെന്ന് ഈ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ഇ. കെ. നായനാർ) :

(എ) ഉണ്ട്.

ഭേദഗതികൾ നിർദ്ദേശിച്ചതിൽ പ്രധാനമായവ താഴെ പറയുന്നവയാണ്.

ഗവർണ്ണർ സ്ഥാനത്തിന്റെ ആവശ്യമില്ല. അത് എടുത്തുകളയേണ്ടതാണ് അഥവാ ഗവർണ്ണർ സ്ഥാനം തുടരുകയാണെങ്കിൽ സംസ്ഥാനങ്ങളിൽ ഗവർണ്ണറെ നിയമിക്കുന്നത് സംസ്ഥാന മുഖ്യമന്ത്രി നൽകുന്ന ഒരു പാനലിൽ നിന്നായിരിക്കണം.

ഗവർണ്ണറിൽ നിക്ഷിപ്തമായിരിക്കുന്ന വിവേചനാധികാരം എടുത്തുകളയുകയും വേണം.

രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി ഗവർണ്ണർമാർ അയയ്ക്കുന്ന ബില്ലുകൾ അനിശ്ചിതകാലം പരിഗണനയ്ക്കെടുക്കാതെ വച്ചിരിക്കുന്നതു തടയാൻ ഇതിന്നായി ഒരു സമയപരിധി നിർണ്ണയിച്ച് ഭരണഘടനയിൽ ഉൾപ്പെടുത്തണം.

ജനാധിപത്യ തത്വങ്ങൾക്ക് നിരക്കുന്നതല്ലാത്തതിനാൽ, സംസ്ഥാനങ്ങളിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുന്നതു സംബന്ധിച്ച ഭരണഘടനയുടെ 356-ാം വകുപ്പ് മൊത്തത്തിൽ എടുത്തുകളയേണ്ടതാണ്.

പാർലമെന്റിൽ നിയമ നിർമ്മാണംമൂലം അസ്വസ്ഥതാബാധിത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട ഒരു സംസ്ഥാനത്തിലേക്കോ ഭാഗങ്ങളിലേക്കോ അല്ലാതെ സംസ്ഥാനത്തിന്റെ സമ്മതംകൂടാതെ കേന്ദ്ര ഗവൺമെന്റ് അതിന്റെ സായുധസേനകളെ സംസ്ഥാനങ്ങളിലേക്ക് നിയോഗിക്കരുത്.

പുതിയ അഖിലേന്ത്യാ സർവീസുകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യമില്ല.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന മേഖലകൾ ഏതെന്ന് നിശ്ചയിക്കുക തുടങ്ങിയ കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിന് മുമ്പ് സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിക്കേണ്ടതാണ്.

വ്യാപാര വാണിജ്യാദികാര്യങ്ങളുടെ സുഗമമായ നടത്തിപ്പ് ഉറപ്പ് വരുത്തുവാൻ ഭരണഘടനയുടെ 307-ാം വകുപ്പനുസരിച്ച് ഒരു എക്സിക്യൂട്ടീവ് അതോറിട്ടി സ്ഥാപിക്കേണ്ട ആവശ്യമില്ല. ഇതുപോലെ സ്ഥാപിക്കുന്ന ഒരു അതോറിട്ടി അവസാനം ചെന്നെത്തുക, സംസ്ഥാനങ്ങളുടെ വിഭവ സമാഹരണത്തിനുള്ള ശ്രമങ്ങളെ നിയന്ത്രിക്കുന്നതിലായിരിക്കും. ആത്യന്തികമായി അത് സംസ്ഥാനങ്ങളുടെ പരിധിയിൽ നിന്നും വില്പന നികുതിയുടെ അധീശാധികാരം എടുത്തു മാററുന്നതുവരെ എത്തും.

ആകാശവാണി, ദൂരദർശൻ എന്നിവയെ സംബന്ധിച്ച ശുപാർശകൾ ഈ വിഭാഗങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള യഥാർത്ഥ സ്വയംഭരണാധികാരം നൽകുവാൻ ഉപയുക്തമല്ല.

ദൂരദർശന്റെ രണ്ടാം ചാനൽ സംസ്ഥാന സർക്കാരുകളുടെ തനതായ നിയന്ത്രണത്തിലായിരിക്കണം. വാർത്തകൾ, സാമൂഹ്യ സാമ്പത്തിക രംഗത്തെ പുരോഗമനപരമായ പരിപാടികൾ എന്നിവ പ്രക്ഷേപണം ചെയ്യുമ്പോൾ എല്ലാ വിധത്തിലുമുള്ള പക്ഷപാതപരമായ പരിഗണനകളിൽ നിന്നും ഈ സ്ഥാപനങ്ങൾ വിമുക്തമായിരിക്കണം. ഇതിന്നായി ഇവയെ പ്രൊഫഷണലുകളാൽ നടത്തപ്പെടുന്ന, സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളാക്കുവാനുള്ള നടപടികൾ ആവശ്യമാണ്.

ധനകാര്യ കമ്മീഷനെ സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള കൂടിയാലോചനയുടെ രീതി തീരെ തൃപ്തികരമല്ല. ഒമ്പതാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച കൂടിയാലോചനയുടെ ഉദാഹരണം വച്ചുനോക്കുകയാണെങ്കിൽ ഇപ്പോഴത്തെ രീതി നേരായതല്ല. പര്യാപ്തവുമല്ല. ടേംസ് ഓഫ് റഫറൻസ് തീരുമാനിക്കും മുമ്പേ, അതിന്റെ കരട് സംസ്ഥാനങ്ങൾക്ക് അയച്ച് കൊടുക്കുകയും സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായുകയും വേണം.

സ്പെഷ്യൽ സെസ്സുകൾ തിർത്തലാക്കുകയും എല്ലാ എക്സൈസ് ഇനത്തിലുമുള്ള വരുമാനം പങ്കുവയ്ക്കുകയും വേണം.

സംസ്ഥാനങ്ങൾക്ക് പ്രകൃതിക്ഷോഭങ്ങൾ തരണം ചെയ്യുവാനുള്ള സഹായം കേന്ദ്രത്തിൽനിന്നും ലഭിക്കണം. അത് സംസ്ഥാന പദ്ധതിക്ക് പുറമേയായിരിക്കുകയും വേണം.

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് സ്വതന്ത്രമായ സംവിധാനമുണ്ടാക്കണം. ഇതുമൂലം വസ്തുനിഷ്ഠമായ വിലയിരുത്തൽ ഉറപ്പുവരുത്തുവാൻ കഴിയും.

എല്ലാ സംസ്ഥാനങ്ങൾക്കും പദ്ധതി സഹായം 50:70 എന്ന തോതിൽ ഗ്രാൻറും ലോണും വീതിക്കുന്നത് നിർത്തലാക്കണം. അധികം വികസിതമല്ലാത്ത സംസ്ഥാനങ്ങളിലേക്കുള്ള പദ്ധതി സഹായം കടമെന്നതിനേക്കാൾ അധികം ഗ്രാൻറായി നൽകണം. ഓവർ ഡ്രാഫ്റ്റിന്റെ സമയപരിധി 15 ദിവസമായി ദീർഘിപ്പിക്കണം.

ധനകാര്യകമ്മീഷനെപ്പോലെ പ്ലാനിംഗ് കമ്മീഷനെയും ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കണം. അതിലെ അംഗങ്ങളെ സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് രാഷ്ട്രപതി നിയമിക്കണം.

ഫൈനാൻസ് കമ്മീഷന്റെ തീർപ്പ് ഒരു പഞ്ചവൽസര പദ്ധതിക്ക് കൺകറൻറായി നടപ്പാക്കേണ്ടതാണ്.

വിദ്യാഭ്യാസം കൺകറൻറ് ലിസ്ററിൽ നിന്നും സംസ്ഥാന ലിസ്ററിലേക്ക് മാറേറണ്ടതാണ്.

കേന്ദ്ര സംസ്ഥാനങ്ങളുടെ വിഭവശേഖരണങ്ങളുടെ ഉത്ഭവ സ്ഥാനങ്ങളിൽ കൂടുതൽ കൂടുതലായി അതിക്രമിച്ചുകടക്കുന്ന സാഹചര്യത്തിൽ, നികുതി ചുമത്തൽ സംബന്ധിച്ച നിയമനിർമ്മാണത്തിന്റെ അവശിഷ്ടാധികാരവും കൂടി കൺകറൻറ് ലിസ്ററിൽ പെടുത്തേണ്ടതാണ്.

(ബി) അങ്ങനെയൊരു പ്രത്യേക നിർദ്ദേശം വച്ചിട്ടില്ല.

2/942/V.

LIBRARY ARCHIVES Kerala Legislative Assembly

ജയിൽ ചാടിയ തടവുകാർ

* 8 [7] ശ്രീ. കെ. കെ. ശ്രീനിവാസൻ :
,, കെ. മുഹമ്മദാലി :
,, കെ. പി. വിശ്വനാഥൻ :
,, വി. ദിനകരൻ :

ശ്രീമതി ലീലാ ദാമോദരമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം 1988 ഡിസംബർ 1 വരെയുള്ള കാലയളവിൽ മൊത്തം എത്ര തടവുകാർ ജയിൽ ചാടി പോയിട്ടുണ്ട് ;

(ബി) ഇത്തരം കേസ്സുകൾ സംഭവിച്ചത് ഏതെല്ലാം ജയിലുകളിലാണ് ;

(സി) ഏതെല്ലാം തരത്തിലുള്ള ശിക്ഷകൾക്ക് വിധേയരായവരാണ് ഇപ്രകാരം ചാടിപ്പോയിട്ടുള്ളത് ;

(ഡി) തടവുകാർ ജയിൽ ചാടിപ്പോയതിന്റെ പേരിൽ ജീവനക്കാരുടെ പേരിൽ നടപടികളെടുത്തിട്ടുണ്ടോ ;

(ഇ) ജയിൽ ചാടിയവരെ തെരഞ്ഞുപിടിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കണക്ക് വ്യക്തമാക്കുമോ ;

(എഫ്) ജയിൽചാടി പോകുന്നത് തടയാൻ ഫലപ്രദമായ നടപടികൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) 33 പേർ.

(ബി) വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട് .†

(സി) തടവുചാടിയ 33 പേരിൽ 5 പേർ മാത്രമാണ് ശിക്ഷാതടവുകാർ. അവരുടെ വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. † ബാക്കിയുള്ള 28 പേർ വിചാരണത്തടവുകാരാണ്.

(ഡി) ബന്ധപ്പെട്ട ജയിൽ ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടികളെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി സ്ഥിരം ലാവണത്തിൽ ജോലി നോക്കിയിരുന്നവരെ സസ്പെൻഷനിൽ നിറുത്തി ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു. താൽക്കാലിക ജീവനക്കാരെ സർവ്വീസിൽനിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

(ഇ) ആകെ ചാടിപ്പോയ 33 പേരിൽ 25 പേരെ തിരികെ പിടിച്ചിട്ടുണ്ട്.

(എഫ്) ജയിൽ ചാട്ടം ഒഴിവാക്കുന്നതിലേക്കായി ജാഗ്രത പുലർത്താൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട് ജയിൽ സുരക്ഷിതത്വം ഊർജ്ജിതമാക്കുന്നതിന് എടുക്കേണ്ട നടപടികളെക്കുറിച്ച് ജയിൽ ജീവനക്കാരെ ബോധവാൻമാരാക്കുന്നതിനുവേണ്ട പരിശീലനവും ക്രമപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട അസിസ്റ്റൻറ് ഇൻസ്പെക്ടർ ജനറൽമാരോട് അവരുടെ കീഴിലുള്ള ജയിലുകളിലെല്ലാം മിന്നൽ പരിശോധന നടത്തി ഗാർഡിന് സ്റ്റാഫ് ജോലിയിൽ ജാഗ്രത പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നു നിഷ്കർഷിച്ചിട്ടുണ്ട്. ജയിലിലെ ഗാർഡിംഗ് സ്റ്റാഫിന്റെ കുറവ് തിട്ടപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികളും എടുക്കുന്നുണ്ട്. കൂടാതെ ജയിൽ കെട്ടിടങ്ങളുടെയും മതിലുകളുടെയും പോരായ്മകൾ പരിഹരിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലേക്കായി ബന്ധപ്പെട്ട അധികാരികളിൽനിന്നും നിർദ്ദേശങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്.

† അനുബന്ധം 3-ം 4-ം.

LIBRARY ARCHIVES Kerala Legislative Assembly

## പത്രപ്രവർത്തകർക്കും പത്രസ്ഥാപനങ്ങൾക്കും എതിരായുള്ള അക്രമങ്ങൾ

* 9 [8] ശ്രീ. കല്ലടി മുഹമ്മദ് :

,, കെ. പി. എ. മജീദ് :

,, ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പത്രപ്രവർത്തകർക്കും പത്രസ്ഥാപനങ്ങൾക്കും പത്ര ഫോട്ടോഗ്രാഫർമർക്കുമെതിരെ എത്ര അക്രമങ്ങൾ ഉണ്ടായതായി പരാതി ലഭിച്ചിട്ടുണ്ട് ;

(ബി) ഇത്തരം അക്രമങ്ങൾക്കെതിരെ എത്രതവണ പത്രപ്രവർത്തക സംഘടനകൾ പരാതിപ്പെട്ടിട്ടുണ്ട് ;

(സി) ഇത്തരം സംഭവങ്ങളിൽ പ്രതികളായിട്ടുള്ളവരുടെ പേരും ഏതു രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) 1988 നവമ്പർ മാസത്തിൽ കാസർകോഡ് എത്ര പത്രപ്രവർത്തകർ മർദ്ദനത്തിന് വിധേയരായി ; അവർ ആരെല്ലാം ;

(ഇ) അക്രമികളുടെമേൽ എന്തു നടപടി എടുത്തു ;

(എഫ്) സ്വതന്ത്രമായ പത്രപ്രവർത്തനം നടത്തുന്നതിനുള്ള അന്തരീക്ഷം ഉറപ്പുവരുത്തുവാൻ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) 21 സംഭവങ്ങളുണ്ടായതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) നാലു തവണ.

(സി) മേൽപ്പറഞ്ഞ സംഭവങ്ങളിലെ തിരിച്ചറിഞ്ഞിട്ടുള്ള പ്രതികളായി 64 പേരുണ്ട്. ഇവരുടെ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട് †.

(ഡി) 5 പേർ.

അരവിന്ദൻ മാണിക്കോത്ത്

അസൈനാർ,

ജോർജ്ജ്

മുഹമ്മദ് കുഞ്ഞി

മൊഹമ്മദ് അസലാം.

(ഇ) കേസ് രജിസ്ററർചെയ്ത് പ്രതികളെ അറസ്ററു ചെയ്യുകയും അന്വേഷണം പൂർത്തിയാക്കി കോടതിക്ക് ചാർജ്ജ് ഷീററ് സമർപ്പിക്കുകയും ചെയ്തു.

(എഫ്) സ്വതന്ത്രമായ പത്രപ്രവർത്തനം തടസ്സപ്പെടുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ എടുക്കുന്നുണ്ട്.

## ചികിൽസാ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

* 10 [9] ശ്രീ. കെ. കെ. എൻ. പരിയാരം :

പ്രൊഫസർ എം. കെ. സാനു :

ശ്രീ. പി. സി. തോമസ് :

† അനുബന്ധം 5.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നിക്കോളാസ് റോഡ്രിഗ്സ് :

,, എം. സത്യനേശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചികിൽസാ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ജനസംഖ്യാടിസ്ഥാനത്തിൽ 5000 പേർക്ക് ഒരു സബ് സെൻറർ എന്ന മാനദണ്ഡം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ആയുർവ്വേദം : 3 ഡിസ്പെൻസറികൾ ആശുപത്രികളാക്കി ഉയർത്തുകയും ഒരു താലൂക്ക് ആശുപത്രി, ഒരു ജില്ലാ ആശുപത്രി എന്നിവ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഹോമിയോ : (ബി) പത്തനംതിട്ടയിലും കാസർകോടും രണ്ടു ജില്ലാ ആഫീസുകൾ തുറന്നതുമൂലം പ്രസ്തുത ജില്ലകളിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

അലോപ്പതി

(1) ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിൽസാ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനുവേണ്ടി, തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് 300 കിടക്കകൾ ഉള്ള മെഡിക്കൽ കോളേജ് ചെസ്ററ് ആശുപത്രി, ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു കെട്ടിടവും ഫാർമസിക്കു വേണ്ടി മറെറാരു ബ്ലോക്ക് എന്നിവ പണിയിച്ചിട്ടുണ്ട്.

നഴ്സുമാരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി 3 ഷിഫ്ററുകൾ പരീക്ഷണാർത്ഥം ഒൻപത് ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിലും അതിനോടനുബന്ധിച്ച സ്ഥാപനങ്ങളിലും ഉപകരണങ്ങൾ വാങ്ങുകയും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ മെഡിക്കൽ കോളേജുകളിൽ അസോസ്യേററ് പ്രൊഫസർ, അസിസ്ററൻറ് പ്രൊഫസർ, ട്യൂട്ടർ, സ്ററാഫ് നഴ്സ്, നഴ്സിംഗ് അസിസ്ററൻറ് എന്നിവരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(2) ആരോഗ്യവകുപ്പ്

ചികിൽസാ സ്ഥാപനങ്ങളിലെ സേവനവിഭാഗം മെച്ചപ്പെടുത്തുന്നതിനു വേണ്ടി, ജീവനക്കാരുടെ എണ്ണവും വാർഡുകളും കിടക്കകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 1987-88-ൽ 25 സി.എച്ച്.സി.-കളും 125 പി.എച്ച്. സെൻററുകളും 1988-89-ൽ 163 പി.എച്ച്.സി..കളും അനുവദിച്ചിട്ടുണ്ട്.

(ബി) ആയുർവ്വേദം, ഹോമിയോ എന്നീ വകുപ്പുകളിൽ ഇപ്രകാരം ഒരു പരിപാടി നിലവിലില്ല.

ആരോഗ്യ വകുപ്പിൽ, 1988 മാർച്ച് അവസാനംവരെ 3874 സബ് സെൻററുകൾ അനുവദിച്ചു കഴിഞ്ഞു. ഇതിൽ 500 എണ്ണം 1987-88 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതാണ്. നടപ്പു സാമ്പത്തിക വർഷം 500 സബ് സെൻററുകൾകൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## റേഷൻ അരിയുടെ വിതരണം

* 11 [10] ശ്രീ. ഇ. ആഹമ്മദ് :
,, കെ. മൊയ്തീൻകുട്ടി ഹാജി :
,, കല്ലടി മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നൽകുന്ന റേഷൻ അരിയുടെ തോതനുസരിച്ച് സംസ്ഥാനത്തെ ഓരോ ജില്ലയിലേക്കും ഒരു മാസം എത്ര ക്വിൻറൽ അരിയാണ് വിതരണത്തിനുവേണ്ടി വരുന്നത് ;

(ബി) എത്ര ക്വിൻറൽ അരി വീതമാണ് 1988 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ യഥാർത്ഥത്തിൽ വിതരണം നടത്തിയത് ;

(സി) ഇപ്രകാരം അരി വിഹിതം കുറയ്ക്കുവാൻ കാരണം എന്ത് ;

(ഡി) ഈ കുറവു നികത്തുവാൻ സംസ്ഥാന ഗവൺമെൻറ് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്ന് അരി വാങ്ങുവാൻ നടപടി എടുത്തു ;

(ഇ) ഇതിൻെറ ഫലമായി എന്തു പുരോഗതി നേടിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) അരി ലഭ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി
(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഇപ്പോൾ നൽകിവരുന്ന റേഷൻ അരിയുടെ തോതനുസരിച്ച് എല്ലാ കാർഡുടമകളും മുഴുവൻ റേഷനും വാങ്ങിയാൽ സംസ്ഥാനത്തെ ഓരോ ജില്ലയിലേക്കും ഒരു മാസം വിതരണത്തിനുവേണ്ട അരിയുടെ കണക്ക് താഴെ കൊടുക്കുന്നു.

| ജില്ലയുടെ പേര് | ഓരോ മാസവും വിതരണത്തിനുവേണ്ട അരി (മെ. ടൺ) |
|---|---|
| തിരുവനന്തപുരം | 16500 |
| കൊല്ലം | 13000 |
| പത്തനംതിട്ട | 7000 |
| ആലപ്പുഴ | 12000 |
| കോട്ടയം | 11000 |
| ഇടുക്കി | 6500 |
| എറണാകുളം | 16000 |
| തൃശ്ശൂർ | 16000 |
| പാലക്കാട് | 12000 |
| മലപ്പുറം | 18000 |
| കോഴിക്കോട് | 13500 |
| വയനാട് | 3000 |
| കണ്ണൂർ | 12000 |
| കാസർഗോഡ് | 6000 |

(ബി) 1988 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ഓരോ ജില്ലയിലും വിതരണം നടത്തിയ അരിയുടെ കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| ജില്ലയുടെ പേര് | മാസങ്ങൾ സെപ്റ്റംബർ | ഒക്ടോബർ | നവംബർ |
|---|---|---|---|
| തിരുവനന്തപുരം | 12936 | 12892 | 11545 |
| കൊല്ലം | 10113 | 10075 | 9390 |
| പത്തനംതിട്ട | 4795 | 4963 | 4575 |
| ആലപ്പുഴ | 8527 | 8775 | 8100 |
| കോട്ടയം | 8126 | 7944 | 7083 |
| ഇടുക്കി | 5202 | 5100 | 4649 |
| എറണാകുളം | 12416 | 12359 | 11184 |
| തൃശ്ശൂർ | 12144 | 12862 | 11229 |
| പാലക്കാട് | 8893 | 8266 | 7735 |
| മലപ്പുറം | 13655 | 13312 | 12675 |
| കോഴിക്കോട് | 12581 | 12846 | 10850 |
| വയനാട് | 2586 | 2630 | 2436 |
| കണ്ണൂർ | 10850 | 10873 | 9575 |
| കാസർകോട് | 4531 | 4406 | 3979 |

(സി) കാർഡുടമകൾക്ക് നൽകിവരുന്ന റേഷൻ വിഹിതം കുറച്ചിട്ടില്ല. എല്ലാ കാർഡുടമകളും അർഹതപ്പെട്ട മുഴുവൻ അരിയും വാങ്ങാത്തതാണ് കുറവിനു കാരണം.

(ഡി) റേഷൻ വിഹിതത്തിലുള്ള കുറവു നികത്താൻ മററു സംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് അരി വാങ്ങുന്ന സമ്പ്രദായം നിലവിലില്ല. അർഹമായ റേഷൻ ആവശ്യക്കാർക്ക് കാർഡിന്റെ അടിസ്ഥാനത്തിൽ നൽകിവന്നിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) സംസ്ഥാനത്തിനുള്ള അരി വിഹിതം വർദ്ധിപ്പിച്ചു കിട്ടുന്നതിന് കേന്ദ്രത്തിൽ നിരന്തരം സമ്മർദ്ദം ചെലുത്തിയിട്ടും അനുകൂലമായ പ്രതികരണം ലഭിച്ചിട്ടില്ല.

## നിയമസഭാ സമാജികരെ കയ്യേററം ചെയ്ത സംഭവങ്ങൾ

* 12 [11] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ :

,, വി. എം. സുധീരൻ :

,, രമേശ് ചെന്നിത്തല :

,, എം. എം. ഹസ്സൻ :

,, പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നിയമസഭാ സാമാജികരെ കയ്യേററം ചെയ്യുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഈ സംഭവങ്ങൾ എവിടെയൊക്കെയാണ് നടന്നത് ;

(സി) ഇവയോടനുബന്ധിച്ച് ആരുടെയെങ്കിലും പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഏഴ് സംഭവങ്ങൾ

(ബി) പാപ്പിനിശ്ശേരി, കണ്ണൂർ, മാനന്തവാടി, പൊന്നാനി, കുളങ്ങര താഴ എന്നിവിടങ്ങളിൽ ഓരോന്നും പാലക്കാട് രണ്ടും.

(സി), (ഡി) പരാതി കിട്ടിയ സംഭവങ്ങളിൽ കേസ് ചാർജ് ചെയ്തിട്ടുണ്ട്.

## റേഷൻ അരി

* 13 [12] ശ്രീ. ടി. എം. ജേക്കബ് :

,, മാത്യു സ്റ്റീഫൻ :

,, കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകൾ വഴി നൽകുന്ന അരിയുടെ സ്റ്റോക്ക് വെട്ടിക്കുറച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എത്രകണ്ടാണ് വെട്ടിച്ചുരുക്കിയിട്ടുള്ളത് ;

(സി) റേഷൻ കടകൾവഴി നൽകുന്ന അരിയുടെ വിലയെന്താണ് ;

(ഡി) 1986-ൽ റേഷനരിയുടെ വിലയെന്തായിരുന്നു ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) റേഷൻ കടകൾ വഴി നൽകുന്ന അരിയുടെ വില താഴെ പറയും പ്രകാരമാണ്.

കോമൺ അരി—2.61 രൂപ മുതൽ 2.65 രൂപ വരെ (കി. ഗ്രാം)

ഫൈൻ അരി—2.86 മുതൽ 2.91 രൂപ (കി. ഗ്രാം)

സൂപ്പർ ഫൈൻ അരി—3.01 രൂപ മുതൽ 3.06 രൂപ വരെ (കി. ഗ്രാം)

(ഡി) 1986-ൽ നിലവിലുണ്ടായിരുന്ന റേഷനരിയുടെ വില താഴെ കൊടുത്തിരിക്കുന്നു :

കോമൺ അരി—2.58 രൂപ മുതൽ 2.62 രൂപ വരെ (കി. ഗ്രാം)

ഫൈൻ അരി—2.70 രൂപമുതൽ 2.75 രൂപ വരെ (കി. ഗ്രാം)

സൂപ്പർ ഫൈൻ അരി—2.85 രൂപ മുതൽ 2.90 രൂപ വരെ (കി. ഗ്രാം)

## ബലാൽസംഗത്തിന് വിധേയരായവർ

* 14 [13] ശ്രീമതി എം. ടി. പത്മ :

,, ലീലാ ദാമോദരമേനോൻ :

,, റോസമ്മാ ചാക്കോ :

ശ്രീ. എൻ. മനോഹരൻ മാസ്റ്റർ :

,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1987-88 വർഷത്തിലും 1988-89 ഡിസംബർ ഒന്ന് വരെയും സംസ്ഥാനത്ത് എത്ര സ്ത്രീകൾ ബലാൽസംഗത്തിന് വിധേയരായിട്ടുണ്ട് ;

(ബി) ഇതിൽ എത്രപേർ മരണപ്പെട്ടു ;

(സി) ഇതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ;
(ഇ) ബലാൽസംഗത്തിന് വിധേയരായവരിൽ എത്ര ഹരിജനങ്ങൾ ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 312.
(ബി) ഒരാൾ മരണപ്പെട്ടിട്ടുണ്ട്.
(സി) 312 കേസുകൾ രജിസ്ററർ ചെയ്തിട്ടുണ്ട്.
(ഡി) 10 കേസുകളിൽ.
(ഇ) 71 പേർ ഹരിജനങ്ങളാണ്.

## നിരോധിക്കപ്പെട്ടിട്ടുള്ള അലോപ്പതി മരുന്നുകളുടെ വില്പന

* 15 [14] ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. വി. കെ. രാജൻ :
,, കൃഷ്ണൻ കണിയാംപറമ്പിൽ :
,, പന്തളം സുധാകരൻ :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മററ് രാഷ്ട്രങ്ങളിൽ നിരോധിച്ചിട്ടുള്ള നിരവധി അലോപ്പതി മരുന്നുകൾ കേരളത്തിൽ നിർബാധം വില്പന നടത്തി വരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് തടയുന്നതിനെന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മഹാരാഷ്ട്ര ഡ്രഗ്സ് കൺട്രോൾ അതോറിട്ടി ചില കമ്പനികളുടെ മരുന്നുകൾ നിരോധിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം മരുന്നുകളാണ് ഇങ്ങനെ നിരോധിക്കപ്പെട്ടിട്ടുള്ളത് ;

(ഇ) ഈ മരുന്നുകൾ കേരളത്തിലും നിരോധിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) :

(എ) ഔദ്യോഗികമായി വിവരമൊന്നും ലഭിച്ചിട്ടില്ല.
(ബി) ഉദിക്കുന്നില്ല.
(സി) ഔദ്യോഗികമായി വിവരം ലഭിച്ചിട്ടില്ല.
(ഡി) ഉദിക്കുന്നില്ല.
(ഇ) ഉദിക്കുന്നില്ല,
(എഫ്) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്രമസമാധാനനില തകർക്കുന്നതിനായി കോൺഗ്രസ്
പ്രതിപക്ഷമുന്നണിയുടെ ശ്രമം

* 16 [15] ശ്രീ. എം. ദാസൻ :
,, ടി. കെ. അറുമുഖൻ :
പ്രൊഫസർ എം. കെ. സാനു :
ശ്രീ. ബി. രാഘവൻ :
ശ്രീമതി നബീസാ ഉമ്മാൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്രമസമാധാനനില തകർക്കുന്നതിനായി കോൺഗ്രസ് (ഐ) യുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷമുന്നണി ശ്രമിച്ചു വരുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമരങ്ങളുടെ പേരിൽ പ്രതിപക്ഷമുന്നണി പ്രവർത്തകർ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ക്രമസമാധാനപരിപാലകരെ കയ്യേററം ചെയ്യുന്നതായി പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ക്രമസമാധാനനില തകർക്കുന്നതിനായി ബോധപൂർവ്വം ശ്രമിച്ചു വരുന്ന ശക്തികൾക്കെതിരെ ഫലപ്രദമായ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) ക്രമസമാധാനനില നിലനിറുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ആയുർവേദ ഔഷധങ്ങളുടെ ദൗർലഭ്യവും വിലവർദ്ധനയും

* 17 [16] ശ്രീ. ജെ. ചിത്തരഞ്ജൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
ശ്രീമതി റോസമ്മ പുന്നൂസ് :
ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ ഔഷധങ്ങളുടെ ദൗർലഭ്യവും വിലവർദ്ധനയും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) :

(എ) അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പൊതുവെ അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ ഔഷധങ്ങളുടെ വിലയിലും വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ആയുർവേദ ഔഷധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഔഷധസ്റേറാർ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

## പോലീസ് സൂപ്രണ്ട് (പബ്ലിക് ഗ്രീവൻസസ്) എന്ന തസ്തിക

* 18 [17] ശ്രീ. കെ.കെ.തോമസ് :
,, എം.എം.ഹസ്സൻ :
,, പി. പി. തങ്കച്ചൻ :
,, കെ. പി. വിശ്വനാഥൻ :
,, പി. പി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സൂപ്രണ്ട് (പബ്ലിക് ഗ്രീവൻസസ് എന്ന ഒരു പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ എവിടെയൊക്കെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഈ ഉദ്യോഗസ്ഥന്റെ ചുമതലയിൽപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ തസ്തിക സൃഷ്ടിച്ചതിനുശേഷം പൊതുജനങ്ങളുടെ പരാതികളിൽ തീരുമാനമെടുത്ത് നീതി നിർവ്വഹിക്കുന്നതിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഇ) എല്ലാ ജില്ലകളിലും ഈ തസ്തിക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) & (ബി) എറണാകുളത്തുണ്ടായിരുന്ന പോലീസ് സൂപ്രണ്ട് (ട്രെയിനിംഗ്) എന്ന ഒരു തസ്തിക തിരുവനന്തപുരത്ത് പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് 1988 ഒക്ടോബറിൽ മാററുകയും, പ്രസ്തുത തസ്തിക പോലീസ് സൂപ്രണ്ട് (പബ്ലിക് ഗ്രീവൻസസ്) എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ വരുന്ന പരാതിക്കാരുടെ പരാതികളിൻമേൻ സത്വരനടപടികൾ സ്വീകരിക്കുക, വകുപ്പ് അദ്ധ്യക്ഷൻമാർക്ക് കിട്ടുന്ന പരാതികളിൽ അവയുടെ പ്രാധാന്യവും അടിയന്തിര സ്വഭാവവുമനുസരിച്ച് അവരുടെ നിർദ്ദേശാനുസരണം അന്വേഷിച്ച് റിപ്പോർട്ട് നൽകുക, പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പരാതികൾക്കുള്ള സെക്ഷനുകളുടെ മേൽനോട്ടം വഹിക്കുക എന്നിവയാണ് പ്രധാന ചുമതലകൾ.

(ഡി) ഈ സംവിധാനം ഏർപ്പെടുത്തിയിട്ട് വളരെ ചുരുങ്ങിയ കാലമേ ആയിട്ടുള്ളു എന്നതിനാൽ നേട്ടങ്ങൾ വിലയിരുത്താനുള്ള സമയം ആയിട്ടില്ല.

(ഇ) ഇല്ല.

## ഉപഭോക്തൃ സംരക്ഷണ കൗൺസിൽ

* 19 [18] ശ്രീ. എം.പി.താമി :
,, കെ.എ. ചന്ദ്രൻ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്തൃ സംരക്ഷണ കൗൺസിൽ രൂപീകരിക്കുമെന്ന പ്രഖ്യാപനം സർക്കാർ നടപ്പിലാക്കിയോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാരിന് സാമ്പത്തിക ബാദ്ധ്യതകൾ വരുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ അതെത്രയാണ് ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.ഇ.ചന്ദ്രശേഖരൻ നായർ) :

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിശദാംശങ്ങൾക്കായി അനുബന്ധമായി ചേർത്തിട്ടുള്ള നോട്ടിഫിക്കേഷൻ കാണുക, †

(സി) വരും മെമ്പർമാർക്ക് ററി.എ.,ഡി. എ., ഓഫീസ് ചെലവുകൾ തുടങ്ങിയ ചെലവുകൾ നേരിടേണ്ടിവരും.

(ഡി) കണക്കാക്കിയിട്ടില്ല.

## തെരഞ്ഞെടുപ്പുവേളയിൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ

* 20 [19] ശ്രീ. എ. കെ. പത്മനാഭൻ :

,, സി.കെ. രാജേന്ദ്രൻ :

,, സുന്ദരം മാണിക്യം :

,, എ. കണാരൻ :

,, എം. ആർ. ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുവേളയിൽ പ്രധാനമന്ത്രി കേരളത്തിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര വീതം ?

മുഖ്യമന്ത്രി (ശ്രീ.ഇ. കെ. നായനാർ) :

(എ) അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പദ്ധതികൾക്കായി പ്രഖ്യാപിച്ച 414.36 കോടി രൂപയിൽ കേന്ദ്രത്തിനു വരുന്ന ചിലവ് 334.689 കോടി രൂപയും സംസ്ഥാനത്തിന് വരുന്ന ചിലവ് 79.671 കോടി രൂപയുമാണ്. ഇതിൽ 249.594 കോടി രൂപ കേന്ദ്രം നടപ്പാക്കുന്ന പദ്ധതികൾക്കുള്ള അടങ്കലും 164.766 കോടി രൂപ കേന്ദ്രവും സംസ്ഥാനവും സംയുക്തമായി നടപ്പാക്കുന്ന പദ്ധതികൾക്കുള്ള അടങ്കലുമാണ്. കേന്ദ്രം നടപ്പാക്കുന്ന പദ്ധതികൾക്ക് സംസ്ഥാനത്തിന് ധനസഹായമൊന്നും ലഭിക്കുന്നതല്ല. സംസ്ഥാന ഏജൻസികൾ വഴി നടപ്പാക്കുന്ന പദ്ധതികൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

(സി)

| | | |
|---|---|---|
| 1. | മൽസ്യബന്ധന പദ്ധതികൾ— | 5.464 കോടി രൂപ |
| 2. | നാളികേര വികസന പദ്ധതി— | 2.640 കോടി രൂപ |
| 3. | കയർ വികസന പദ്ധതി— | 1.475 കോടി രൂപ |
| 4. | വിനോദസഞ്ചാര വികസന പദ്ധതികൾ— | 1 271 കോടി രൂപ |
| 5. | കായിക വിനോദ സൗകര്യങ്ങളുടെ വികസനം— | 1.825 കോടി രൂപ |
| 6. | സംസ്കൃത സർവ്വകലാശാല— | 1.000 കോടി രൂപ |
| 7. | ഐ.ആർ.ഡി.പി. (1986–87)— | 3.050 കോടി രൂപ |
| 8. | എൻ.ആർ.ഇ.പി. (1986-87)— | 2.000 കോടി രൂപ |
| 9. | ആർ.എൽ.ഇ.ജി.പി (1986-87) | 4.250 കോടി രൂപ |
| 10. | ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി (1986-87)— | 7.650 കോടി രൂപ |
| 11. | സ്വയം തൊഴിൽ പദ്ധതി (1986-87)— (ബാങ്കുകൾ വഴി വിതരണം ചെയ്തത്) | 14.000 കോടി രൂപ |
| | മൊത്തം | 44.625 കോടി രൂപ |

† അനുബന്ധം 6

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരോല്പാദന വികസനത്തിന് പദ്ധതികൾ

* 21 [20] ശ്രീ. എ. എം. പരമൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ഡോക്ടർ. എ. വി. ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരോല്പാദന വികസനത്തിനുവേണ്ടി ഗവൺമെന്റ് അംഗീകരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ബി) ഇവയ്ക്ക് ധനസഹായം ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നു ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ):

(എ) ഒരു പ്രധാനപദ്ധതി ഓപ്പറേഷൻ ഫ്ളഡ് എന്ന പദ്ധതിയാണ്. കേരളത്തിലെ എട്ട് തെക്കൻ ജില്ലകളിൽ നടപ്പാക്കിയ ഓപ്പറേഷൻ ഫ്ളഡ് II പദ്ധതിയുടെ തുടർച്ചയായി 6.6 കോടി രൂപ ചെലവ് വരുന്ന ഒരു ക്ഷീരോല്പാദന വികസന പദ്ധതി കേരളത്തിലെ വടക്കൻ ജില്ലകളിൽകൂടി നടപ്പാക്കാൻ തുടങ്ങി. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും ഗവൺമെന്റ് നടപ്പിലാക്കി വരുന്നു :

1. പശുക്കളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വർഗ്ഗോദ്ധാരണ പരിപാടി.
2. ഗ്രാമീണ ക്ഷീരവികസന പരിപാടികളും വിജ്ഞാന-വിപണന പ്രവർത്തനങ്ങളും.
3. പുൽകൃഷി വികസന പരിപാടികൾ.
4. ക്ഷീരസഹകരണ സംഘങ്ങളുടെ വികസനം.
5. പാലിന്റെ ഗുണ നിയന്ത്രണപദ്ധതി.
6. ഡയറി പരിശീലന കേന്ദ്രങ്ങൾ.
7. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതികളും ഗിരിവർഗ്ഗ ഉപ പദ്ധതികളും.
8. കാലിത്തീററ നിർമ്മാണപദ്ധതി

കെ. സി. എം. എം. എഫിന്റെ കീഴിൽ പട്ടണക്കാടും, മലമ്പുഴയിലുള്ള കാലിത്തീററ നിർമ്മാണ ഫാക്ടറിയിലെ 1987 മാർച്ച് മാസത്തെ ഉല്പാദനം 2226 മെട്രിക് ടൺ ആയിരുന്നത് ഇപ്പോൾ 3500 മെട്രിക് ടൺ ആയി വർദ്ധിപ്പിച്ചു. ഇത് 4500 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതാണ്. ഇതിലേക്ക് മലമ്പുഴ ഫാക്ടറിയിൽ 54 ലക്ഷം രൂപയും പട്ടണക്കാട് ഫാക്ടറിയിൽ ഒരു കോടി രൂപയും മുടക്കി ഫാക്ടറികൾ നവീകരിക്കുന്നതാണ്.

സംസ്ഥാന സർക്കാർ മുൻകൈ എടുത്തതിന്റെ ഫലമായി നാഷണൽ ഡയറി ഡവലപ്പ്മെന്റ് ബോർഡ് രണ്ടര കോടി രൂപ വീതം മുതൽമുടക്ക് വരുന്ന രണ്ട് കാലിത്തീററ ഫാക്ടറികൾ സംസ്ഥാനത്ത് ആരംഭിക്കാൻ സാമ്പത്തിക സഹായം നല്കാമെന്ന് അംഗീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ബാങ്ക് ലോൺ ഉപയോഗിച്ച് ഇടത്തരം കാലിത്തീററ നിർമ്മാണ ഫാക്ടറികൾ ആരംഭിക്കുന്നതിന് നാല് സഹകരണ സംഘങ്ങൾക്ക് മാർജിൻ മണി നല്കുന്നതിന് അനുവാദം നൽകി.

(ബി) ഓപ്പറേഷൻ ഫ്ളഡ് പദ്ധതിക്ക് ധനസഹായം ലഭിക്കുന്നത് ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നുമാണ്.

മററു പദ്ധതികൾക്കും സംസ്ഥാന ബഡ്ജററിലുള്ള വിഹിതം പ്രധാനമായും ഒരു ചെറിയ ശതമാനം ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകാൻ പ്രയോജനപ്പെടുന്നുണ്ട്. ക്ഷീരോല്പാദകർക്ക് പശുക്കൾ, തൊഴുത്ത്, പുൽക്കൃഷിക്കുള്ള ജലസേചന സൗകര്യം മുതലായ ആവശ്യങ്ങൾക്ക് മുഖ്യമായും ബാങ്കുകളാണ് ലോൺ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഗൾഫ് നാടുകളിലേക്കുള്ള വിമാന സർവ്വീസുകൾ

* 22. [21] ശ്രീ. ബാബു ദിവാകരൻ :
,, വി. പി. രാമകൃഷ്ണ പിള്ള :
,, ടി. നാണുമാസ്ററർ :
,, കെ. കെ. മാധവൻ :
,, ടി. പി. പീതാംബരൻ മാസ്ററർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുനിന്നും ഗൾഫു നാടുകളിലേക്കുള്ള വിമാന സർവ്വീസുകൾ എയർ ഇൻഡ്യ റദ്ദാക്കുന്നതുമൂലം യാത്രക്കാർക്ക് ഉണ്ടായിട്ടുള്ള ക്ലേശങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം എയർ ഇൻഡ്യയുടെ അധികാരികളുടേയും കേന്ദ്രഗവൺമെൻറിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) കഴിഞ്ഞ രണ്ടുമാസങ്ങളിൽ കേരളത്തിലേക്കുള്ള എത്ര സർവ്വീസുകൾ റദ്ദാക്കപ്പെട്ടിട്ടുള്ളതായി ഗവൺമെൻറിനു വിവരം ലഭിച്ചിട്ടുണ്ടോ;

(ഡി) എയർ ഇൻഡ്യയും കേന്ദ്രഗവൺമെൻറും യാത്രക്കാരുടെ ക്ലേശങ്ങൾ ദൂരീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. (31-10-1988-ലെ മുഖ്യമന്ത്രിയുടെ കത്തിലൂടെ ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.)

(സി) കഴിഞ്ഞ രണ്ടുമാസങ്ങളിലായി കേരളത്തിലേക്കുള്ള 21 സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ടെന്ന് എയർ ഇൻഡ്യാ അധികൃതർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) ഇല്ല. എന്നാൽ ഇപ്പോൾ സർവ്വീസുകൾ സാധാരണ ഗതിയിലായിട്ടുണ്ടെന്ന് എയർ ഇൻഡ്യാ അധികൃതർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

പെരുമൺ ട്രെയിൻ അപകടത്തിൽ ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുവാൻ ഗൾഫുനാടുകളിൽ പിരിവ്

* 23 [22] ശ്രീ. കെ. ശങ്കരനാരായണൻ :
,, ഉമ്മൻചാണ്ടി :
,, വി. എം. സുധീരൻ :
,, കെ. പി. നൂറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമൺ ട്രെയിൻ അപകടത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുവാൻ ഗൾഫ്നാടുകളിൽ പിരിവു നടത്തുവാൻ ഗവൺമെൻറ് തീരുമാനിച്ചിരുന്നുവോ ;

(ബി) ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഒരു അഭ്യർത്ഥന കുവൈററിൽ പത്രങ്ങളിൽ വന്നതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അങ്ങനെ പത്രത്തിൽ പരസ്യം നൽകി പണപ്പിരിവ് നടത്തുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആരെ ;

(ഡി) ഇല്ലെങ്കിൽ അനധികൃതമായി പരസ്യം നൽകി പണപ്പിരിവ് നടത്തിയവർക്കെതിരെ എന്തു നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഗൾഫ് നാടുകളിൽ നിന്നും ഈ വിധത്തിൽ എത്ര രൂപ മുഖ്യ മന്ത്രിയുടെ ഫണ്ടിലേക്ക് കിട്ടിയെന്ന് വ്യക്തമാക്കാമോ ;

(എഫ്) മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പിൻവലിച്ചതായി കുവൈററ് പത്രങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഈ വാർത്ത ശരിയാണോ ; എങ്കിൽ മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പിൻവലിക്കുവാൻ ഇടയാക്കിയ കാരണങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഗവൺമെൻറിൻെറ അനുമതി കൂടാതെ പരസ്യങ്ങൾ നൽകി പിരിവ് നടത്തുന്നത് അനുവദിക്കാമോ ;

(ഐ) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി കേന്ദ്ര ഗവൺമെൻറ് നൽകുകയോ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) പെരുമൺ തീവണ്ടി അപകടത്തിന് ഏതാനും ദിവസങ്ങൾക്കകം ഗൾഫിൽ ജോലിയുള്ള കേരളീയനായ ഒരു പത്രപ്രതിനിധി എന്നെ സന്ദർശിച്ച് ദുരിതാശ്വാസത്തിന് സന്നദ്ധത പ്രകടിപ്പിച്ചപ്പോൾ, ദുരിതത്തിനിരയായവരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക്, ധനകാര്യ സെക്രട്ടറിയുടെ പേരിൽ സംഭാവനകൾ നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു അഭ്യർത്ഥന ഞാൻ നൽകുകയുണ്ടായി.

(ബി) ഉണ്ട്.

(സി) ഇല്ല.

ഉദിക്കുന്നില്ല.

(ഡി) അനധികൃതമായി പണപ്പിരിവ് നടത്തിയതായി ഗവൺമെൻറിന് അറിയില്ല.

(ഇ) ഗൾഫ് നാടുകളിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിലേക്ക് പലപ്പോഴായി സംഭാവനകൾ ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ വ്യക്തികളിൽ നിന്നായി 3,751 രൂപ ലഭിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) എൻെറ സദുദ്ദേശപരമായ അഭ്യർത്ഥന ദുരുപയോഗപ്പെടുത്തു മെന്ന് പരാതി ഉയർന്നപ്പോൾ അഭ്യർത്ഥന പിൻവലിച്ചു.

(എച്ച്) ചുമതലപ്പെടുത്തിയവർക്കല്ലാതെ, ഗവൺമെൻറിനുവേണ്ടി പിരിവ് നടത്താൻ പാടില്ല.

(ഐ) അനധികൃതമായി പിരിവ് നടത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

## മെഡിക്കൽ നിയമനിർമ്മാണം

* 24. [23] ശ്രീ. സി. എ. മാത്യു :
,, മാമൻ ഐപ്പ് :
,, ടി. പി. പീതാംബരൻ മാസ്ററർ :
,, കെ. കെ. മാധവൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനൊട്ടാകെ ബാധകമാകുന്ന ഒരു സമഗ്രമായ മെഡിക്കൽ നിയമനിർമ്മാണം നടത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്):

(എ) ഉണ്ട്.
(ബി) വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

## പോലീസുകാർക്ക് റീ ഓറിയന്റേഷൻ കോഴ്സ്

* 25. [24] (ശ്രീ. ടി. എച്ച്. മുസ്തഫ:
,, കെ. പി. നൂറുദ്ദീൻ:
,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപാലകരും, സമാധാനസംരക്ഷകരും എന്ന നിലയ്ക്ക് പോലീസിനുള്ള സ്ഥാനം ഉറപ്പിക്കുന്നതിനും, അവരുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനും വേണ്ടി പോലീസുകാർക്കായി റീ ഓറിയന്റേഷൻ കോഴ്സ് നടത്തുമെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കി കഴിഞ്ഞോ;

(ബി) റീ ഓറിയന്റേഷൻ കോഴ്സിനായി സംസ്ഥാനത്ത് എവിടെയെല്ലാം ഏതെല്ലാം തരത്തിലുള്ള സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ കോഴ്സ് ആരംഭിച്ചതിനുശേഷം ഇതുവരെയായി മൊത്തം എത്രപേർക്കാണ് പരിശീലനം കൊടുത്തത്;

(ഡി) ഈ റീ ഓറിയന്റേഷൻ കോഴ്സിൽ എന്തൊക്കെയാണ് പരിശീലിപ്പിക്കണമെന്നുള്ളതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) നടപ്പിലാക്കിവരുന്നു.

(ബി) എല്ലാ ജില്ലാആസ്ഥാനങ്ങളിലും, സബ് ഡിവിഷൻ ആസ്ഥാനങ്ങളിലും, പോലീസ് കോൺസ്റ്റബിൾ മുതൽ മുകളിലോട്ടുള്ള എല്ലാ തസ്തികയിലുള്ളവർക്കും പ്രായോഗിക പരിശീലനം നൽകാനുള്ള സംവിധാനം നടപ്പിലാക്കിവരുന്നു.

(സി) 500 ഓളം എസ്. ഐ./ എ. എസ്. ഐ. തസ്തികയിലുള്ളവർക്കും, നാലായിരത്തോളം ഹെഡ്കോൺസ്റ്റബിൾ/പോലീസ് കോൺസ്റ്റബിൾ തസ്തികയിലുള്ളവർക്കും പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിലെ നടപടിക്രമം, ആധുനിക ശാസ്ത്രീയ കുററാന്വേഷണമാർഗ്ഗങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പരിശീലനമാണ് നൽകുന്നത്.

## റേഷനരിയുടെ വിലവർദ്ധനവ്

* 26. [25] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേററശേഷം റേഷനരിയുടെ വില എത്ര പ്രാവശ്യം വർദ്ധിപ്പിക്കുകയുണ്ടായി;

(ബി) എന്തു തുകയാണ് വർദ്ധിപ്പിച്ചത്;

(സി) റേഷനരിയുടെ വില വർദ്ധിപ്പിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) വില വർദ്ധനവിലൂടെ പ്രതിവർഷം ലഭിക്കുന്ന അധിക വരുമാനമെത്ര?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)

(എ) 4-10-1987-ലും 12-6-1988-ലും രണ്ടു പ്രാവശ്യം വർദ്ധിപ്പിച്ചു.

(ബി) 4-10-1987-ൽ ഫൈൻ, സൂപ്പർഫൈൻ എന്നീ ഇനം അരിയുടെ വിലയിൽ കി. ഗ്രാമിന് 13 പൈസയും 12-6-1988 മുതൽ അരിയുടെയും ഗോതമ്പിന്റെയും വിലയിൽ കി. ഗ്രാം ഒന്നിന് 3 പൈസാ നിരക്കിലുമാണ് വർദ്ധിപ്പിച്ചത്.

(സി) കേന്ദ്രഗവൺമെന്റ് 1-10-1987 മുതൽ റേഷനരിയുടെ വില കി. ഗ്രാമിന് 13 പൈസ വീതം വർദ്ധിപ്പിച്ചതുകാരണം അതേ വർദ്ധനവ് സംസ്ഥാന ഗവൺമെന്റ് 4-10-1987 മുതൽ വരുത്തുകയുണ്ടായി. റേഷൻ വ്യാപാരികളുടെ ലാഭവിഹിതം വർദ്ധിപ്പിച്ചതുകാരണമാണ് 12-6-1988 മുതൽ അരിയുടെയും ഗോതമ്പിന്റെയും വിലയിൽ കിലോഗ്രാമിന് 3 പൈസ വർദ്ധനവു വരുത്തിയതും.

(ഡി) 4-10-1987 മുതലുള്ള വർദ്ധനവുപ്രകാരം ഈടാക്കുന്ന അധിക വില കേന്ദ്രസർക്കാരിന് നൽകുന്നതുകൊണ്ടും 12-6-1988 മുതലുള്ള വർദ്ധനവുപ്രകാരം ഈടാക്കുന്ന അധികവില വ്യാപാരികൾക്കു നൽകുന്നതുകൊണ്ടും വിലവർദ്ധനവിലൂടെ സംസ്ഥാന ഗവൺമെന്റിന് അധിക വരുമാനം ലഭിക്കുന്നില്ല.

## വില നിലവാരം പിടിച്ചുനിറുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

* 27. [26] ശ്രീ. സത്യൻ മൊകേരി :
,, ശ്രീ. വി. കെ. രാജൻ :
,, പി. രവീന്ദ്രൻ :
,, കൃഷ്ണൻ കണിയാംപറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വിലനിലവാരം പിടിച്ചുനിറുത്തുന്നതിന് കഴിഞ്ഞ ഇരുപതു മാസങ്ങൾക്കുള്ളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ :

(ബി) പ്രധാനപ്പെട്ട നിത്യോപയോഗ സാധനങ്ങളുടെ വില മററു സംസ്ഥാനങ്ങളിൽ നിലവിലുള്ള വിലയുമായി താരതമ്യപ്പെടുത്തി വിശദീകരിക്കുവാൻ കഴിയുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)

(എ) നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വില വർദ്ധനവ് തടയുന്നത് ലക്ഷ്യമാക്കികൊണ്ട് പൊതുവിതരണ സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഇതിനകം പല നടപടികളും സിവിൽസപ്ലൈസ് കോർപ്പറേഷനും സിവിൽ സപ്ലൈസ് വകുപ്പും സ്വീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പന കേന്ദ്രങ്ങളായ മാവേലി സ്റേറാറുകൾ, സഹകരണ മാവേലി സ്റേറാറുകൾ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പ്രവർത്തിക്കുന്ന സൂപ്പർ മാർക്കററുകൾ, സഞ്ചരിക്കുന്ന മാവേലി സ്റേറാറുകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ കൂടി അരി, പഞ്ചസാര, പാമോയിൽ, പയറു വർഗ്ഗങ്ങൾ, മുളക് ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിലെ വില നിലവാരത്തെക്കാൾ കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. എല്ലാ വികസന ബ്ലോക്കിലും കുറഞ്ഞത് ഒരു മാവേലി സ്റേറാറെങ്കിലും സ്ഥാപിക്കണം എന്ന ലക്ഷ്യം മുൻനിർത്തി 43 പുതിയ മാവേലി

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോറുകളിതിനകം സ്ഥാപിച്ചു കഴിഞ്ഞു. മാവേലി സ്റ്റോറുകൾ കൂടാതെ 2091 ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ കൂടി പയറുവർഗ്ഗങ്ങളും മററു അവശ്യസാധനങ്ങളും ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് വിതരണം നടത്തുന്നുണ്ട്. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപായി ആയിരം ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ കൂടി തുറക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാനത്തെ റേഷൻ കടകളിലൂടെ നല്ലയിനം അരി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുകയും ക്രമക്കേടുകൾ കണ്ടുപിടിക്കാനുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഓണം, ക്രിസ്തുമസ്, ബക്രീദ് മുതലായ ഉൽസവ കാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾക്ക് ക്രമാതീതമായ വില വർദ്ധനവ് ഉണ്ടാകാതിരിക്കാനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉൽസവ ചന്തകൾ സംഘടിപ്പിക്കാറുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സഹകരണ വകുപ്പിന്റെയും കൃഷിവകുപ്പിന്റെയും സഹകരണത്തോടുകൂടി കഴിഞ്ഞ ഓണക്കാലത്ത് ഏകദേശം മൂവായിരത്തോളം ഓണച്ചന്തകൾ നടത്തിയിരുന്നു. 1988-ലെ ഓണച്ചന്തയിലെ വിററുവരവ് 1449.50 ലക്ഷം രൂപ. 1986-ലെ ഓണച്ചന്തയിലെ വിററുവരവ് 193.20 ലക്ഷം രൂപ. ഇതുമൂലം പൊതുവിപണിയിലെ വില വർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്തുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഏതാണ്ട് എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലും ബക്രീദ് ബസാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇക്കൊല്ലവും സംസ്ഥാനത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ ഇതിനകം ക്രിസ്തുമസ് ബസാറുകൾ സംഘടിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷമുള്ള ആദ്യത്തെ 19 മാസം സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്ത അരി, പയറുവർഗ്ഗങ്ങൾ പലവ്യഞ്ജന സാധനങ്ങൾ തുടങ്ങിയവയുടെ അളവും അതിനുതൊട്ടു മുൻപുള്ള 19 മാസത്തെ അളവും വിതരണം ചെയ്ത പാമോയിലിന്റെ അളവും അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) വിവരം ശേഖരിച്ചുവരുന്നു.

### അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള കമ്മീഷൻ

* 28. [27] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.:

(എ) കേരളത്തിൽ ഇപ്പോൾ പൊതു പ്രവർത്തകരുടെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ് ;

(സി) എന്നത്തേക്ക് ഈ കമ്മീഷൻ നിലവിൽ വരും ;

(ഡി) കമ്മീഷൻ നിലവിലില്ലാതെ വരാനുള്ള അവസ്ഥ ഒഴിവാക്കുവാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ ;

(ഇ) എങ്കിൽ അതെന്നായിരുന്നു ; വിശദീകരണം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എയും) (ബി യും) കേരള പൊതു പ്രവർത്തക അഴിമതി (അന്വേഷണവും അന്വേഷണ വിചാരണയും) നിയമം 1967, 16-11-1988-ൽ നിലവിൽ വന്നതോടെ പഴയ നിയമ പ്രകാരം ഉണ്ടായിരുന്ന കമ്മീഷൻ നിലവിലില്ലാതായി.

(സി) പുതിയ കമ്മീഷൻ രൂപീകരിക്കുന്ന കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്.

(ഡി) യും (ഇ യും) നിലവിലുണ്ടായിരുന്ന കേരള പൊതുപ്രവർത്തക അഴിമതി നിരോധന നിയമം, 1983 റദ്ദാക്കിക്കൊണ്ട് പുതിയ നിയമം നിലവിൽ വരുമ്പോൾ മാത്രമേ, പുതിയ നിയമം അനുശാസിക്കുന്ന രീതിയിൽ

† അനുബന്ധം—7.

ഒരു കമ്മീഷനെ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. ആയതു പരിഗണിച്ച് റദ്ദാക്കപ്പെട്ട നിയമമനുസരിച്ച് പഴയ കമ്മീഷൻ മുമ്പാകെ തീർപ്പാകാതെയിരുന്ന കേസുകൾ പുതിയ കമ്മീഷൻ മുമ്പാകെ വന്നതായി കണക്കാക്കി, തീരുമാനമെടുക്കുന്നതിന് പുതിയ കമ്മീഷനെ അധികാരപ്പെടുത്തിക്കൊണ്ട്, പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## നഴ്സിംഗ് സർവ്വീസ് പരീക്ഷയ്ക്കുള്ള കമ്മീഷന്റെ നിയമനം

* 29 [28] ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. രമേശ് ചെന്നിത്തല :
,, കെ. സി. ജോസഫ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് സർവ്വീസ് രംഗത്തെ വിവിധ പ്രശ്നങ്ങളെപ്പററി പഠിക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും നഴ്സിംഗ സർവ്വീസ് പരിഷ്ക്കരണ കമ്മീഷനെ നിയമിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത്തരത്തിൽ ഒരു കമ്മീഷനെ നിയമിക്കണമെന്ന അഭ്യർത്ഥന ഗവൺമെൻറ് മുമ്പാകെ വന്നിട്ടുണ്ടോ ;

(സി) എങ്കിൽ ആരാണ് ഈ നിർദ്ദേശം വച്ചിട്ടുള്ളത് ;

(ഡി) ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) :

(എ, ബി, സി, ആൻറ് ഡി) ഇത്തരത്തിലൊരു കമ്മീഷനെ നിയമിക്കണമെന്ന നിർദ്ദേശം കേരള ഗവൺമെൻറ് നഴ്സസ് യൂണിയൻ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യം ഗവൺമെൻറ് പരിശോധിച്ചു വരുന്നു.

## നഴ്സിംഗ് ഡയറക്ടറേററ്

* 30 [30] ശ്രീ. എം. പി. രാമി :
,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു നഴ്സിംഗ് ഡയറക്ടറേററ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇത്തരം ഒരാവശ്യം ഏതെങ്കിലും സംഘടനകൾ ഉന്നയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ നിലപാട് വ്യക്തമാക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) :

(എ, ബി ആൻറ് സി) സംസ്ഥാനത്ത് ഒരു നഴ്സിംഗ് ഡയറക്ടറേററ് സ്ഥാപിക്കണമെന്ന ആവശ്യം ട്രെയിൻഡ് നഴ്സസ് അസോസിയേഷൻ ഓഫ് ഇൻഡ്യ എന്ന സംഘടനയും കേരള ഗവൺമെൻറ് നഴ്സസ് യൂണിയനും ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

### ശമ്പളക്കമ്മീഷൻ

1 [1] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പളക്കമ്മീഷൻ എന്നാണ് നിയമിച്ചത് ;
(ബി) കമ്മീഷന്റെ കാലാവധി എന്നുവരെയാണ് ;
(സി) ശമ്പളക്കമ്മീഷന്റെ റിപ്പോർട്ടോ ഇടക്കാല റിപ്പോർട്ടോ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;
(ഡി) ശമ്പളക്കമ്മീഷൻ റിപ്പോർട്ട് എന്നു മുതൽക്കാണ് പ്രാബല്യത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നത് ;

(ഇ) ഇടക്കാലാശ്വാസം നൽകണമെന്നു ജീവനക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇടക്കാലാശ്വാസം നല്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;
(ജി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 21-12-1987-ൽ
(ബി) 31-1-1989 വരെ
(സി) ഇല്ല.
(ഡി) 1-7-1988 മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.
(ഇ) ചില സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്.
(എഫ്) ഇപ്പോൾ ഇല്ല.
(ജി) ചോദ്യം ഉദിക്കുന്നില്ല.

### സർക്കാർ ജീവനക്കാരുടെ സ്ഥലം മാററം

2 [4] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ സ്ഥലം മാററത്തിനുള്ള പൊതു മാനദണ്ഡം എന്ത് ;

(ബി) ഈ മാനദണ്ഡങ്ങൾ ലംഘിച്ച് എത്രപേരെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ഥലം മാററി ;

(സി) ഇതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) മാനദണ്ഡം മറികടന്നു സ്ഥലം മാററിയവർ കോടതിയിൽ പോയി അവർക്കനുകൂലമായി വിധി സമ്പാദിച്ച കേസുകൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഇ) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെയും മിശ്ര വിവാഹിതരായ ഉദ്യോഗസ്ഥൻമാരെയും മാനദണ്ഡം ലംഘിച്ച് സ്ഥലം മാററിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ സ്ഥലം മാററത്തിനുള്ള പൊതുമാന ദണ്ഡങ്ങൾ ജി. ഒ. (പി) 2/87/ഭ. പ. വ. തീയതി 1-6-1987 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ജി. ഒ. (പി) 14/87 ഭ. പ. വ. തീയതി 27-3-1988 ജി. ഒ. (ആർ.ററി) 89/87/ഭ.പ.വ. തീയതി 11-5-1988 ജി.ഒ.(പി) 26/878/ഭ.പ.വ. തീയതി 25-6-1988 പ്രകാരം ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇവയുടെ പകർപ്പുകൾ ഇതോടൊന്നിച്ച് ചേർത്തിരിക്കുന്നു. †

(ബി) പൂർണ്ണ വിവരം ശേഖരിച്ചുവരുന്നു.

(സി) പൂർണ്ണ വിവരം ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട് ഇതുവരെ കിട്ടിയ വിവരമനുസരിച്ച് നാലു കേസുകൾ.

(ഇ) വിവരം ശേഖരിച്ചിടത്തോളം ഇല്ല.

## സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ജോലി

3 [6] ശ്രീ. ബാബു ദിവാകരൻ :

,, വി. പി. രാമകൃഷ്ണപിള്ള :

,, ടി. നാണു മാസ്ററർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥ അനുസരിച്ച് എത്ര അപേക്ഷകൾ ഇനിയും തീരുമാനം എടുക്കാനായി ഗവൺമെൻറിൻെറ പക്കലുണ്ട് ;

(ബി) ആശ്രിതർക്ക് ജോലി ലഭിക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥകളിൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണക്ക് സമാഹരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതു സംബന്ധിച്ച നിയമങ്ങൾ ലഘൂകരിച്ചുകൊണ്ട് 17-12-1987-ലെ ജി.ഒ. (പി) 34/87/പി.ആൻറ്.എ. ആർ. ഡി. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായ കാര്യങ്ങൾ താഴെപ്പറയുന്നവയാണ്. ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുവേണ്ട കുറഞ്ഞ സർവ്വീസ് അഞ്ചുകൊല്ലമെന്നുള്ളത് രണ്ടു വർഷമായി കുറച്ചു. ക്ലാസ്സ് ഫോർ ഗ്രേഡ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം സർവ്വീസ് ഒരു കൊല്ലം മാത്രം മതി. ജോലിയിലിരിക്കെ അപകടത്തിൽപ്പെട്ട് മരിക്കുന്ന ജീവനക്കാരുടെ കാര്യത്തിൽ മിനിമം സർവ്വീസ് വേണ്ടെന്നു വച്ചു. പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരെ സംബന്ധിച്ച് സർവ്വീസിൽ ഇരിക്കെ മരണമടയുമ്പോൾ അവരുടെ പ്രായപരിധി കണക്കാക്കാതെ ആശ്രിതർക്ക് ജോലിക്ക് അപേക്ഷിക്കാനുള്ള അർഹത നൽകി. 1-7-1983-നു ശേഷം മരണപ്പെട്ട കേസുകളിൽ ഒരു ആശ്രിതൻെറ അപേക്ഷ നിരസിക്കപ്പെട്ടാലും മററൊരു ആശ്രിതൻെറ അപേക്ഷ പരിഗണിക്കാൻ വ്യവസ്ഥ ചെയ്തു.

† അനുബന്ധം 8

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാർക്കു എതിരെ നടപടി

4. [7] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥൻമാർക്ക് എതിരെ നടപടി എടുത്തിട്ടുണ്ട്;

(ബി) ഇങ്ങനെയുള്ള എത്രപേരെ സർവ്വീസിൽ നിന്ന് സസ്പെൻറ് ചെയ്തിട്ടുണ്ട്.

ഉത്തരം

(എ യും ബി യും) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിക്കാരായ 1452 ഉദ്യോഗസ്ഥൻമാർക്കെതിരെ വിജിലൻസ് വകുപ്പ് നടപടി എടുത്തിട്ടുണ്ട്. ഇതിൽ 660 ഗസററഡ് ഉദ്യോഗസ്ഥൻമാരും 772 നോൺ ഗസററഡ് ഉദ്യോഗസ്ഥൻമാരും പെടുന്നു. ഇവരിൽ 63 ഗസററഡ് ഉദ്യോഗസ്ഥൻമാരെയും 87 നോൺ ഗസററഡ് ഉദ്യോഗസ്ഥൻമാരെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

പി. എസ്. സി. വഴിയുള്ള നിയമനം

5. [8] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പി. എസ്. സി. വഴി എത്രപേരെ നിയമിച്ചു;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ഡി) ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(ഇ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന തലത്തിൽ റദ്ദു ചെയ്ത റാങ്ക് ലിസ്ററുകൾ എത്ര;

(എഫ്) ജില്ലാതലത്തിൽ റദ്ദു ചെയ്ത റാങ്ക് ലിസ്ററുകൾ എത്ര?

ഉത്തരം

(എ,ബി,സി) വിവരം അന്വേഷിച്ചുവരുന്നു.

(ഡി) ഉണ്ടാകുന്ന ഒഴിവുകൾ അപ്പപ്പോൾ പി. എസ്. സി. യെ അറിയിക്കണമെന്നുള്ള നിർദ്ദേശം നിലവിലുണ്ട്.

(ഇ,എഫ്) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും റദ്ദു ചെയ്ത റാങ്ക് ലിസ്ററുകളുടെ കണക്ക് സമാഹരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ എൽ. ഡി. ക്ലാർക്കുമാരുടെ നിയമനം

6. [10] ശ്രീ. എം. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ പബ്ലിക് സർവ്വീസ് കമ്മിഷൻ തയ്യാറാക്കി പ്രസിദ്ധീകരിച്ച വിവിധ വകുപ്പുകളിലേക്കുള്ള എൽ. ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്ററിൽനിന്ന് ഇതിനകം എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ നിലവിൽ ഏതെല്ലാം വകുപ്പുകളിൽ എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ട്;

(സി) ഇവ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിന്റെ കാരണമെന്ത്;

(ഡി) കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും വകുപ്പിൽ എൽ. ഡി. ക്ലാർക്കുമാരുടെ സ്ഥിരം ഒഴിവുകളിൽ താൽക്കാലിക ജീവനക്കാർ തുടർന്ന് വരുന്നുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത ലിസ്ററിൽനിന്ന് നാളിതുവരെയായി 245 പേരെ നിയമനത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലാ റവന്യൂ എസ്ററാബ്ലിഷ്മെൻറിൽ എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ ഇല്ല. മററ് വകുപ്പുകളിൽനിന്ന് വിവരം ശേഖരിച്ചുവരുന്നു.

(സി) അപ്പപ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പ് തലവൻമാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി,ഇ) താൽക്കാലിക ജീവനക്കാരെ 180 ദിവസത്തിൽ കൂടുതൽ സർവ്വീസിൽ തുടരാൻ അനുവദിക്കാൻ പാടില്ലായെന്ന് നിയമമുണ്ട്. എന്നാൽ 24-11-1983-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 24-11-1983-ൽ സർവ്വീസിലുണ്ടായിരുന്ന എല്ലാ താൽക്കാലിക ജീവനക്കാർക്കും ടി ഒഴിവുകളിലേക്ക് പി. എസ്. സി. യിൽ നിന്നും ശുപാർശ ചെയ്ത ഉദ്യോഗാർത്ഥി വരുന്നതുവരെ ജോലിയിൽ തുടരാവുന്നതാണ്. അതല്ലാതെ താൽക്കാലിക ജീവനക്കാർ സർവ്വീസിൽ തുടരുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

## പബ്ലിക് സർവ്വീസ് കമ്മിഷൻ തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്ററുകൾ

7. [11] ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെൻറിന്റെ വിവിധ വകുപ്പുകളിലേക്ക് വിവിധ തസ്തികകളിലായി പബ്ലിക് സർവ്വീസ് കമ്മിഷൻ തയ്യാറാക്കി പ്രസിദ്ധീകരിച്ച എത്ര റാങ്ക് ലിസ്ററുകൾ നിലവിലുണ്ട് ;

(ബി) പി. എസ്. സി. റാങ്ക് ലിസ്ററ് നിലവിലുള്ള തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ആയതിലേക്ക് നിയമനം നടക്കുന്നുണ്ടെന്ന് ഗവൺമെൻറിന് ഉറപ്പ് വരുത്താൻ കഴിയുന്നുണ്ടോ ;

(സി) പി. എസ്. സി. റാങ്ക് ലിസ്ററ് നിലവിലുള്ള ഗവൺമെൻറിന്റെ ഏതെങ്കിലും വകുപ്പുകളിലേക്ക് ഏതെങ്കിലും തസ്തികയിൽ താൽക്കാലിക ജീവനക്കാർ തുടർന്നുവരുന്നുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം വകുപ്പിൽ, ഏതെല്ലാം തസ്തികകളിൽ, എത്ര വീതം ആളുകളാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പി. എസ്. സി. റാങ്ക് ലിസ്ററ് നിലവിലുള്ള തസ്തികകളുടെ കാര്യത്തിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ അത് പി. എസ്. സി.യെ അറിയിക്കുന്നതിനും നിയമനം നടത്തുന്നതിനും ഫലപ്രദമായ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) വിവരം അന്വേഷിച്ചുവരുന്നു.

(ബി,സി,ഡി,ഇ) അപ്പപ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ കാലതാമസം കൂടാതെ പി. എസ്. സി.യെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പി. എസ്. സി. റാങ്ക് ലിസ്ററ് നിലവിലുള്ളപ്പോൾ ടി ലിസ്ററിൽ നിന്നല്ലാതെ നിയമനം നടത്താൻ പാടില്ലെന്നുള്ള വ്യവസ്ഥ നിലവിലുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾക്കെതിരായുള്ള സംഭവങ്ങളൊന്നുംതന്നെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 24-11-1983-ന് മുമ്പ് താൽക്കാലികമായി സർവ്വീസിൽ പ്രവേശിച്ചവർക്ക് പി. എസ്. സി. യുടെ ആൾ വരുന്നതുവരെ സർവ്വീസിൽ തുടരാവുന്നതാണ്. ഇത് ഒരു സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിലാണ്.

## ടെലിഫോൺ ചാർജ്ജ്

8. [21] ശ്രീ. മാത്യു സ്റ്റീഫൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1987 ഏപ്രിൽ മുതൽ 1988 നവമ്പർ മാസം വരെ മുഖ്യമന്ത്രി അടക്കം ഓരോ മന്ത്രിമാരും എത്ര രൂപ വീതം ടെലിഫോൺ ചാർജിനത്തിൽ ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഇതിൽ ഓഫീസ് ഫോണിനെത്ര ; ഔദ്യോഗിക വസതിയിലെ ഫോണിനെത്ര ?

ഉത്തരം

(എ,ബി) അനുബന്ധമായി കൊടുത്തിരിക്കുന്നു †

## ഹരിജന മർദ്ദനം

9. [34] ശ്രീ. വി. ദിനകരൻ :
,, ടി. എം. ജേക്കബ് :
ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. പന്തളം സുധാകരൻ :
,, എൻ. മനോഹരൻ മാസ്റ്റർ :
,, എം. പി. താമി ;
,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പട്ടികജാതി-പട്ടികവർഗ്ഗ മർദ്ദനങ്ങൾ എവിടെയൊക്കെ നടന്നിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മർദ്ദനത്തിന് വിധേയരായവരിൽ പുരുഷൻമാർ എത്ര ; സ്ത്രീകൾ എത്ര ;

(സി) ലോക്കപ്പുകളിൽ വച്ച് മർദ്ദനമേൽക്കേണ്ടിവന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെത്ര ;

(ഡി) മർദ്ദനഫലമായി മരണം സംഭവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ സ്ത്രീകളിൽനിന്ന് ബലാൽസംഗം സംബന്ധിച്ച എത്ര പരാതികൾ ഇതുവരെ ലഭിച്ചിട്ടുണ്ട് ;

(എഫ്) അതിൽ എത്ര പ്രതികളുടെ പേരിൽ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി) വിവരം ശേഖരിച്ചുവരുന്നു.
(സി) മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്.
(ഡി,ഇ,എഫ്) വിവരം ശേഖരിച്ചുവരുന്നു.

---

† അനുബന്ധം 9.

സംസ്ഥാനത്തെ ഹരിജന മർദ്ദനങ്ങൾ

10. [35] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഹരിജന മർദ്ദനങ്ങൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ട് ;

(ബി) പോലീസ് സ്റ്റേഷനുകളിൽ നടന്ന മർദ്ദനങ്ങൾ എത്ര ;

(സി) ഇത് എവിടെയെല്ലാമാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മൂന്ന് പരാതികൾ കിട്ടിയിട്ടുണ്ട്.

(സി) കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ, ബാലുശ്ശേരി പോലീസ് സ്റ്റേഷൻ കോതമംഗലം പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ നടന്നതായാണ് പരാതി ലഭിച്ചിട്ടുള്ളത്.

പൊതു സ്ഥാപനങ്ങൾക്കും പത്രപ്രവർത്തകർക്കും എതിരെയുള്ള ആക്രമണങ്ങൾ

11. [40] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പത്ര സ്ഥാപനങ്ങൾക്കും പത്രപ്രവർത്തകർക്കും പത്രഫോട്ടോഗ്രാഫർമാർക്കും എതിരെ എത്ര ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തു ;

(ഡി) പത്രങ്ങൾക്കും പത്രപ്രവർത്തകർക്കുമെതിരെയുള്ള ആക്രമണം തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 21 സംഭവങ്ങളുണ്ടായതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) 20 കേസ്സുകൾ.

(സി) 68 പേരെ.

(ഡി) ഇതിനായി ഉദ്യോഗസ്ഥൻമാർക്ക് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് കുററക്കാരായ പ്രതികളെ അറസ്റ്റ് ചെയ്ത് ഊർജ്ജിതമായ നടപടികൾ എടുത്തിട്ടുണ്ട്.

ഗൾഫ് രാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്നവരുടെ പുനരധിവാസം

12. [44] ശ്രീ. ബാബു ദിവാകരൻ :
,, വി. പി. രാമകൃഷ്ണപിള്ള :
,, ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫിൽ നിന്നും മടങ്ങിവരുന്ന കേരളീയരെ പുനരധിവസിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 750 കോടി രൂപയുടെ ഒരു ഫണ്ട് ഉണ്ടാക്കണമെന്ന കേരള സർക്കാരിന്റെ നിർദ്ദേശം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കേന്ദ്ര ഗവൺമെൻറ് ഇക്കാര്യത്തിൽ അനുകൂലമായ നിലപാടാണോ സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കേന്ദ്രഗവൺമെൻറ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്നതു സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറിന് നാളിതുവരെയും വിവരമൊന്നും ലഭിച്ചിട്ടില്ല.

(ബി ആൻറ് സി) ഉദിക്കുന്നില്ല.

കേന്ദ്ര അനുമതി ലഭിക്കാനുള്ള ബില്ലുകൾ

13. [45] ശ്രീ. ബാബു ദിവാകരൻ:
,, വി. പി. രാമകൃഷ്ണപിള്ള:
,, നാണു മാസ്ററർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പാസാക്കി കേന്ദ്ര അനുമതിക്കായി അയച്ചിട്ടുള്ള എത്ര ബില്ലുകൾക്ക് ഇനിയും കേന്ദ്ര അനുമതി ലഭിക്കാനുണ്ട്;

(ബി) ആ ബില്ലുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രണ്ടു ബില്ലുകൾക്ക് കേന്ദ്ര അനുമതി ലഭിക്കാനുണ്ട്.

(ബി) 1. 1977-ലെ കേരള കാഷ്വൽ, ടെമ്പററി ആൻറ് ബദലി വർക്കേഴ്സ് (വേജസ്) ബിൽ.

2. 1987-ലെ കേരള അർദ്ധ വിദ്യാലയ സൊസൈററി, ആലുവ മാനേജ്മെൻറ് ഏറെറടുക്കൽ) ബിൽ.

ഒൻപതാം ധനകാര്യകമ്മീഷൻ റിപ്പോർട്ട്

14. [47] ശ്രീ. കെ. കെ. മാധവൻ:
,, ടി. പി. പീതാംബരൻ മാസ്ററർ:
,, മാമൻ ഐപ്പ്:
,, സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ധനകാര്യകമ്മീഷൻ നൽകിയ ഒന്നാമത് റിപ്പോർട്ടിലൂടെ നമ്മുടെ സംസ്ഥാനത്തിനു നീതി ലഭിച്ചിട്ടുണ്ടോ എന്ന കാര്യം ഗവൺമെൻറു പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധമായി എന്തു നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒൻപതാം ധനകാര്യകമ്മീഷൻ നൽകിയ ആദ്യറിപ്പോർട്ടിലൂടെ സംസ്ഥാനത്തിനു നീതി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ട് ഏതെല്ലാം തരത്തിൽ സംസ്ഥാനത്തിന് ദോഷകരമായിതീർന്നു എന്നതിൻെറ വിശദവിവരങ്ങൾ സംസ്ഥാനമുഖ്യമന്ത്രി 20-9-1988-ൽ തന്നെ കമ്മീഷൻ ചെയർമാനെ അറിയിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറ് ഒരു സപ്ലിമെൻററിമെമ്മോറാണ്ടം ധനകാര്യ കമ്മീഷനു നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

## ഒൻപതാം ധനകാര്യ കമ്മീഷൻ നൽകിയ മെമ്മോറാണ്ടം

15 [48] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം ധനകാര്യകമ്മീഷനു നൽകിയ മെമ്മോറാണ്ടത്തിൽ എത്ര കോടി രൂപയ്ക്കുള്ള പദ്ധതികളാണു സമർപ്പിച്ചിരുന്നത്;

(ബി) ഓരോ പദ്ധതിക്കും എന്തു തുക വീതമാണ് ആവശ്യപ്പെട്ടത്;

(സി) പദ്ധതിക്കുവേണ്ടി പണം ആവശ്യപ്പെട്ടപ്പോൾ പദ്ധതിയെ സംബന്ധിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നുവോ;

(ഡി) ധനകാര്യക്കമ്മീഷൻ കേരളത്തിനു അനുവദിച്ച സഹായം എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ധനകാര്യക്കമ്മീഷനു നൽകിയ മെമ്മോറാണ്ഡത്തിൽ സംസ്ഥാനത്തെ സാമ്പത്തിക തകർച്ച ബോദ്ധ്യപ്പെടുത്താൻ സാധിക്കാതെ പോയതു കൊണ്ടാണ് 8-ാം ധനകാര്യകമ്മീഷൻ നൽകിയതുപോലും കിട്ടാതെ പോയത് എന്നതിനെ സംബന്ധിച്ച് ഗവൺമെന്റിനു അഭിപ്രായം എന്താണ്?

### ഉത്തരം

(എ) ഭരണഘടനയുടെ 275-ാം വകുപ്പു പ്രകാരം സംസ്ഥാനങ്ങളുടെ റവന്യൂ കമ്മി നികത്താൻ കേന്ദ്രം ബാദ്ധ്യസ്ഥമാണ്. അതു തിട്ടപ്പെടുത്തുന്നതിനു കൂടിയാണ് ധനകാര്യക്കമ്മീഷനെ നിയമിച്ചിരിക്കുന്നത്. കേരളം ധനകാര്യക്കമ്മീഷനു നൽകിയ മെമ്മോറാണ്ടത്തിലും ബന്ധപ്പെട്ട എസ്റ്റിമേററിലും 1989-90 സാമ്പത്തിക വർഷത്തിൽ 935 കോടി രൂപയുടെ റവന്യൂ കമ്മി വരുമെന്ന് പറഞ്ഞിരുന്നു. കൂടാതെ വിവിധ വകുപ്പുകളുടെ ഭരണ നിലവാരമുയർത്തുന്നതിനായി ഏതാണ്ട് നൂറു കോടി രൂപയുടെ പ്രത്യേക ധനസഹായവും ആവശ്യപ്പെട്ടിരുന്നു.

(ബി) (എ) വിഭാഗത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ സ്റ്റേററിന്റെ വരവുചിലവു കണക്കുകൾ സംബന്ധിച്ചുള്ള വിശദവിവരങ്ങളാണ് കമ്മിഷനു നൽകുന്നത്. അല്ലാതെ പദ്ധതി രൂപത്തിലല്ല. ഇതു സംബന്ധിച്ച വിവരങ്ങൾ 'Expenditure forecast' ബുക്കുകളിലും മററും ലഭ്യമാണ്. ബുക്കുകൾ മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞതുപോലെ ആവശ്യമായ വിവരങ്ങൾ കമ്മീഷനു നൽകിയ രേഖകളിൽ പറഞ്ഞിട്ടുണ്ട്.

(ഡി) കേന്ദ്രനികുതി വിഹിതമായി 404.41 കോടി രൂപയും ഭരണ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾക്കായി 2 11 കോടി രൂപയും ദുരിതാശ്വാസ ചെലവുകൾക്കായി 4.5 കോടി രൂപയും കമ്മീഷൻ 1989-90 സാമ്പത്തികവർഷത്തേക്കു ശുപാർശ ചെയ്തു.

(ഇ) ഈ അഭിപ്രായം ശരിയല്ല. സംസ്ഥാനത്തിന്റെ വരവു ചെലവുകൾ തിട്ടപ്പെടുത്തുവാൻ കമ്മീഷൻ അവലംഭിച്ച മാനദണ്ഡങ്ങൾ ശരിയല്ലാത്തതുകൊണ്ടാണ് അർഹമായ ഗ്രാൻറ് കിട്ടാതെ പോയത് എന്നാണ് ഗവൺമെൻറ് കരുതുന്നത്.

## എട്ടാം പഞ്ചവൽസര പദ്ധതി

16. [49] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ടാം പഞ്ചവൽസര പദ്ധതിയിൽ സംസ്ഥാനത്തിന്റെ അടങ്കൽ തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ കേന്ദ്രവിഹിതം എത്രയാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാന ഗവൺമെന്റ് വിഭവ സമാഹരണം വഴി സംഭരിക്കാൻ ഉദ്ദേശിക്കുന്ന തുക എത്ര;

(ഡി) കേന്ദ്രവിഹിതം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് വല്ല ചർച്ചയും നടത്തുകയുണ്ടായോ;

(ഇ) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും എട്ടാം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടേയുള്ളു. വിശദാംശങ്ങളെക്കുറിച്ചുള്ള തീരുമാനം ആയിട്ടില്ല.

## വാർഷിക പദ്ധതി

17. [50] ശ്രീ. പി. പി. ജോർജ്:
,, വി. ദിനകരൻ:
,, കെ. കെ. തോമസ്:
ഡോക്ടർ എം. എ. കുട്ടപ്പൻ:
ശ്രീമതി ലീലാ ദാമോദരമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987-88, 1988-89 കൊല്ലങ്ങളിലെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക എത്ര വീതമായിരുന്നു;

(ബി) ഈ വർഷങ്ങളിൽ കേന്ദ്രവിഹിതമായി എത്ര തുക ലഭിച്ചു; സംസ്ഥാന വിഹിതമെത്ര;

(സി) 1987-88-ലും ഈ വർഷം നവംബർ മാസം അവസാനം വരെയും എന്ത് തുക ചെലവഴിച്ചു;

(ഡി) വാർഷിക പദ്ധതി വെട്ടിക്കുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 1987-88-ൽ 380-60 കോടി രൂപ. 1988-89-ൽ 500 കോടി രൂപ.

(ബി)

| സംസ്ഥാന വാർഷിക പദ്ധതികൾക്കു ലഭിച്ച കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം (തുക കോടിക്കണക്കിൽ) |
|---|---|
| 1987-88—173.92 | 160-96 |
| 1988-89—153.00 | 247.05 |

(2-12-1988 വരെ)

(സി) 1987-88-ൽ 381.75 കോടി രൂപ 1988-89-ൽ 216.61 കോടി രൂപ. (ഒക്ടോബർ അവസാനം വരെയുള്ള താൽക്കാലിക കണക്ക്)

നവംബർ മാസത്തെ ചെലവിന്റെ കണക്ക് ലഭ്യമായിട്ടില്ല.

(ഡി) യും (ഇ) യും ഇതു സംബന്ധിച്ച തീരുമാനമൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## ഏഴാം പഞ്ചവൽസര പദ്ധതിയുടെ 1989-90-ലെ വാർഷിക പദ്ധതിയും അടങ്കലും

18. [51] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കൃഷ്ണൻ കണിയാംപറമ്പിൽ :
,, കാനം രാജേന്ദ്രൻ :
,, പി. രവീന്ദ്രൻ :

ഡോക്ടർ എ. വി. ഐസക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം പഞ്ചവൽസര പദ്ധതിയുടെ 1989-90-ലെ വാർഷിക പദ്ധതിയും അടങ്കലും എന്നാണ് സംസ്ഥാന ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ളത് ;

(ബി) ഇതേപ്പററിയുള്ള ചർച്ചയും നടപടികളും ഏതു ഘട്ടത്തിലാണ്?

### ഉത്തരം

(എ) 1989-90-ലേക്ക് 820.30 കോടി രൂപയുടെ അടങ്കലുള്ള പദ്ധതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത് ഡിസംബർ ആദ്യവാരം പ്ലാനിംഗ് കമ്മീഷന് സമർപ്പിച്ചു.

(ബി) പദ്ധതി നിർദ്ദേശങ്ങൾ ഡിസംബർ 19-ാം തീയതി ആസൂത്രണ കമ്മീഷന്റെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുകയുണ്ടായി. മുഖ്യമന്ത്രിയും കേന്ദ്ര ആസൂത്രണ വകുപ്പുമന്ത്രിയുമായുള്ള ചർച്ചകൾ ജനുവരി മാസത്തിൽ നടത്താനാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്.

## ഏഴാം പഞ്ചവൽസര പദ്ധതി

19. [52] ശ്രീ. കെ. പി. നൂറുദ്ദീൻ :
,, പി. പി. തങ്കച്ചൻ :
,, കെ. കെ. ശ്രീനിവാസൻ :
,, കെ. ശങ്കരനാരായണൻ :
,, കെ. പി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം പഞ്ചവൽസര പദ്ധതിയുടെ അടങ്കൽ എത്ര ;

(ബി) ഇതിൽ കേന്ദ്രവിഹിതം എത്രയാണ് ;

(സി) ഇതിനായി ഓരോ വർഷവും ഇതുവരെയായി കേന്ദ്രവിഹിതമായി എത്ര ലഭിച്ചു ;

(ഡി) പദ്ധതി ഇനങ്ങൾക്കായി ഇതുവരെ ഏഴാം പദ്ധതിക്ക് മൊത്തം എന്തു ചിലവായി ;

(ഇ) ഓരോ വർഷവും പദ്ധതിക്കായി വകകൊള്ളിച്ചിട്ടുള്ളതെത്ര ;

(എഫ്) ഓരോ വർഷത്തേയും ചെലവ് എത്ര ?

### ഉത്തരം

(എ) 2,100 കോടി രൂപ.

(ബി) 1136.91 കോടി രൂപ.

(സി)

| | | |
|---|---|---|
| 1985-86 | 253.89 | കോടി രൂപ. |
| 1986-87 | 239.75 | ,, |
| 1987-88 | 173.92 | ,, |
| 1988-89 (2-12-1988 വരെ) | 153.00 | ,, |

(ഡി) 1465.77 കോടി രൂപ ചെലവായിട്ടുണ്ട്.

(ഇ) 1985-86 355 കോടി രൂപ.
1986-87 390 ,,
1987-88 380.60 ,,
1988-89 500 ,,

(എഫ്) 1985-86 411.95 കോടി രൂപ.
1986-87 455.46 ,,
1987-88 381. 7 } താൽക്കാലികം
1988-89 216.61 }
(31-10-1988 വരെ)

കോഴിക്കോട് വിമാനത്താവളത്തിലെ സെക്യൂരിററി

20. [53] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി :
,, ഇസ്ഹാക് കുരിക്കൾ :
,, ചെർക്കളം അബ്ദുള്ള :
,, സി. വി. കുഞ്ഞാലിക്കുട്ടി കേയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിലെ സെക്യൂരിററിയുടെ ചുമതല കേന്ദ്ര സർക്കാരിനാണോ സംസ്ഥാന സർക്കാരിനാണോ ഉള്ളത് ;

(ബി) സംസ്ഥാന സർക്കാരിനാണെങ്കിൽ അവിടെ വിദേശ വിമാനങ്ങൾ വാങ്ങാൻ പരിശോധിക്കാനുള്ള സംവിധാനമുണ്ടോ ; എങ്കിൽ എന്ത് ;

(സി) 1988-ൽ ജർമ്മനിയുടെ ഒരു വിമാനം കോഴിക്കോട് വിമാനത്താവളത്തിൽ ഇറങ്ങുകയുണ്ടായോ ;

(ഡി) ഇതിന് നിയമാനുസൃതം വേണ്ട പരിശോധന നടത്തിയോ ; ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിനാണ്.

(ബി) കോഴിക്കോട് വിമാനത്താവളത്തിൽ ഇപ്പോൾ ഇമിഗ്രേഷൻ സംവിധാനം ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കായംകുളം താപനിലയം

21. [54] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം താപനിലയത്തിന് എത്രകോടി രൂപയുടെ പദ്ധതിയാണ് കേന്ദ്രം അംഗീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

കായംകുളം താപവൈദ്യുത നിലയത്തിന്റെ 420 മെഗാവാട്ട് ശേഷിയുള്ള ഒന്നാം ഘട്ട പദ്ധതിക്ക് 585 കോടി രൂപയാണ് അടങ്കൽ. ഇതിൽ 95 കോടി രൂപയുടെ തുറമുഖ പദ്ധതിയും ഉൾപ്പെടുന്നു. ഇതിന് 1988 ജനുവരിയിൽ കേന്ദ്ര വൈദ്യുതി അതോറിററിയുടെ സാങ്കേതിക സാമ്പത്തികാനുമതിയും

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കേന്ദ്ര സിവിൽ വ്യോമയാന വകുപ്പിന്റെയും അനുമതിയും ലഭിച്ചിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി മാത്രമേ ഇനി ലഭിക്കാനുള്ളു. പ്രസ്തുത അനുമതിക്കുള്ള നടപടി നടന്നുവരികയാണ്.

കായംകുളം താപവൈദ്യുതനിലയം ഒരു കേന്ദ്രമേഖലാപദ്ധതിയായി സ്ഥാപിക്കാനാണ് ഏറ്റവും ഒടുവിൽ തീരുമാനിക്കപ്പെട്ടിട്ടുള്ളത്. പദ്ധതി നിർമ്മാണം നാഷണൽ തെർമൽ പവർ കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്.

2420 മെഗാവാട്ട് അന്തിമശേഷിയുള്ള സൂപ്പർ തെർമൽ സ്റ്റേഷനായിട്ട് ഇത് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിന്റെ ഫീസിബിലിററി റിപ്പോർട്ട് നാഷണൽ തെർമൽ പവ്വർ കോർപ്പറേഷൻ തയ്യാറാക്കിവരികയാണ്.

സൂപ്പർ തെർമൽ സ്റ്റേഷന്റെ ഒന്നാം ഘട്ടമായ 420 മെഗാവാട്ട് സ്റ്റേഷന് ആവശ്യമായ പരിസ്ഥിതി സംബന്ധിച്ച അനുമതി വാങ്ങേണ്ടത് എൻ. ററി. പി. സി. യാണ്. അതിനുള്ള നടപടി അവർ സ്വീകരിച്ചുവരുന്നു. പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചുകഴിഞ്ഞാൽ കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങൾ

22. [55] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഉണ്ട് ;

(ബി) ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചു ;

(സി) പുനഃസംഘടിപ്പിച്ച ഡയറക്ടർ ബോർഡുകളിൽ എത്ര എണ്ണത്തിൽ അനൗദ്യോഗികാംഗങ്ങളെ ചെയർമാൻമാരായി നിയമിച്ചു ;

(ഡി) അവർ ആരെല്ലാം ;

(ഇ) ഈ രംഗത്ത് പ്രവർത്തിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ലഭിച്ചവരെയാണോ നിയമിച്ചിട്ടുള്ളത് ;

(എഫ്) ആണെങ്കിൽ ഓരോരുത്തർക്കുമുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) കമ്പനികൾ, സ്ററാററ്യൂട്ടറി ബോർഡുകൾ എന്നീ വിഭാഗങ്ങളിലായി തൊണ്ണൂററിയെട്ട് (98) സ്ഥാപനങ്ങൾ ഉണ്ട്.

(ബി) 65.

(സി) 20.

(ഡി) † പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) ഈ രംഗത്ത് പ്രവർത്തിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം മാത്രം ഒരു മാനദണ്ഡമായി കണക്കാക്കാറില്ല.

(എഫ്) 'ഇ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

---

† അനുബന്ധം 10.

LIBRARY ARCHIVES Kerala Legislative Assembly

## പെരുമൺ ദുരന്തത്തിൽപ്പെട്ടവർക്ക് പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്നും ധനസഹായം

23. [56] ശ്രീ. ഉമ്മൻചാണ്ടി :
ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. രമേശ് ചെന്നിത്തല :
,, കെ. പി. വിശ്വനാഥൻ :
,, പി. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്നും ലഭിച്ച തുകയിൽ എത്ര രൂപ പെരുമൺ ട്രെയിൻ അപകടത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്കും പരിക്കു പററിയവർക്കുമായി നൽകി ;

(ബി) ബാക്കി തുക ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു എന്നും ഓരോ കാര്യത്തിനും എത്ര രൂപാ വീതം ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ ;

(സി) പ്രധാനമന്ത്രി നൽകിയ തുക വകമാററി ചെലവഴിച്ചു എന്ന പരാതി ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ ആക്ഷേപം ശരിയാണോ ;

(ഇ) മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് ദുരിതാശ്വാസ പ്രവർത്തനത്തിന് ഉപയോഗിക്കുവാൻ പ്രധാനമന്ത്രി നൽകിയ തുക ചെലവഴിക്കുവാൻ വീണ്ടും പ്രധാനമന്ത്രിയുടെ അനുമതി തേടുവാൻ ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(എഫ്) അതിന് പ്രധാനമന്ത്രിയുടെ അനുമതി ലഭിച്ചുവോ ; എങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ജി) രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്ക് പ്രധാനമന്ത്രിയുടെ ഫണ്ടിൽനിന്നും നൽകിയ സഹായത്തെക്കുറിച്ച് ആക്ഷേപങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടുവോ ;

(എച്ച്) എങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(ഐ) പ്രധാനമന്ത്രിയുടെ ഫണ്ടിൽനിന്നും നൽകിയ തുകയിൽ പകുതിപോലും മരിച്ചവരുടെ ബന്ധുക്കൾക്കും പരിക്കു പററിയവർക്കും നൽകാതെ മററ് ആവശ്യങ്ങൾക്കുവേണ്ടി ചിലവഴിക്കുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഫണ്ടിൽനിന്നും ലഭിച്ച 30 ലക്ഷം രൂപയിൽ 12,27,000 രൂപ ടി ദുരന്തത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്കും പരിക്കു പററിയവർക്കും നൽകി.

| | | | |
|---|---|---|---|
| (ബി) | 1. | രക്ഷാപ്രവർത്തനങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച സ്ഥലവാസികൾക്ക് നൽകിയ തുക. | 5,40,000 |
| | 2. | ദുരന്തം നടന്ന ഉടനെ സ്തുത്യർഹമായ സേവനം കാഴ്ചവച്ച വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് നൽകിയ അവാർഡ് തുക. | 1,52,650 |
| | 3. | മററു ചിലവുകൾ | 1,30,304 |

(വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പെട്രോൾ ഡീസൽ തുടങ്ങിയവക്ക് ചിലവഴിച്ചത്)

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 4. | മൺട്രോതുരുത്തിലെ ഹെൽത്ത് സെൻററിൻെറ കെട്ടിടംപണിക്കുവേണ്ടി നീക്കിവച്ച തുക. | 5,00,000 |
| 5. | പെരുമണ്ണിലെ പ്രൈമറി ഹെൽത്ത് സെൻററിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നീക്കിവച്ച തുക. | 3,13,546 |
| 6. | വിതരണം ചെയ്യുന്നതിനുമുൻപ് കൂടുതൽ അന്വേഷണം ആവശ്യമായി തോന്നിയ കേസ്സുകളിൽ നൽകാനുള്ള തുക. | 1,36,500 |
| | ആകെ | 30,00,000 |
| | | (എ+ബി) |

(സി) ശ്രീ. ഉമ്മൻചാണ്ടി എം. എൽ. എ. യുടെ കണക്ക് ലഭിച്ചിരുന്നു.

(ഡി) ശരിയല്ല.

(ഇ) പ്രധാനമന്ത്രിയുടെ കത്തിൽ നിർദ്ദേശിച്ച തോതിലുള്ള സഹായം മരിച്ചവരുടെ ആശ്രിതർക്കും, ആവശ്യമായ സഹായം പരിക്കുപററിയവർക്കും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കും നല്കിയശേഷം ബാക്കി തുക ബന്ധപ്പെട്ട മററ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് മുൻപ് പ്രധാനമന്ത്രിയുടെ അനുവാദം വാങ്ങുന്നത് ഉചിതമായിരിക്കുമെന്ന് കരുതിയത് കൊണ്ടാണ്.

(എഫ്) ലഭിച്ചു. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പ്രകാരം തുക വിനിയോഗിക്കുന്നതിനുള്ള പ്രധാനമന്ത്രിയുടെ അംഗീകാരം അറിയിച്ചിട്ടുണ്ട്.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) ജില്ലാകളക്ടർ തയ്യാറാക്കിയ ലിസ്ററിൻെറ അടിസ്ഥാനത്തിലാണ് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്ക് പാരിതോഷികമായി തുക നൽകിയത്. ഇതു സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങൾ കൊല്ലം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. വീണ്ടും അന്വേഷണം ആവശ്യമാണെന്ന് തോന്നിയ കേസ്സുകളിൽ തുക വിതരണം ചെയ്തിട്ടില്ല.

(ഐ) പ്രധാനമന്ത്രിയുടെ കത്തിൽ നിർദ്ദേശിച്ചിരുന്ന തോതിലുള്ള സഹായം മരിച്ചവരുടെ ആശ്രിതർക്കും ആവശ്യമായ സഹായം പരിക്കു പററിയവർക്കും നൽകിയതിനുശേഷമാണ് ബാക്കി തുക ബന്ധപ്പെട്ടയുക്തമായ മററാവശ്യങ്ങൾക്കു വേണ്ടി ചെലവഴിച്ചത്.

പെരുമൺ റെയിൽവേ ദുരന്തത്തിനിരയായവർക്ക് സഹായം

24. [57] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമൺ റെയിൽവേ ദുരന്തംമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്കും അപകടത്തിൽ പരിക്കുപററിയവർക്കും സംസ്ഥാന ഗവൺമെൻറ് വല്ല സഹായവും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തുക ചിലവഴിച്ചു;

(സി) ചിലവിൻെറ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എന്തു തുക ലഭിച്ചു;

(ഇ) ആ തുക എന്തിനുവേണ്ടി വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട എത്രപേർക്ക് പാരിതോഷികം നൽകി; അതിനു എന്തു തുക ചെലവഴിച്ചു;

(ജി) ഇപ്രകാരം പാരിതോഷികം ലഭിച്ചവർ ആരെല്ലാം;

(എച്ച്) റെയിൽവേ വകുപ്പിൽ നിന്നു വല്ല സഹായവും ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6,07,000 രൂപ.

(സി) മരിച്ചവരുടെ ആശ്രിതർക്ക് 5,15,000 രൂപ
പരിക്കു പററിയവർക്ക് 92,000 രൂപ.

(ഡി) 30 ലക്ഷം രൂപ ലഭിച്ചു.

(ഇ) ടി തുക പെരുമൺ ട്രെയിൻ അപകടത്തിൽ മരണമടഞ്ഞവരുടെ ബന്ധുക്കൾ/ആശ്രിതർക്കും പരിക്കു പററിയവർക്കും സാമ്പത്തികസഹായം നൽകുവാനും രക്ഷാപ്രവർത്തനങ്ങളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച സ്ഥലവാസികൾക്കും വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും പാരിതോഷികം നൽകുന്നതിനും രക്ഷാപ്രവർത്തനത്തോടനുബന്ധിച്ച് വിവിധ വകുപ്പുകളുടെ വാഹനങ്ങൾക്ക് പെട്രോൾ, ഡീസൽ എന്നിവ വാങ്ങുന്നതിനും മൺട്രോതുരുത്തിലെ പ്രൈമറി ഹെൽത്ത് സെൻററിൻെറ കെട്ടിടം പണിക്കും, പെരുമണ്ണിലെ പ്രൈമറി ഹെൽത്ത് സെൻററിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും ചെലവഴിച്ചു.

(എഫ്) 2017 പേർക്ക് 6,92,650 രൂപ ചെലവഴിച്ചു.

(ജി) സംഭവസമയത്ത് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട സ്ഥലവാസികൾ, അഗ്നിശമന വകുപ്പിലെയും റവന്യൂ ആരോഗ്യം, മൽസ്യബന്ധനം, പോലീസ്, തുറമുഖം എന്നീ വകുപ്പുകളിലെ വിവിധ തലങ്ങളിലുള്ള ജീവനക്കാരുമാണ് പാരിതോഷികത്തിനർഹരായവർ.

(എച്ച്) റെയിൽവേ വകുപ്പിൽ നിന്നും യാതൊരു സഹായധനവും സംസ്ഥാന ഗവൺമെൻറിന് ലഭിച്ചിട്ടില്ല.

പ്രധാനമന്ത്രി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ

25. [58] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിനു മുമ്പ് കേരളം സന്ദർശിച്ച പ്രധാനമന്ത്രി എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചത്;

(ബി) ഓരോ പദ്ധതിക്കും വേണ്ടി പ്രഖ്യാപിച്ച തുക എത്ര;

(സി) ഓരോപദ്ധതിക്കും സംസ്ഥാന ഗവൺമെൻറ് ചെലവഴിക്കേണ്ട തുക എത്ര;

(ഡി) ഇതുവരെ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്ന് സഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാന ഗവൺമെൻറ് ഈ പദ്ധതിക്കുവേണ്ടി എന്തു തുക വീതം ചെലവഴിച്ചു;

(എഫ്) സംസ്ഥാന ഗവൺമെൻറിൻെറ വിഹിതം ഇല്ലാത്തതുമൂലം ഏതെങ്കിലും പദ്ധതി മുടങ്ങിക്കിടപ്പുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1987 ജനുവരിയിലെ കേരള സന്ദർശനവേളയിൽ പ്രധാനമന്ത്രി പ്രഖ്യാപിച്ചത് 414.36 കോടി രൂപയുടെ പദ്ധതികളായിരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പദ്ധതിയുടെയും തുകയുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്:

| | പദ്ധതി | രൂപ കോടിയിൽ | |
|---|---|---|---|
| 1 | ഏഴിമല നാവിക അക്കാദമി | 145 | 00 |
| 2 | കൊച്ചി-ആലപ്പുഴ റെയിൽവേ | 2 | 75 |
| 3 | ആലപ്പുഴ-കായംകുളം റെയിൽവേ | 23 | 20 |
| 4 | തൃശ്ശൂർ-ഗുരുവായൂർ റെയിൽവേ | 16 | 67 |
| 5 | നവോദയ വിദ്യാലയങ്ങൾ | 21 | 00 |
| 6 | കേന്ദ്രീയ വിദ്യാലയങ്ങൾ | 3 | 00 |
| 7 | കോവളം സംയുക്ത മേഖല ഐ. ടി. ഡി. സി. കൺവെൻഷൻ സെൻറർ | 10 | 00 |
| 8 | എറണാകുളം ബൈപാസ്-കൊച്ചിൻ ഹാർബർ ലിങ്ക് റോഡ് നാഷണൽ ഹൈവേ ആക്കുന്നത് | 29 | 21 |
| 9 | മൽസ്യബന്ധന പദ്ധതികൾ | 93 | 58 |
| 10 | നാളികേര വികസന പദ്ധതി | 23 | 40 |
| 11 | കയർ വികസന പദ്ധതി | 7 | 30 |
| 12 | വിനോദ സഞ്ചാര വികസന പദ്ധതികൾ | 5 | 00 |
| 13 | കായിക വിനോദ സൗകര്യങ്ങളുടെ വികസന പദ്ധതികൾ | 2 | 00 |
| 14 | സംസ്കൃത സർവ്വകലാശാല | 1 | 00 |
| 15 | ഐ. ആർ. ഡി. പി. | 3 | 00 |
| 16 | എൻ. ആർ. ഇ. പി. | 5 | 75 |
| 17 | ആർ. എൽ. ഇ. ജി. പി. | 2 | 00 |
| 18 | സ്വയം തൊഴിൽ പദ്ധതി | 14 | 00 |
| 19 | ഗ്രാമീണ പാർപ്പിട നിർമ്മാണ പദ്ധതി | 6 | 50 |
| | മൊത്തം | 414 | 36 |

(സി) മുകളിൽ കൊടുത്ത തുകയിൽ, സംസ്ഥാന ഗവൺമെൻറിൻെറ വിഹിതമായി വരുന്ന തുകയുടെ പദ്ധതി പ്രകാരമുള്ള വിവരങ്ങൾ താഴെ പറയുന്നവയാണ്:

| | പദ്ധതി | രൂപ കോടിയിൽ | |
|---|---|---|---|
| 1 | എറണാകുളം ബൈപാസ്-കൊച്ചിൻ ഹാർബർ ലിങ്ക് റോഡ് | 1 | 236 |
| 2 | മൽസ്യബന്ധന പദ്ധതികൾ | 72 | 555 |
| 3 | നാളികേര വികസന പദ്ധതി | 2 | 880 |
| 4 | കയർ വികസന പദ്ധതി | 3 | 000 |
| | മൊത്തം | 79 | 671 |

(ഡി) പദ്ധതികൾക്കായി പ്രഖ്യാപിച്ച 414.36 കോടി രൂപയിൽ കേന്ദ്രത്തിനു വരുന്ന ചെലവ് 334.689 കോടി രൂപയും സംസ്ഥാനത്തിന് വരുന്ന ചെലവ് 79.671 കോടി രൂപയുമാണ്. ഇതിൽ കേന്ദ്രം നടപ്പാക്കുന്ന 249.594 കോടിയുടെ പദ്ധതികൾക്ക് സംസ്ഥാനത്തിന് ധനസഹായമൊന്നും ലഭിക്കുന്നതല്ല. കേന്ദ്രവും സംസ്ഥാനവും സംയുക്തമായി നടപ്പാക്കുന്ന താഴെ പറയുന്ന പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1 മൽസ്യബന്ധന പദ്ധതികൾ
2 നാളികേര വികസന പദ്ധതി
3 കയർ വികസനപദ്ധതി
4 വിനോദസഞ്ചാര വികസന പദ്ധതി
5 കായിക വിനോദ സൗകര്യങ്ങളുടെ വികസനം
6 സംസ്കൃത സർവ്വകലാശാല
7 ഐ. ആർ. ഡി. പി.
8 എൻ. ആർ. ഇ. പി.
9 ആർ. എൽ. ഇ. ജി. പി.
10 ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി
11 സ്വയം തൊഴിൽ പദ്ധതി.

(ഇ) കേന്ദ്ര ഏജൻസികൾ വഴി നടപ്പാക്കുന്ന പദ്ധതികൾക്ക് പ്രഖ്യാപിച്ച തുകയിൽ, സംസ്ഥാന ഗവൺമെന്റിന് ചെലവൊന്നും ആകുന്നില്ല. മററ് പദ്ധതികളുടെ ചെലവ് കേന്ദ്രവും സംസ്ഥാനവും പരസ്പരം തീരുമാനിക്കുന്നതനുസരിച്ച് പങ്കിടുകയാണ്. കേന്ദ്ര വിഹിതത്തിന്റെ ഒരംശം ചിലപ്പോൾ മുൻകൂറായി നൽകാറുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ സംസ്ഥാനം ചെലവ് വഹിച്ച്, പിന്നീട് കേന്ദ്ര വിഹിതം വാങ്ങിക്കുകയാണ് പതിവ്. ആ നിലയ്ക്ക് ഈ പദ്ധതികൾക്കുവേണ്ടി സംസ്ഥാനത്തിനു വരുന്ന ചെലവ് പ്രത്യേകം കണക്കാക്കിക്കഴിഞ്ഞിട്ടില്ല.

(എഫ്) സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം ഇല്ലാത്തതുമൂലം പദ്ധതികൾ ഒന്നുംതന്നെ മുടങ്ങിക്കിടപ്പില്ല.

## പ്രധാനമന്ത്രി പ്രഖ്യാപിച്ച 415 കോടി രൂപയുടെ പ്രത്യേക സഹായം

26. [59] ശ്രീ. ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് കേരളത്തിൽ എത്തിയ പ്രധാനമന്ത്രി 415 കോടി രൂപയുടെ പ്രത്യേക കേന്ദ്രസഹായം കേരളത്തിന് നൽകാമെന്ന് പ്രഖ്യാപിച്ചത് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഈ ഇനത്തിൽ ഇതിനകം എത്ര കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 1987 ജനുവരിയിൽ പ്രധാനമന്ത്രി കേരളത്തിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതികളുടെ കാര്യം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട് :

(ബി) പദ്ധതികൾക്കു വേണ്ടി പ്രഖ്യാപിച്ച 414.36 കോടി രൂപയിൽ കേന്ദ്രത്തിനു വരുന്ന ചെലവ് 334.689 കോടി രൂപയും സംസ്ഥാനത്തിനു വരുന്ന ചെലവ് 79.671 കോടി രൂപയുമാണ്. ഇതിൽ കേന്ദ്രം നടപ്പാക്കുന്ന 249.594 കോടി രൂപയുടെ പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റിനു ധനസഹായമൊന്നും ലഭിക്കുന്നതല്ല. ഈ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രം ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന വിവരം ലഭ്യമല്ല. കേന്ദ്രവും സംസ്ഥാനവും സംയുക്തമായോ സംസ്ഥാന സർക്കാർ വഴിയോ നടപ്പാക്കുന്ന 164.766 കോടി രൂപയുടെ പദ്ധതികൾക്കായി ഇതുവരെ 44.625 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. മാരുടെയും എം. പി. മാരുടെയും മേൽ ലാത്തിച്ചാർജ്

27. [61] ശ്രീ. ഇസ്ഹാക് കുറിക്കൾ :

,, പി. എം. അബൂബക്കർ :

,, ഇ. അഹമ്മദ് :

,, കെ. മൊയ്തീൻകുട്ടി ഹാജി :

,, പി. കെ. കുഞ്ഞാലിക്കുട്ടി :

,, പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാനത്ത് എത്ര ലാത്തിച്ചാർജ്ജുകൾ നടത്തി ;

(ബി) എവിടെയെല്ലാം ;

(സി) അതിന്റെ ഫലമായി എത്ര ആളുകൾക്ക് പരുക്കുപററി ;

(ഡി) പരുക്കുപററിയവരിൽ എം. പി. മാരും എം. എൽ. എ. മാരും ഉണ്ടായിരുന്നോ ;

(ഇ) എങ്കിൽ അവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(എഫ്) അവരെ ലാത്തിച്ചാർജ് നടത്തുവാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഞ്ച്.

(ബി) പാലക്കാട് ടൗൺ, കോഴിക്കോട് സിററി, എറണാകുളം ഡി. ഡി. ജംഗ്ഷൻ, കണ്ണൂർ ടൗൺ (രണ്ട് സംഭവങ്ങൾ) എന്നിവിടങ്ങളിൽ.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ടായിരുന്നു.

(ഇ) ശ്രീ. വി. എസ്. വിജയരാഘവൻ എം. പി., ശ്രീ. കെ. ശങ്കരനാരായണൻ എം. എൽ. എ., ശ്രീ. പി. ബാലൻ എം. എൽ. എ., ശ്രീ. എം. പി. താമി എം. എൽ. എ.

(എഫ്) ജനക്കൂട്ടം അക്രമാസക്തമായി പോലീസിനെ ആക്രമിക്കുകയും, വസ്തുവകകൾക്ക് നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തതാണ് കാരണം.

പോലീസ് ലാത്തിച്ചാർജ്ജുകൾ

28. [62] ശ്രീ. ററി. എം. ജേക്കബ് :

,, കെ. എം. മാണി :

,, മാത്യു സ്ററീഫൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നടന്ന പോലീസ് ലാത്തിച്ചാർജ്ജുകളിൽ എത്ര എം. എൽ. എ. മാർക്കും എം. പി. മാർക്കും പരുക്ക് പററിയിട്ടുണ്ട് ;

(ബി) അവർ ആരെല്ലാം ;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ വച്ചാണ് പ്രസ്തുത ലാത്തിച്ചാർജുകൾ നടന്നത് ;

(ഡി) ഈ ലാത്തിച്ചാർജുകൾ നടത്തുവാൻ ഉത്തരവ് നൽകിയതാരാണ് ;

(ഇ) ഇതേ സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ;

(എഫ്) ഏതെല്ലാം തീയതികളിൽ ആണ് ഈ സംഭവം നടന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് സംഭവത്തിൽ ഒരു എം. പി. ക്കും മൂന്നു എം. എൽ. എ. മാർക്കും പരുക്ക് പററിയിട്ടുണ്ട്.

(ബി) ശ്രീ. വി. എസ്. വിജയരാഘവൻ എം. പി, ശ്രീ. പി. ബാലൻ എം. എൽ. എ., ശ്രീ. കെ. ശങ്കരനാരായണൻ എം. എൽ. എ., ശ്രീ. എം. പി. താമി എം. എൽ. എ.

(സി) പാലക്കാട് ടൗണിൽ ഒന്നും, കോഴിക്കോട് സിററിയിൽ ഒന്നും. കണ്ണൂർ ടൗണിൽ രണ്ടും, എറണാകുളത്ത് ഒന്നും വീതമാണ് ലാത്തിച്ചാർജുകൾ നടന്നത്.

(ഡി) സബ് ഡിവിഷണൽ മജിസ്ട്രേററ്.

(ഇ) കോഴിക്കോട്, പാലക്കാട് എന്നീ സംഭവങ്ങൾ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ യഥാക്രമം 7-12-1988, 16-12-1988 എന്നീ തീയതികളിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) കോഴിക്കോട്, പാലക്കാട് സംഭവങ്ങൾ യഥാക്രമം 17-10-1988, 17-11-1988 എന്നീ തീയതികളിലാണ് നടന്നത്.

## പാലക്കാട്ടും കണ്ണൂരിലും പോലീസ് നടത്തിയ ലാത്തിച്ചാർജ്

29. [63] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ടും, കണ്ണൂരിലും പോലീസ് നടത്തിയ ലാത്തിച്ചാർജിൽ ഏതെല്ലാം നിയമസഭാ സാമാജികൻമാർക്കാണ് പരുക്കു പററിയിട്ടുള്ളത്;

(ബി) ലാത്തി ചാർജ് നടത്താനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്താമോ;

(സി) പാലക്കാട്ടും കണ്ണൂരിലും നടന്ന ലാത്തിചാർജിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെൻറ് തീരുമാനിക്കുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ ജുഡീഷ്യൽ അന്വേഷണത്തിൻെറ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണ്?

ഉത്തരം

(എ) സർവ്വശ്രീ പി. ബാലൻ, കെ. ശങ്കരനാരായണൻ, എം. പി. താമി എന്നിവർക്കാണ് പരുക്ക് പററിയിട്ടുള്ളത്.

(ബി) ജനക്കൂട്ടം അക്രമാസക്തമായി പോലീസിനെ ആക്രമിക്കുകയും വസ്തുവകകൾക്ക് നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തതാണ് കാരണം.

(സി) പാലക്കാട് നടന്ന പോലീസ് നടപടിയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്. ടേംസ് ഓഫ് റഫറൻസ് താഴെ പറയുന്നു.

(ഡി) (1) 17-11-1988-ൽ പാലക്കാട് കളക്ടറേററിന് മുമ്പാകെ നടത്തിയ കോൺഗ്രസ് (ഐ) പിക്കററിംഗുമായി ബന്ധപ്പെട്ട് ഉണ്ടായ സംഭവങ്ങളെ നേരിടാൻ പോലീസ് നടത്തിയ ബലപ്രയോഗം നീതീകരിക്കാമോ;

(2) പോലീസ് അമിതമായ ബലപ്രയോഗം നടത്തിയോ.

## ലാത്തിച്ചാർജുകൾ

30. [64] ശ്രീ. പി. കെ. കെ. ബാവ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, സി. പി. കുഞ്ഞാലിക്കുട്ടി കേയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ലാത്തിച്ചാർജുകൾ ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ലാത്തിച്ചാർജിൽ എത്രപേർക്ക് പരുക്കുപററി ;

(ഡി) പരുക്കുപററിയവരുടെ കക്ഷി തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) ഇതിൽ ഏതെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഉത്തരവില്ലാതെ നടന്നിട്ടുണ്ടോ ;

(എഫ്) എങ്കിൽ എവിടെയെല്ലാം ;

(ജി) മേലിൽ ഇപ്രകാരം സംഭവിക്കാതിരിക്കാൻ എന്ത് നടപടിയെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അഞ്ച്.

(ബി) പാലക്കാട്, കോഴിക്കോട് എറണാകുളം എന്നീ ജില്ലകളിൽ ഓരോന്നും കണ്ണൂർ ജില്ലയിൽ രണ്ടും.

(സി) യും (ഡി)-യും (ഇ)-യും (എഫ്)-ഉം (ജി)-യും വിവരം ശേഖരിച്ചുവരുന്നു.

ലാത്തിച്ചാർജുകൾ

31. [65] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ :

,, കെ ശങ്കരനാരായണൻ :

,, രമേശ് ചെന്നിത്തല :

,, പന്തളം സുധാകരൻ :

,, കെ. ജെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1987-88-ലും 1988-89 ഡിസംബർ ഒന്നു വരെയും എത്ര ലാത്തിച്ചാർജുകൾ നടന്നിട്ടുണ്ട് ;

(ബി) അതിൽ എത്രപേർക്ക് പരുക്ക് പററിയിട്ടുണ്ട് ;

(സി) ലാത്തിച്ചാർജ് സംഭവങ്ങളിൽ എത്ര എണ്ണത്തെപ്പററി അന്വേഷണം നടത്തി ;

(ഡി) ഇവയിൽ എത്രയെണ്ണത്തിന്റെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് ?

(ഇ) ഈ ലാത്തിച്ചാർജുകളെപ്പററിയുള്ള അന്വേഷണം ഇനിയും നടത്താനുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഞ്ച് ലാത്തിച്ചാർജുകൾ.

(ബി) വിവരം ശേഖരിച്ചുവരുന്നു :

(സി) രണ്ട് സംഭവങ്ങളിൽ ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്.

(ഡി)-യും (ഇ)-യും അന്വേഷണ നടപടികൾ ആരംഭിക്കുക മാത്രമേ ആയിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്ത് നടന്ന ലാത്തിച്ചാർജുകൾ

32. [66] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ലാത്തിച്ചാർജുകൾ നടന്നു;

(ബി) അതിൽ എത്രപേർക്ക് പരുക്കുപററി;

(സി) ലാത്തിചാർജ്ജിൽ എത്ര എം. പി. മാർക്കും എം. എൽ. എ. മാർക്കും പരുക്കുപററി, അവർ ആരെല്ലാം;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വെടിവയ്പുമൂലം എത്രപേർ മരണമടഞ്ഞു; എത്രപേർക്ക് പരുക്കുപററി;

(ഇ) എത്ര ലോക്കപ്പ് മർദ്ദനങ്ങൾ നടന്നു; അതിൽ എത്രപേർ മരണമടഞ്ഞു;

(എഫ്) വെടിവയ്പ്, ലാത്തിച്ചാർജ്, ലോക്കപ്പ് മർദ്ദനം എന്നിവയുടെ പേരിൽ എത്ര പോലീസുദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ച്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പാലക്കാട് സംഭവത്തിൽ ശ്രീ. വി. എസ്. വിജയരാഘവൻ എം. പി. യും സർവശ്രീ കെ. ശങ്കരനാരായണൻ, പി. ബാലൻ, എം. പി. താമി എന്നീ എം. എൽ. എ. മാർക്കും പരുക്ക് പററിയിട്ടുണ്ട്.

(ഡി) ആരും കൊല്ലപ്പെട്ടിട്ടില്ല.

(ഇ) ലോക്കപ്പ് മർദ്ദനങ്ങൾ നടന്നതായി 12 പരാതികൾ കിട്ടിയിട്ടുണ്ട്. ഇവയിലൊന്നുംതന്നെ ശരിയാണെന്ന് തെളിഞ്ഞിട്ടില്ല. ലോക്കപ്പ് മർദ്ദനംമൂലം ആരും മരിച്ചിട്ടില്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

## നിയമസഭാ മെംബർമാർക്കുനേരെ നടന്ന ആക്രമണങ്ങൾ

33. [67] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേററശേഷം എതെല്ലാം നിയമസഭാംഗങ്ങൾക്ക് നേരെയാണ് ആക്രമണങ്ങൾ ഉണ്ടായിട്ടുള്ളത്?

(ബി) അവരുടെ പേരുവിവരവും സംഭവങ്ങളുടെ സംക്ഷിപ്ത വിവരണവും നൽകാമോ;

(സി) ഈ ആക്രമണ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി പോലീസ് എത്ര ആളുകളുടെ പേരിൽ കേസ് രജിസ്ററർ ചെയ്യുകയുണ്ടായി;

(ഡി) ഏതെല്ലാം സംഭവങ്ങളിൽ ആരുടെയെല്ലാം പേരിൽ എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീ. എം. വി. രാഘവൻ, കെ. പി. നൂറുദ്ദീൻ, വയലാർ രവി, പി. ടി. മോഹനകൃഷ്ണൻ, എ. കണാരൻ, സി. എം. സുന്ദരം, കെ. എ. ചന്ദ്രൻ, പി. ബാലൻ, എം. പി. താമി, കെ. ശങ്കരനാരായണൻ, എന്നീ എം. എൽ. എ മാരുടെ മേൽ.

(ബി) വിശദവിവരം ശേഖരിച്ചു വരുന്നു.

(സി) യും (ഡി) യും വിവരം ശേഖരിച്ചുവരുന്നു.

ആക്രമണം മൂലം പരുക്കുപററിയ എം പി. മാരും, എം. എൽ. എ. മാരും

34. [68] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര എം. പി. മാർക്കും എം. എൽ. എ. മാർക്കും സംസ്ഥാനത്തുവച്ച് ആക്രമണംമൂലം പരുക്കുപററിയിട്ടുണ്ട്; അവർ ആരെല്ലാം;

(ബി) പ്രസ്തുത കാലയളവിൽ എം. പി. മാരോടും എം. എൽ. എ മാരോടും പോലീസ് ഉദ്യോഗസ്ഥൻമാർ അപമര്യാദയായി പെരുമാറിയ എത്ര സംഭവം ഉണ്ടായിട്ടുണ്ട്;

(സി) എം. പി. മാരോടും, എം. എൽ. എ. മാരോടും അപമര്യാദയായി പെരുമാറിയതിന് ഏതെങ്കിലും പോലീസുദ്യോഗസ്ഥൻെറ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ?

ഉത്തരം

(എ) നാല് എം. എൽ. എ. മാർക്ക് അവർ സർവശ്രീ പി. ടി. മോഹനകൃഷ്ണൻ, എം. കണാരൻ, കെ. പി. നൂറുദ്ദീൻ എം. വി. രാഘവൻ എന്നിവരാണ്. പാലക്കാട് കളക്ടറേററ് പിക്കററിംഗിനോടനുബന്ധിച്ച് നടന്ന അനിഷ്ടസംഭവങ്ങളിൽ ഒരു എം. പി. യ്ക്കും നാല് എം. എൽ. എ. മാർക്കും പരുക്ക് പററിയിട്ടുണ്ട്.

(ബി) ഒന്ന്.

(സി) ഉണ്ട്.

(ഡി) ഒരാളുടെ പേരിൽ.

ലാത്തിച്ചാർജുകൾ, വെടിവയ്പുകൾ, ലോക്കപ്പ് മർദ്ദനങ്ങൾ

35. [69] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നടന്ന പോലീസ് ലാത്തിച്ചാർജ്, വെടിവയ്പുകൾ, ലോക്കപ്പ് മർദ്ദനങ്ങൾ ഇവ എത്രയെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഇതിൻെറ ഫലമായി എത്രപേർ കൊല്ലപ്പെട്ടു; എത്രപേർക്ക് പരുക്കേററു;

(സി) എവിടെയൊക്കെയാണ് ലാത്തിച്ചാർജുകളും, വെടിവയ്പുകളും നടന്നത്?

ഉത്തരം

(എ) അഞ്ച് ലാത്തിച്ചാർജ്ജുകളും, പതിനൊന്ന് വെടിവയ്പുകളും നടന്നു. ലോക്കപ്പ് മർദ്ദനങ്ങളെപ്പററി പന്ത്രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ആരും കൊല്ലപ്പെട്ടിട്ടില്ല. 414 പേർക്ക് പരുക്കേററു.

(സി) ലാത്തിച്ചാർജുകൾ പാലക്കാട് ടൗണിലും, കോഴിക്കോട് സിററിയിലും, കണ്ണൂർ ടൗണിലും, എറണാകുളം ററി. ബി. ജംഗ്ഷനിലുമാണ് നടന്നിട്ടുള്ളത്. വെടിവയ്പുകൾ പൂന്തുറയിലും, പൂജപ്പുരയിലും വലിയതുറയിലും, പുല്ലൂർക്കാണത്തും, ജോനകപ്പുറത്തും, വേങ്ങരയിലും, വടകരയിലും, കണ്ണൂർ ടൗണിലുമാണ് നടന്നത്.

നാദാപുരത്തും പരിസരത്തും പോലീസ് ലാത്തിച്ചാർജ്

36 [72] ശ്രീ. ഇ. അഹമ്മദ് :

,, കല്ലടി മുഹമ്മദ് :

,, കൊരമ്പയിൽ അഹമ്മദ് ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു മാസത്തിനുള്ളിൽ നാദാപുരത്തും പരിസരത്തുമായി പോലീസ് എത്ര തവണ ലാത്തിച്ചാർജ് നടത്തി ;

(ബി) എവിടെയെല്ലാം ;

(സി) അതിൽ എത്രപേർക്ക് പരുക്കുപററി ;

(ഡി) പരുക്കുപററിയവരുടെ കക്ഷി തിരിച്ചുള്ള കണക്ക് മേശപ്പുറത്ത വയ്ക്കാമോ ;

(ഇ) ഈ കാലയളവിൽ പോലീസ് സ്ത്രീകളെ ആക്രമിച്ചതായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(എഫ്) അതിൻമേൽ എന്തു നടപടിയെടുത്തു ;

(ജി) ആക്രമണങ്ങളിൽനിന്ന് രക്ഷ ലഭിക്കുവാൻ പോലീസ് സംരക്ഷണം അപേക്ഷിച്ചിട്ടും അത് ലഭിച്ചില്ലെന്ന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(എച്ച്) അവയിൻമേൽ എന്ത് നടപടിയെടുത്തു ?

ഉത്തരം

(എ) ലാത്തിച്ചാർജൊന്നും ഉണ്ടായിട്ടില്ല.

(ബി) യും (സി)-യും (ഡി)-യും ഉദിക്കുന്നില്ല.

(ഇ) പരാതികളൊന്നും ലഭിച്ചിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) പരാതികൾ ലഭിച്ചിട്ടില്ല .

(എച്ച്) ഉദിക്കുന്നില്ല.

ലാത്തിച്ചാർജുകളെ സംബന്ധിച്ച റിപ്പോർട്ട്

37 [73] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, പാലക്കാട് ലാത്തിച്ചാർജുകളെ സംബന്ധിച്ചും ജനപ്രതിനിധികളെ മർദ്ദിച്ചതു സംബന്ധിച്ചും കേന്ദ്രഗവൺമെൻറ് സംസ്ഥാനഗവൺമെൻറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ സംസ്ഥാന ഗവൺമെൻറ് നൽകിയ റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

(ബി) ഇക്കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം ഉത്തരവായ സ്ഥിതിക്ക് കേന്ദ്രഗവൺമെൻറിനു നൽകിയ റിപ്പോർട്ടിലെ വിശദാംശങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

നാദാപുരത്തുണ്ടായ ആക്രമണങ്ങൾ

38. [76] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നാദാപുരത്തുണ്ടായ ആക്രമണങ്ങൾമൂലം വസ്തുവകകൾ നഷ്ടപ്പെട്ടവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചിട്ടില്ല.

അക്രമങ്ങൾ അമർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയമസഭാംഗം മുഖ്യമന്ത്രിക്ക് നൽകിയ കത്ത്

39. [80] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്തുണ്ടായ അക്രമ സംഭവങ്ങളുടെ ആദ്യഘട്ടത്തിൽ ഈ സംഭവങ്ങളോട് ഗവൺമെൻറ് കാട്ടുന്ന അലംഭാവ നയം ഉപേക്ഷിക്കണമെന്നും, അക്രമങ്ങൾ അമർച്ച ചെയ്യാൻ ഗവൺമെൻറ് ഇടപെടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും നിയമസഭാംഗം മുഖ്യമന്ത്രിക്ക് കത്തെഴുതുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ആരായിരുന്നു ;

(സി) പ്രസ്തുത കത്തിന് ഗവൺമെൻറ് മറുപടി നൽകുകയുണ്ടായോ;

(ഡി) ഇല്ലെങ്കിൽ അതിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത കത്ത് ലഭിച്ച സമയം അവിടെ എത്ര കൊലപാതകങ്ങൾ നടന്നിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇങ്ങനെയൊരു കത്ത് ലഭിച്ചതായി കാണുന്നില്ല.

(ബി, സി, ഡി & ഇ.) ചോദ്യം ഉദിക്കുന്നില്ല.

കോഴിക്കോട്ടെ പട്ടാളം പള്ളി ആക്രമിക്കപ്പെട്ടതായി പരാതി

40. [82] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. സീതിഹാജി :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടെ മാനാഞ്ചിറയ്ക്കടുത്തുള്ള പട്ടാളം പള്ളി ആക്രമിക്കപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു ;

(സി) പള്ളി ആക്രമിക്കുവാനുണ്ടായ കാരണം എന്താണെന്നറിയുമോ ;

(ഡി) ന്യൂനപക്ഷ സമുദായങ്ങളുടെ ആരാധനാലയങ്ങൾക്ക് സംരക്ഷണം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഇത്തരം ആക്രമണം ആവർത്തിക്കാതിരിക്കുവാൻ നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വേണ്ട നടപടികൾക്കായി പോലീസ് ഡയറക്ടർ ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) പരാതി അന്വേഷണത്തിലാണ്.

(ഡി) യും (ഇ) യും ആരാധനാലയങ്ങൾ സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആരാധനാലയങ്ങളിൽ ആയുധപരിശീലനം തടഞ്ഞുകൊണ്ടുള്ള കേന്ദ്ര ഓർഡിനൻസ്

41. [83] ശ്രീ. ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാലയങ്ങൾ ആയുധവൽക്കരിക്കുന്നതും രാഷ്ട്രീയവൽക്കരിക്കുന്നതും തടഞ്ഞുകൊണ്ടുള്ള കേന്ദ്രഗവൺമെൻറിൻെറ ഓർഡിനൻസ് കേരളത്തിൽ നടപ്പാക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) യും (ബി) യും ഇൻഡ്യയൊട്ടുക്ക് ബാധകമായ ഈ ഓർഡിനൻസ് നടപ്പിലാക്കുന്നതിന് പ്രത്യേക നടപടിക്രമങ്ങളൊന്നും ആവശ്യമില്ല.

കായംകുളത്തെ കൊലപാതകം

42. [89] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി :
,, ഇസ്ഹാക് കുരിക്കൾ :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തകാലത്ത് കായംകുളത്ത് കോൺഗ്രസ് പ്രവർത്തകരായ ഒരച്ഛനെയും മകനെയും കൊലപ്പെടുത്തിയ സംഭവം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൽ പ്രതികൾ ആരെല്ലാമാണ് ;

(ബി) അവർ ഏത് രാഷ്ട്രീയ പാർട്ടി അനുഭാവികളായിരുന്നു ;

(സി) കൊലയ്ക്കുള്ള കാരണം എന്താണ് ?

ഉത്തരം

(എ) ഉണ്ട്. പ്രതികൾ രാധാകൃഷ്ണൻ, അശോക് കുമാർ, ദാമോദരൻ, സുന്ദരേശൻ എന്നിവരാണ്.

(ബി) സി. പി. ഐ. (എം.)

(സി) ബന്ധുവായ സ്ത്രീയെ അപമാനിച്ചതായിരുന്നു കാരണം.

സെൻട്രൽ ജയിലിലെ തടവുകാരുടെ മരണം

43. [91] ശ്രീ. പി. പി. തങ്കച്ചൻ :
,, എം. എം. ഹസ്സൻ :
,, പന്തളം സുധാകരൻ :
,, രമേശ് ചെന്നിത്തല :
,, പി. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യസഹായവും ചികിൽസയും യഥാസമയം ലഭിക്കാത്തതു കാരണം തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാർ മരണപ്പെട്ട സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇപ്രകാരം മരണപ്പെട്ടവർ ആരൊക്കെയെന്നും ഏതെല്ലാം തരത്തിലുള്ള ശിക്ഷയ്ക്കു വിധിക്കപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ സംഭവത്തെപ്പററി ഗവൺമെൻറ് അന്വേഷണം നടത്തിയോ ;

(ഡി) എങ്കിൽ കുററക്കാർ ആരൊക്കെയാണ് ; അവർക്കെതിരെ എന്ത് ശിക്ഷണ നടപടികൾ കൈക്കൊണ്ടു ;

(ഇ) മർദ്ദനങ്ങളുടെ ഫലമായോ ശരിയായ ചികിൽസ യഥാസമയം ലഭിക്കാത്തതുകൊണ്ടോ സംസ്ഥാനത്തെ മററ് ജയിലുകളിൽ തടവുകാർ മരണപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അത് എവിടെയെല്ലാം ; എത്ര പേർ മരിച്ചു ;

(ജി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വൈദ്യസഹായവും ചികിൽസയും ലഭിക്കാത്തതുകാരണം തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാർ ആരും മരണമടഞ്ഞിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ചില പത്ര വാർത്തകളുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഹെൽത്ത് സർവ്വീസസ് ഡയറക്ടർ ശ്രീമതി സുഹറാബീവി അന്വേഷണം നടത്തുകയുണ്ടായി.

(ഡി) അന്വേഷണത്തിൽ ജയിൽ ഉദ്യോഗസ്ഥൻമാർക്കോ, ഡോക്ടർമാർക്കൊ തടവുകാരുടെ മരണത്തിന് ഉത്തരവാദിത്വമില്ലെന്നാണ് വ്യക്തമായിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ജയിൽ ഉദ്യോഗസ്ഥൻമാരുടെ നിരുത്തരവാദപരമായ നടപടിമൂലം തടവുകാർ ആരുംതന്നെ മരണമടഞ്ഞിട്ടില്ലെങ്കിലും, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടരുടെ 'അന്വേഷണ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ തടവുകാരുടെ ചികിൽസാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജയിൽ ഐ.ജി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലോക്കപ്പ് മർദ്ദനം

44. [93] ശ്രീ. നാലകത്ത് സൂപ്പി :

,, കൊരമ്പയിൽ അഹമ്മദ് ഹാജി :

,, സി. ടി. അഹമ്മദ് അലി ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് മർദ്ദനം നടന്നതായി നാളിതുവരെ എത്ര പരാതി ലഭിച്ചിട്ടുണ്ട് ;

(ബി) ഇവയിൽ എത്രയെണ്ണം ശരിയാണെന്നു കണ്ടു ;

(സി) ഇത് സംബന്ധിച്ച് എന്ത് നടപടിയെടുത്തു ;

(ഡി) ലോക്കപ്പുകളിൽ ബലാൽസംഗം നടന്നതായി എത്ര പരാതികൾ കിട്ടിയിട്ടുണ്ട് ;

(ഇ) ഈ കാലയളവിൽ ലോക്കപ്പ് മർദ്ദനംമൂലം എത്രപേർ മരണമടഞ്ഞു ?

ഉത്തരം

(എ) 12 പരാതി.

(ബി) ഇവയിലൊന്നുംതന്നെ ശരിയാണെന്ന് തെളിഞ്ഞിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ഇ) ആരും മരണമടഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലോക്കപ്പുകളിൽ ഹരിജന മർദ്ദനം

45. [95] ശ്രീ. റ്റി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ലോക്കപ്പുകളിൽ ഹരിജനങ്ങളെ മർദ്ദിച്ചതായി എത്ര പരാതികൾ കിട്ടിയിട്ടുണ്ട് ?

ഉത്തരം

മൂന്ന് പരാതികൾ

കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് അടിയന്തിര സാമ്പത്തിക സഹായം

46. [96] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്ത് നടന്ന ആക്രമണങ്ങളുടെ ഫലമായി കൊല്ലപ്പെട്ടവരുടെ കുടുംബത്തിന് അടിയന്തിര സാമ്പത്തിക സഹായം നൽകാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ;

(ബി) ഇല്ലെങ്കിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

സി. പി. ഐ. (എം) ബി. ജെ. പി., ആർ. എസ്. എസ്., സി. പി. ഐ. (എം) സംഘട്ടനങ്ങൾ

47. [101] ശ്രീ. പി. സീതി ഹാജി :
,, കെ. പി. എ. മജീദ് :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1988 ആഗസ്ററ് ഒന്നാം തീയതിക്കുശേഷം കേരളത്തിൽ എത്ര സി. പി. ഐ. (എം) ബി. ജെ. പി., ആർ. എസ്. എസ്, സി. പി. ഐ(എം) സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) അതിൽ ആർ. എസ്. എസ്. കാരും, ബി. ജെ. പി. കാരും കൊല്ലപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) എവിടെയെല്ലാം ;

(ഡി) എത്ര ആർ. എസ്. എസ്. കാർക്കും എത്ര ബി. ജെ. പി. കാർക്കും പരിക്കുപററി ;

(ഇ) സി. പി. ഐ. (എം) ആർ. എസ്. എസ്. സന്ധിക്കുശേഷം ഏതെങ്കിലും സംഘട്ടനം ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) 170

(ബി) 3 ആർ. എസ്. എസ്. കാർ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ മംഗലാപുരം പോലീസ് സ്റേറഷനതിർത്തിയിലുള്ള കോഴിനട ക്ഷേത്ര സമീപംവച്ച്.

(ഡി) 92 ആർ. എസ്. എസ്. കാർക്കും 16 ബി. ജെ. പി. കാർക്കും.

(ഇ) ഉണ്ട്.

## പോലീസ് സ്റേറഷനിലുള്ള പോലീസുകാരുടെ എണ്ണം

48. [106] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പോലീസുകാർ ആകെ ഉണ്ട് ?

(ബി) ഒരു പോലീസ് സ്റേറഷനിൽ എത്ര പോലീസുകാർ വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഇതനുസരിച്ച് പോലീസുകാർ ഇപ്പോൾ പോലീസ് സേനയിൽ ഉണ്ടോ ;

(ഡി) എത്ര പോലീസുകാരുടെ ഒഴിവുകൾ ഇപ്പോഴുണ്ട് ;

(ഇ) ഈ ഒഴിവുകൾ എപ്പോൾ നികത്താൻ കഴിയും ?

### ഉത്തരം

(എ) 36308 (ഡി. ജി. പി. മുതൽ പോലീസ് കോൺസ്ററബിൾ വരെ.)

(ബി) ഒരു പോലീസ് സ്റേറഷനിൽ ഏററവും കുറഞ്ഞത് 1 എസ്. ഐ, 1 എ. എസ്. ഐ, 5 ഹെഡ്കോൺസ്ററബിൾമാർ 25 പോലീസ് കോൺസ്ററബിൾമാർ എന്ന കണക്കിൽ പോലീസുകാർ വേണമെന്നാണ് കണക്കാക്കിയിട്ടുള്ളതാണ്.

(സി) ഇല്ല.

(ഡി) പോലീസ് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിലായി 3900 പോലീസുകാരുടെ ഒഴിവുകളുണ്ട്.

(ഇ) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി തുടർന്നു കൊണ്ടിരിക്കുന്നു.

## പോലീസ് സ്റേറഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ

49 [107] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ :
,, കെ. പി. നൂറുദ്ദീൻ :
,, രമേശ് ചെന്നിത്തല :
,, എം. പി. താമി :
,, കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 8-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് അനുസരിച്ച് ഏതെല്ലാം പോലീസ് സ്റേറഷനുകൾക്കാണ് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് സ്റേറഷനുകളുടെ പണി ആവിഷ്ക്കരിച്ചു നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിൽ ഇനി എത്ര പോലീസ് സ്റേറഷനുകൾക്കാണ് പുതിയ കെട്ടിടങ്ങൾ വേണ്ടിയിരിക്കുന്നത് ;

(ഡി) ഈ കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

### ഉത്തരം

(എ) എട്ടാം ധനകാര്യ കമ്മീഷൻ അവാർഡനുസരിച്ച് പണി പൂർത്തിയായ (വാട്ടർ കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവ കൂടി ലഭിക്കേണ്ടതുൾപ്പെടെ) പോലീസ് സ്റേറഷനുകൾ താഴെ പറയും പ്രകാരമാണ്. ലിസ്ററ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) 32 പോലീസ് സ്റേറഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്.

(സി) 163.

(ഡി) 163 പോലീസ് സ്റേറഷനുകൾക്ക് 9-ാം ധനകാര്യ കമ്മീഷൻ അവാർഡ് ലഭിച്ചാൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്നു.

## തലശ്ശേരിയിലെ പോലീസ് ക്വാർട്ടേഴ്സിന്റെ പണി

50. [108] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിലെ പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇതിന്റെ നിർമ്മാണം ഏതു ഘട്ടത്തിലായി ;

(സി) ഇതിനായി എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ട് ?

### ഉത്തരം

(എ) തലശ്ശേരിയിലെ പോലീസ് ക്വാർട്ടേഴ്സുകളുടെ പണി 1989 മാർച്ച് മാസത്തിനുമുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പോലീസ് കോൺസ്ററബിൾമാരുടെ 76 ക്വാർട്ടേഴ്സുകളുടെ (5 ബ്ലോക്കുകൾ) പണി തീരാറാവുകയും മിനുക്കു പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഹെഡ് കോൺസ്ററബിൾമാർക്കും സബ് ഇൻസ്പെക്ടർമാർക്കുമുള്ള 12 ക്വാർട്ടേഴ്സുകളുടെ (2 ബ്ലോക്കുകൾ) പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) തലശ്ശേരി പോലീസ് ക്വാർട്ടേഴ്സിന്റെ പണിക്കായി ഇതുവരെ 51,67,525 രൂപ ചെലവായതായി കണക്കാക്കുന്നു.

## പോലീസിന്റെ പ്രവർത്തനത്തിലുണ്ടാകുന്ന വീഴ്ചകൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം

51. [109] ശ്രീ. ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന പാലനവും കുററകൃത്യങ്ങളുടെ അന്വേഷണവും സംബന്ധിച്ചുള്ള പോലീസിന്റെ പ്രവർത്തനത്തിലുണ്ടാകുന്ന വീഴ്ചകൾ കണ്ടുപിടിക്കുന്നതിന് നിലവിൽ വല്ല സംവിധാനവും ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സംവിധാനം കൊണ്ട് പോലീസിന്റെ പ്രവർത്തനത്തിലുണ്ടാകുന്ന വീഴ്ചകൾ കണ്ടുപിടിച്ച് തിരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) എങ്കിൽ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ), (ബി) മാസം തോറും വിവിധ തലങ്ങളിലുള്ള പോലീസുദ്യോഗസ്ഥൻമാരുടെ കോൺഫറൻസുകൾ വിളിച്ചു ചേർത്ത് ക്രമസമാധാന പാലനം, കുററാന്വേഷണം എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യുകയും വീഴ്ചകൾ പരിശോധിച്ച് പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാർക്കുള്ള നിർദ്ദേശം

52. [110] ശ്രീ. പി. കെ. കെ. ബാവ :
,, കെ. പി എ. മജീദ് :
,, കല്ലടി മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർക്ക് എതിരെ കല്ലേറ് ഉണ്ടായാൽ അവർ എന്തു നടപടി സ്വീകരിക്കണമെന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേരള മുഖ്യമന്ത്രി ഈയിടെ നൽകുകയുണ്ടായോ ;

(ബി) എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

പോലീസുകാരെ നിയമിക്കാൻ നടപടി

53. [111] ശ്രീ. ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പുതുതായി കൂടുതൽ പോലീസുകാരെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പുതുതായി എത്ര പോലീസുകാരെ നിയമിക്കാനുദ്ദേശിക്കുന്നു ;

(സി) പോലീസ് സ്റ്റേഷനുകളിൽ രജിസ്ററർ ചെയ്യുന്ന കേസ്സുകളുടെ എണ്ണത്തിൽ വരുന്ന വർദ്ധനവിനനുസരിച്ച് പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) നിലവിൽ സംസ്ഥാനത്ത് കോൺസ്ററബിൾ, ഹെഡ്കോൺസ്ററബിൾ, അസിസ്ററന്റ് എസ്. ഐ., എസ്. ഐ., സി. ഐ., ഡി. വൈ. എസ്. പി. തുടങ്ങി പോലീസ് സേനയിൽ നിലവിലുള്ള വിവിധ തസ്തികകളിലായി മൊത്തം എത്ര പേർ ജോലിനോക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 1988-ൽ താഴെപ്പറയുന്ന തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സർക്കിൾ ഇൻസ്പെക്ടർ | — | 17 |
| സബ് ഇൻസ്പെക്ടർ | — | 63 |
| അസിസ്ററന്റ് സബ് ഇൻസ്പെക്ടർ | — | 28 |
| ഹെഡ് കോൺസ്ററബിൾ | — | 317 |
| പോലീസ് കോൺസ്ററബിൾ | — | 1705 |
| പോലീസ് കോൺസ്ററബിൾ ഡ്രൈവർ | — | 100 |

സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് പുതുതായി പോലീസുകാരെ നിയമിക്കാൻ തല്ക്കാലം ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫിനാൻസ് കമ്മീഷൻ അവാർഡ് അനുസരിച്ച് പുതുതായി പോലീസ് സ്റ്റേഷനുകൾ അനുവദിക്കാറുണ്ട്.

(ഡി) വിവിധ തസ്തികകളിലെ സംഖ്യാബലം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ഡി. ജി. പി. | — | 1 |
| ഐ. ജി. പി. | — | 4 |
| ഡി. ഐ. ജി. പി. | — | 11 |
| എസ്. പി./ കമാൻറൻറ്/ ഡെപ്യൂട്ടി കമാൻറൻറ് | — | 61 |
| ഡി. വൈ എസ്. പി./ അസിസ്റ്റൻറ് കമാൻറൻറ് | — | 168 |
| ഇൻസ്പെക്ടർ | — | 373 |
| സബ് ഇൻസ്പെക്ടർ | — | 1369 |
| അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ | — | 623 |
| ഹെഡ് കോൺസ്റ്റബിൾ | — | 6441 |
| പോലീസ് കോൺസ്റ്റബിൾ | — | 25617 |
| പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ | | 1640 |
| ആകെ | | 36308 |

## പോലീസുകാരുടെ പേരിൽ നടപടി

54. [112] ശ്രീ. വി. എം. സുധീരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ. ഒ കുര്യാക്കോസിനെ ക്രൂരമായി മർദ്ദിച്ച ചാവക്കാട് സബ് ഇൻസ്പെക്ടറുടെയും, പോലീസുകാരുടെയും പേരിൽ ഇതുവരെ ഗവൺമെൻറ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

ശ്രീ. കുര്യാക്കോസിനെ മർദ്ദിച്ച ചാവക്കാട് എസ്. ഐ. ശ്രീ. ഇ. റ്റി. മാത്യു, ഹെഡ്കോൺസ്റ്റബിൾ പ്രഭാകരൻ, കോൺസ്റ്റബിൾമാരായ അബ്ദുൾ ജാഫർ, വിദ്യാനന്ദൻ, നാരായണൻകുട്ടി എന്നിവരെ 30-8-1988 മുതൽ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻറ് ചെയ്തിട്ടുണ്ട്. ഇവരുടെ പേരിൽ വകുപ്പുതലാന്വേഷണത്തിന് ഉത്തരവാവുകയും, ഇവർക്കെതിരെയുള്ള കുററപത്രം നൽകിയശേഷം അതിനുള്ള സമാധാനം ബോധിപ്പിക്കുവാനുള്ളത് കിട്ടുന്നതിനായി കാത്തിരിക്കുകയാണ്. പ്രസ്തുത സംഭവത്തിന് ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 143, 147, 323, 149 എന്നി വകുപ്പുകൾ പ്രകാരം ക്രൈം 237/88-ാം നമ്പരായി 1-9-1988-ൽ ചാവക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന കേസ് തുടർന്നുള്ള അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേസ് ഇപ്പോൾ ക്രൈംബ്രാഞ്ചിൻെറ അന്വേഷണത്തിലാണ്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടികൾ

55. [113] ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ അഴിമതിയുടെയും പരാതിയുടെയും പേരിൽ സംസ്ഥാന പോലീസ് വകുപ്പിലെ എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടികൾ എടുക്കേണ്ടിവന്നിട്ടുണ്ട്;

(ബി) സസ്പെൻഷനുമാത്രം വിധേയരായവർ എത്ര;

(സി) ഈ ഗവൺമെൻറിൻെറ പോലീസ് നയത്തെ തുരങ്കം വയ്ക്കാൻ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ ബോധപൂർവ്വം ശ്രമം നടത്തുന്നതായി പോലീസ് ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.
(സി) ഇല്ല.

## സംസ്ഥാന പോലീസ് സേനയിലെ ഡി. ജി. പി. മാരുടേയും, ഐ. ജി മാരുടേയും എണ്ണം കുറയ്ക്കുന്നതിനെ സംബന്ധിച്ച്

56. [114]* ശ്രീ. ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ഡി. ജി. പി. മാരുടേയും, ഐ. ജി മാരുടേയും എണ്ണം കുറയ്ക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ഇതിനെ സംബന്ധിച്ച് ഗവൺമെൻറിൻെറ എക്സ്പെൻഡീച്ചർ കമ്മീഷൻ എന്തെങ്കിലും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

എ) ഇപ്പോൾ ആലോചിച്ചിട്ടില്ല.
ബി, സി) ഇതേപ്പററി ഗവൺമെൻറിന് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## ജുഡിഷ്യൽ അന്വേഷണങ്ങൾ

57. [115] ശ്രീ. പി. പി. തങ്കച്ചൻ:
,, കെ. ശങ്കരനാരായണൻ:
,, കെ. പി. കുഞ്ഞിക്കണ്ണൻ:
,, കെ. പി. വിശ്വനാഥൻ:
,, കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ജുഡിഷ്യൽ അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിട്ടുണ്ട്;

(ബി) അവ ഏതെല്ലാം; അവയെ സംബന്ധിച്ച റിപ്പോർട്ട് ഗവൺമെൻറിന് കിട്ടിക്കഴിഞ്ഞുവോ;

(സി) ഏതെല്ലാം സംഭവങ്ങളെപ്പററി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം ഗവൺമെൻറ് മുൻപാകെ വന്നിട്ടുണ്ട്;

(ഡി) ഉണ്ടെങ്കിൽ അവ ഏത് സംഭവങ്ങളെപ്പററിയെന്നും ഇതിൽ ഗവൺമെൻറിൻെറ നിലപാട് എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1952-ലെ എൻക്വയറി കമ്മീഷൻ ആക്ട് പ്രകാരം ഏഴ് അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിട്ടുണ്ട്.

(ബി) അവ ഇനിപറയുന്നവയാണ്.

1. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി വാങ്ങിയത് സംബന്ധിച്ച് ആരോപിക്കപ്പെട്ടിട്ടുള്ള ക്രമക്കേടുകളെപ്പററി അന്വേഷിക്കുന്നതിന് ജസ്ററിസ് എം. പി. മേനോൻ കമ്മീഷൻ.

2. എറണാകുളം ക്രൈംബ്രാഞ്ച് പോലീസ് കസ്ററഡിയിൽ എടുക്കുകയും പിന്നീട് എറണാകുളം ചെറുതുരുത്തി റെയിൽവെ ലൈനിൽ മരിച്ചുകിടക്കുന്നതായി കാണപ്പെടുകയും ചെയ്ത ചന്ദ്രശേഖര വാര്യർ മരിക്കാനിടയായ സാഹചര്യത്തെപ്പററി അന്വേഷിക്കുന്നതിന് ശ്രീ. എം. എ. അബൂബേക്കർ കമ്മീഷൻ.

3. താനൂർ പോലീസ് സ്റേറഷൻ അതിർത്തിക്കുള്ളിൽവച്ച് ഷൺമുഖം എന്നൊരാൾ 1-11-1987-ൽ മരിക്കാനിടയായ സാഹചര്യങ്ങളെപ്പററി അന്വേഷിക്കുന്നതിന് ശ്രീ കെ. അരവിന്ദാക്ഷമേനോൻ കമ്മീഷൻ

4. മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരായി ഉന്നയിച്ചിട്ടുള്ള അഴിമതിയാരോപണങ്ങളെപ്പററി അന്വേഷിക്കുന്നതിന് ജസ്ററിസ് ഒ. ചിന്നപ്പറെഡ്ഡി കമ്മീഷൻ.

5. മുൻ സർക്കാർ പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തതിൽ ഉണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ജസ്ററിസ് കെ.കെ. നരേന്ദ്രൻ കമ്മീഷൻ.

6. കോഴിക്കോട് മാനാഞ്ചിറ മൈതാനത്ത് 17-10-1988-ൽ പോലീസ് നടത്തിയ ബലപ്രയോഗത്തെപ്പററി അന്വേഷിക്കുന്നതിന് ജസ്ററിസ് കെ. കെ നരേന്ദ്രൻ കമ്മീഷൻ.

7. പാലക്കാട്ട് 17-11-1988-ൽ കോൺഗ്രസ് (ഐ) നടത്തിയ പിക്കററിംഗിനെ തുടർന്ന് ഉണ്ടായ സംഭവങ്ങൾ നേരിടാൻ പോലീസ് നടത്തിയ ബലപ്രയോഗം സംബന്ധിച്ച പ്രശ്നം അന്വേഷിക്കുന്നതിന് ശ്രീ. കെ. വാസുദേവൻ കമ്മീഷൻ.

മേൽപ്പറഞ്ഞവയിൽ ജസ്ററിസ് ശ്രീ. എം. പി. മേനോൻ കമ്മീഷൻെറയും ശ്രീ കെ. അരവിന്ദാക്ഷമേനോൻ കമ്മീഷൻെറയും റിപ്പോർട്ടുകൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്.

(സി) ഈ അടുത്തകാലത്ത് കണ്ണൂർ സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും, കോഴിക്കോട് സംഭവത്തെക്കുറിച്ച് അന്വേഷണത്തിൻെറ പരിധിയിൽ നാദാപുരം സംഭവംകൂടി ഉൾപ്പെടുത്തണമെന്നുമുള്ള ആവശ്യം ചില കക്ഷികൾ ഉന്നയിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ ഗവൺമെൻറ് തീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ച് ആക്രമിക്കരുതെന്ന് ആഹ്വാനം

58. [116] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി :
,, ഇസ്ഹാക് കുരിക്കൾ :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളം ഭരിക്കുന്ന ഏതെങ്കിലും ഒരു കക്ഷിയുടെ ഉന്നതനായ നേതാവ് ഇങ്ങോട്ട് ആക്രമിച്ചാലും തിരിച്ച് ആക്രമിക്കരുതെന്ന് അണികൾക്ക് നൽകിയ ആഹ്വാനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് പാർട്ടിയുടെ നേതാവാണ് ഈ ആഹ്വാനം നൽകിയത് ?

ഉത്തരം

(എ) ഉണ്ട്.
(ബി) സി.പി.ഐ. (എം.) ന്റെ.

സംസ്ഥാനത്തെ ജയിലുകളിലുള്ള തടവുകാർ

59. [121] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ജയിലുകളിൽ എത്ര തടവുകാർ ഉണ്ടായിരുന്നു ;

(ബി) ഇപ്പോൾ എത്ര തടവുകാർ ഉണ്ട് ;

(സി) അതിൽ സ്ത്രീ തടവുകാർ എത്ര ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തടവുകാരെ പരോളിൽ വിട്ടു ;

(ഇ) ഇപ്രകാരം വിട്ടവർ വീണ്ടും കുററകൃത്യങ്ങൾ ചെയ്തതായ വല്ല സംഭവവും ഉണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ജയിലുകളിൽ 3352 പുരുഷൻമാരും 109 സ്ത്രീകളും ഉൾപ്പെടെ ആകെ 3461 തടവുകാർ ഉണ്ടായിരുന്നു.

(ബി) 1-12-1988-ലെ കണക്കനുസരിച്ച് ആകെ 4524 തടവുകാർ ഉണ്ട്.

(സി) 163 പേർ.

(ഡി) 3010 പേരെ (തുറന്ന ജയിൽ—660, കോഴിക്കോട് ജില്ലാ ജയിൽ—12, തിരുവനന്തപുരം സെൻട്രൽ പ്രിസൺ—1220, കണ്ണൂർ സെൻട്രൽ പ്രിസൺ—970, വിയ്യൂർ, സെൻട്രൽ പ്രിസൺ—148) ഒന്നിലേറെ പ്രാവശ്യം പരോളിൽ പോയവരുടെ എണ്ണംകൂടി ചേർത്താണ് ഈ കണക്ക്.

(ഇ) ഉണ്ട്.

വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്. †

‡ അനുബന്ധം 12

LIBRARY ARCHIVES Kerala Legislative Assembly

## പരോളിൽ ഇറങ്ങിയവർ

60. [122] ശ്രീ. കെ. കെ. ശ്രീനിവാസൻ :
ശ്രീമതി ലീലാ ദാമോദരമേനോൻ :
ശ്രീ. എം. പി. താമി :
,, കെ. മുഹമ്മദാലി :
,, എൻ. മനോഹരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാരെ പരോളിൽ വിടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പരോളിൽ ഇറങ്ങിയവർ കുററകൃത്യങ്ങളിൽ ഏർപ്പെട്ടതായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആ സംഭവങ്ങൾ ഏതൊക്കെയെന്നും, സർക്കാർ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സെൻട്രൽ ജയിലുകൾ, തുറന്ന ജയിൽ എന്നിവിടങ്ങളിലെ തടവുകാർക്ക് അവധി അനുവദിക്കുന്നത് 1958-ലെ കേരളാ ജയിൽ ചട്ടങ്ങളിലെ 452 മുതൽ 457 വരെയുള്ള ചട്ടങ്ങൾക്ക് വിധേയമാക്കിയിട്ടാണ്.

(ബി) ഉണ്ട്.

(സി) സംഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. † അവധിയിൽ പോയ തടവുകാർ സ്ഥലം പോലീസിന്റെ മേൽനോട്ടത്തിലായിരിക്കും. അവധിയിൽ പോയ തടവുകാർ അവധിക്കാലത്ത് കുററകൃത്യങ്ങളിൽ ഏർപ്പെട്ടാൽ പോലീസ് തടവുകാരെ അറസ്ററ് ചെയ്ത് കേസ് രജിസ്ററർ ചെയ്യുകയും വിവരം ബന്ധപ്പെട്ടജയിൽ സൂപ്രണ്ടിനെ അറിയിക്കുകയുമാണ് ചെയ്യുന്നത്. ഭാവിയിൽ ഈ തടവുകാർക്ക് പരോൾ അനുവദിക്കാതിരിക്കുന്നത് ഒരു നയമായിട്ട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

## ജയിൽ പുള്ളികൾ

61. [124] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ജയിൽ പുള്ളികളെ ഇതുവരെ വിട്ടയച്ചു ;

(ബി) ഇതിൽ കൊലക്കേസുമായി ബന്ധപ്പെട്ടവരെത്ര ?

ഉത്തരം

(എ) 314 ജയിൽ പുള്ളികളെ വിട്ടയച്ചു. ഇവരിൽ 125 പേർ ജയിൽ ഉപദേശക സമിതിയുടെ ശുപാർശയനുസരിച്ചും 187 പേർ റിട്ടയേർഡ് ചീഫ് ജസ്ററീസ് ശ്രീ. സുബ്രഹ്മണ്യൻ പോററി ചെയർമാനായി രൂപീകരിച്ച "സംസ്ഥാന ജയിൽ ഉപദേശക കമ്മിററി" യുടെ ശുപാർശ പ്രകാരവും രണ്ടു പേർ ജയിൽ ചട്ടങ്ങളിലെ 539-ാം ചട്ടപ്രകാരം മെഡിക്കൽ ഗ്രൗണ്ടിലുമാണ് വിട്ടയച്ചിട്ടുള്ളത്.

(ബി) വിട്ടയക്കപ്പെട്ടവരിൽ രണ്ടു പേരൊഴിച്ച് മററെല്ലാവരുംതന്നെ കൊലക്കുററത്തിനോ കൊലപാതക സംബന്ധമായ കുററങ്ങൾക്കോ ശിക്ഷിക്കപ്പെട്ടവർ ആയിരുന്നു.

† അനുബന്ധം 13

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മുൻകൂർ ജാമ്യമെടുത്ത ഉദ്യോഗസ്ഥൻമാർ

62. [130] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് അന്വേഷണത്തെ തുടർന്ന് മുൻകൂർ ജാമ്യമെടുത്ത എത്ര ഉദ്യോഗസ്ഥൻമാർ സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായിട്ടുണ്ട്;

(ബി) അവർ ആരെല്ലാം; അവർ ഏതേതു വകുപ്പുകളിൽ ജോലി ചെയ്തവരാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) മുൻകൂർ ജാമ്യമെടുത്തവരെ സർവ്വീസിൽനിന്ന് സസ്പെൻറ് ചെയ്യാതിരിക്കാനുള്ള കാരണമെന്താണ്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഒരു പൊതുമേഖലാ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥൻ വിജിലൻസ് അന്വേഷണത്തെ തുടർന്ന് മുൻകൂർ ജാമ്യമെടുത്തിട്ടുണ്ട്.

(ബി) വിജിലൻസ് കേസുകളുടെ രഹസ്യ സ്വഭാവം കണക്കിലെടുത്ത് വിശദവിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) സസ്പെൻഷൻ ആവശ്യമായി വരുമ്പോൾ മാത്രമേ സസ്പെൻറ് ചെയ്യാറുള്ളു.

## പി. ആർ. ഡി. പ്രസിദ്ധീകരണങ്ങൾ

63. [135] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. ആർ. ഡി. പ്രസിദ്ധീകരണത്തിനുവേണ്ടി ചെലവഴിച്ച തുക എത്ര;

(ബി) ഏതെല്ലാം പ്രസിദ്ധീകരണങ്ങളാണ് പുറത്തിറക്കിയത്;

(സി) ഏററവും കൂടുതൽ കോപ്പി പ്രിൻറു ചെയ്ത പ്രസിദ്ധീകരണം ഏതാണ്;

(ഡി) എത്ര കോപ്പി?

### ഉത്തരം

(എ) പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങൾ പ്രധാനമായും അച്ചടിക്കുന്നത് ഗവൺമെൻറ് പ്രസ്സിലാണ്. 'സർവ്വീസ് ഐററം' ആയതിനാൽ ഈയിനത്തിൽ ചെലവ് കണക്കാക്കാറില്ല. എന്നാൽ തൃക്കാക്കര കേരളാ ബുക്ക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈററി പ്രസ്സിൽ അച്ചടിച്ച 'ദേശഭക്തി ഗാനങ്ങൾ' 'മ്യൂറൽസ് ഓഫ് കേരള', 'മോഹിനിയാട്ടം' തുടങ്ങിയ പുസ്തകങ്ങൾ, ജനപഥം, കേരള കോളിങ് എന്നീ മാസികകളുടെ കവർ പേജ്, ചില പോസ്ററുകൾ എന്നിവ അച്ചടിച്ചതിനും മററുമായി ആകെ 4,31,496 രൂപ ചെലവായിട്ടുണ്ട്.

(ബി) പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങളുടെ പട്ടിക ഇതോടൊപ്പം വച്ചിട്ടുണ്ട്. † ഇവ കൂടാതെ ജനപഥം, കേരളാ കോളിംഗ് എന്നീ മാസികകളും പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി), (ഡി) കേരളത്തിൻെറ സാമ്പത്തിക സ്ഥിതി വസ്തുതകളും കണക്കുകളും, ദേശഭക്തി ഗാനങ്ങൾ, തിരുവനന്തപുരം നഗരവാസികളോട് നന്ദിപൂർവ്വം എന്നീ പ്രസിദ്ധീകരണങ്ങളാണ് ഏററവും കൂടുതൽ അച്ചടിച്ചത്. ഇവയുടെ ഒരു ലക്ഷം കോപ്പി വീതമാണ് അച്ചടിച്ചത്.

† അനുബന്ധം 14

LIBRARY ARCHIVES Kerala Legislative Assembly

## ഭാഷാ ന്യൂനപക്ഷ കമ്മിററി

64. [136] ശ്രീ. സുന്ദരം മാണിക്യം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭാഷാ ന്യൂനപക്ഷ കമ്മിററി മീററിംഗ് ഇനി എന്നാണ് കൂടുന്നത് ;

(ബി) കമ്മിററി മീററിംഗ് കൂടിയിട്ട് വളരെ നാൾ കഴിഞ്ഞിരിക്കുന്നതിനാൽ അടിയന്തിരമായി മീററിംഗ് വിളിച്ചു കൂട്ടാൻ സർക്കാർ മുന്നോട്ടു വരുമോ ?

### ഉത്തരം

(എ) തീയതി നിശ്ചയിച്ചിട്ടില്ല.

(ബി) ഭാഷാ ന്യൂനപക്ഷ കമ്മിററിയുടെ ഒരു യോഗം അടിയന്തിരമായി വിളിച്ചുകൂട്ടാൻ നടപടി സ്വീകരിക്കുന്നതാണ്.

## ഭാഷാ ന്യൂനപക്ഷങ്ങളുടെ സുരക്ഷിതത്വത്തിനുള്ള മുൻകരുതൽ

65. [137] ശ്രീ. സുന്ദരം മാണിക്യം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തമിഴ് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം ഉത്തരവുകൾ പുറപ്പെടുവിച്ചു ;

(ബി) മേൽപ്പറഞ്ഞ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനുവേണ്ടി നമ്മുടെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ പലതും സർക്കാർ സ്ഥാപനങ്ങൾ പാലിച്ചിട്ടില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ അവസ്ഥ മാററാൻ സർക്കാർ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തമിഴ് ന്യൂനപക്ഷങ്ങൾക്ക് പ്രയോജനപ്പെടുന്നതിന് രണ്ട് തമിഴ് പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഭാഷാന്യൂനപക്ഷ കമ്മിററി പുനഃസംഘടിപ്പിച്ചു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

## നെല്ലിന് താങ്ങുവില

66 [139] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെനിന്നെങ്കിലും നെല്ല് താങ്ങുവിലയ്ക്ക് 1988-ൽ ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ഇല്ലെങ്കിൽ താങ്ങുവിലയ്ക്ക് നെല്ല് എടുക്കാതിരിക്കാനുള്ള കാരണമെന്ത് ;

(ഡി) 1987-ൽ പാലക്കാട് ജില്ലയിൽനിന്ന് താങ്ങുവിലയ്ക്ക് നെല്ല് ശേഖരിച്ചിരുന്നുവോ ;

(ഇ) ഉണ്ടെങ്കിൽ എത്ര ടൺ ;

(എഫ്) ഒരു ക്വിന്റൽ നെല്ലിന് നൽകിയിരുന്ന താങ്ങുവില എത്ര ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നെല്ലിന്റെ വില കുറഞ്ഞ സാഹചര്യത്തിൽ നെൽക്കൃഷിക്കാർക്ക് അവരുടെ മുതൽ മുടക്കിന് അനുസരിച്ചുള്ള വില ലഭ്യമാക്കുന്നതിനു വേണ്ടിയാണ് നെല്ല് സംഭരിക്കുവാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ ഇപ്പോൾ നെല്ലിന്റെ കമ്പോള വില വളരെ ഉയർന്നതിനാൽ താങ്ങുവിലയ്ക്ക് നെല്ല് ലഭിക്കാതെ വന്നു. അതിനാൽ ഈ പദ്ധതി തൽക്കാലം നിറുത്തി വച്ചിരിക്കുകയാണ്.

(ഡി) ശേഖരിച്ചിരുന്നു.

(ഇ) 3015 ടൺ.

(എഫ്) 225 രൂപ.

റേഷൻ വിതരണത്തിന് പുഴുക്കലരി

67 [150] ശ്രീ. മാമൻ ഐപ്പ് :
,, സി. എ. മാത്യു :
,, കെ. കെ. മാധവൻ :
,, ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റേഷൻ കടകളിലൂടെ ഇപ്പോൾ പച്ചരിയാണ് വിതരണം ചെയ്യുന്നത് എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) തൻമൂലം പരസ്യമാർക്കറ്റിൽ അരിയുടെ വില വർദ്ധിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിൽ റേഷൻ വിതരണത്തിന് ആവശ്യമാത്ര പുഴുക്കലരി ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ കേന്ദ്രഗവൺമെന്റ് അനുവദിക്കുന്നതിൽ ബഹുഭൂരിഭാഗവും പച്ചരി ആയതുകൊണ്ട് 1988 നവംബർ മാസം മുതൽ ഭൂരിഭാഗവും പച്ചരിയാണ് വിതരണം ചെയ്യുന്നത്.

(ബി) റേഷൻ വിതരണം പച്ചരിയായതുകൊണ്ട് പരസ്യവിപണിയിൽ അരിയുടെ വില വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്.

(സി) കേരളത്തിന് ആവശ്യമായ അരി കഴിയുന്നത്ര പുഴുക്കലരിയായിത്തന്നെ ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് നേരത്തെ രേഖാമൂലവും നേരിട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രം കൂടുതൽ പുഴുക്കലരി അലോട്ട് ചെയ്താൽ മാത്രമേ പുഴുക്കലരി കൂടുതലായി വിതരണം നടത്താൻ കഴിയൂ.

റേഷൻ വിതരണം

68. [155] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കടകൾവഴി യൂണിറ്റൊന്നിന് എന്തു നിരക്കിലാണ് അരി വിതരണം ചെയ്യുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം വിതരണം ചെയ്യുന്നതിന് പ്രതിവർഷം എത്ര ടൺ അരി വേണ്ടിവരും ;

(സി) കാർഡുടമകൾക്ക് 70% അരി മാത്രമേ ലഭിക്കുന്നുള്ളുവെന്നുള്ള വ്യാപകമായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ നിരക്കിൽ അരി വിതരണം ചെയ്യാനുള്ള കാരണമെന്തെന്നു വ്യക്തമാക്കുമോ ;

(ഇ) റേഷൻകടകളിലൂടെ കാർഡൊന്നിന് എന്ത് നിരക്കിലാണ് ഗോതമ്പ്, പാമോയിൽ, പഞ്ചസാര എന്നിവ വിതരണം ചെയ്യുന്നത് ;

(എഫ്) ഇവ കൃത്യമായി ലഭിക്കുന്നില്ലാ എന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(എച്ച്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര റേഷൻകടകളുടെ ലൈസൻസ് റദ്ദു ചെയ്തിട്ടുണ്ട് ; എത്ര കടകളുടെ ലൈസൻസ് സസ്പെൻറ് ചെയ്തിട്ടുണ്ട് ;

(ഐ) കണക്കനുസരിച്ച് അരി ലഭിക്കുന്നില്ലെന്ന് പരാതിപ്പെടുന്ന റേഷൻകട ഉടമകളെ പലതരത്തിൽ ഉദ്യോഗസ്ഥൻമാർ ബുദ്ധിമുട്ടിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) യൂണിറ്റൊന്നിന് പ്രതിദിനം 110 ഗ്രാം എന്ന നിരക്കിൽ അരി വിതരണം ചെയ്യുന്നു.

(ബി) പ്രതിവർഷം 18,00,000 മെ. ടൺ അരി വേണ്ടിവരും.

(സി) & (ഡി) ചില റേഷൻ വ്യാപാരികൾ മുഴുവൻ റേഷൻ നൽകുന്നില്ലെന്ന് ഒറ്റപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യക്കാർക്ക് മുഴുവൻ റേഷൻ ഉറപ്പുവരുത്തുവാനും അതിനു വിപരീതമായി പ്രവർത്തിക്കുന്ന വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുവാനും ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) റേഷൻകടകളിലൂടെ വിതരണം നടത്തുന്ന ഗോതമ്പ്, പാമോയിൽ, പഞ്ചസാര എന്നിവയുടെ നിരക്ക് താഴെ ചേർക്കുന്നു.

ഗോതമ്പ് :— മുതിർന്നവർക്ക് പ്രതിദിനം 240 ഗ്രാമും കുട്ടികൾക്ക് അതിൽ പകുതിയും.

പഞ്ചസാര :— ആളൊന്നിന് പ്രതിമാസം 450 ഗ്രാം വീതം.

പാമോയിൽ :— കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന വിഹിതമനുസരിച്ച് ഒരു കാർഡിന് മാസത്തിൽ ഒരു കിലോ, അര കിലോ എന്ന തോത്.

(എഫ്) ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ചോദ്യമുദിക്കുന്നില്ല

(എച്ച്) 266 റേഷൻകടകളുടെ ലൈസൻസ് റദ്ദു ചെയ്യുകയും 1171 കടകളുടെ ലൈസൻസ് സസ്പെൻറ് ചെയ്യുകയും, ചെയ്തിട്ടുണ്ട്.

(ഐ) ഈ രീതിയിലുള്ള പരാതികൾ ലഭിച്ചിട്ടില്ല.

2/942/V.

LIBRARY ARCHIVES Kerala Legislative Assembly

### റേഷൻ അരിവിഹിതം

69. [158] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിലേക്ക് അലോട്ടു ചെയ്തിട്ടുള്ള അരി മുഴുവൻ കാർഡ് ഉടമകൾക്ക് നൽകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) പല സ്ഥലങ്ങളിലും 70 ശതമാനം അരി മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) കാർഡുടമകൾ ആവശ്യപ്പെടുന്ന പക്ഷം നിലവിലുള്ള തോതിൽ (യൂണിറ്റിന് പ്രതിദിനം 110 ഗ്രാം അരി) മുഴുവൻ റേഷൻ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ചില റേഷൻവ്യാപാരികൾ മുഴുവൻ റേഷനും നൽകുന്നില്ലെന്ന് അപൂർവ്വം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യക്കാർക്ക് മുഴുവൻ റേഷൻ വിതരണം ഉറപ്പു വരുത്താനും വിപരീതമായി പ്രവർത്തിക്കുന്ന വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ഭക്ഷ്യം, സിവിൽസപ്ലൈസ്, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകൾക്ക് വകയിരുത്തിയിട്ടുള്ള തുക

70. [164] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യം, സിവിൽസപ്ലൈസ്, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ പ്രവർത്തനത്തിന് 1988-89-ലെ ബഡ്ജററിൽ ഓരോ ഇനത്തിനും എന്തു തുക വീതം വകയിരുത്തിയിട്ടുണ്ടായിരുന്നു ;

(ബി) 1988 നവംബർ വരെ ഓരോ ഇനത്തിലും എന്തു തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) & (ബി) ഭക്ഷ്യം, സിവിൽസപ്ലൈസ്, മൃഗസംരക്ഷണം, ക്ഷീരവികസനം വകുപ്പുകളെ സംബന്ധിച്ച വിവരം യഥാക്രമം അനുബന്ധം I, II, III-ൽ കൊടുത്തിരിക്കുന്നു. †

### പുതിയ ഡയറികൾ

71. [166] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പുതിയ ഡയറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ബി) ഇതിനു കേന്ദ്രഗവൺമെന്റിൽ നിന്നുള്ള എന്തു സഹായമാണ് ലഭിക്കുന്നത് ;

(സി) സംസ്ഥാന ഗവൺമെന്റ് എന്തു തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം 15, 16, 17.

ഉത്തരം

(എ) ഡയറിപ്ലാന്റുകൾ സ്ഥാപിക്കുന്നത് പൊതുവേ സഹകരണ മേഖലയിലാണ്.

(ബി) ഇപ്രകാരം ഡയറികൾ സ്ഥാപിക്കുന്നതിന് കേന്ദ്രഗവൺമെന്റ് ധനസഹായം ഒന്നും ചെയ്യുന്നില്ല. നാഷണൽ ഡയറി ഡവലപ്പുമെന്റ് ബോർഡിൽ വിദേശ സഹായമായും മററും കിട്ടുന്ന പണം സംസ്ഥാന സഹകരണ ക്ഷീരവികസന ഫെഡറേഷന് 70% ലോണായും 30% ഗ്രാന്റായും നേരിട്ടാണ് നൽകുന്നത്. എന്നാൽ ഈ ലോൺ തിരിച്ചടയ്ക്കുമെന്നുള്ളതിനു ഉറപ്പായി സംസ്ഥാന ഗവൺമെന്റ് നാഷണൽ ബോർഡിന് ഗ്യാരൻറി ഉടമ്പടി എഴുതി കൊടുത്തിട്ടുണ്ട്.

(സി) ഈ ഡയറി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സംസ്ഥാന സർക്കാർ സഹകരണ ഫെഡറേഷനു ദീർഘകാല പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള സ്ഥലത്തിന്റെ വിലയായും ഗവൺമെന്റ് അധീനതയിലുണ്ടായിരുന്ന ഡയറി പ്ലാന്റുകൾ, ചില്ലിംഗ് പ്ലാന്റുകൾ, കാലിത്തീററ ഫാക്ടറികൾ ഇവയുടെ ആസ്തിയായും 15 കോടി രൂപയുടെ ആസ്തി ഗവൺമെന്റ് സഹകരണ ഫെഡറേഷനു കൈമാറിയിട്ടുണ്ട്.

വെള്ളനാട് മൃഗാശുപത്രി

72. [167] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളനാട് പഞ്ചായത്ത് കേന്ദ്രമാക്കി ഒരു മൃഗാശുപത്രി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) വകുപ്പിന്റെ പുന:സംഘടനാവേളയിൽ പുതിയ മൃഗാശുപത്രികൾ അനുവദിക്കുമ്പോൾ പരിഗണിക്കുന്നതിനായി വച്ചിട്ടുണ്ട്.

തീരുമാനമാകാതെ കെട്ടിക്കിടപ്പുള്ള ഫയലുകൾ

73. [171] ശ്രീ. ഒ. രേതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹെൽത്ത് സർവീസസ് ഡയറക്ടറുടെ ആഫീസിൽ തീരുമാനമാകാതെ കെട്ടിക്കിടപ്പുള്ള ഫയലുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഹെൽത്ത് സർവീസസ് ഡയറക്ടർ ആഫീസിൽ ഫയലുകളിൻ മേൽ തീരുമാനം എടുക്കുന്നതിനു വരുന്ന കാലതാമസത്തെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17-12-1988-ലെ റിപ്പോർട്ട് അനുസരിച്ച് 19,838 ഫയലുകൾ.

(ബി) ഉണ്ട്. എല്ലാ മാസവും ഫയലുകളുടെ കണക്കുകൾ സർക്കാർ വാങ്ങി പരിശോധിച്ച് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പു കല്പിക്കുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## നഴ്സുമാരുടെ അനുപാതം

74 [174] ശ്രീ. രമേശ് ചെന്നിത്തല :
,, കെ. എ. ചന്ദ്രൻ :
,, കെ. സി. ജോസഫ് :
,, എം. എം. ഹസ്സൻ :
,, എം. പി. താമി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആതുരസേവാ സ്ഥാപനങ്ങളിൽ മൊത്തം എത്ര നഴ്സുമാരാണുള്ളത് ;

(ബി) ഇന്നു നിലവിലുള്ള നഴ്സുമാരും രോഗികളും തമ്മിലുള്ള അനുപാതം എന്താണ് ;

(സി) ഈ അനുപാതം എത്രയായിരിക്കണമെന്നാണ് പൈ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് ;

(ഡി) നഴ്സുമാരുടെ സേവന വ്യവസ്ഥകളിൽ ഈ സർക്കാർ എന്തെല്ലാം മാററങ്ങളാണ് വരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) 5400.

(ബി) നഴ്സുമാരും രോഗികളും തമ്മിലുള്ള അനുപാതം നിശ്ചയിച്ചിട്ടില്ല. നഴ്സുമാരും കിടക്കകളും തമ്മിലുള്ള അനുപാതം 1:6 ആണ്. മൂന്ന് ഷിഫ്ററ് സമ്പ്രദായം നിലവിലുള്ള ആശുപത്രികളിൽ ഇത് 1:4 ആണ്.

(സി) നഴ്സുമാരും കിടക്കകളും തമ്മിൽ 1:5 ആണ് പൈ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തെ നഴ്സുമാർക്ക് മൂന്നു ഷിഫ്ററ് സമ്പ്രദായം ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് ആശുപത്രി, എസ്. എ. ററി. ആശുപത്രി, കോഴിക്കോട് ജില്ലയിലെ മെഡിക്കൽ കോളേജ് ആശുപത്രി, ഐ. എം. സി. എച്ച്. ജില്ലാ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിൽ 3 ഷിഫ്ററ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 നിയമനത്തിന് മിനിമം ക്വാളിഫിക്കേഷൻ

75 [175] ശ്രീ. ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധോദ്ദേശ ആരോഗ്യപരിപാടി അനുസരിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്—2 ആയി നിയമനത്തിന് പരിഗണിക്കപ്പെടേണ്ടവരുടെ മിനിമം ക്വാളിഫിക്കേഷൻ എന്തായിരിക്കണമെന്ന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ക്വാളിഫിക്കേഷൻ നിർണ്ണയം സംബന്ധിച്ച പി. എസ്. സി. യുടെ അഭിപ്രായത്തിൻമേൽ ഗവൺമെൻറ് തീരുമാനം എടുക്കാതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ക്വാളിഫിക്കേഷൻ നിർണ്ണയം സംബന്ധിച്ച നടപടികളിലെ കാലവിളംബം ഒഴിവാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

#### ഉത്തരം

(എ) അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി & സി) ഇക്കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്.

### ആനാട് ആയുർവേദാശുപത്രി

76 [177] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആനാട് ആയുർവേദാശുപത്രിയുടെ പ്രവർത്തനങ്ങളുടെ പോരായ്മകളെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

#### ഉത്തരം

(എ) ഉണ്ട്.

(ബി) ആനാട് ആയുർവേദാശുപത്രിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കാണിച്ചുകൊണ്ട് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ മെഡിക്കലാഫീസറും (ഐ. എസ്. എം.) നാട്ടുചികിൽസാവകുപ്പ് ഡയറക്ടറും അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്.

### കോഴിക്കോട് ജില്ലയിലെ ആയുർവേദ ഡിസ്പെൻസറി

77 [178] ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏറാമല പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്ഥലത്ത് ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും സർക്കാരിനു നൽകാൻ നാട്ടുകാർ തയ്യാറായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ & ബി) ഉണ്ട്. സാമ്പത്തിക ദൗർലഭ്യം നിമിത്തം അതു അനുവദിക്കാൻ കഴിഞ്ഞില്ല.

(സി) ഉണ്ട്.

മാന്നാർ ആശുപത്രിയിൽ സ്റ്റാഫിന്റെ കുറവ് പരിഹരിക്കാൻ നടപടി

78 [185] ശ്രീ. മാമ്മൻ ഐപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മാന്നാർ ആശുപത്രിയിൽ ആവശ്യമായ നഴ്സുമാരും സ്റ്റാഫും ഇല്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആശുപത്രിക്ക് ആവശ്യമായ പോസ്റ്റുകൾ ഉണ്ടാക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

പ്രവർത്തന സജ്ജമാക്കിയ തുറമുഖങ്ങൾ

79 [188] ശ്രീ. ബാബു ദിവാകരൻ :
,, വി. പി. രാമകൃഷ്ണപിള്ള :
,, ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം, പ്രവർത്തന രഹിതമായിരുന്ന ഏതെല്ലാം തുറമുഖങ്ങളാണ് പ്രവർത്തന സജ്ജമാക്കി ചരക്ക് കയററിറക്ക് ആരംഭിച്ചിട്ടുള്ളത് ;

(ബി) വളരെ നല്ലനിലയിൽ ചരക്ക് കയററിറക്ക് നടത്തിവന്നിരുന്ന കൊല്ലം പോർട്ട് പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവർത്തനരഹിതമായിരുന്ന ആലപ്പുഴ തുറമുഖം പ്രവർത്തന സജ്ജമാക്കി ചരക്ക് കയററിറക്ക് ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ബേപ്പൂർ തുറമുഖങ്ങൾ കൂടുതൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) കയററുമതി ഇറക്കുമതി പ്രവർത്തനങ്ങൾ നടത്താനുള്ള സൗകര്യങ്ങളൊന്നും തന്നെ ഇപ്പോൾ കൊല്ലം തുറമുഖത്ത് നിലവിലില്ല. ഭാരിച്ച തുക ചെലവഴിച്ച് ഈ സൗകര്യങ്ങളുണ്ടാക്കാൻ സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ നിർവ്വാഹമില്ല.

കൊച്ചി തുറമുഖ വികസനം

80 [189] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി ഏതെങ്കിലും പദ്ധതി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ മൊത്തം എന്ത് ചെലവാണ് കണക്കാക്കിയിട്ടുള്ളത് ;
(സി) അതിൽ ഏഴാം പദ്ധതിക്കാലത്ത് എന്ത് തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയാമോ ?

ഉത്തരം

(എ) കൊച്ചിൻ മേജർ തുറമുഖം സംസ്ഥാന തുറമുഖ വകുപ്പിന്റെ കീഴിലല്ല. ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ സഹായത്തോടെ "കണ്ടെയ്നർ ഹാൻഡ്ലിംഗ്" വികസിപ്പിക്കുക; പുതുതായി ഒരു ഡ്രഡ്ജർ വാങ്ങുക എന്നീ പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതായി അറിയുന്നു.

(ബി) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ സഹായത്തോടെയുള്ള കണ്ടെയ്നർ വികസനത്തിന് 53.11 കോടി രൂപയും, ഡ്രഡ്ജർ വാങ്ങുന്നതിന് 21.29 കോടി രൂപയും.

(സി) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ സഹായത്തോടെയുള്ള കണ്ടെയ്നർ-പദ്ധതിക്ക് 23.93 കോടി രൂപയും ഡ്രഡ്ജറിന് 13.42 കോടി രൂപയുമാണ് ഏഴാം പദ്ധതിയിലെ അടങ്കൽ തുകയായി നാണ് മനസ്സിലാക്കുന്നത്.

## ആലപ്പുഴ തുറമുഖത്ത് ചരക്കിറക്കുന്നതിനുള്ള സൗകര്യങ്ങൾ

81. [191] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ തുറമുഖത്ത് കപ്പലടുപ്പിക്കുന്നതിന്റെ മുന്നോടിയായി തുറമുഖത്തിന്റെ അററകുററപ്പണി തീർക്കുന്നതിന് പോർട്ട്സ് വകുപ്പും, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും എത്ര തുക ചെലവഴിച്ചു ;

(ബി) ചെലവിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ചരക്കിറക്കുന്നതിനുള്ള ക്രെയിൻ ഉപയോഗശൂന്യമായതുകൊണ്ട് ചരക്കിറക്കിന് തടസ്സം നേരിടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പുതിയ ക്രെയിൻ വാങ്ങി ചരക്കിറക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ചരക്ക് കൊണ്ടുവരുന്ന പാളം വളയുന്നതുകൊണ്ടുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പാളത്തിന്റെ അററകുററപ്പണി നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പോർട്ട്സ് വകുപ്പിന് 7 ലക്ഷം രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 10 ലക്ഷം രൂപയും ഇതിലേക്കായി അനുവദിച്ചിരുന്നു. അതിൽ പോർട്ട്സ് വകുപ്പ് 3,82,137 രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 5,12,904 രൂപയും ഇതേവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) (1) പോർട്ട്സ് വകുപ്പ്

| | | |
|---|---|---|
| (1) | ടഗ്ഗുകളുടെ അററകുററപ്പണികൾ | 1,34,110 രൂപ. |
| (2) | ക്രെയ്നുകളുടെ അററകുററപ്പണികൾ | 43,510 രൂപ. |
| (3) | ഇലക്ട്രിക് ഹോയിസ്ററുകൾ സ്ഥാപിച്ചത് | 1,59,410 രൂപ. |
| (4) | പാലത്തിൽ കൂടുതൽ വൈദ്യുതി വിളക്ക് സ്ഥാപിക്കുന്നതിന് | 24,469 രൂപ. |
| (5) | ഗേജ് വേ സ്ഥാപിക്കുന്നതിന് | 13,000 രൂപ. |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| (6) | ടഗ്ഗുകളുടെയും ക്രെയിനുകളുടെയും അററ കുററപ്പണികൾക്കുള്ള സ്റേറാർ സാധനങ്ങൾ വാങ്ങുന്നതിന് | 7,638 രൂപ. |
| | ആകെ | 3,82,137 രൂപ. |

(2) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

| | | |
|---|---|---|
| (1) | കടൽപ്പാലത്തിന്റെ അററകുററപ്പണികൾ | 5,04,325 രൂപ. |
| (2) | ഭക്ഷണശാലയുടെ അററകുററപ്പണികൾ | 8,579 രൂപ. |
| | ആകെ | 5,12,904 രൂപ. |

(സി) ക്രെയിനുകൾ രണ്ടും പ്രവർത്തനക്ഷമമാണ്.
(ഡി) മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.
(ഇ) അററകുററപ്പണികൾ നടത്തി പാലം ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## II. ചരമോപചാരം

### (1) ശ്രീ. കെ. അവുക്കാദർകുട്ടിനഹ, ശ്രീ. എൻ. ശ്രീനിവാസൻ, ശ്രീ. പി. എൻ. ചന്ദ്രസേനൻ എന്നിവരുടെ നിര്യാണം.

മി. സ്പീക്കർ: മുസ്ലീം ലീഗിന്റെ സമുന്നതനായ നേതാവും മുൻ ഉപമുഖ്യമന്ത്രിയുമായ ശ്രീ. അവുക്കാദർകുട്ടിനഹ, മുൻ മന്ത്രി ശ്രീ. എൻ. ശ്രീനിവാസൻ, നിയമസഭാംഗമായിരുന്ന ശ്രീ. പി. എൻ. ചന്ദ്രസേനൻ എന്നിവർ അന്തരിച്ച വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞുകാണുമല്ലോ.

കേരള രാഷ്ട്രീയത്തിൽ നാല് ദശാബ്ദക്കാലം പ്രശോഭിച്ചിരുന്ന ഒരു അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ശ്രീ. അവുക്കാദർകുട്ടിനഹ. മുസ്ലീം ലീഗിന്റെ ആരംഭകാലം മുതൽതന്നെ അതിന്റെ സജീവ പ്രവർത്തകനായിരുന്ന ശ്രീ. നഹ സംഘടനയുടെ താഴെത്തലം മുതൽ ഉന്നത പദവിവരെ വിവിധ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. തിരൂരങ്ങാടി മുസ്ലീം ലീഗ് കമ്മിററി സെക്രട്ടറി പ്രസിഡന്റ് കോഴിക്കോട് ജില്ലാ മുസ്ലീം ലീഗ് കമ്മിററി ട്രഷറർ, മലപ്പുറം ജില്ലാ മുസ്ലീം ലീഗ് എക്സിക്യൂട്ടീവ് കമ്മിററി അംഗം, സംസ്ഥാന മുസ്ലീം ലീഗ് എക്സിക്യൂട്ടീവ് കമ്മിററി അംഗം തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് അദ്ദേഹം മുസ്ലീം ലീഗിന്റെ നേതൃനിരയിൽ എത്തി. മുസ്ലീം ലീഗിൽ പിളർപ്പ് ഉണ്ടായപ്പോൾ ഇരുവിഭാഗത്തേയും യോജിപ്പിക്കുന്നതിന് അദ്ദേഹം ശ്ലാഘനീയമായ പങ്ക് വഹിച്ചു. ഒന്നുമുതൽ ഏഴു വരെയുള്ള കേരള നിയമസഭയിൽ തുടർച്ചയായി തിരൂരങ്ങാടി നിയോജക മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്നത്. ദീർഘകാലം നിയമസഭാ സമാജികനായും മന്ത്രിയായും പ്രവർത്തിച്ചിരുന്ന ശ്രീ. നഹയുടെ നിയമസഭാ പ്രവർത്തനം ഏവരുടേയും പ്രശംസ പിടിച്ചുപററിയിട്ടുണ്ട്. സാമൂഹ്യ വികസനം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഭക്ഷ്യം എന്നീ വിവിധ വകുപ്പുകളുടെ ചുമതല വഹിച്ചുകൊണ്ട് കഴിവുററ ഭരണാധികാരി എന്ന ഖ്യാതി ശ്രീ. നഹ നേടി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രൂപവും ഭാവവും നൽകുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് ശ്രദ്ധേയമാണ്. ശ്രീ. സി. എച്ച്. മുഹമ്മദ്കോയക്കു ശേഷം ഉപമുഖ്യമന്ത്രി പദവും അദ്ദേഹം അലങ്കരിക്കുകയുണ്ടായി. രാഷ്ട്രീയമായ സത്യസന്ധതയും ആത്മാർത്ഥതയും വിനയാന്വിതമായ പെരുമാററവും അദ്ദേഹ

ത്തിന്റെ പ്രത്യേകതകളായിരുന്നു. നിയമസഭാ സമാജികനെന്ന നിലയിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച അദ്ദേഹം, സൗമ്യതയും സമചിത്തതയും മിതഭാഷിത്വവും കൊണ്ട് സഭാതലത്തിൽ ഉയർന്നുവന്നിരുന്ന വിമർശനങ്ങളെ അക്ഷോഭ്യനായി സമർത്ഥമായ രീതിയിൽ നേരിട്ടിട്ടുണ്ട്. രാഷ്ട്രീയ പ്രതിയോഗികൾപോലും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ഒരു വ്യക്തിയായിരുന്നു ശ്രീ. നഹാസാഹിബ്. നിയമസഭയുടെ രജതജൂബിലി ആഘോഷിച്ചപ്പോൾ ദീർഘകാല നിയമസഭാ സേവനം കാഴ്ചവച്ച അഞ്ച് നിയമസഭാംഗങ്ങളെ രാഷ്ട്രപതി "മെമെന്റോ" നൽകി ആദരിക്കുകയുണ്ടായി. അതിൽ ഒരാൾ ശ്രീ. നഹയായിരുന്നു. കേരള നിയമസഭാ രൂപീകരണം മുതൽ ഏഴു തവണ തുടർച്ചയായി നിയമസഭാംഗമായിരുന്ന ഒരു അപൂർവ്വ വ്യക്തിയാണ് ശ്രീ. നഹ. രാഷ്ട്രീയത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്നതല്ല ശ്രീ. നഹയുടെ ജീവിതം. നിരവധി സാമൂഹ്യ സംഘടനകളുടെ സാരഥ്യം വഹിച്ചിരുന്ന അദ്ദേഹം കേരള മുസ്ലീം എഡ്യൂക്കേഷൻ അസ്സോസിയേഷൻ, തിരൂരങ്ങാടി അനാഥാലയം, മൗനത്തൂൽ ഇസ്ലാം സഭ എന്നിവയുടെ എക്സിക്യൂട്ടീവ് കമ്മിററി അംഗം, തിരൂരങ്ങാടി സഹകരണ സംഘം പ്രസിഡന്റ്, തിരൂർ പോളിടെക്നിക് ഗവേണിംഗ് ബോഡി ചെയർമാൻ എന്നീ സ്ഥാനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. സ്വതന്ത്ര തൊഴിലാളി യൂണിയന്റെ സ്ഥാപക പ്രസിഡന്റ് കൂടിയായ അദ്ദേഹം തൊഴിലാളി പ്രവർത്തന രംഗത്തും തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. പിന്നോക്കവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ അദ്ദേഹം സദാ ജാഗരൂകനായിരുന്നു. താൻ ഏറെറടുത്തിരുന്ന ചുമതലകൾ അങ്ങേയററം നീതിപൂർവ്വമായും കാര്യക്ഷമമായും നടത്താൻ ശ്രീ. നഹ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രഗൽഭനായ പാർലമെന്റേറിയൻ, കഴിവുററ ഭരണാധികാരി, സംഘാടകൻ, സഹകാരി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം പൊതുപ്രവർത്തകർക്ക് അനുകരണീയനാണ്. മുസ്ലീം ലീഗ് നിയമസഭാ കക്ഷിയുടെ ഉപനേതാവായും നിയമസഭയുടെ പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മിററിയുടെ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ശ്രീ. നഹയുടെ നിര്യാണം കേരള രാഷ്ട്രീയത്തിൽ വരുത്തി വച്ചിട്ടുള്ള നഷ്ടം അപരിഹാര്യമാണ്.

* * * *

അഭിഭാഷകനായി ഔദ്യോഗിക ജീവിതമാരംഭിച്ച ശ്രീ. ശ്രീനിവാസൻ ദീർഘകാലം ജില്ലാ ജഡ്ജിയായി സേവനം അനുഷ്ഠിച്ചശേഷം സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. ആറുവർഷം എസ്. എൻ. ഡി. പി. യോഗം പ്രസിഡന്റായിരുന്ന അദ്ദേഹം എസ്. ആർ. പി. രൂപം കൊണ്ടപ്പോൾ അതിന്റെ ചെയർമാനായി. 1982-ൽ നടന്ന തെരഞ്ഞെടുപ്പിൽ കോട്ടയം നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ എക്സൈസ് വകുപ്പുമന്ത്രിയായി. നിയമരംഗത്ത് പ്രാഗൽഭ്യം നേടിയ ശ്രീ. ശ്രീനിവാസൻ സാമൂഹ്യരംഗത്തും തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. പിന്നോക്കവിഭാഗങ്ങളുടെ ഉന്നമനത്തിനായി കർമ്മനിരതനായി പ്രവർത്തിച്ച വ്യക്തിയായിരുന്നു അദ്ദേഹം.

* * *

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തുകൊണ്ട് സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ച ശ്രീ. ചന്ദ്രസേനൻ ആദ്യം സംയുക്ത സോഷ്യലിസ്ററ് പാർട്ടിയുടേയും പിന്നീട് ഇൻഡ്യൻ സോഷ്യലിസ്ററ് പാർട്ടിയുടേയും പ്രവർത്തകനായി. ആറൻമുള നിയോജക



LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലത്തെയാണ് നിയമസഭയിൽ രണ്ടു പ്രാവശ്യവും അദ്ദേഹം പ്രതിനിധീകരിച്ചിരുന്നത്. മെഴുവേലി പത്മനാഭോദയം ട്രെയിനിംഗ് സ്കൂളിന്റെ ഹെഡ്മാസ്റ്ററായി അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നല്ലൊരു സംഘാടകനായിരുന്ന അദ്ദേഹം നിരവധി വിദ്യാർത്ഥി അദ്ധ്യാപക സംഘടനകളുടെ സാരഥ്യം വഹിച്ചിരുന്നു. ആലപ്പുഴ സ്റ്റുഡന്റ്സ് കോൺഗ്രസ് പ്രസിഡന്റ്, എസ്. ഡി. കോളേജ് യൂണിയൻ സെക്രട്ടറി, തിരുവനന്തപുരം ട്രെയിനിംഗ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ സെക്രട്ടറി, ആൾ കേരള ബേസിക് ട്രെയിൻഡ് ഗ്രാഡുവേററ് ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് എന്നീ വിവിധ സ്ഥാനങ്ങളിൽ ശ്ലാഘനീയമായ പ്രവർത്തനം ശ്രീ. ചന്ദ്രസേനൻ കാഴ്ചവെച്ചു. സെൻട്രൽ ട്രാവൻകൂർ കർഷകതൊഴിലാളി യൂണിയന്റെ പ്രസിഡന്റായി പ്രവർത്തിച്ചുകൊണ്ട് അദ്ദേഹം തൊഴിലാളി പ്രവർത്തനരംഗത്ത് നൽകിയ സംഭാവനകൾ സ്മരണീയമാണ്. മെഴുവേലി പഞ്ചായത്ത് പ്രസിഡന്റായി ദീർഘകാലം ശ്രീ ചന്ദ്രസേനൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഒരു നല്ല നിയമസഭാ സാമാജികനായിരുന്ന അദ്ദേഹം നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിററി അംഗമായും, ലൈബ്രറി അഡ്വൈസറി കമ്മിററി-ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

## (2) അർമീനിയയിലെ അത്യാഹിതം

തെക്കൻ റഷ്യയിലെ അർമീനിയയിൽ ഉണ്ടായ ഭൂകമ്പം ലോക മനസാക്ഷിയെ മുഴുവൻ ഞെട്ടിപ്പിച്ചിരിക്കുകയാണ്. ഈ അത്യാഹിതത്തിൽ പതിനായിരക്കണക്കിന് ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും നിരവധി കെട്ടിടങ്ങൾ നശിച്ചുപോവുകയും ചെയ്തു. അർമിനിയായിലെ നാശനഷ്ടങ്ങളുടെ വ്യാപ്തി ഇതുവരെയും കൃത്യമായി തിട്ടപ്പെടുത്തുവാനോ മനുഷ്യ ദുരിതങ്ങളുടെ തീവ്രത പൂർണ്ണമായും മനസ്സിലാക്കുവാനോ സാധിച്ചിട്ടില്ല. ഈ ദുരന്തംമൂലമുണ്ടായിട്ടുള്ള സോവിയററ് ജനതയുടെ തീവ്ര ദുഃഖത്തിൽ നമുക്ക് പങ്കുചേരാം.

പരേതരോടുള്ള സ്മരണയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നമുക്ക് അല്പ സമയം എഴുന്നേററുനിൽക്കാം.

ശ്രീ. കെ. കരുണാകരൻ : സർ, നമ്മുടെ ഈ സഭയുടെ ചരിത്രത്തിൽ സമുന്നതരായ നേതാക്കൾമാരുടെ ചരമം നമ്മൾ ദുഃഖപൂർവ്വം ആചരിച്ച അവസരത്തിൽ അങ്ങനെയുള്ള നേതാക്കൻമാരുടെ സ്മരണയെ നിലനിർത്തിക്കൊണ്ട് സഭ പിരിഞ്ഞ് നമ്മുടെ ബഹുമാനവും ആദരവും ദുഃഖവും രേഖപ്പെടുത്താറുണ്ട്. സർ, ഇക്കാര്യത്തിൽ ശ്രീ. അവുക്കാദർകുട്ടിനഹയെ സംബന്ധിച്ചിടത്തോളവും മററുള്ളവരെക്കുറിച്ചും ഞാൻ പറഞ്ഞു. ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുകയാണ്. ഈ സഭയുടെ ചരിത്രത്തിൽ ഒരു റെക്കാർഡാണ്, സർ, തുടർച്ചയായി കേരള നിയമസഭയിലെല്ലാം അംഗമായിരിക്കുകയും ഉപമുഖ്യമന്ത്രിയായിരിക്കുകയും വിവിധവകുപ്പുകൾ കൈകാര്യം ചെയ്യുകയും ചെയ്തിട്ടുള്ളയാളാണ്. അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും വച്ചുനോക്കുമ്പോൾ അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള ആദരവ് ഒരു സാധാരണഗതിയിലുള്ള അനുശോചനപ്രകടനമായി അവസാനിപ്പിച്ചത് നിർഭാഗ്യകരമായിപ്പോയി. ഞാൻ മുഖ്യമന്ത്രിയ്ക്കും അങ്ങേയ്ക്കും എഴുതിയത് ഈ സഭയുടെ അന്തസ്സും പാരമ്പര്യവും നിലനിർത്താൻവേണ്ടി ഈ അനുശോചന നടപടികൾ കഴിഞ്ഞ് സഭ പിരിയണമെന്നാണ്. ഈ സഭയിലെ നേതാക്കൻമാർക്ക് പ്രിയങ്കരരായിരുന്ന തങ്ങളുടെ സഹപ്രവർത്തകർക്കായി, രാജ്യത്തിന് മഹത്തായ സംഭാവന ചെയ്ത നേതാക്കൻമാരെക്കുറിച്ച് പരാമർശനം നടത്താനും അവരോടുള്ള ആദരവും ബഹുമാനവും നമുക്ക് രേഖപ്പെടുത്താനും കഴിയാതെപോയി. ഈ നിർഭാഗ്യകരമായ സാഹചര്യം ഉണ്ടാക്കുന്നതിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായി വന്നാൽ ഇതിനുവേണ്ടി കുറച്ചുസമയം കൂടുതലായി ഞങ്ങൾ ഇരിക്കാമെന്ന് പറഞ്ഞിട്ടും അത് സ്വീകരിക്കാതിരുന്നത് വളരെ നിർഭാഗ്യകരമായിപ്പോയി. പരേതരോടുള്ള ബഹുമാനസൂചകമായി ഞങ്ങൾക്ക് അവരോടുള്ള ആദരവും ബഹുമാനവും പ്രകടിപ്പിക്കാൻ മറ്റൊരു പോംവഴിയുമില്ലാത്തതുകൊണ്ട് അവരുടെ പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികളർപ്പിച്ചു കൊണ്ട് അവരുടെ സ്മരണയ്ക്കായി ഞങ്ങൾ ഇന്നത്തെ നിയമസഭാനടപടികളിൽ പങ്കെടുക്കാതെ ഈ ദുഃഖസൂചക നടപടിയിൽ പങ്കെടുക്കുകയാണ്. അതുകൊണ്ട് ......(ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ പ്രതിപക്ഷം മന്നടങ്കം സഭ വിട്ടിറങ്ങിപ്പോയി).

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ശ്രീ. നഹയോടുള്ള അങ്ങേയറ്റത്തെ ബഹുമാനം ഞങ്ങൾ കണ്ടു. എല്ലാവരോടും ബഹുമാനമുണ്ട്. അദ്ദേഹത്തോടും ബഹുമാനമുണ്ട്. അദ്ദേഹമിവിടെ തുടർച്ചയായി ഇരുന്ന ഒരു മെമ്പറാണെന്നുള്ള കാര്യത്തിൽ ഞങ്ങൾ ബഹുമാനിക്കുന്നു. എന്നാൽ നിയസഭയ്ക്ക് ചില നടപടിക്രമങ്ങളുണ്ട്. സിററിംഗ് മെമ്പർമാരോ മന്ത്രിമാരോ അന്തരിച്ചാൽ തീർച്ചയായും അവരെ സംബന്ധിച്ച് അനുസ്മരിച്ചുകൊണ്ട് സഭ നിർത്തിവയ്ക്കുകയെന്നുള്ള സമ്പ്രദായം, കീഴ്വഴക്കമുള്ളതാണ്. അല്ലെങ്കിൽ മന്ത്രിമാർ മരിക്കണം, നമ്മളിൽനിന്ന് വേർപെടണം. ഇതാണ് ചട്ടക്രമങ്ങൾ. എനിക്ക് ബഹുമാനപ്പെട്ട കരുണാകരൻ അയച്ച കത്തിൽ നഹാസാഹിബ്ബിന്റെ കാര്യത്തിൽ മാത്രമാണ് അദ്ദേഹം സഭ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ശ്രീനിവാസന്റെ കാര്യത്തിൽ അനുശോചനം രേഖപ്പെടുത്തിയാൽ മാത്രം മതിയെന്നാണ് പറഞ്ഞത്. അങ്ങനെ വ്യത്യസ്തമായി........ചന്ദ്രസേനന്റെ കാര്യത്തിൽ മിണ്ടിയിട്ടുമില്ല. ബഹുമാനപ്പെട്ട കരുണാകരൻ തന്ന എഴുത്തിൽ ചന്ദ്രസേനനെപ്പററി ഒന്നും പരാമർശിച്ചിട്ടില്ല. ശ്രീനിവാസനെ സംബന്ധിച്ച് അനുശോചനം രേഖപ്പെടുത്തിയാൽ മാത്രം മതിയെന്ന് പറഞ്ഞിട്ടുണ്ട്. അതേസമയം നഹാ സാഹിബ്ബിന്റെ കാര്യത്തിൽ സഭ നിർത്തിവയ്ക്കണെമെന്നും പറഞ്ഞു. ഇങ്ങനെ വ്യത്യസ്തമായി ഞങ്ങൾക്ക് കാണാൻ പ്രയാസമാണ്. സിററിംഗ് മെമ്പർ ആണെങ്കിൽ തീർച്ചയായിട്ടും നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഇതുപോലെ ഈ കേരള അസംബ്ലിയിൽ ഇതിനുമുൻപും ഉണ്ടായിട്ടുണ്ട്. തീർച്ചയായി നമുക്കറിയാം, ഒരു കാലഘട്ടത്തിൽ ഇപ്പോൾ കരുണാകരന്റെ കത്തിൽ തന്നെ പരാമർശിച്ച ശ്രീകണ്ഠൻനായരുടേയും എം. എൻ. ഗോവിന്ദൻനായരുടേയും പേരുകൾ പറഞ്ഞുകൊണ്ട് സഭ നിർത്തിവച്ചതായി കത്തിൽ പരാമർശിച്ചിട്ടുണ്ട്. ശ്രീകണ്ഠൻനായർ ഇവിടെ മെമ്പറായിരുന്നില്ല. എം. എൻ. ഗോവിന്ദൻനായർ മന്ത്രിയായിരുന്നു, മെമ്പറുമായിരുന്നു. മെമ്പർമാർ അല്ലാത്തവർക്കും ഒരു വഴക്കമുണ്ട്. എന്നാൽ ഇതേ സമയത്ത് ശ്രീ. സി. എം. സ്ററീഫൻ മെമ്പറായിരുന്നു. കേന്ദ്രമന്ത്രിയുമായിരുന്നു അന്ന് സഭാനടപടികൾ നമ്മൾ നിർത്തിവച്ചില്ല. അടിയോടി ഇവിടെ മന്ത്രിയായിരുന്നു. മെമ്പറുമായിരുന്നു. അദ്ദേഹം നമ്മിൽനിന്ന് വേർപ്പെട്ടപ്പോൾ നമ്മൾ സഭ നിർത്തിവച്ചില്ല. എ. കെ. ജി. ഇവിടെ മെമ്പറായിരുന്നുവെങ്കിലും അഖിലേൻഡ്യാതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു നേതാവായിരുന്നു. അപ്പോഴും നമ്മൾ സഭ നിർത്തിവച്ചില്ല. ഈ പാരമ്പര്യം ഈ നിയമസഭയ്ക്കുണ്ട്. ടി. എം. വർഗ്ഗീസിന്റേത് എടുത്തു നോക്കിയാൽ 1961 ഡിസംബർ 31-ാം തീയതിയാണ് അദ്ദേഹം മരിച്ചത്; അദ്ദേഹം ചരമമടഞ്ഞ വിവരം സഭയെ അറിയിച്ചത്. എന്നാൽ അദ്ദേഹത്തെ സംബന്ധിച്ച് അദ്ദേഹമാണെങ്കിലോ മുൻ തിരുവിതാംകൂർ നിയമസഭയിലെ ഡെപ്യൂട്ടി പ്രസിഡൻറ്, തിരുവിതാംകൂറിലെ പ്രഥമ ജനകീയ മന്ത്രിസഭയിലെ പ്രഥമ പോലീസ് വകുപ്പുമന്ത്രി, തിരുകൊച്ചി സംസ്ഥാന മന്ത്രി,

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂർ—കൊച്ചി നിയമസഭയിലെ സ്പീക്കർ, പ്രഗൽഭനും ധീരനുമായ ഒരു വിപ്ലവകാരി. അന്നത്തെ മിനിററ്സാണ് ഞാൻ വായിക്കുന്നത്. അന്നത്തെ റഫറൻസിൽനിന്ന് എടുത്തതാണിത്. ഇത്തരത്തിൽ ബഹുമാനപ്പെട്ട ടി. എം. വർഗ്ഗീസ് ചരമം അടഞ്ഞതിനെത്തുടർന്ന് തിരുകൊച്ചി അസംബ്ലി യിൽ....1962 ഫെബ്രുവരിയിൽ അന്ന് സഭ പരിഞ്ഞില്ല. വെറും ഒരനുശോചനം രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ പാരമ്പര്യവും ഈ നിയമസഭാ ചരിത്രത്തിലുണ്ട്. ഇതു വച്ചുകൊണ്ട് ഞങ്ങൾ അഭ്യർത്ഥി ച്ചിട്ടുള്ളത്............സ്ററീഫൻേറതിനില്ല, അടിയോടിയുടേതിനില്ല, ടി. എം. വർഗ്ഗീസിൻേറതിനു പിരിഞ്ഞിട്ടില്ല, ഈ പാരമ്പര്യവും ഈ നിയമസഭയ്ക്കുണ്ട്. ടി. എം. വർഗ്ഗീസ് ഒരു സാധാരണക്കാരനാണെന്ന് ആരും പറയുകയില്ല. തിരുവിതാംകൂറിൻെറയും കൊച്ചിയുടെയും കേരള ത്തിൻെറയും ചരിത്രപ്രസ്ഥാനത്തിൽ ആരും പറയുകയില്ല. അന്നും റഫറൻസ് മാത്രമേ നടത്തിയിട്ടുള്ളു. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് തീർച്ചയായിട്ടും നഹാ സാഹിബ്ബിനോട് അങ്ങേയററത്തെ ബഹുമാനം ഞങ്ങൾക്കുണ്ട്. അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ കേരള നിയമസഭ യിൽ ഞങ്ങൾ അനുസ്മരിക്കുന്നുണ്ട്. ആ കാര്യത്തിൽ എന്തുതന്നെ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും നിയമസഭയ്ക്കും ക്യാബിനററിനും എല്ലാം അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ ജനങ്ങൾക്ക് എത്രകണ്ട് അനുകൂല മായിരുന്നുവെന്ന് ഞങ്ങൾ സ്മരിക്കുന്നുണ്ട്. അതുകൊണ്ട് തീർച്ചയായിട്ടും യോഗനടപടികൾ തുടരണം. ആ തരത്തിലാണ് ഞാനെഴുതിയിട്ടുള്ളത്. ഈ കീഴ്വഴക്കം ഈ പ്രീസിഡൻസ് ഒന്നുമാത്രമല്ല ഇപ്പോഴത്തെ പ്രീസിഡൻറ് ഈ അടിസ്ഥാനത്തിൽ തുടരണമെന്നാണ് എനിയ്ക്കഭിപ്രായമുള്ളത്.

മി. സ്പീക്കർ : ശ്രീ. അവുക്കാദർകുട്ടി നഹയുടെ നിര്യാണത്തിൽ സഭാ നടപടികൾ നിർത്തിവയ്ക്കുന്ന കാര്യം ആലോചിക്കണമെന്നു പറഞ്ഞ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ മുഖ്യമന്ത്രിയ്ക്കയച്ച ഒരു കത്തിൻെറ പകർപ്പ് സഹിതം എനിയ്ക്കൊരു കത്ത് നൽകുകയുണ്ടായി. അതിനുശേഷം അദ്ദേഹവുമായി സംസാരിച്ചപ്പോൾ ഞാൻ ഈ മൂന്ന് ആളുകളു ടെയും പേരുകൾ അങ്ങോട്ട് നിർദ്ദേശിച്ചു. പിന്നീട് അദ്ദേഹം ശ്രീനിവാസൻെറ പേര് ചേർത്തുകൊണ്ട് വീണ്ടുമൊരു കത്തു തന്നു. ആദ്യം തന്ന കത്തിൽ നഹാ സാഹിബ്ബിൻെറതുമാത്രം. രണ്ടാമത്തേതിൽ വീണ്ടും ഞാൻ സംസാരിച്ചതിനുശേഷം ശ്രീനിവാസൻെറ പേരുകൂടി ചേർത്ത് വീണ്ടു മൊരു കത്തുകൂടി തരുകയുണ്ടായി. അതിനുശേഷം ഇക്കാര്യത്തെക്കുറിച്ചെല്ലാം ആലോചിക്കുകയും ഇതിനുമുൻപുള്ള മുൻ നിയമസഭാ നടപടികളാകെ പരിശോധിക്കുകയും ചെയ്തു. ഈ വിവരങ്ങൾ സഭയുടെ അറിവിലേക്ക് കൊണ്ടുവരുന്നത് ആവശ്യമാണെന്ന് കരുതുന്നതിനാൽ പറയുകയാണ്. മുൻമന്ത്രിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിയതിനുശേഷം അനന്തര നടപടികൾ നടത്തിയിട്ടുള്ള സംഭവങ്ങൾ ഞാനാദ്യം പറയാം.

ഡോക്ടർ കെ. ജി. അടിയോടി, 2-11-1987, അനുശോചനം രേഖ പ്പെടുത്തി. സഭാനടപടികളുണ്ടായിരുന്നു.

ശ്രീ. കെ. ടി. ഗോപാലൻ, മുൻമന്ത്രിയാണ്. 12-7-1977-ൽ. അനുശോചനം നടത്തി. സഭാനടപടികൾ തുടർന്നു.

ശ്രീ. ടി. വി. തോമസ്, 29-3-1977-ൽ അനുശോചനം നടത്തി. സഭാ നടപടികൾ തുടർന്നു.

ശ്രീ. ടി. എ. മജീദ്, 7-7-1980-ൽ. സഭയിൽ അനുശോചനം രേഖ പ്പെടുത്തി സഭാനടപടികൾ തുടർന്നു. നിർത്തിവച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി, 9-2-1978-ൽ സഭയിൽ റഫറൻസ് നടത്തി. സഭാനടപടികൾ നിർത്തിവച്ചില്ല.

ശ്രീ. ഇ. പി. പൗലോസ്, 12-12-1983-ൽ സഭാനടപടികൾ തുടർന്നു. അനുശോചനം മാത്രം നടത്തി.

ശ്രീ. പി. കെ. കുഞ്ഞ്, 5-10-1979-ൽ സഭയിൽ റഫറൻസ് നടത്തി. നടപടികൾ തുടർന്നു.

ശ്രീ. എൻ. കെ. ശേഷൻ, 17-3-1986-ൽ സഭയിൽ അനുശോചനം നടത്തി. സഭാനടപടികൾ തുടർന്നു.

ശ്രീ. ഒ. കോരൻ, 6-7-1981-ൽ സഭയിൽ അനുശോചനം നടത്തി നടപടികൾ തുടർന്നു.

ശ്രീ. ടി. വി. തോമസ്, പി. കെ. കുഞ്ഞ് ഇവരുടെ റഫറൻസ് നടത്തിയപ്പോൾ എല്ലാ കക്ഷിനേതാക്കൻമാരും സംസാരിക്കുകയും അതിനുശേഷം സഭയിൽ മൗനമാചരിക്കുകയും അതിനുശേഷം സഭ മററു നടപടികൾ നടത്തുകയും ചെയ്തു. ഇതാണ് കീഴ്നടപ്പ്. എന്നാൽ രണ്ടുതവണ ഈ കീഴ്നടപ്പിന് വിപരീതമായി ശ്രീ. ശ്രീകണ്ഠൻനായരുടെയും ശ്രീ. എം. എൻ. ഗോവിന്ദൻനായരുടെയും നിര്യാണത്തിൽ സഭാനടപടികൾ നടത്താതെ പിരിഞ്ഞിട്ടുണ്ട്. അത് അന്നത്തെ പ്രത്യേക സാഹചര്യത്തിൽ. എന്നാലിന്ന് വളരെ ദുഃഖത്തോടുകൂടി ഞാനൊരു കാര്യം പറയട്ടെ. ഇപ്പോൾ 3 പേരുടെ റഫറൻസ് ഒരുമിച്ച് നടത്തേണ്ട ഒരു സ്ഥിതിയാണുണ്ടായത്. ഈ സഭകളിലെല്ലാം റഫറൻസ് ഒരാളിന് മാത്രമേ സഭയിൽ നടത്തേണ്ടി വന്നിട്ടുള്ളൂ. ഇന്ന് രണ്ട് മുൻമന്ത്രിമാർ ഈ സഭയിലുള്ള ഒരംഗം മൂന്നുപേരെയും വെവ്വേറെ തിരിച്ച് അല്ലെങ്കിൽ ഒരാളിന് വേറെ തിരിച്ച് ഒരു സമീപനം സ്വീകരിക്കാൻ സ്പീക്കർക്ക് ബുദ്ധിമുട്ടുണ്ട്. അതേസമയം സ്പീക്കർ സ്വന്തം അധികാരം ഉപയോഗിച്ച് സഭാനടപടികൾ നിർത്തിവച്ചാൽ അത് ഒരു കീഴ്വഴക്കം സൃഷ്ടിക്കലാകും. കാരണം ഒരു സഭാംഗം മരിച്ചാൽപോലും സഭാനടപടികൾ നിർത്തിവയ്ക്കേണ്ടിവരും. ഒരു മുൻമന്ത്രി മരിച്ചാലും സഭാനടപടികൾ നിർത്തിവയ്ക്കേണ്ടിവരും. അങ്ങനെയൊരു അസാധാരണമായ പരിതസ്ഥിതി സ്പീക്കർക്കു നേരിടേണ്ടിവന്നതുകൊണ്ടാണ് ഇക്കാര്യത്തിൽ ഒരു പ്രത്യേക തീരുമാനമെടുക്കാൻ ഞാൻ തീരുമാനിക്കാതിരുന്നത്. സഭയുടെ സെൻസ് അനുസരിച്ച് തീരുമാനമെടുത്തിട്ടുള്ളത്. ഇതിനുപുറമേ ശ്രീ. എ. കെ. ജി. നിര്യാതനായപ്പോഴും അനുശോചനം രേഖപ്പെടുത്തി സഭ അനന്തര നടപടികളിലേക്ക് പ്രവേശിച്ചിരുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ശ്രദ്ധക്ഷണിക്കൽ പ്രശ്നം ഉന്നയിക്കാം. പക്ഷേ മന്ത്രി ഇന്നില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, എനിയ്ക്ക് സംസാരിക്കാമോ ?

<u>മി. സ്പീക്കർ</u> : സംസാരിക്കാം. പക്ഷേ ചുരുക്കിപ്പറയണം. ബഹുമാനപ്പെട്ട മന്ത്രി ഇന്ന് ഡൽഹിയിലാണ് എന്ന് എന്നെ അറിയിച്ചിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈയ്സും വകുപ്പുമന്ത്രി
<u>(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> :

അദ്ദേഹം വന്നിട്ട് മറുപടി പറയുന്നതായിരിക്കും കുറച്ചുകൂടി നല്ലത്. ഞാൻ എന്തായാലും മറുപടി പറയാൻ തയ്യാറാണ്.

<u>മി. സ്പീക്കർ</u> : മി. കോടിയേരി, ചുരുക്കിപ്പറയണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

# III ശ്രദ്ധക്ഷണിക്കൽ

## ഭൂപരിഷ്ക്കരണ നിയമത്തിന് ഭേദഗതി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഭൂപരിഷ്ക്കരണ രംഗത്ത് ഇൻഡ്യയ്ക്കാകെ മാതൃക കാണിച്ച സംസ്ഥാനമാണ് കേരളം. കൃഷിഭൂമി കൃഷിക്കാർക്ക് എന്ന മുദ്രാവാക്യം പ്രായോഗികമാക്കാനുതകുന്ന നടപടികൾക്ക് തുടക്കം കുറിയ്ക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഇതിനകം പല ഭേദഗതികളും വരുത്തിയിട്ടുണ്ട്. ഇന്നത്തെ കാലഘട്ടത്തിലെ പ്രത്യേകതകളും കാർഷിക മേഖലയിലെ പ്രശ്നങ്ങളും കണക്കിലെടുത്ത് ഭൂപരിഷ്ക്കരണനിയമത്തിൽ കാലാനുസൃതമായ മാററം അനിവാര്യമായിരിക്കുകയാണ്.

സർ, ഭൂപരിഷ്ക്കരണ നിയമത്തിലെ പഴുതുകളുപയോഗിച്ച് കുടികിടപ്പുകാരെ നിർബാധം ഒഴിപ്പിക്കുകയും കുടികിടപ്പിടങ്ങളിൽനിന്നും മാററിപ്പാർപ്പിക്കുകയും ചെയ്യേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ഇത് പൂർണ്ണമായും ഒഴിവാക്കി കുടികിടപ്പുകാർക്ക് സംരക്ഷണം ഉറപ്പുവരുത്താൻ നിയമഭേദഗതി കൊണ്ടുവരികയും നിയമം പ്രാബല്യത്തിലാകുന്നതുവരെ എല്ലാവിധ ഒഴിപ്പിക്കലുകളും മാററിപ്പാർപ്പിക്കലും ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയുംവേണം. സർ, കോഴിക്കോട് കോർപ്പറേഷനിലും പഴയ മലബാറിന്റെ പലഭാഗങ്ങളിലുമായി കാരായ്മകുടിയാൻമാർക്ക് കുടിയായ്മ അവകാശം ലഭിച്ചിട്ടുണ്ടെങ്കിലും വീടിനോടൊപ്പമുള്ള അവരുപയോഗിച്ചുവരുന്ന വഴി, മുററം, കക്കൂസ്, കിണർ, കുളിമുറി എന്നീ സൗകര്യാവകാശങ്ങൾ ഉപയോഗിക്കുന്നതിന് നിയമപ്രകാരം വ്യവസ്ഥയില്ല. ഇതു കണക്കിലെടുത്തുകൊണ്ട് അവർ അനുഭവിച്ചുവരുന്ന സൗകര്യാവകാശം ഉൾപ്പെടെയുള്ള ഭൂമി കാരായ്മക്കുടിയാൻമാരുടേതാക്കി മാററാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. വനഭൂമിയിലും സ്വകാര്യ ഭൂമിയിലും റെവന്യൂ പുറംപോക്കുകളിലും നിരവധിവർഷങ്ങളായി സ്ഥിരമായി താമസിച്ചുവരുന്നവർ ഇന്ന് ഒഴിപ്പിക്കൽ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. വനഭൂമി കൈവശമുള്ള കൃഷിക്കാർക്ക് സ്ഥിരാവകാശം ലഭിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടിയിരിക്കുകയാണ്. പട്ടയം ലഭിക്കുന്നതുവരെ കൈവശഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ജൻമിമാരിൽനിന്ന് ഭൂമി ഏററുവാങ്ങി കൈവശംവച്ചു വരുകയും കൈവശരേഖയുടെ അടിസ്ഥാനത്തിൽ പട്ടയം കിട്ടുകയും ചെയ്തിട്ടുള്ള കൃഷിക്കാരെ ജൻമികൊടുത്ത മിച്ചഭൂമി സ്റേററുമെൻറിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കുന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്. കൈവശരേഖയുള്ള കൃഷിക്കാരെ ഒഴിപ്പിക്കുന്നത് തടയാനാവശ്യമായ നിയമഭേദഗതി ആവശ്യമായിക്കൊണ്ടിരിക്കുകയാണ്. സർ, ഇപ്പോഴത്തെ നിയമമനുസരിച്ച് നിശ്ചയിച്ചിട്ടുള്ള പരിധിവിട്ട് മതിയായ രേഖകളില്ലാതെ ഒട്ടനവധി ഏക്കർ ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്ന ജൻമിമാർ ഇന്നീസംസ്ഥാനത്തുണ്ട്. നിയമപരിധി ലംഘിച്ചുകൊണ്ട് പഴയകാല ജൻമിപ്രതാപം സ്വായത്തമാക്കാൻ നിയമവിരുദ്ധമായി ഭൂമി സ്വന്തമാക്കുന്ന, സമ്പാദിക്കുന്ന പ്രവണത തടഞ്ഞേ മതിയാകൂ. കൈവശം വയ്ക്കാവുന്ന ഭൂമിയുടെ വിസ്തൃതിയ്ക്ക് മാററംവന്നിട്ടുണ്ടെങ്കിൽ ആ ഭൂമി ഏറെറടുത്തുകൊണ്ട് കാലാനുസൃതമായ അളവ് പരിശോധിക്കുന്ന രീതി നിയമനിർമ്മാണം വഴികൊണ്ടുവരാൻ തയ്യാറാകണം. തിരുവിതാംകൂർ രാജകുടുംബ വകയായിരുന്ന ശ്രീ പാദഭൂമി കൈവശക്കൃഷിക്കാർക്ക് പതിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിന്റെ വക ശ്രീപണ്ഡാരംവകഭൂമി ക്ഷേത്രാവശ്യങ്ങൾക്കുവേണ്ടി പലരുടെയും

കൈവശത്തിലാണ്. ഈ ഭൂമി നിയമം മൂലം ഗവൺമെൻറ് ഏറ്റെടുത്തിട്ടുമുണ്ട്. ഇതുമൂലം ശ്രീ. പണ്ഡാരംവക തരിശ് സർക്കാർ തരിശായി മാറിയിട്ടുണ്ട്. ഈ ഭൂമി കൈവശക്കൃഷിക്കാർക്ക് പതിച്ചുകൊടുക്കാനാവശ്യമായ വിധത്തിൽ നിയമത്തിൽ ഭേദഗതി ആവശ്യമായിത്തീർന്നിരിക്കുകയാണ്. ജൻമിപ്രതിഫല സംഖ്യ കുടിശ്ശിക അടച്ചു തീർക്കേണ്ടുന്ന ബാദ്ധ്യതയിൽ നിന്നും കൃഷിക്കാരെ ഒഴിവാക്കുന്നതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കണം. ഇങ്ങനെ കേരളത്തിലെ കൃഷിക്കാർക്കും കുടികിടപ്പുകാർക്കും സഹായകമായവിധത്തിൽ കാലാനുസൃതമായി കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ സംസ്ഥാന ഗവൺമെൻറ് തയ്യാറാകണം. കൃഷിക്കാർക്കുവേണ്ടി നിരവധികാര്യങ്ങൾ ചെയ്യാൻ തയ്യാറായ ഈ സംസ്ഥാന ഗവൺമെൻറ്, കൃഷിക്കാരുടെ ഹൃദയതുടിപ്പുകൾ മനസ്സിലാക്കാൻ കഴിയുന്ന ഈ ഗവൺമെൻറ്, അടിയന്തിരമായും ഈ നടപടികൾ സ്വീകരിക്കാൻ മുന്നോട്ടു വരണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

സർ, ഇവിടെ അഞ്ചാറ് പോയിൻറ്സ് പറഞ്ഞിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ കാരായ്മകുടിയാൻമാർക്ക് അവരുടെ വീടിന് അനുബന്ധിച്ചുള്ള സ്ഥലത്തെ സൗകര്യാവകാശങ്ങൾ അനുവദിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതുപോലെ തന്നെ ഒരു ഹെക്ടറിൽ താഴെഭൂമിയുള്ള കുടിയാൻമാർ ജൻമി പ്രതിഫലസംഖ്യ നൽകേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. പിന്നെ കുടികിടപ്പുകാരെ നിർബാധം ഒഴിപ്പിക്കുന്നതിനുള്ള വ്യവസ്ഥയില്ല. ഇപ്പോൾ ആകെയുള്ള വ്യവസ്ഥയനുസരിച്ചാണെങ്കിൽ സ്വന്തമാവശ്യത്തിന് കെട്ടിടം വയ്ക്കാനാണെങ്കിൽ ഒരു കിലോമീററിനു ഒരു ഏക്കറിൽ കുറവ് മാത്രമുള്ള വസ്തു ഉടമകൾക്ക് സ്ഥലം വേണമെങ്കിൽ ഒരു കിലോമീററിന് അകലെ വരെ സ്ഥലം കൊടുക്കുന്നതാണ്. അതിനുള്ള അപേക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ വളരെക്കുറച്ച് ആപ്ലിക്കേഷൻസ് മാത്രമേ പെൻഡിംഗിലുള്ളു. അങ്ങനെയിരിക്കുന്ന സാഹചര്യത്തിൽ ഇതിനായി പ്രത്യേകിച്ചു ഒരു നിയമ നിർമ്മാണം വേണമോയെന്നുള്ള കാര്യം പരിശോധിക്കേണ്ടതുണ്ട്. പിന്നെ ഭൂമി പരിധിക്ക് മുകളിൽ കൈവശമുണ്ടെങ്കിൽ ശരിയായ രേഖകളുണ്ടെന്നുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്. പിന്നെ ആദിവാസികളുടെ ഭൂമി കൈമാററം ചെയ്യുന്നതിനെക്കുറിച്ചുള്ള നിർദ്ദേശം—അതിനുള്ള നിയമമായി കഴിഞ്ഞു. ആ നിയമത്തിൽ ആപ്ലിക്കേഷൻസ് 4-12-1988 വരെ സ്വീകരിച്ചിട്ടുണ്ട്. അതിൻമേൽ അടിയന്തിരനടപടികൾ വേണ്ടവിധത്തിൽ എടുത്തുകൊണ്ടിരിക്കുകയാണ്. ശ്രീപാദം, ശ്രീപണ്ഡാരംവക ഭൂമികളെ സംബന്ധിച്ച് വ്യക്തമായി പ്രശ്നം എന്താണെന്നുള്ളതിനെ സംബന്ധിച്ച് കുറച്ചുകൂടി വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയാണെന്നുണ്ടെങ്കിൽ തീർച്ചയായിട്ടും ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ നിയമത്തിൽ ഷിഫ്ററിംഗ് എന്നുള്ളതിനുള്ള വകുപ്പുപയോഗിച്ചുകൊണ്ട് പലരേയും മാററിത്താമസിപ്പിക്കുകയും അതിൻമേൽ തീരുമാനം എടുക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇതുസംബന്ധിച്ച് അടിയന്തിര തീരുമാനം കൈക്കൊള്ളാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവൺമെൻറിന് കിട്ടിയിട്ടുള്ള വിവരം അനുസരിച്ച് അതിൻെറ നമ്പർ വളരെ ലിമിററഡാണ്. ഒരു നിയമനിർമ്മാണം ആവശ്യമുണ്ടോയെന്നുള്ള കാര്യം പരിശോധിച്ചിട്ടേ പറയാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

# IV മേശപ്പുറത്തു വച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : താഴെപ്പറയുന്ന കടലാസു ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1-11-1937-ൽ താനൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വച്ച് ശ്രീ. ഷൺമുഖം മരണമടയുവാനിടയായ സാഹചര്യത്തെ സംബന്ധിച്ച് അരവിന്ദാക്ഷ മേനോൻ കമ്മീഷൻ റിപ്പോർട്ടും അതിൻമേൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികളുടെ മെമ്മോറാണ്ടവും.

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ) : 1988-ലെ കൊച്ചി ശാസ്ത്ര-സങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1988-ലെ 21ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : 1988-ലെ കേരള ഖാദിത്തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് (1988-ലെ 19-ാം നമ്പർ ഓർഡിനൻസ്). 1988-ലെ കേരള പൊതുപ്രവർത്തക അഴിമതി (അന്വേഷണവും അന്വേഷണ വിചാരണയും) ഭേദഗതി ഓർഡിനൻസും (1988-ലെ 23-ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. എൻ. എം. ജോസഫ്) : 1988-ലെ കേരള വന നിയമങ്ങൾ (ഭേദഗതി ഓർഡിനൻസ് 1988-ലെ 18-ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : 1988-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് (1988-ലെ 14-ാം നമ്പർ ഓർഡിനൻസ്) തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. വി. വി. രാഘവൻ) : 1988-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1988-ലെ 15-ാം നമ്പർ (ഓർഡിനൻസ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണ പിള്ള) : 1988-ലെ കേരള മോട്ടോർ വാഹന നികുതി (ഭേദഗതി) ഓർഡിനൻസ് (1988-ലെ 16-ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : 1988-ലെ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി (ഭേദഗതി) ഓർഡിനൻസ് (1988-ലെ 17-ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി (ശ്രീ. വി. ജെ. തങ്കപ്പൻ) : 1988-ലെ തദ്ദേശാധികാരസ്ഥാന നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1988-ലെ 20-ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ) : 1988-ലെ കേരള പൊതു വിൽപ്പന നികുതി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (1988-ലെ 22-ാം നമ്പർ ഓർഡിനൻസ്) ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : നിയമനിർമ്മാണത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് ഒന്നുരണ്ടുകാര്യങ്ങൾ പറയാനുണ്ട്. ഇന്നു വച്ചിരുന്ന ബിസിനസ് അഡ്വൈസറി കമ്മിററി യോഗം പ്രതിപക്ഷത്തിന്റെ ആവശ്യപ്രകാരം 11 മണിക്ക് എന്നുള്ളത് ഉച്ചക്കുമേൽ ആക്കുന്നതാണ്. നാളത്തേക്കുള്ള പരിപാടികൾ ഞാൻ നിശ്ചയിക്കുന്നതാണ്. ഇന്ന് ബിസിനസ് അഡ്വൈസറി കമ്മിററി കാലത്തെ കൂടിയിരുന്നുവെങ്കിൽ സഭയുടെ അംഗീകാരത്തോടുകൂടി നാളത്തേയ്ക്കുള്ള പരിപാടി നിശ്ചയിക്കാമായിരുന്നു. അപ്പോൾ പ്രതിപക്ഷത്തുനിന്നും ഉച്ചക്കുമേൽ നടത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതു കൊണ്ട് അത് അനുവദിച്ചിരിക്കുന്നു. ഇന്ന് ഉച്ചയ്ക്കുമേൽ കൂടാം. അതിന്റെ സമയം പറയാം.

ശ്രീ. ഇ. കെ. നായനാർ : ഞങ്ങൾക്ക് ഉച്ചക്ക് വേറെ പരിപാടിയുണ്ട്.

മി. സ്പീക്കർ : അതിന്റെ സമയം പറഞ്ഞാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : നമുക്ക് നാളെ രാവിലെ കൂടാം.

മി. സ്പീക്കർ : ശരി അങ്ങനെയാണെങ്കിൽ ഇന്നു വച്ചിരുന്ന ബിസിനസ് അഡ്വൈസറി കമ്മിററിയോഗം നാളെ കൂടുന്നതാണ്. നാളത്തേക്കുള്ള പ്രോഗ്രാം സ്പീക്കർ നിശ്ചയിക്കുന്നതാണ്.

## V ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങളായ പ്രൊഫ. എം. കെ. സാനു, ഡോ. എ. വി. ഐസക്ക്, ശ്രീ. ഈപ്പൻ വർഗ്ഗീസ് എന്നിവരെ 8-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനക്കാലത്തേക്കുള്ള ചെയർമാൻ മാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തിരിക്കുന്നു. ഇന്ന് സബ്മിഷനില്ല. ഇനി കേരളാ കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബിൽ അവതരിപ്പിക്കാം.

## VI നിയമനിർമ്മാണകാര്യം

### (1) 1988-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബിൽ

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) : സർ, 1988-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധിബിൽ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഞാൻ പിന്താങ്ങുന്നു.

ശ്രീ. ബേബി ജോൺ : സർ, ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള സ്റേറററുമെൻറും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ചർച്ചക്ക് വച്ചിട്ടുള്ള രണ്ടു ബില്ലുകളും ഒരുമിച്ച് അവതരിപ്പിച്ചതു കൊണ്ട് ചർച്ച ഒന്നിച്ചാണ്. രണ്ടു ബില്ലിൻെറയും ചർച്ച ഒരുമിച്ചു തന്നെയാണ്.

ശ്രീമതി കെ. ആർ ഗൗരി അമ്മ : ഖാദിയും ഹാൻഡ്ലൂമും ഒരുമിച്ചാണോ ചർച്ച ?

മി. സ്പീക്കർ : ഖാദിയും ഹാൻഡ്ലൂമും ഒരുമിച്ചാണ് ചർച്ച. അതു കൊണ്ട് രണ്ടു ബില്ലുകളും ഒരേ സമയം അവതരിപ്പിക്കാം. അതിൽ യാതൊരു അപാകതയുമില്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി അമ്മ : അങ്ങനെയാണെങ്കിൽ ഞാനുംകൂടി ബിൽ അവതരിപ്പിച്ചുകൊള്ളട്ടെ.

മി. സ്പീക്കർ : ശ്രീമതി ഗൗരിയമ്മക്ക് ബിൽ അവതരിപ്പിക്കാം. അതിൽ യാതൊരു അപാകതയുമില്ല. രണ്ടു ബില്ലും ഒരേ വിഭാഗത്തിൽപ്പെട്ടതു തന്നെയാണ്.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : അതെങ്ങിനെ ? രണ്ടും രണ്ടുവിഭാഗങ്ങളെ സംബന്ധിക്കുന്നതാണ്.

മി. സ്പീക്കർ : രണ്ടു വിഭാഗങ്ങളെ സംബന്ധിക്കുന്നതായാലും കുഴപ്പമൊന്നുമില്ല. കോൺസ്റ്റിറ്റ്യൂഷൻ അമെൻഡുമെൻറ് ബിൽ (ഭരണഘടനാ ഭേദഗതി ബിൽ)-ഉം പീപ്പിൾസ് റപ്രസൻറേഷൻ ആക്ടിന്റെ ഭേദഗതിയും ഒന്നിച്ച് ലോകസഭ ചർച്ച ചെയ്തിരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : ശരി, അംഗീകരിക്കുന്നു.

മി. സ്പീക്കർ : ലോകസഭ ഭരണഘടനാ ഭേദഗതി ബില്ലും, പീപ്പിൾസ് റപ്രസൻറേഷൻ ആക്ടിന്റെ ഭേദഗതിയും ഒന്നിച്ചാണ് ചർച്ച ചെയ്തത്.

## (2) 1988-ലെ കേരള ഖാദിത്തൊഴിലാളി ക്ഷേമനിധിബിൽ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : സർ, 1988-ലെ കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ്
10 A.M.] പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേററുമെൻറും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : സർ, ഞാൻ പിന്താങ്ങുന്നു.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : സർ, 1988-ലെ കേരള കൈത്തറിത്തൊഴിലാളിക്ഷേമനിധിബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച 7-ാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇൻഡ്യയിലെ ഏററവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ് നമ്മുടെ കൈത്തറി മേഖലയിലെ വ്യവസായം. ഏതാണ്ട് മുപ്പതുലക്ഷത്തിലധികം തറികൾ ഈ രാജ്യത്തുണ്ട്. ഏതാണ്ട് ഒരു കോടിയോളം ആളുകൾ വിവിധ രംഗത്ത് ഈ കൈത്തറി മേഖലയിൽ പണിയെടുക്കുകയും ചെയ്യുന്നു. അപ്പോൾ ഈ വ്യവസായത്തിന്റെ പ്രാധാന്യം ഊഹിക്കാൻ കഴിയുമല്ലോ. അതുമാത്രമല്ല നമ്മുടെ രാജ്യത്ത് ആവശ്യമുള്ള തുണിയുടെ മൂന്നിലൊന്ന് ഈ കൈത്തറി മേഖലയാണ് സംഭാവന ചെയ്യുന്നത്. അത്ര പ്രധാനപ്പെട്ട ഈ പരമ്പരാഗത വ്യവസായം ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഞാൻ പറയുന്നില്ല. പക്ഷേ വളരെയേറെ പ്രയാസങ്ങൾ നേരിട്ടുകൊണ്ട് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. പല സന്ദർഭങ്ങളിലായി ഉണ്ടായിട്ടുള്ള നടപടികൾ ഈ ദു:സ്ഥിതിക്ക് കാരണമായിട്ടുണ്ട്. മില്ലുകൾ വന്നതോടുകൂടിത്തന്നെ ഇതിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. പക്ഷേ മില്ലുകൾ അനിവാര്യമാണ്. അത് കഴിഞ്ഞതിനുശേഷം 1985-ൽ കേന്ദ്രഗവൺമെൻറിന്റെ വ്യവസായനയത്തിൽ വന്നിട്ടുള്ള ലിബറലൈസേഷൻ പോളിസി കൈത്തറി വ്യവസായത്തെ വളരെയേറെ

പ്രതികൂലമായി ബാധിച്ചു. അത് ഈ മേഖലയിലുണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും എടുത്തുകളഞ്ഞു. അങ്ങനെ വന്നപ്പോഴേക്കും ഇതിനെ വളരെ പ്രതികൂലമായി ബാധിച്ചു. കേന്ദ്ര ഭരണാധികാരികൾ അത് മനസ്സിലാക്കി. ദോഷം ചെയ്യുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് ഇരുപത്തിരണ്ടോളം ഐറ്റങ്ങൾ കൈത്തറി മേഖലക്ക് മാത്രമായി റിസർവ് ചെയ്തുകൊണ്ടുള്ള നിയമനിർമ്മാണവും നടത്തി. പക്ഷെ ഫലമെന്തായെന്ന് അറിയാമോ? ലിബറലൈസേഷൻ പോളിസി നടപ്പാക്കി. എന്നാൽ ഇത് കോടതിയിൽ ചോദ്യം ചെയ്തു, കോടതി സ്റ്റേ നൽകുകയും ചെയ്തു. ഈ കൈത്തറി മേഖലയിലെ ആളുകളെ സഹായിക്കാനും സംരക്ഷിക്കാനുംവേണ്ടി നിയമനിർമ്മാണം നടത്തിയത് ഇതുവരെ പ്രാവർത്തികമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതോടൊപ്പം തന്നെ ആ വർഷം പഞ്ഞി എക്സ്പോർട്ട് ചെയ്യുന്നുള്ള ഒരു തീരുമാനമെടുത്തു. പഞ്ഞി എക്സ്പോർട്ട് ചെയ്തു. ഫലമോയാണിനുള്ള വില കുതിച്ചു കയറി ഇരട്ടിയിലധികമായി. പിന്നെ എക്സ്പോർട്ട് നിറുത്തി. പക്ഷേ ആ കുതിച്ചുകയറിയ വില അങ്ങനെതന്നെ നിൽക്കുകയാണ്; അൽപം ചില മാററങ്ങൾ വന്നുവെന്നല്ലാതെ കാര്യമായ കുറവ് മേതിൽ വന്നിട്ടില്ല. അങ്ങനെ വന്നപ്പോഴേക്കും ക്രമാതീതമായ വില വർദ്ധനവ് നമ്മുടെ സംസ്ഥാനത്തെ കൈത്തറി മേഖലയെ ബാധിച്ചു. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 2,60,000 ആളുകൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. സ്വകാര്യമേഖലയും സഹകരണമേഖലയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അവിടെ വന്നിരിക്കുന്ന മറെറാരു പ്രശ്നം, ഉൽപാദന ചെലവ് കുറവുള്ള ചില സംസ്ഥാനങ്ങളുണ്ട്. ആ സംസ്ഥാനങ്ങളിൽ നിന്നുള്ള കടുത്ത മൽസരം നമുക്ക് നേരിടേണ്ടിവന്നിരിക്കുന്നു. മൊത്തത്തിലുണ്ടായിട്ടുള്ള വില വർദ്ധനവിന് പുറമെ ഈ സംസ്ഥാനത്തിനു പ്രത്യേകമായി വന്നിരിക്കുന്ന ബുദ്ധിമുട്ടെന്ന് പറയുന്നത് ഉൽപ്പാദനച്ചെലവ് കുറവുള്ള സംസ്ഥാനങ്ങളിൽനിന്ന് വന്നിരിക്കുന്ന കടുത്ത മൽസരമാണ്. നമ്മുടെ വിപണിയിൽ അങ്ങനെയുള്ള സാധനങ്ങൾ വരുന്നതുകൊണ്ട് ബുദ്ധിമുട്ടുകൾ കൂടുതലുണ്ടാകുന്നു. കൈത്തറിത്തുണികൾ വിററഴിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നു. അതിന്റെ ഫലമോ? അതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ പ്രവൃത്തിദിവസങ്ങൾ കുറയുന്നു. അഖിലേന്ത്യാ കണക്കനുസരിച്ച് കൈത്തറി മേഖലയിൽ പണിയെടുക്കുന്ന ആളുകൾക്ക് കിട്ടുന്ന ഒരു ദിവസത്തെ വേതനമെന്ന് പറയുന്നത് എട്ട് രൂപ മുതൽ പത്തു രൂപവരെയാണ്. എന്തുമാത്രം പ്രയാസമേറിയ സാഹചര്യമാണിതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. പ്രവൃത്തി ദിവസങ്ങൾ കുറയുന്നതുകൊണ്ട് ബുദ്ധിമുട്ടുകളുണ്ടാകുന്നു. അങ്ങനെയൊരു പ്രത്യേകമായ സാഹചര്യം ഈ മേഖലയിൽ പണിയെടുക്കുന്ന ആളുകൾക്കുണ്ടായിട്ടുണ്ട്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ജോലികൾ ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. തൊഴിലുള്ള ആളുകളുടെ തൊഴിൽ നിലനിറുത്താൻ ശ്രമിക്കുക, ഭാഗികമായി തൊഴിലുള്ള ആളുകൾക്ക് സാമൂഹ്യ സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുക, തൊഴിലില്ലാത്തവർക്ക് കൂടുതൽ തൊഴിലുണ്ടാക്കാൻ ശ്രമിക്കുക എന്നിങ്ങനെ വളരെ ശ്രമകരമായ ജോലിയാണ് ഗവൺമെൻറിന് നിർവ്വഹിക്കാനുള്ളത്. ഒരേ സമയത്ത് പുതിയ തൊഴിലവസരങ്ങൾ കണ്ടെത്താൻ ശ്രമിക്കുക, ഭാഗികമായി തൊഴിൽ ലഭിച്ചിട്ടുള്ള ആളുകൾക്ക്, തൊഴിലുണ്ടെന്ന് പേരിന് പറയാമെന്നുള്ളതിൽക്കവിഞ്ഞ് വലിയ വരുമാനമൊന്നുമില്ലാത്ത വിഭാഗങ്ങൾക്ക്, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പ് ചെയ്യുക എന്നുള്ള നയവും ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ഇത് നേരത്തേയും ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഈ ക്ഷേമനിധിബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇത് ഓർഡിനൻസായി പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിനുള്ള നിയമനിർമ്മാണ നടപടികൾ, നിയമാധിഷ്ഠിത

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു സ്കീം പ്രിപ്പയർ ചെയ്യുന്നതിന് ഇത് ആവശ്യവുമായി വന്നതുകൊണ്ടാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. അതിലെ പ്രധാനപ്പെട്ട വിവരങ്ങൾ പ്രത്യേകിച്ച് വിശദീകരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ ബില്ലിലെ 3-ാം വകുപ്പ് അനുസരിച്ചാണ് സമഗ്രമായ ഒരു ക്ഷേമപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സ്കീം എൻവിസേജ് ചെയ്യുന്നത്. ഇതുകൊണ്ട് പ്രധാനമായി ഉദ്ദേശിക്കുന്നത് ഉൽപ്പാദകരുടെയും, തൊഴിലുടമകളുടെയും തൊഴിലാളികളുടെയും രജിസ്ട്രേഷനാണ്. ഓരോരുത്തരും അംശദായം നൽകുന്നത് സംബന്ധിച്ച വിശദാംശങ്ങൾ, അവ പിരിച്ചെടുക്കുന്നതിനുള്ള സംവിധാനങ്ങൾ, കണക്ക് സൂക്ഷിക്കുക, ബോർഡിന്റെ മിച്ചഫണ്ട് നിക്ഷേപിക്കുക എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ, തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ, ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിക്കാമെന്നുള്ളതിനുള്ള വ്യവസ്ഥകൾ, പെൻഷൻ, കുടുംബപെൻഷൻ, വായ്പകൾ തുടങ്ങിയവ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്നിവയും ഇതിലുൾപ്പെടുന്നുണ്ട്. നമ്മുടെ പരമ്പരാഗത മേഖലയിലുള്ള തൊഴിലാളികൾക്ക്, കയർ വ്യവസായമായാലും ശരി കശുവണ്ടി വ്യവസായമായാലും ശരി, വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുന്നവർക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ക്ഷേമപദ്ധതിയുടെ ചുവടുപിടിച്ചാണ് സമാനസ്വഭാവമുള്ള ക്ഷേമപ്രവർത്തനങ്ങൾ ഈ മേഖലയിലുമുണ്ടാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, എന്നിവയും ഭവനനിർമ്മാണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും പെൺകുട്ടികളുടെ വിവാഹത്തിനുമൊക്കെ വായ്പ നൽകുന്ന ഒരു സ്കീം ഇതിലുണ്ട്. അതുപോലെതന്നെ അപകടമരണം സംഭവിക്കുമ്പോഴുള്ള ധനസഹായം, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവയെല്ലാം ക്ഷേമപദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നതാണ്. ബില്ലിന്റെ നാലാം വകുപ്പ് അനുസരിച്ച് ഓരോ തൊഴിലാളിക്കും മാസംതോറും ഒരു രൂപവീതം ഇതിനുവേണ്ടി കൊടുക്കണം. തൊഴിലുടമകളും തത്തുല്യമായ ഒരു വിഹിതം ഈ ക്ഷേമനിധിയിലേക്ക് കൊടുക്കണം. തൊഴിലാളി നൽകുന്ന വിഹിതത്തിന്റെ ഇരട്ടി ഗവൺമെന്റ് നൽകണം. ഒരേകദേശ കണക്കനുസരിച്ച് നാൽപത്തിരണ്ട് ലക്ഷത്തോളം രൂപ തൊഴിലാളികളുടെ വിഹിതവും മററുമായി കിട്ടുമെന്ന് കണ്ടിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള വിഹിതം കൂടിചേർക്കുമ്പോൾ ഒരു വർഷം ഏകദേശം 170 ലക്ഷം രൂപ ഫണ്ടിലേക്ക് അംശദായമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ കിട്ടുന്ന ഫണ്ട് ഞാൻ നേരത്തെ പറഞ്ഞ രീതിയിലാണ് വിനിയോഗിക്കുന്നത്. ഡീലേഴ്സിൽനിന്നുകൂടെ ഒരു ശതമാനം അംശദായമായി ഈടാക്കുന്നുണ്ട്. അതിന്റെ ബാക്കി വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. പൂർണ്ണമായും സ്ഥിതിവിവരകണക്ക് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല; ഒരു കുറഞ്ഞ കണക്കാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികളുടെ, പണിയെടുക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഒരു നാഴികക്കല്ലുകൂടിയായിരിക്കും കൈത്തറിമേഖലയിലുള്ള തൊഴിലാളികൾക്കുവേണ്ടിയുള്ള ഈ ക്ഷേമസാമൂഹ്യരക്ഷാ നടപടികളെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിന് തീർച്ചയായിട്ടും സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള പിൻതുണയുണ്ടാകുമെന്നാണ് എന്റെ പ്രതീക്ഷ. ഇത് പരിശോധനക്കുവേണ്ടി സബ്ജക്ട് കമ്മിററിക്ക് അയയ്ക്കണമെന്നുള്ള പ്രമേയം ഒരിക്കൽക്കൂടി ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : സർ, 1988-ലെ കേരള ഖാദിതൊഴിലാളി ക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

നിധിയിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച 4-ാം സബ്ജക്ടു കമ്മിററിയുടെ പരിഗണനക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഖാദി കമ്മീഷന്റെ കീഴിലും ഖാദിബോർഡിന്റെ കീഴിലും ഖാദി പണിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു പുറമേ ഏതാണ്ട് ഇരുപത്താറായിരത്തോളം തൊഴിലാളികൾ ഇതിലുണ്ട്. ഈ തൊഴിലാളികൾക്കു ഒരു ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു കൊല്ലം മുൻപ് ഈ തൊഴിലുടമകളുടെ കയ്യിൽനിന്നും കുറെ പൈസ ഈടാക്കുകയും തൊഴിലാളികളുടെ കയ്യിൽനിന്നും കുറെ പൈസ പിരിക്കുകയും ചെയ്തു. എന്നാൽ ഒരു നിയമ നിർമ്മാണം വരാത്തതുകൊണ്ട് ഈ പണം തൊഴിലാളികളുടെ ക്ഷേമത്തിനോ മററ് ഉപയോഗത്തിനോ വേണ്ടി വിനിയോഗിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ നിയമ നിർമ്മാണം നടത്താനുള്ള പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് പിരിച്ചുവച്ചിട്ടുള്ള തുക, തൊഴിലാളികൾ നിക്ഷേപിക്കുകയും അവരുടെ ഉടമകളുടെ കയ്യിൽ ഏൽപ്പിക്കുകയും ചെയ്ത പണം, തിരിച്ചു പിടിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം വന്നതുകൊണ്ടാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത് തൊഴിലാളികൾക്ക് ആണ്ടിൽ കിട്ടുന്ന വരുമാനത്തിന്റെ ഏതാണ്ട് 3% വരുന്ന തുക അവർ അടയ്ക്കുകയും അതിന്റെ ഉടമകളും ഖാദിബോർഡും ഖാദി കമ്മീഷന്റെ കീഴിലുള്ള സ്ഥാപനങ്ങളും തൊഴിലാളികൾ അടയ്ക്കുന്നതിന്റെ ഒപ്പം തുക ഈ നിധിയിലേക്കു അടയ്ക്കുകയുമാണ്. ഗവൺമെൻറു കൊടുക്കുന്ന തുകയെ സംബന്ധിച്ച് വ്യക്തമായി പറഞ്ഞിട്ടില്ല. കാലാകാലങ്ങളിൽ ബഡ്ജററിൽ എത്ര തുക ചേർക്കാൻ കഴിയുമോ അതു ചേർക്കുന്നതായിരിക്കുമെന്നു മാത്രമേ ഗവൺമെൻറു കൊടുക്കുന്ന തുകയെപ്പററി എഴുതിയിട്ടുള്ളു. ഫിനാൻസു ഡിപ്പാർട്ടുമെൻറിന്റെ ഇന്നത്തെ സ്ഥിതിയെ കണക്കു കൂട്ടി ഓരോ കൊല്ലവും ഈ തുക നിക്ഷേപിക്കുന്നതാണ്, ഇങ്ങനെ നിക്ഷേപിക്കുന്ന തുക ഫാമിലി പെൻഷൻ, മെഡിക്കൽ ബെനിഫിററ്സ്, ആശുപത്രി ചാർജ്, പ്രസവകാലാനുകൂല്യം ഖാദി തൊഴിലാളികളുടെ കുട്ടികൾ പോസ്ററു ഗ്രാഡ്വേററ് കോഴ്സിനു പോവുകയാണെങ്കിൽ ആവശ്യമായ തുക കൊടുക്കാൻ, പ്രൊഫഷണൽ കോഴ്സിനുപോകുന്നകുട്ടികളെ സഹായിക്കുന്നതിനും മററുമായി ഉൾക്കൊള്ളിച്ചിരിക്കുകയാണ്. ഈ തുക ഖാദി ബോർഡിന്റെ തന്നെ ഒരു കമ്മിററിയിൽ ലേബർ ഡിപ്പാർട്ടുമെൻറിനെയും എക്സൈസു ഡിപ്പാർട്ടുമെൻറിനെയും കൂട്ടിചേർത്ത് കൂടുതൽ ചെലവുണ്ടാകാത്ത വിധത്തിൽ ഒരു ബോർഡു രൂപീകരിച്ച് ആ ബോർഡിനെകൊണ്ട് വിതരണം ചെയ്യിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ ഡെലിഗേററഡ് പവേഴ്സുണ്ട്. ആ ഡെലിഗേററഡ് പവേഴ്സിനെ സംബന്ധിച്ച് ഗവൺമെൻറ് നടത്തുന്ന നടപടികളോ സ്കീമുകളോ ഉണ്ടാക്കപ്പെടുകയാണെങ്കിൽ അതു നിയമ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതാണ്. അതിനുവേണ്ടിയുള്ള നോട്ടിഫിക്കേഷൻസും റൂളുകളും മാത്രമേ ഉണ്ടായിട്ടുള്ളു. തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്തതായ ഒരു കോടിയോളം രൂപ ഉടമകളുടെ കയ്യിൽ മാത്രം നിക്ഷിപ്തമായിരിക്കുകയും ചെയ്തിരിക്കുകയാണ്. ആയതിനാൽ ഈ ബിൽ അവതരിപ്പിക്കുകയുംസബ്ജക്ടു കമ്മിററിയുടെ പരിഗണനക്ക് അയക്കണമെന്ന പ്രമേയം അംഗീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**Shri K. P. Mammu Master :** Sir, I move that the Kerala Handloom Workers Welfare Fund Bill, 1988 be circulated for eliciting Public Opinion till January 31, 1989.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ വളരെ പ്രധാനമായ സ്ഥാനമുള്ള ഒരു വ്യവസായമാണ് കൈത്തറി വ്യവസായം. ബഹുമാനപ്പെട്ട മന്ത്രിയുടെ സംസാരത്തിലും അതുവന്നു. ഈ വ്യവസായം വളരെക്കാലമായി പല കാരണങ്ങൾകൊണ്ടും ക്ഷയിച്ചുകൊണ്ടിരിക്കുകയാണ് എന്നതാണ് വസ്തുത. ഈവ്യവസായം ഇങ്ങനെ ക്ഷയിച്ചുകൊണ്ടിരിക്കുന്നതിനാൽ കൈത്തറി ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ ഇതിൽനിന്നും സ്ഥിരമായി ജോലി ഉപേക്ഷിച്ചു പോയിക്കൊണ്ടിരിക്കുകയാണ്. അതു നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ ആഘാതമായിരിക്കുമെന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല. കഴിഞ്ഞ കാലങ്ങളിലൊന്നുംതന്നെ ഈ ക്ഷീണാവസ്ഥയിൽനിന്നും ഈ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ഇതുപോലുള്ള ക്ഷേമ പദ്ധതികൾ കൊണ്ടുവരാനും കഴിഞ്ഞിട്ടില്ല. ഇപ്പോഴെങ്കിലും ഇതിനു സാധിച്ചതിൽ സന്തോഷമുണ്ട്. ഇങ്ങനെയൊരു ബില്ലുകൊണ്ടുവന്ന ഗവൺമെന്റിനെയും മന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്.

മി. സ്പീക്കർ: ആർഡർ, ആർഡർ, ഇവിടെ നാളെ 1988-ലെ കേരള പബ്ലിക് മെൻകറപ്ഷൻ (ഇൻവെസ്റ്റിഗേഷൻ ആൻഡ് എൻക്വയറീസ്) ഭേദഗതി ബില്ലും 1988-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നതാണ്. അവ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കാവുന്നതാണ്. അവയുടെ ചർച്ച പ്രത്യേകം പ്രത്യേകം നടക്കുന്നതായിരിക്കും. ഈ ബില്ലുകൾക്കുള്ള ഭേദഗതികൾ ഇന്ന് ഉച്ചക്ക് 3 മണിവരെ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. മമ്മു മാസ്റ്റർ: സർ, ഈ ബിൽ അംഗവൈകല്യം സംഭവിച്ചിട്ടുള്ള കൈത്തറിത്തൊഴിലാളികൾക്കും അതുപോലെ വാർദ്ധക്യം ബാധിച്ചിട്ടുള്ള തൊഴിലാളികൾക്കും പെൻഷൻ നൽകാനുള്ള ഒരു ബില്ലാണ്. അതുപോലെ കുടുംബ പെൻഷൻ വ്യവസ്ഥകൾ, കൈത്തറിതൊഴിലാളികളുടെ മക്കളുടെ വിവാഹത്തിനും ഭവന നിർമ്മാണത്തിനും ആവശ്യമായ വായ്പകൾക്കും ഗ്രാൻറുകൾക്കുമുള്ള വ്യവസ്ഥകൾ, കൈത്തറിത്തൊഴിലാളികളായിട്ടുള്ള സ്ത്രീകളുടെ പ്രസവാനുകൂല്യങ്ങൾ ചികിൽസാ സൗകര്യങ്ങൾ എന്നീ കാര്യങ്ങൾക്കുമെല്ലാം സമഗ്രമായ വ്യവസ്ഥകൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ ക്ഷേമ പദ്ധതികൾ ഈ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾക്കു അനവധി ആശ്വാസങ്ങൾ നൽകുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ അടിസ്ഥാനപരമായി ഈ തൊഴിലാളികൾക്ക് പൂർണ്ണമായി ആശ്വാസം നൽകാൻ കഴിയണമെങ്കിൽ ഈ വ്യവസായം നിലനിൽക്കണം. ആ വ്യവസായം ഇന്ന് ക്ഷയിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞാൽ അതിൽ രണ്ടുപക്ഷമുണ്ടാകുമെന്ന് തോന്നുന്നില്ല. അതിന് പല കാരണങ്ങളുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ ടെക്സ്റ്റൈയിൽ പോളിസിയും, മററ് നയങ്ങളും ഇതിനു വളരെ പ്രധാനപ്പെട്ട കാരണങ്ങളാണ്, മൗലികമായ കാരണങ്ങളാണ്. അവയൊക്കെ മറികടന്നുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ഈ വ്യവസായത്തെ രക്ഷിക്കുക പ്രയാസകരമായ ഒരു കാര്യമാണ്. എന്നാലും ഈ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട്തന്നെയാണ് ഇന്ന് ക്ഷയോൻമുഖമായിക്കൊണ്ടിരിക്കുന്ന ഈ വ്യവസായത്തെ രക്ഷിക്കാൻവേണ്ടി എന്തുചെയ്യാൻ കഴിയുമെന്നതിനെസംബന്ധിച്ച് വളരെ ഗൗരവതരമായി ആലോചിക്കണമെന്ന് എനിക്ക് പറയാനുള്ളത്. ഈ കൈത്തറി വ്യവസായ രംഗത്ത് ഇന്ന് അനുഭവപ്പെടുന്ന ഏററവും വലിയ വിഷമമുണ്ട്. കൈത്തറി വ്യവസായത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങളായ നൂൽ, ചായം തുടങ്ങിയ കെമിക്കൽസ് വേണ്ടത്രകിട്ടായ്ക, അതുപോലെ അതിന്റെ ക്രമാതീതമായ വില വർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ ഈ സാധനങ്ങളെല്ലാം ഉൽപ്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനുമുള്ള കുത്തക ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ മുതലാളിമാർക്കാണ്. അത് കേന്ദ്രഗവൺമെൻറിന്റെ വ്യവസായ നയത്തിന്റെ ഒരു അനിവാര്യ ഫലമാണ്. ആ വ്യവസായത്തിന് സ്വകാര്യ കുത്തകകളുടെ നിയന്ത്രണത്തിന് വിധേയമായി മാത്രമേ സാധനങ്ങൾ ലഭിക്കുകയുള്ളൂ. എന്നുമാത്രമല്ല, അതിന്റെ വില നിർണ്ണയിക്കാനുള്ള അവകാശവും അവർക്കാണ്. അതുകൊണ്ട് ഈ രംഗത്ത് വളരെയധികം പ്രയാസങ്ങളനുഭവപ്പെടുന്നുണ്ട് എന്നത് മനസ്സിലാക്കി ഗവൺമെൻറ് അത് പരിഹരിക്കുന്നതിനുവേണ്ടി ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിന് ഒരു ഉദാഹരണമാണ് നൂൽ ബാങ്ക്. നൂൽ ബാങ്ക് നമ്മുടെ സംസ്ഥാനങ്ങളിൽ പലയിടത്തും ആരംഭിച്ചിട്ടുണ്ടെങ്കിലും ആ നൂൽ ബാങ്കിന്റെ പ്രവർത്തനത്തെതന്നെ പരാജയപ്പെടുത്താനും, പ്രതിബന്ധങ്ങൾ സൃഷ്ടിക്കാനും സ്വകാര്യ മുതലാളിമാർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മൊത്തമായി നൂൽ വാങ്ങിക്കുക, സംഭരിച്ചുവയ്ക്കുക, അത് പിന്നെ കൂടിയ വിലയ്ക്ക് വിൽക്കുക, ഈ ജോലിയിലേർപ്പെട്ടിരിക്കുന്ന യഥാർത്ഥ തൊഴിലാളികൾക്ക് കിട്ടാതിരിക്കുക തുടങ്ങിയ സംഭവങ്ങൾ ഈ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് യാൺ ബാങ്കിന്റെ പ്രവർത്തനം വളരെ കാര്യക്ഷമമാക്കുകയും യഥാർത്ഥത്തിൽ ഉദ്ദേശിച്ചിട്ടുള്ള ആളുകൾക്ക് തന്നെ നൂൽ ലഭിക്കുന്നുവെന്ന് ഗവൺമെൻറ് ഉറപ്പുവരുത്തുകയും വേണം.

അതുപോലെതന്നെ ഈ കൈത്തറിക്ക് വേണ്ടി സംവരണം ചെയ്യപ്പെട്ടിട്ടുള്ള തുണിത്തരങ്ങളുടെ ഇനങ്ങൾ, ഇന്ന് വളരെ വ്യാപകമായി യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുകയാണ്. യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയും. അങ്ങനെ യന്ത്രത്തറികളിൽ ഈ കൈത്തറിക്കുവേണ്ടി സംവരണം ചെയ്തിട്ടുള്ള തുണിത്തരങ്ങൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് കൈത്തറി എന്ന വ്യാജേന വിപണനം നടത്തുന്ന സമ്പ്രദായം വളരെ വ്യാപകമായി വരികയാണ്. ഇതും ഈ വ്യവസായത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുകയാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ നമ്മൾ വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുകയാണെങ്കിൽ നിയന്ത്രിക്കാൻ കഴിയും. അതിനുവേണ്ടിയുള്ള നടപടികളുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു അന്യ സംസ്ഥാനങ്ങളിൽനിന്നും നമുക്ക് നേരിടേണ്ടിവരുന്ന കടുത്ത മൽസരത്തെപ്പററി. നമുക്കറിയാം ഈ സംസ്ഥാനത്ത് ഉൽപ്പാദന ചെലവ് കൂടുതലാണെന്നും, ഉയർന്ന കൂലിയാണെന്നും, തമിഴ്നാടു പോലുള്ള മററ് സംസ്ഥാനങ്ങളിൽ കുറഞ്ഞ കൂലിക്ക് ഈ രംഗത്ത് തൊഴിലാളികളെ കിട്ടും. ഈ കുറഞ്ഞ കൂലി കൊടുത്തുകൊണ്ട് ആ സംസ്ഥാനങ്ങളിൽ ഉൽപ്പാദനം നടത്തുമ്പോൾ ഉൽപ്പാദനചെലവ് വളരെ കുറയ്ക്കാൻ കഴിയും. ഇത് പറയുമ്പോൾ ദേശീയ വേതന നയത്തെക്കുറിച്ചും ദേശീയാടിസ്ഥാനത്തിലുള്ള മിനിമം കൂലിയെസംബന്ധിച്ചുമൊക്കെ നമ്മൾ പറയാറുണ്ട്. ഇതൊന്നും നമ്മുടെ കഴിവിലും അധികാരത്തിലുംപെടുന്നതല്ല. ഏററവും ചുരുങ്ങിയത് ദക്ഷിണേൻഡ്യൻ സംസ്ഥാനങ്ങളിലും ഒരു ഏകീകൃതമായ മിനിമം കൂലി നിശ്ചയിക്കാനുള്ള വളരെ ശക്തമായ നീക്കം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം. നമ്മുടെ കൈത്തറി വ്യവസായത്തെ സംരക്ഷിച്ചെടുക്കുന്നതിന് ഇത്തരത്തിലുള്ള ഒരു ഏകീകൃത മിനിമം കൂലി വളരെയേറെ സംഭാവന ചെയ്യുമെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ഇങ്ങോട്ടുള്ള കടന്നുവരവുമൂലം കൈത്തറി വ്യവസായം കേന്ദ്രീകരിച്ചിട്ടുള്ള കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ഒരു പ്രതിസന്ധി നേരിടുകയാണ്. നമ്മുടെ കൈത്തറിക്ക് അന്യനാടുകളിൽ വലിയ പ്രിയമാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് കൈത്തറി തുണികൾ കുറഞ്ഞവിലയ്ക്ക് ഉൽപ്പാദിപ്പിച്ച് ഇവിടെ കൊണ്ടുവന്ന് നമ്മുടെ നാട്ടിലെ കൈത്തറിയെന്ന പേരിലാണ് വിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഇത്തരത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ലക്ഷ്യബോധത്തോടു കൂടി വളരെ അടിയന്തിരമായി ചെയ്താൽ മാത്രമേ ഈ വ്യവസായത്തെ സംരക്ഷിക്കാനും നിലനിർത്താനും കഴിയുകയുള്ളൂവെന്നാണ് എനിക്ക് പറയാനുള്ളത്. ഈ വ്യവസായം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ വർഷത്തിൽ പകുതി ഭാഗംപോലും തൊഴിലാളികൾക്ക് തൊഴിൽ കിട്ടുന്നില്ല. മാസത്തിൽ 10 ദിവസംപോലും തൊഴിൽ ലഭിക്കാത്ത തൊഴിലാളികളുണ്ട്. ആവശ്യമായ ഓർഡർ കിട്ടുന്നില്ല, ഓർഡർ കിട്ടിയാൽതന്നെ നൂൽ കിട്ടുന്നില്ല. ഈ വ്യവസായത്തിന്റെ ദയനീയമായ സ്ഥിതിവച്ചുകൊണ്ട് മിനിമം കൂലി നിശ്ചയിച്ചിട്ടുണ്ടെങ്കിലും അതുപോലും വിലപേശിയെടുക്കാൻ അവർക്ക് കഴിയുന്നില്ല. തൊഴിലാളി സംഘടനകൾക്കും കഴിയുന്നില്ല. പരിതാപകരമായ ഈ സ്ഥിതിവിശേഷമുണ്ടായിരിക്കുന്നത് ഈ വ്യവസായത്തിന് ഇന്നുള്ള അധോഗതികൊണ്ടാണ്. അതുകൊണ്ട് ക്ഷേമ പദ്ധതികൾ ഏർപ്പെടുത്തുന്നതോടൊപ്പം ഈ രംഗത്തെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടികൾ സംസ്ഥാന ഗവൺമെൻറ് അടിയന്തിരമായി എടുക്കണം. ഇപ്പോൾ പല കൈത്തറി സഹകരണ സംഘങ്ങളും സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും കടമെടുത്തിട്ടുണ്ട്. ഈ വ്യവസായത്തിന്റെ പ്രതിസന്ധി, അഥവാ അധോഗതിക്ക് കാരണം ആ കടസംഖ്യതിരിച്ചടയ്ക്കാൻ കഴിയുന്നില്ല. ആ വ്യവസായത്തെ രക്ഷിക്കാൻ എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെപ്പററി ആലോചിക്കണം. എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത് ഈ കടസംഖ്യ തിരിച്ചടയ്ക്കാൻ കഴിയാത്ത സഹകരണ സ്ഥാപനങ്ങളെ സഹായിക്കാൻവേണ്ടി ഗവൺമെൻറ് ഷെയറുകൾ എടുത്ത് ആ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കണം. ഇന്നത്തെ ഈ സ്ഥിതിയിൽനിന്ന് അവരെ കരകയററി പ്രവർത്തനക്ഷമമാക്കുന്ന ഒരു സമ്പ്രദായമുണ്ടാക്കണം. ഇപ്പോൾതന്നെ ഡ്രോട്ട് റിലീഫ് വക സഹകരണ സംഘത്തിന് ചില സംഖ്യകൾ കിട്ടാനുണ്ട്. എന്നാൽ ഇപ്പോൾ ഗവൺമെൻറിന്റെ പൊതു സാമ്പത്തിക സ്ഥിതി പരിഗണിച്ച് ട്രഷറിയിലെ പേമെൻറിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം കാരണം അത് കിട്ടാതിരിക്കുകയാണ്. ഇതുപോലുള്ള സംഘങ്ങളെ സംരക്ഷിച്ചെടുക്കുന്നതിനുവേണ്ടി അത്തരം നിരോധന ഉത്തരവുകളിൽനിന്നും അത് ഒഴിവാക്കി കഴിയാവുന്ന സഹായം ഒരു വ്യവസായത്തെ രക്ഷിക്കുകയെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെൻറ് ചെയ്യണം. അങ്ങനെ ഈ വ്യവസായത്തെ സംരക്ഷിച്ചുനിർത്തുക, ഈ വ്യവസായം നിലനിന്നാൽ മാത്രമേ തൊഴിലാളികൾക്ക് പൊതുവിൽ സംരക്ഷണം ലഭിക്കൂ എന്ന് പറയുന്നതോടൊപ്പം, തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി സമഗ്രമായ നിർദ്ദേശങ്ങളുള്ള ഈ ബിൽ കൊണ്ടുവന്ന ഗവൺമെൻറിനേയും മന്ത്രിയേയും അഭിനന്ദിച്ചുകൊണ്ടും ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും ഇത് പൊതുജനാഭിപ്രായത്തിനുവിട്ട് കൂടുതൽ നല്ല നിർദ്ദേശങ്ങൾ, ഭേദഗതികൾ ഉൾക്കൊണ്ടുകൊണ്ടും ഈ ബില്ലിനെ ഇനിയും പൂർണ്ണമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ :

2. 1988-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വളരെപ്രധാനപ്പെട്ടഒരു ബില്ലാണ് ഇവിടെ തൊഴിൽവകുപ്പ് മന്ത്രിക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം സെലക്ട് കമ്മിററിയുടെ സമഗ്രമായ ഒരു പരിശോധന ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ

കൈത്തറിമേഖല ഇന്ന് ഊർദ്ധ്വശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയിലാണ്. പല കാരണങ്ങൾ കൊണ്ടും കൈത്തറി മേഖല തകർന്നുകൊണ്ടിരിക്കുകയാണ്. കയർ, കശുവണ്ടി, കൈത്തറി, മൽസ്യം തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലകളിൽക്കൂടിയാണ് ഇതുമായി ബന്ധപ്പെട്ട കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ജീവിതം നയിച്ചുകൊണ്ടിരിക്കുന്നത്. ഈ പരമ്പരാഗത രംഗത്തെ തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും സംരക്ഷിക്കുന്നതിനുവേണ്ടി ഒട്ടനവധി നടപടികൾ ഈ ഗവൺമെൻറ് എടുത്തു വരുന്നുണ്ട്. കശുവണ്ടി മേഖല നേരിട്ട രൂക്ഷമായ വെല്ലുവിളിയെ നേരിടുന്നതിനുവേണ്ടിയും അതിലെ ലക്ഷക്കണക്കിന് തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടിയും ഈ ഗവൺമെൻറ് എടുത്ത ധീരമായ നടപടി എല്ലാവർക്കും അറിയുന്നതാണ്. അതുപോലെതന്നെ മൽസ്യമേഖലയുമായി ബന്ധപ്പെട്ടു കഴിയുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ നിരവധി തരത്തിലുള്ള ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നുണ്ട്. ആ മൽസ്യമേഖലയിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികളേയും, വ്യവസായത്തേയും സംരക്ഷിക്കുന്നതിനുവേണ്ടിയും ഈ ഗവൺമെൻറ് പല നടപടികളും എടുത്തുകൊണ്ടിരിക്കുന്നുണ്ട്. ഇതുപോലെതന്നെ പ്രധാനപ്പെട്ട മറെറാരു മേഖലയായ കയർ മേഖലയിലെ സ്ഥിതിയും രൂക്ഷമാണ്. ആ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ പരിശ്രമങ്ങളും നടപടികളും ഗവൺമെൻറ് എടുത്തു വരുന്നു. കൈത്തറി മേഖലയിൽ ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണ നടപടി നേരത്തെവേണ്ടതായിരുന്നു. കഴിഞ്ഞകാലത്ത് ഇവിടെ ഭരിച്ചിരുന്ന സർക്കാരുകൾ ഇത്തരം ഒരു നിയമംകൊണ്ടുവരാൻ സന്നദ്ധമായില്ല. ഈ പരമ്പരാഗത വ്യവസായ മേഖലകളുമായി ബന്ധപ്പെട്ടു ജീവിക്കുന്ന കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളെയും അവരുടെ പട്ടിണിയിൽനിന്നും ദാരിദ്രത്തിൽനിന്നും രക്ഷിക്കുന്നതിനുള്ള ഒരു നടപടിയും കഴിഞ്ഞ കാലത്ത് നമ്മുടെ സംസ്ഥാനത്ത് ചെയ്തിട്ടില്ല. കൈത്തറി മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പട്ടിണിയും മാറാരോഗങ്ങളും മാത്രമാണ് ആ കുടുംബങ്ങൾക്ക് സമ്പാദ്യമായിട്ടുള്ളത്. പ്രഭാതം തൊട്ട് പാതിരാ വരെ തറികളിൽ നെയ്താലും മററ് പണികൾ എടുത്താലും കഷ്ടിച്ച് ജീവിത് ചെലവുപോലും വഹിക്കാൻ കഴിയാതെ പട്ടിണിയിൽപ്പെട്ടു കഴിയുന്നവരാണ് കൈത്തറി രംഗത്തെ തൊഴിലാളികൾ. ആ തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി, അവർക്ക് ആശ്വാസം കൊടുക്കുന്നതിനുവേണ്ടി, പരിമിതമായ ചില സൗകര്യങ്ങൾ കൊടുക്കുന്നതിനുവേണ്ടി ഇത്തരം ഒരു നിയമ നടപടിയുമായി വന്നിട്ടുള്ള ഈ ഗവൺമെൻറിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ ഗവൺമെൻറ് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഓരോ മേഖലയിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയും, സംസ്ഥാന ഗവൺമെൻറിനോട് കേന്ദ്ര ഗവൺമെൻറ് കാണിക്കുന്ന അവഗണനയും ഉണ്ട്. ഈ സംസ്ഥാനത്തിലെ പ്രതിപക്ഷത്തിൻെറ തികഞ്ഞ നിഷേധാത്മകമായ സമീപനവുമുണ്ട്. ഇങ്ങനെയുള്ള എല്ലാ പ്രതികൂല സാഹചര്യങ്ങളേയും നേരിട്ടുകൊണ്ടാണ് കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാൻ ഈ ഗവൺമെൻറ് തയ്യാറായിക്കൊണ്ടിരിക്കുന്നത്. ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി എടുത്തിരുന്ന ഒട്ടനവധി വ്യവസായങ്ങൾ കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് അടച്ചിടപ്പെട്ടത് നമുക്കറിയാം. അത്തരം വ്യവസായങ്ങൾ ഓരോന്നായി തുറന്ന് അതിലെ തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാനുള്ള നടപടി ഈ ഗവൺമെൻറ് എടുക്കുന്നു. അതിൽ ഏററവും പ്രധാനപ്പെട്ടതാണ് മാവൂർ റയോൺസ് കമ്പനി, മാവൂർ റയോൺസ് ഈ ഗവൺമെൻറ് വരുന്നതിനുമുമ്പ് 21 മാസം അടഞ്ഞ് കിടന്നിരുന്നതാണ്. കഴിഞ്ഞ ഗവൺമെൻറ



LIBRARY ARCHIVES Kerala Legislative Assembly

മാവൂർ കമ്പനി തുറപ്പിക്കുന്നതിനുള്ള ആത്മാർത്ഥമായ യാതൊരു പരിശ്രമവും നടത്തിയിട്ടില്ല. തൊഴിലാളി പ്രതിനിധികളേയോ മാനേജുമെന്റ് പ്രതിനിധികളേയോ ഒരു മേശയ്ക്ക് ചുററും വിളിച്ചിരുത്തി ചർച്ച നടത്താൻ പോലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിരുന്നില്ല. ഈ ഗവൺമെന്റ് അർപ്പണ ബോധത്തോടും ആത്മാർത്ഥതയോടും കൂടി നടത്തിയ നടപടിയുടെ ഫലമായി മാവൂർ റയോൺസ് തുറപ്പിക്കാൻ കഴിഞ്ഞു. കോഴിക്കോട്ടെ കുന്നത്താ ടെക്സ്ററയിൽസ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 15 മാസം അടഞ്ഞു കിടന്ന സ്ഥാപനമാണ്. ഈ തരത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചിട്ടിരുന്ന ഓരോരോ വ്യവസായങ്ങറം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികറം ഈ ഗവൺമെന്റ് എടുത്തു വരുന്നു. ഞാൻ സൂചിപ്പിക്കുന്നത് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങറംക്ക് കൊടുത്ത വാഗ്ദാനങ്ങറം ഒരോന്നായി നടപ്പിലാക്കികൊണ്ടിരിക്കുന്നു എന്ന താണ്. അങ്ങനെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായിട്ടാണ് അടച്ചിട പ്പെട്ട സ്ഥാപനങ്ങറം തുറപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികറം ഈ ഗവൺമെന്റ് വളരെ പ്രയാസപ്പെട്ടുകൊണ്ട് എടുത്തുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ പരമ്പരാഗത വ്യവസായങ്ങളേയും അതിലെ തൊഴിലാളിക ളേയും അവരുടെ കുടുംബങ്ങളേയും സംരക്ഷിക്കുന്നതിനുള്ള നടപടിയും ഈ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നു. കൈത്തറി മേഖല പല പ്രതി കൂല സ്ഥിതിഗതികളെക്കൊണ്ടു രൂക്ഷമായ വെല്ലുവിളിയെ നേരിടുകയാണ്. (1) അന്യ സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കൈത്തറിത്തുണികളുമായി മൽസരിക്കാൻകഴിയാത്ത സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ട് ഇവടെ കൈത്തറി തൊഴിലാളികറംക്ക് കൊടുക്കുന്നതിനെക്കാറം തുച്ഛമായ വേതന ത്തിന് തമിഴ്നാട്ടിലും മററ് സംസ്ഥാനങ്ങളിലും തൊഴിലാളികളെ കിട്ടുന്നുണ്ട്. ഇവിടത്തെക്കാറം ചുരുങ്ങിയ ഉൽപ്പാദന ചിലവിൽ അവിടെ കൈത്തറി തുണികറം ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതുകൊണ്ട് ആ മേഖലയു മായി മൽസരിക്കാൻ കഴിയാത്ത, പിടിച്ചു നിൽക്കാൻകഴിയാത്ത അവസ്ഥ നമുക്ക് ഈ മേഖലയിൽ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് എന്തുചെയ്യാൻ കഴിയുമെന്ന് വളരെ ഗൗരവമായി ഗവൺമെന്റ് പരിശോധിക്കണം. അങ്ങനെ പരിശോധിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചപോലെ കേരളത്തിലെ വലിയൊരു വിഭാഗം വരുന്ന ഈ തൊഴിലാളികളെയും അവരുടെ കുടുംബങ്ങളേയും ഈ മേഖലകളുമായി ബന്ധപ്പെട്ട മററ് വിഭാഗങ്ങളേയും സംരക്ഷിക്കാൻ അന്യസംസ്ഥാനങ്ങളുമായി മൽസരിക്കാൻ കഴിയാത്ത ഉൽപ്പാദന ചിലവിലുള്ള ഗണ്യമായ ഈ അന്തരത്തിൽ നിന്ന് എങ്ങനെ നമുക്ക് മുന്നോട്ടു പോകാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായ ഒരു കാഴ്ചപാട ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ നൂൽ കിട്ടുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നൂല് ആവശ്യത്തിന് കിട്ടാനില്ല. ചുരുങ്ങിയ വിലക്ക് കൈത്തറി തൊഴിലാളി കറംക്ക് നൂല് ലഭിക്കണം. ഭാര്യയും ഭർത്താവും കുട്ടികളും എല്ലാം ഈ തൊഴിലുമായി ബന്ധപ്പെട്ടു ജീവിക്കുന്ന ബഹുഭൂരിപക്ഷം കുടുംബങ്ങറം നമ്മുടെ സംസ്ഥാനത്തുണ്ട്. അത്തരം കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ചുരുങ്ങിയ വിലയ്ക്ക് നൂലും മററ് കെമിക്കൽസ് ഉറംപ്പെടെയുള്ള സാധനങ്ങളും കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാ കണം. എന്നാൽ മാത്രമേ ഈ മേഖലയുമായി ബന്ധപ്പെട്ടു കഴിയുന്ന തൊഴിലാളികളേയും ഈ വ്യവസായത്തേയും പിടിച്ചു നിർത്താൻ സാധിക്കുക യുള്ളു. അതുകൊണ്ട് അത്തരത്തിലുള്ള നടപടികളെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാന്ന് തറികൾ ഇടുന്നതിനുവേണ്ടി ആവശ്യത്തിന് ലോൺ കൊടുക്കാനുള്ള സൗകര്യമുണ്ടാക്കണം. ഇന്ന് സമയത്തിന് ലോൺ കിട്ടാത്തതുകൊണ്ട് തറികൾ ഇടാൻ കഴിയാതെ, പ്രവർത്തിക്കുവാൻ കഴിയാതെ, നൂല് ആവശ്യത്തിനനുസരിച്ച് വാങ്ങി സൂക്ഷിക്കുവാൻ കഴിയാതെ ഒട്ടനവധി പ്രശ്നങ്ങൾ ഈ മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ചുണ്ട്. അതുകൊണ്ട് അവർക്കാവശ്യത്തിന് തറികളിടാനും അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനുംപ്പെടെയുള്ള ലോൺ കൊടുക്കുന്നതിനുമുള്ള നടപടികൾ ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകണം. ആ നിലയിൽ എല്ലാ അർത്ഥത്തിലും ഗവൺമെൻറ് ഇവർക്ക് സംരക്ഷണം കൊടുക്കത്തക്ക വിധത്തിലുള്ള ഒരു കണ്ണു വച്ചുകൊണ്ടു പ്രവർത്തിച്ചാൽ മാത്രമേ ഈ മേഖലയിലെ തൊഴിലാളികളെയും ഈ വ്യവസായത്തേയും രക്ഷിക്കാൻ കഴിയുകയുള്ളു. ഈ സന്ദർഭത്തിൽ ഈ തൊഴിലാളി കുടുംബങ്ങൾക്ക് ഇത്തരമൊരു സംരക്ഷണം കൊടുക്കത്തക്കവിധത്തിലുള്ള ബില്ലുമായി മുന്നോട്ടു വന്ന ഗവൺമെൻറിനെ ഒരിക്കൽ കൂടി അഭിനന്ദിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ശ്രീമതി റോസമ്മ പുന്നൂസ് ഓതറൈസ് ചെയ്തതനുസരിച്ച് ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

The Kerala Khadhi Worker's Welfare Fund Bill, 1989 be circulated for eliciting public opinion till 31-12-1988. ഇത് വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണ്. അതിലുപരി നമ്മുടെ കോൺഗ്രസ് സുഹൃത്തുക്കൾക്കും അതോടൊപ്പം നിൽക്കുന്ന കേരളാ കോൺഗ്രസ്സിനുമെല്ലാം താൽപ്പര്യമുള്ള ഒരു വിഷയമായിരിക്കും ഈ ഖാദിയുമായി ബന്ധമുള്ള കാര്യങ്ങൾ. എന്നാൽ ഇത്രയും പ്രധാനപ്പെട്ട ഒരു ചർച്ചയിൽ അവർ പങ്കെടുക്കാതെ വാക്കൗട്ട് നടത്തിയിരിക്കുകയാണ്.

ശ്രീ. എ. കെ. പത്മനാഭൻ: ഖാദി ബോർഡിന്റെ മുൻപത്തെ രണ്ടു വൈസ് ചെയർമാൻമാർ ഈ നിയമസഭയിൽ ഇപ്പോഴത്തെ അംഗങ്ങളാണ്. ശ്രീമാൻ പി. പി. ജോർജ്ജും ശ്രീ. ടി. എച്ച്. മുസ്തഫയും ഇതുപോലെ സുപ്രധാനമായ ഒരു ബില്ല് അവതരിപ്പിക്കുന്ന ഘട്ടത്തിൽ അവരിവിടെ ഹാജരാകാതിരിക്കുന്നത് ബോധപൂർവമാണെന്ന വസ്തുത ബഹുമാനപ്പെട്ട മെംബർക്കറിയാമോ ?

ശ്രീ. വി. കെ. രാജൻ: ഒന്ന്, അവർ ഇന്ന് സഭയിൽ വന്നിട്ടില്ല. രണ്ട്, അവരുടെ ഭരണകാലത്ത് മിക്കവാറും മുടിച്ച ഒരു വ്യവസായമാണിത്.

ശ്രീ ഗോവിന്ദക്കുറുപ്പ്: പലരും കുററബോധം മറച്ചു വയ്ക്കാൻ കഴിയാത്തതുകൊണ്ട് ഒഴിഞ്ഞുമാറി നിൽക്കുന്ന ഒരു സമ്പ്രദായം ഉള്ളതിന്റെ ഒരു ഭാഗമായിട്ട് ആയിക്കൂടെ ഇത്.

മി. സ്പീക്കർ: അത് വേണ്ട. ശ്രീ. എച്ച്. മുസ്തഫ സുഖമില്ലാതെ ആശുപത്രിയിൽ കിടക്കുകയാണ് എന്ന് ചെയറിനെ അറിയിച്ചിട്ടുണ്ട്. ബോധപൂർവ്വമൊന്നുമല്ല.

ശ്രീ. വി. കെ. രാജൻ: അല്ല. കുററബോധം അവർക്കുണ്ടാകും. ശ്രീ. മുസ്തഫ കുററബോധമുണ്ടെങ്കിലും ന്യായീകരിച്ച് സംസാരിക്കുന്ന ആളാണ്. നമ്മുടെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണ വേളയിൽ ഈ സഭയിൽ പങ്കെടുക്കാതെ മാറി നിന്നതിനു അവർ പറഞ്ഞ കാരണങ്ങളെ സംബന്ധിച്ച് അവർ തന്നെ ഒരു ആത്മ പരിശോധന നടത്തേണ്ടതാവശ്യമാണ് എന്നാണെന്റെ അഭിപ്രായം. കാരണം ശ്രീ. പി. ടി. ചാക്കോ അന്തരിച്ചതിനെത്തുടർന്ന് അദ്ദേഹത്തിന്റെ എല്ലാമെല്ലാമായ പിൻതുടർച്ചാവകാശികളെന്നു അവകാശപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഒരുകൂട്ടർ ചേർന്ന് രൂപം കൊടുത്ത ഒരു പാർട്ടിയാണ് കേരളാ കോൺഗ്രസ്. ഈ നിയമസഭയിൽത്തന്നെ 1964-ൽ ശ്രീമാൻ പി. ടി. ചാക്കോ ശക്തനായ ഒരു മന്ത്രിയായിരുന്നു. അദ്ദേഹം ഒരു നിയമസഭാ സാമാജികനായിരിക്കുമ്പോഴാണ് മരണപ്പെടുന്നത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ആർ. ശങ്കർ, അദ്ദേഹത്തിന്റെ ചരമത്തെ സംബന്ധിച്ച് അന്നത്തെ സ്പീക്കറെക്കൊണ്ട് ഒരു റഫറൻസ് നടത്തി നിയമസഭാസമ്മേളനം തുടർന്നു നടത്തിയ ആളാണ്. പിന്നെ 15 ദിവസം കഴിഞ്ഞപ്പോഴാണ് കേരളാ കോൺഗ്രസ് രൂപം കൊള്ളുന്നത്. അങ്ങനെ ശ്രീമാൻ പി. ടി. ചാക്കോയുടെ പേരിൽ രൂപം കൊണ്ട പാർട്ടി, അന്ന് ശ്രീ ചാക്കോയുടെ മരണത്തെ സംബന്ധിച്ച് ചരമോപചാരം നടത്തിയശേഷം സഭപിരിയണമെന്ന ആവശ്യം അന്ന് നിഷേധിച്ച ആളുകളോടൊപ്പം ഇറങ്ങിപ്പോയ പരിഹാസ്യമായ ചിത്രമാണ് ഇന്ന് നാം കണ്ടത്. കേരളാ കോൺഗ്രസ് ആത്മ പരിശോധന നടത്തണം. ശ്രീമാൻ കരുണാകരനും ആർ. ശങ്കറും അടക്കമുള്ള കോൺഗ്രസ് ആണ് അന്നുണ്ടായിരുന്നതും. അങ്ങനെ ഒരു സംഭവം ഈ നിയമസഭയ്ക്കകത്ത് അന്നുണ്ടായി, അന്ന് റഫറൻസ് മാത്രം നടത്തി, സഭ മുന്നോട്ടു പോയി. അന്ന് മററ് ബിസിനസ് എല്ലാം നടന്നു. സിററിംഗ് മെമ്പർ, ശക്തനായ മന്ത്രി കുറച്ചു ദിവസത്തിനു മുൻപുവരെ മന്ത്രിയായിരുന്നു. എല്ലാവരും അംഗീകരിക്കപ്പെട്ട മന്ത്രി. അതും ഈ രേഖയിൽ വരേണ്ടതാണ് എന്നാണെന്റെ അഭിപ്രായം.

മി. സ്പീക്കർ: നമ്മൾ ഇപ്പോൾ ഖാദിയെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്.

ശ്രീ. വി. കെ. രാജൻ: ഖാദിയും കോൺഗ്രസ്സും തമ്മിലുള്ള ബന്ധമാണ് ഞാൻ പറഞ്ഞു വന്നത്.

മി. സ്പീക്കർ: ശ്രീമാൻ പി. ടി. ചാക്കോയും ആർ. ശങ്കറും ഖാദി ധരിച്ചിരുന്നു എന്നുള്ളത് ശരിയാണ്. പക്ഷേ നമ്മളിപ്പോൾ തൊഴിലാളികളെക്കുറിച്ചല്ലേ ചർച്ച ചെയ്യുന്നത്?

ശ്രീ. വി. കെ. രാജൻ: ശ്രീമാൻ പി. ടി. ചാക്കോ ഉൾപ്പെടെയുള്ള ആളുകൾ ഖദറാണ് ധരിച്ചിരുന്നത്. ഇവിടെയിരിക്കുന്ന ഭൂരിപക്ഷം ആളുകളും ഖദറാണ് ധരിക്കുന്നത്. അപ്പോൾ ഖദറുമായി ബന്ധപ്പെട്ട ഈ കാര്യങ്ങൾ ചർച്ച ചെയ്യാൻ അവർ നിന്നില്ല. ഞാൻ സംസാരിച്ചു വരുന്നത്, നമ്മുടെ സംസ്ഥാനത്ത് ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി പരമ്പരാഗത വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ പ്രാവർത്തികമാക്കുന്ന ഒരു സ്റേററാണ്, അങ്ങനെ പാടില്ല എന്ന് ശ്രീമാൻ കരുണാകരൻ പണ്ടു പറഞ്ഞിരുന്നതാണ്. പ്രത്യുൽപ്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് പണം ചെലവഴിക്കാൻ പാടില്ല എന്ന സിദ്ധാന്തമാണ് ശ്രീമാൻ കരുണാകരൻ അപ്പുറത്തിരുന്നും ഇപ്പുറത്തിരുന്നും പല ഘട്ടങ്ങളിലും പറഞ്ഞിട്ടുള്ളത്. ഇദ്ദേഹം മറിച്ചു പറയുകയുണ്ടായി. ഈ ഖാദി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിൽ കോടിക്കണക്കിന് രൂപ ഖാദി കമ്മീഷനിലൂടെ രാഷ്ട്രീയ ഭിക്ഷാംദേഹികൾക്കായി അതിനാവശ്യമായ തസ്തികകളുണ്ടാക്കി ഈ ഇനത്തിൽ തട്ടിയെടുത്ത ഒരു പാർട്ടിയാണ് കോൺഗ്രസ് പാർട്ടി. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് അതിന്റെ എല്ലാ വിലയും കണക്ക് പറഞ്ഞ് വാങ്ങുന്ന ഒരു പ്രധാനപ്പെട്ട മേഖലയാണ് ഖാദി മേഖല. ഈ സംസ്ഥാനത്തല്ലാതെ മറേറതെങ്കിലും സംസ്ഥാനത്ത് ഇത്തരത്തിലൊരു നിയമമുണ്ടായിട്ടുണ്ടോ? ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ പല നിയമനിർമ്മാണങ്ങൾ ഉണ്ടാക്കുമ്പോൾ അത് ഇൻഡ്യയ്ക്കൊട്ടാകെ തന്നെ മാതൃകാ പരമായി ആദ്യത്തെ സംരംഭം എന്ന നിലയിൽ കേരളത്തിൽ നിയമ നിർമ്മാണങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ശ്രീമതി ഗൗരിയമ്മയും മുഖ്യ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുമടക്കമുള്ള ആളുകൾ സ്വാതന്ത്ര്യ സമര പോരാളികൾ എന്ന അടിസ്ഥാനത്തിൽ ഖദറും അതുപോലുള്ള വസ്ത്രങ്ങളും ധരിക്കാൻ ആവേശഭരിതരായിട്ടുണ്ടെങ്കിലും ഞങ്ങളെപ്പോലുള്ള പിൻതലമുറക്കാർ, ഇടതുപക്ഷ പ്രസ്ഥാനത്തിനകത്ത് താരതമ്യേന കുറവാണ് ഖദർ ധരിക്കുന്ന ആളുകൾ. അത് അപ്പുറത്താണ് ധാരാളമുള്ളത്. അങ്ങനെ മാനസികമായ ബന്ധങ്ങൾ ഉണ്ടായിട്ടുപോലും ഈ ഖാദി മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി നിയമം കൊണ്ടുവരാൻ ഈ ഇടതുപക്ഷ സർക്കാർ വേണ്ടി വന്നു ആദ്യമായി ഇൻഡ്യയിൽ എന്നുള്ളത് ചരിത്രത്തിൽ രേഖപ്പെടുത്തുന്ന ഒരു സംഭവമായിരിക്കും. നമ്മുടെ ഖാദി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ശ്രീ. സി. പി. ബാലൻ വൈദ്യർ കൈത്തറി തൊഴിലാളികളുടെ കാര്യം പറഞ്ഞതുപോലെ അതിനേക്കാളും വളരെ വളരെ താഴ്ന്ന നിലവാരത്തിൽ വേതനം ലഭിക്കുന്ന ഒരു വിഭാഗം ആളുകളാണ്. ഇത്രയും താഴ്ന്ന വരുമാനം ലഭിക്കുന്ന ആളുകൾ ഉണ്ടോ എന്ന് സംശയമാണ്. ഹാനികരമായ ആരോഗ്യത്തിന് ഇട നൽകുന്ന ഈ പഞ്ഞി രൂപപ്പെടുത്തിക്കൊണ്ട് അത്യാധുനിക ടെക്സ്റ്റയിൽ വ്യവസായത്തിൽ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനാവശ്യമായ എല്ലാ നടപടികളും ഈ പഞ്ഞിയുമായി ബന്ധപ്പെട്ട വ്യവസായ മേഖലകളിൽ നമുക്ക് ദർശിക്കാൻ കഴിയും. എന്നാൽ ഈ ഖാദി മേഖലയിൽ ജോലിയിലേർപ്പെട്ടിരിക്കുന്ന ആളുകൾക്ക് അത്തരത്തിലുള്ള യാതൊരു ആരോഗ്യ സംരക്ഷണ നടപടികൾ ചെയ്യുന്നുമില്ല. അവരുടെ വേതനമാണെങ്കിൽ വളരെ തുച്ഛമാണ്. ഭൂരിപക്ഷം തൊഴിലാളികൾക്കും 15 രൂപാ മുതൽ 20 രൂപവരെ മാത്രമേ ഒരുമാസം വേതനം ലഭിക്കുന്നുള്ളു. അത്രയ്ക്ക് തുച്ഛമാണ് അവരുടെ വേതനം. നമ്മുടെ കേരളത്തിലെ മററത് പരമ്പരാഗതമായ വ്യവസായത്തിന്റെ കണക്കെടുത്ത് പരിശോധിച്ചാലും എല്ലാററിനും അതിന്റേതായ പ്രയാസങ്ങളുണ്ട്, വളരെ ബുദ്ധിമുട്ടുണ്ട് എന്നു കാണുമ്പോഴും ഈ മേഖലയിൽ വളരെ തുച്ഛമാണ്. നമുക്ക് ട്രേഡ് യൂണിയൻ പ്രസ്ഥാനം അതിശക്തമായി ഉണ്ടാക്കാൻ കഴിയാത്ത ഒരു അവസ്ഥാ വിശേഷത്തിലാണ് ഈ ഖാദി വ്യവസായത്തിന്റെ കിടപ്പ്. അതും ഈ വ്യവസായത്തിന്റെ ശോച്യാവസ്ഥയ്ക്ക് ഒരു പ്രധാന ഘടകമാണ്. നമ്മുടെ സംസ്ഥാനത്തെ നല്ലൊരു വിഭാഗം മൽസ്യത്തൊഴിലാളികൾ പള്ളികളുടേയും മതത്തിന്റേയുമൊക്കെ അടിസ്ഥാനത്തിൽ സംഘടിത വിപ്ലവ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടാതെ, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടാതെ കിടക്കുന്നുണ്ട്. അതുപോലെതന്നെ ഈ വ്യവസായ മേഖലയിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് സേവന-വേതന വ്യവസ്ഥകൾക്കുവേണ്ടി പോരാട്ടം നടത്തി അതു നേടികൊടുക്കുന്നതിനുവേണ്ടിയുള്ള ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളോ അതിനനുസൃതമായ ഒരു മേഖലയോ ഇല്ലാത്ത ഒരു ശോച്യാവസ്ഥ കേരളത്തിൽ നിലനിൽക്കുന്നു. സഹകരണ സംഘത്തിന്റെ നിയമങ്ങളാണെങ്കിൽ സാധാരണ കോ-ഓപ്പറേററീവ് ആക്ററ് പ്രകാരമുള്ള നടപടികൾ വേണ്ടത്ര നിഷ്ക്കർഷയോടുകൂടി നടപ്പിലാക്കുന്നില്ല ഈ മേഖലയിൽ എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. പ്രധാനമായി ഖാദി ബോർഡിന്റെ ഭരണ സംവിധാനങ്ങൾ ജില്ലാതലങ്ങളിലാണ് നടക്കുന്നത്. ആ ജില്ലാ ആസ്ഥാനത്തു നടക്കുന്ന കാര്യങ്ങളെപ്പററി വളരെ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. ആവശ്യാനുസരണം ആരെങ്കിലും ഒരു ഖാദി സൊസൈററി ആവിഷ്ക്കരിക്കാൻ ശ്രമിച്ചാൽ അല്ലെങ്കിൽ അതിനുള്ള ഒരു ശ്രമം നടത്തിയാൽ അതിനുള്ള പ്രോൽസാഹനം കഴിഞ്ഞ കാലങ്ങളിൽ വളരെയേറെ കുറവായിരുന്നു. ശ്രീമാൻ ടി. എച്ച്. മുസ്തഫ, ശ്രീമാൻ പി. പി. ജോർജ്ജ് ഇവർ ധാരാളം ററി. എ. വാങ്ങിയിട്ടുണ്ടാവും. അതിന്റെ കണക്കുകൾ പരിശോധിക്കാം. അതിനുള്ള ചോദ്യങ്ങൾ അയയ്ക്കുന്നുണ്ട്. എന്നാൽ ആ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെയും ആ മേഖലയെ ഒട്ടാകെയും നശിപ്പിക്കുന്നതിൽ വലിയൊരു പങ്ക് അവർ വഹിച്ചിട്ടുണ്ട്. ശ്രീ. ടി. എച്ച്. മുസ്തഫ

LIBRARY ARCHIVES Kerala Legislative Assembly

ഓണക്കാലത്ത് പാരിതോഷികമായി എം.എൽ.എ. മാർക്ക് ഓരോ ജോടി മുണ്ടു കൊടുത്തു. ശ്രീ. പി. പി. ജോർജ്ജ് അതും കൊടുത്തിരുന്നില്ല. കോ-ഓപ്പറേറ്റീവ് ആക്റ്റ് പ്രകാരമുള്ള സഹകരണ സംഘങ്ങളിലെ നിയമങ്ങളും നമ്മുടെ വ്യവസായ തൊഴിലാളികൾക്കുവേണ്ടി രൂപികരിക്കപ്പെട്ട സഹകരണ സംഘത്തിലെ നിയമങ്ങളും രണ്ടും അങ്ങോട്ടു കടന്നു ചെല്ലാത്ത ഒരു മേഖലയാണ് ഖാദി മേഖല. മിക്കവാറും സൊസൈററികളായിട്ടും ഒററയ്ക്കൊററയ്ക്കും ഖാദി വ്യവസായം നടത്തുന്ന ആളുകളുണ്ട്. ഇവിടെ ശ്രീമതി ഗൗരി അമ്മ കൊണ്ടുവന്നിരിക്കുന്ന നിയമത്തിൽ ഖാദി തുണി നെയ്യുന്ന ആളുകളുടെ കാര്യമാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് ഖാദി ബോർഡിന്റെ കീഴിൽ മെഴുകുതിരി നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, കളിമൺ പാത്ര നിർമ്മാണം, ഓടു നിർമ്മാണം തുടങ്ങിയ ധാരാളം വ്യവസായങ്ങൾ ഉണ്ട്. അത്തരം ആളുകളുടെ കാര്യങ്ങൾകൂടി ഇതിൽവരണമെന്നുള്ളതാണെന്റെ അഭിപ്രായം. ഇത്തരമാളുകൾക്ക് മററ് മേഖലയിൽ പണിയെടുക്കുന്നവർക്ക് കിട്ടുന്ന വേതനമൊന്നും ലഭ്യമല്ല. അപ്പോൾ അത്തരമാളുകൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കാനുള്ള സമഗ്രമായ നടപടികൾ ഈ നിയമത്തിലുണ്ടാകണം. ക്ഷേമനിധിയും പെൻഷനും മററ് സൗകര്യങ്ങളും ഏർപ്പെടുത്തുമ്പോൾ ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ കാര്യങ്ങൾക്കുകൂടി ഉറപ്പുണ്ടാകണം. അല്ലെങ്കിൽ ഇത്തരം തൊഴിലാളികൾക്ക് വളരെ തുച്ഛമായ ആനുകൂല്യം മാത്രമേ ലഭിക്കാൻ ഇടയുള്ളു. അതുകൊണ്ട് ഇതുകൂടി ഉൾപ്പെടുത്താനുള്ള നടപടിയുണ്ടാകണം.

കയർ വ്യവസായത്തിൽ ക്ഷേമനിധിയേർപ്പെടുത്തിയപ്പോൾ പല അവസരത്തിലായി പെൻഷന്റെ കാര്യങ്ങൾ പറഞ്ഞുവെങ്കിലും അത് പ്രാവർത്തികമാക്കിയിട്ടില്ല. ഈ നിയമം പാസ്സാകുന്നതോടുകൂടി കയർത്തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി പൂർണ്ണമായി നടപ്പിലാകുന്ന രീതിയിലുള്ളസമഗ്രമായ ഒരു പദ്ധതിയാവിഷ്ക്കരിക്കണം. എന്നാൽ ഇതുകൊണ്ടൊന്നും നമ്മുടെ വ്യവസായത്തിലെ എല്ലാ കാര്യങ്ങളും നടക്കുമെന്ന് ഞാൻ പറയുന്നില്ല. അതുപോലെ തന്നെ കള്ളഖാദി ധാരാളം ഉണ്ട്. മററ് നൂലുകൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന കള്ള ഖാദിയുടെ അടിസ്ഥാനത്തിൽ സ്റ്റോർ എന്നുപറഞ്ഞ് അതിന്റെ ആനുകൂല്യങ്ങൾ വാങ്ങിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. സബ്സിഡി വാങ്ങിക്കുന്ന ആളുകൾ ഉണ്ട്. റിബേററ് വാങ്ങിക്കുന്ന ആളുകൾ ഉണ്ട്. ഇങ്ങനെ കള്ള ഖാദി വിററ് ഖാദി സ്റ്റോർ എന്ന ഒരു പേര് എഴുതിവച്ച് അതിന്റെ ആനുകൂല്യങ്ങൾ വാങ്ങിക്കുന്ന ധാരാളം ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഹാൻറ്ലൂമിലും അത്തരം ആളുകൾ ഉണ്ട്. മറെറാരു കാര്യംകൂടി ഉണ്ട്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽനിന്ന് അവർക്ക് കിട്ടുന്ന മൊത്തം വേതനത്തിന്റെ 8 ശതമാനം ഖാദി തൊഴിലാളികളിൽ നിന്ന് ഈടാക്കണമെന്നാണ്. അത് കേന്ദ്ര ഖാദി കമ്മിഷനുമായി ബന്ധപ്പെട്ടു ചെയ്യണം. ഈ ക്ഷേമ പദ്ധതിയിൽ വരുന്നത്രയും സംഖ്യ ഈ തൊഴിലാളികൾ കൊടുക്കേണ്ടതായ സംഖ്യ ഖാദി കമ്മിഷനിൽ നിന്ന് പ്രത്യേകമായ ഗ്രാൻറായോ മറേറാ വാങ്ങാനുള്ള ഒരു നടപടി ഗവൺമെൻറിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഈ നിയമസഭയിൽത്തന്നെ അതിനാവശ്യമായ പ്രമേയങ്ങളും മററും അവതരിപ്പിച്ച് അംഗീകരിച്ച് കേന്ദ്ര ഖാദി കമ്മിഷനിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം. കാരണം കോടിക്കണക്കിനു രൂപ ധൂർത്തടിക്കുന്ന ഒന്നാണ് കേന്ദ്ര ഖാദി കമ്മിഷൻ. ഖാദി കമ്മിഷന്റെ ചെയർമാനാകുന്ന ആൾ കേന്ദ്ര ക്യാബിനററിലുള്ള ആളാണ്. അത്രയും ഉന്നതമായ അധികാരമുള്ള ആളാണ്. കേന്ദ്ര ഗവൺമെൻറിന്റെ ഒരു വകുപ്പിൽ ചെലവഴിക്കുന്ന പണത്തേക്കാൾ കൂടുതൽ ഖാദി കമ്മിഷന്റെ അധികാര പരിധിയിൽ വരുന്ന ബഡ്ജററിൽ വരുന്നു. ആ അടിസ്ഥാനത്തിൽ ഈ തുച്ഛമായ സംഖ്യ ഖാദി കമ്മിഷനിൽ നിന്ന് പ്രത്യേക ഗ്രാൻറായി വാങ്ങി തൊഴിലാളികളിൽനിന്ന് 8 ശതമാനമെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാററണമെന്നഭ്യർത്ഥിക്കുന്നു. അതുപോലെതന്നെയാണ് ഹാൻറ്ലൂമിൻെറ കാര്യവും. ഒരു രൂപയാണ് അവർ കൊടുക്കുന്നത്. പെൻഷനും ഗ്രാററുവിററിക്കും മററ് കാര്യങ്ങൾക്കും റൂൾസ് ഉണ്ടാക്കുമ്പോൾ അതൊക്കെ ആലോചിക്കേണ്ട കാര്യമാണ്. വർഷത്തിൽ എത്ര ദിവസം പണിയെടുത്ത ആളുകൾക്ക് പെൻഷൻ കൊടുക്കണമെന്നുള്ള കാര്യം ആലോചിക്കേണ്ടതാണ്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ കൈത്തറി മേഖലയിലും ധാരാളം കള്ളസംഘങ്ങൾ ഉണ്ട്. പണ്ടു കാലത്ത് പത്തിരുപതാളുകൾ ചേർന്ന് ഒരു സംഘമുണ്ടാക്കിവച്ച് അതിൻെറ അടിസ്ഥാനത്തിൽ റിബേററും മററാനുകൂല്യങ്ങളും വാങ്ങുന്ന സംഘങ്ങളുണ്ട്. അത് ഇതിലും കാണുമെന്നാണ് എനിക്ക് തോന്നുന്നത്. ഇതാണെങ്കിൽ ആരും പരിശോധിക്കാത്ത സംഘങ്ങളാണ്. ഹാൻറ്ലൂമിലാണെങ്കിൽ അവിടെ ആരെങ്കിലുംപോയി പരിശോധിച്ച് ശിക്ഷാനടപടികൾ എടുക്കാറുണ്ട്. ഖാദി സൊസൈററിയിലാണെങ്കിൽ ആരും പോയി പരിശോധിക്കാറില്ല. ഖാദി കമ്മീഷൻ കോൺഗ്രസുകാർക്കും മററും സ്വാതന്ത്ര്യശേഷം വാരിക്കോരി കൊടുക്കുന്ന ഒരു സ്ഥാപനമെന്നുള്ളതിൻെറ അടിസ്ഥാനത്തിൽ ഓരോ കാലഘട്ടത്തിലും കുറെയാളുകൾ ഒരു സംഘമുണ്ടാക്കുകയും അതിൽനിന്നും എന്തെങ്കിലും തട്ടിയെടുക്കുന്ന ഒരു സ്ഥിരം ഏർപ്പാടായി അത് തീരുകയും ചെയ്യുന്നുവെന്നുള്ളതാണ്. സംസ്ഥാനത്തൊട്ടാകെ സംഭവിക്കുന്നതാണിത്. ഈ മേഖല പരിശോധിച്ചില്ലെങ്കിൽ ഈ രീതിയിൽ അനാവശ്യമായ ആനുകൂല്യങ്ങൾ ഈ സംഘങ്ങൾ തട്ടിയെടുക്കും. യാതൊരു കാണവശാലും ഹാൻഡ്ലൂമിൽ ജോലി ചെയ്യാത്ത ആളുകൾ, നൂൽ ഉൽപ്പാദിപ്പിക്കാത്ത ആളുകൾ ഈ ആനുകൂല്യങ്ങൾ തട്ടിയെടുത്തുകൂട. ഈ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവരെ കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കണം. നമ്മുടെ സംസ്ഥാനം സാമ്പത്തികമായി വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരു സംസ്ഥാനമാണ്. ഇന്ന് വളരെയേറെ പ്രയാസങ്ങൾ ഉണ്ട്. അടുത്തമാസം തരാനുള്ള 48 കോടിരൂപ ഈ മാസം തരണമെന്നു പറഞ്ഞപ്പോൾ കേന്ദ്ര ഗവൺമെൻറ് അത് നമുക്ക് തന്നില്ല. നേരെമറിച്ച് പഞ്ചാബായിരുന്നു ചോദിച്ചിരുന്നുവെങ്കിൽ കൊടുക്കുമായിരുന്നു. കേരളത്തിൽ വിഘടനവാദവും മററുമൊന്നും ശക്തിപ്പെടാതെ പററുകയില്ലല്ലോ ? കേന്ദ്രഗവൺമെൻറ് മന:പൂർവ്വം തരാത്തതാണ്. കേന്ദ്രഗവൺമെൻറ് ഈ സംസ്ഥാന ഗവൺമെൻറിന് അടുത്ത മാസം തരേണ്ടതായ 48 കോടിരൂപ 15 ദിവസത്തിനു മുമ്പ് തരണമെന്ന് ആവശ്യപ്പെട്ടിട്ട് കൊടുത്തില്ല. ഈ നാണംകെട്ട അൽപ്പത്വമായ പണി രാജീവ്ഗാന്ധിയല്ലാതെ ലോകത്താരും ചിന്തിക്കുക കൂടി ചെയ്യാത്ത ഒരു കാര്യമാണ്. അതിന് പ്രത്യേക കാരണമൊന്നുമില്ല. നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്. വിഘടന വാദത്തിനെതിരായ പോരാട്ടം നടത്തി ജീവൻ ബലിയർപ്പിക്കപ്പെട്ട പ്രസ്ഥാനങ്ങൾക്ക് പ്രാതിനിധ്യം വഹിക്കുന്ന ആളുകൾ ഭരിക്കുന്ന സംസ്ഥാനമാണ് കേരളം. വിഘടനവാദം വാരിവിതറുന്നതാരാണ്. കോൺഗ്രസുകാർ തന്നെയാണ്. ഇന്ത്യയൊട്ടാകെതന്നെ വിഘടനവാദത്തിന് ഏററവും വളക്കൂറുള്ള മണ്ണായി ഇന്ത്യയെ മാററുന്നത് കോൺഗ്രസുകാരാണ്. അതിനെതിരായി അതിശക്തമായി ദേശീയ ഐക്യത്തിനുവേണ്ടി വിഘടനവാദവും ഖാലിസ്ഥാനും വരാൻ പാടില്ലെന്ന് ജീവൻകൊടുത്ത് ഏററവും കൂടുതൽ വാദിക്കുന്ന പ്രസ്ഥാനമാണ് കമ്മ്യൂണിസ്ററ് പ്രസ്ഥാനം എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഏററവും കൂടുതൽ തൊഴിലാളികൾ ജീവൻ ബലിയർപ്പിക്കപ്പെട്ട ഇത്തരം രാഷ്ട്രീയ പാർട്ടികൾക്ക് നേതൃത്വമുള്ള കേരളത്തിലെ ജനങ്ങളെ വിഘടനവാദത്തിലേക്ക് നയിക്കാൻ പര്യാപ്തമാണ് ഇവരുടെ ഇത്തരത്തിലുള്ള തീരുമാനങ്ങളെന്ന് ഭരണാധികാരികൾ മനസ്സിലാക്കേണ്ടതാണ്. ആ ഒരു ഘട്ടത്തിലാണ് നമ്മൾ ഇത്തരം ആശ്വാസകരമായ നടപടികൾ സ്വീകരിച്ചു മുന്നോട്ടു പോകുന്നത്. എത്രയും പെട്ടെന്ന് ഈ പറയുന്ന ജനവിഭാഗത്തിന് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ ഉണ്ടാക്കി നമ്മൾ

വിഭാവനം ചെയ്യുന്ന, അദ്ധ്വാനിക്കുന്ന പാവപ്പെട്ട ആളുകൾക്ക് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം എന്നു പറഞ്ഞുകൊണ്ട് ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. സത്യൻ മൊകേരി : സർ, I move that the Kerala Khadi workers Welfare Fund Bill, 1988 be referred to a Select Committee ഇൻഡ്യയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു മേഖലയാണ് ഖാദിമേഖല. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ കാലത്ത് നമ്മുടെ രാജ്യത്ത് വളർന്നുവന്നിട്ടുള്ള ഒരു പ്രസ്ഥാനമാണ് ഖാദി. യഥാർത്ഥത്തിൽ ഇന്ന് കോടിക്കണക്കിനു രൂപ ഈ മേഖലയിൽ ഖാദി കമ്മീഷൻ നമ്മുടെ രാജ്യത്ത് ചെലവഴിക്കുന്നുണ്ടെങ്കിലും അതിനനുസരണമായ ഒരു പുരോഗതിയും ഈ മേഖലയിൽ ഇല്ലെന്ന് നമുക്ക് വളരെ പ്രകടമായി കാണാൻകഴിയും. ഈ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് യാതൊരു സുരക്ഷിതത്വവും ഇല്ല. ന്യായമായ വേതനമോ തൊഴിൽമേഖലയിൽ സാധാരണ ഗതിയിൽ തൊഴിലാളികൾക്ക് കിട്ടേണ്ട സംരക്ഷണമോ ലഭിക്കാത്തതുകൊണ്ട് ഈ മേഖലയിലെ തൊഴിലാളികൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. 26,000 ത്തിലധികം തൊഴിലാളികൾ ഈ മേഖലയിൽമാത്രമായി ജോലിചെയ്യുന്നു. അതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അവർക്ക് ഏറെ പ്രതീക്ഷക്കും ആശയ്ക്കും വകനൽകുന്ന ഒരു ബില്ലാണിത്. പ്രതീക്ഷയില്ലാതെ, ആശയില്ലാതെ ജീവിച്ചിരുന്ന ന്യായമായ യാതൊരു വരുമാനവുമില്ലാതെ തൊഴിൽചെയ്തിരുന്ന ഈ മേഖലയിലെ 26,000 ത്തിലധികം വരുന്ന തൊഴിലാളികൾക്ക് പ്രതീക്ഷക്കും ആശയ്ക്കും വകനൽകുന്ന ഒരു ബിൽ എന്നുള്ള നിലയ്ക്ക് ഏറെ സന്തോഷത്തോടുകൂടിയായിരിക്കു കേരളത്തിലെ ഖാദിമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ ഇതിനെ കാണുന്നത്. തൊഴിലാളികൾക്ക് ആശയ്ക്ക് വക നൽകുന്നതാണ് ഈ ബിൽ

സർ, വളരെ ഗൗരവത്തോടുകൂടി ഈ മേഖലയെ കണക്കിലെടുക്കാനും, അതിന്റെയടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സ്ഥിരമായി ജോലി നൽകാൻ സാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് വളരെ സജീവമായി പരിശോധിക്കാനും ഗവൺമെന്റിന് കഴിയണം. കേന്ദ്രഖാദികമ്മീഷന്റെ സഹായം അതിന് വളരെ അത്യാവശ്യമാണ്. വൻകിടകുത്തകമില്ലുകൾ, ബോംബേ ഡൈയിംഗ്, റിലയൻസ്, ഡി. സി. എം., ബിർള ഗ്രൂപ്പുകളൊക്കെത്തന്നെ ആധുനികമായിട്ടുള്ള രീതിയിൽ ഉൽപ്പാദനം ആരംഭിച്ചതോടുകൂടി മാർക്കററിൽ ഖാദി ഉൽപ്പന്നങ്ങൾ പ്രതിസന്ധിയെ നേരിടുന്നു. ഖാദിത്തുണിത്തരങ്ങൾക്ക് മററു ഉൽപ്പന്നങ്ങളുമായി മാർക്കററിൽ മൽസരിക്കാൻ സാധിക്കാത്തതുകൊണ്ട് ഖാദിയുൽപ്പന്നങ്ങൾ വിററഴിയാത്ത ഒരു സാഹചര്യമുണ്ട്. പല സ്ഥലത്തും ഖാദിയുൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയാണ്. അതുകൊണ്ടു ഖാദിമേഖലയിലെ ഉൽപ്പന്നങ്ങൾക്ക് എങ്ങനെ മാർക്കററ് ഉറപ്പു വരുത്താമെന്നതിനെക്കുറിച്ചു വളരെ ഗൗരവത്തോടുകൂടി ആലോചിക്കാനും കഴിയണം. അങ്ങനെ മാർക്കററ് ഉറപ്പുവരുത്തിയില്ലെങ്കിൽ എന്നന്നേക്കുമായി ഈ വ്യവസായം അടച്ചുപൂട്ടേണ്ട ഒരു സ്ഥിതിവിശേഷം ഈ മേഖലയിൽ സംജാതമാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരുകാലത്തു ഖാദിത്തുണിത്തരങ്ങൾ ഉപയോഗിക്കുക എന്നുള്ള നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ഒരു ശീലമായിരുന്നു. യഥാർത്ഥത്തിൽ ഇന്നു ആ ശീലമുണ്ടോയെന്നനിക്കു റിയില്ല. ഇപ്പോൾ സിൽക്ക്ഖാദി, ഫാഷൻഖാദി അങ്ങനെ പലതുമായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടു എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഈ മേഖലയെ സംരക്ഷിക്കാൻ കഴിയണമെന്നാണ്. തൊഴിലാളി ക്ഷേമനിധി ഉറപ്പുവരുത്തുന്ന ബിൽ അവതരിപ്പി

11 A. M.

LIBRARY ARCHIVES Kerala Legislative Assembly

ഒപ്പോഴത്തെന്നെ ഈ തൊഴിലാളികളെ എങ്ങനെ സംരക്ഷിക്കാൻ കഴിയുമെന്ന് ആലോചിക്കണം. പ്രധാനമായും ഖാദിമേഖലയിൽ നൂൽ കിട്ടാത്ത അവസ്ഥയുണ്ട്. കിട്ടുന്ന നൂലിന് തന്നെ കൂടുതൽ വില കൊടുക്കണം. വർദ്ധിച്ച വില കൊടുത്തു വാങ്ങുന്ന നൂൽ കൊണ്ടു തുണിത്തരങ്ങളുണ്ടാക്കി കഴിഞ്ഞാൽ, ആധുനിക യന്ത്രത്തറികളിൽ നിന്നു പുറത്തുവരുന്ന തുണിത്തരങ്ങളും ഖാദി തുണിത്തരങ്ങളും തമ്മിൽ വിലയിൽ വലിയ അന്തരമുണ്ട്. സാധാരണ ഖാദിത്തുണിത്തരങ്ങൾ വാങ്ങുന്ന ആളുകൾ പോലും ഇന്നു വിലയിലുള്ള ഈ വ്യത്യാസം കാരണം ഖാദി ഉപയോഗിക്കാത്ത ഒരു സാഹചര്യമുണ്ട്. അതുകൊണ്ടു ഖാദിക്ക് സബ്സിഡിയോടുകൂടി നൂൽ വിതരണം ചെയ്യണം. ഖാദിത്തുണിത്തരങ്ങൾ ഗവൺമെന്റ് വാങ്ങിക്കാൻ തയ്യാറാകണം. അത്തരമൊരു സമീപനം സ്വീകരിച്ചാൽ മാത്രമേ ഖാദി വ്യവസായം രക്ഷപ്പെടുകയുള്ളു. കേന്ദ്ര ഖാദികമ്മീഷൻ വളരെ സജീവമായി, കോടിക്കണക്കിന് രൂപ ഓരോ വർഷവും ചെലവഴിക്കുന്ന ഒരു മേഖലയെന്നുള്ള നിലയിൽ ഖാദിമേഖലയെ പ്രാധാന്യത്തോടുകൂടി കൊണ്ടുപോകണം. ഖാദിമേഖലയെ സംരക്ഷിക്കാൻ അനുയോജ്യമായ നടപടികൾ കൈക്കൊള്ളണമെന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്. ഖാദിമേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്ന ഈ ബിൽ വളരെ സന്തോഷത്തോടുകൂടിയാണ് കേരളത്തിലെ ജനങ്ങളും തൊഴിലാളികളും കാണുന്നത്.

ശ്രീ. ആർ. ഉണ്ണികൃഷ്ണപിള്ള : സർ, കൈത്തറിത്തൊഴിലാളികൾക്കുള്ള ക്ഷേമനിധി ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രിക്കുവേണ്ടി ഇവിടെ വിശദീകരണം നൽകിയ ബഹുമാനപ്പെട്ട ബേബി ജോൺ വളരെ പ്രസക്തമായ ചില കാര്യങ്ങൾ പറയുകയുണ്ടായി. നമ്മുടെ രാജ്യത്തു കൈത്തറിരംഗത്തു പണിയെടുക്കുന്ന ഒരു കോടിയിൽപ്പരം വരുന്ന തൊഴിലാളികളിൽ ഏതാണ്ട് രണ്ടേമുക്കാൽ ലക്ഷത്തോളം തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ തൊഴിലാളികളെ ആശ്രയിച്ചുകഴിയുന്ന 13 ലക്ഷത്തിൽ പരം വരുന്ന കുടുംബാംഗങ്ങൾ ഉണ്ട്. ഇന്നു പൊതുവിൽ നമ്മുടെ രാജ്യത്തു ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങളിൽ മൂന്നിലൊന്ന് കൈത്തറിമേഖലയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. എന്നിട്ടുപോലും ഈരംഗത്തു പണിയെടുക്കുന്ന തൊഴിലാളികൾക്കു ന്യായമായ വരുമാനമില്ല എന്നുള്ള ദുഃഖസത്യം നിലനിൽക്കുന്നു. അതേപോലെതന്നെ ബുദ്ധിമുട്ടനുഭവിക്കുന്ന ഈ തൊഴിലാളികൾക്ക് അൽപ്പമെങ്കിലും ആശ്വാസം നൽകുന്നതിനു വേണ്ടിയുള്ള നമ്മുടെ ഈ ഗവൺമെന്റിന്റെ പരിപാടികൾ പലപ്പോഴും തകർക്കുന്നതിനും തുരങ്കം വയ്ക്കുന്നതിനുംവേണ്ടി പ്രതിപക്ഷം ശ്രമിച്ചിരുന്നു എന്നുള്ളതു ഈയവസരത്തിൽ വിസ്മരിക്കാൻ സാധിക്കുകയില്ല. ഡ്രൈവറ് മോട്ടോർ തൊഴിലാളികളുടെ ക്ഷേമനിധിബിൽ അവതരിപ്പിച്ചുകൊണ്ടു അന്നു ഇവിടെ നടന്ന ചർച്ചാ വേളയിലും പ്രതിപക്ഷം ഈ സഭയ്ക്ക് പുറത്തു ഒരു സമരം സൃഷ്ടിക്കുകയാണ് ചെയ്തത്. ഇന്നു വളരെ പ്രധാനപ്പെട്ട 2 ബില്ലുകൾ, കൈത്തറിയും ഖാദിയും ഇവിടെ പരിഗണനക്കു വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മററു പല മെമ്പർമാരും ഇവിടെ സൂചിപ്പിച്ചതുപോലെ, ഖാദിയുടെ കാര്യം പറയുമ്പോഴെങ്കിലും പ്രതിപക്ഷത്തുള്ളവർ ഇവിടെ ഇരിക്കേണ്ടതാണ്. അവർക്ക് ഖാദിയോടും ഖാദിപ്രസ്ഥാനത്തോടുമുള്ള ബഹുമാനമെന്താണെന്നുള്ളത് അവരുടെ ഇത്തരം സമീപനം കൊണ്ടു നമുക്ക് മനസിലാക്കാൻ കഴിയുമെങ്കിലും പൊതുവിൽ ഈ രംഗങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളോട് അവർ അനുവർത്തിച്ചുവരുന്ന സമീപനമെന്താണെന്നു കഴിഞ്ഞ പല സന്ദർഭങ്ങളിലായിട്ടു നമുക്ക് ബോദ്ധ്യപ്പെടാനുള്ള അവസരമുണ്ടായിട്ടുണ്ട്.

2/942/V.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഈ ബില്ലിന്റെ കാര്യത്തിലേക്ക് കടക്കുമ്പോൾ എനിക്ക് പ്രധാനമായി പറയാനുള്ളത് ഈ രംഗത്തു പണിയെടുക്കുന്ന തൊഴിലാളികളെ ഈ രംഗത്തു തന്നെ പിടിച്ച് നിർത്തണമെന്നുള്ളതാണ്. ഇന്നു നിലനിൽക്കുന്ന ചില പ്രതിബന്ധങ്ങളുണ്ട്. ഒന്ന്, ഈ രംഗത്തു കൊണ്ടുവന്നിട്ടുള്ള ജനറലൈസേഷൻ. അതിന്റെ ഫലമായി വൻകിട ടെക്സ്റ്റൈൽസ് മുതലാളിമാർ കൈത്തറി വ്യവസായരംഗത്തെ ഞെക്കി ശ്വാസംമുട്ടിക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതിന് പരിഹാരമെന്നുള്ള നിലയിൽ ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകണം. കൈത്തറിരംഗത്തു എല്ലാ അടിസ്ഥാനതത്വങ്ങളേയും തകർത്തുകൊണ്ടു അഴിമതി കടന്നുകൂടിയിരിക്കുന്നു എന്നു പറയാൻ ഞാൻ ഈയവസരം വിനിയോഗിക്കുകയാണ്. കഴിഞ്ഞ ഓണക്കാലത്തു ചില സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും ഹാൻഡ്‌ലും കോർപ്പറേഷൻ 55 ലക്ഷത്തിൽ പരം രൂപയ്ക്ക് കൈത്തറിത്തുണിത്തരങ്ങൾ വാങ്ങിയതിൽ അഴിമതി കടന്നുകൂടിയിട്ടുണ്ടെന്ന് ഗവൺമെന്റിന് തന്നെ പറയേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഇതൊക്കെ നാടാടെയുണ്ടായതാണ് എന്ന അഭിപ്രായം എനിക്കില്ല. മുൻകാലങ്ങളിൽ നിലനിന്നു പോന്നിരുന്ന അഴിമതിയുടെ തുടർച്ച എന്നുള്ള നിലയ്ക്ക് ആണ് വാസ്തവത്തിൽ അതു നിലനിന്നുപോരുന്നത്. അങ്ങനെ ആ അഴിമതി നിലനിൽക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ ഈ വ്യവസായത്തിന്റെ വളർച്ചയ്ക്കാവശ്യമായിട്ടുള്ള സംഭാവന നൽകുവാൻ കോർപ്പറേഷന് ശ്രദ്ധിക്കുവാനിടയുണ്ടാകുന്നില്ല. ഇതിന്റെ ബന്ധപ്പെട്ട ഡയറക്ടർമാർ, അല്ലെങ്കിൽ ചെയർമാൻമാർ ഒക്കെത്തന്നെ വിദേശപര്യടനം നടത്തുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ താൽപ്പര്യമുള്ള കൂട്ടത്തിലാണ്. ഈ വ്യവസായത്തിന്റെ വികസനത്തിനുവേണ്ടിയുള്ള വിദേശ കയററുമതി ഓർഡറിൽ ഏതാണ്ട് 60 ശതമാനം പോലും നമുക്ക് കയററി അയയ്ക്കാൻ കഴിയുന്നില്ല എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. അപ്പോൾ പുതിയ പുതിയ വിപണി കണ്ടെത്തലല്ല പ്രധാനമായിട്ടു വേണ്ടത്, നേരെമറിച്ച് കിട്ടുന്ന ഓർഡറിനനുസൃതമായിട്ടു ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ കയററിഅയക്കുന്നതിന് ശുഷ്കാന്തി കാണിക്കുകയാണ് വേണ്ടത്. എന്നാൽ അതിനുവേണ്ടിയുള്ള പരിശ്രമം നടക്കുന്നില്ല. അത്തരത്തിൽ ഓർഡറിനനുസരിച്ച് തുണിത്തരങ്ങൾ കയററി അയച്ചുകൊണ്ട് ഈ രംഗത്തു ആവശ്യമായിട്ടുള്ള വികസനം സാദ്ധ്യമാക്കണം. കേരളത്തിലെ പരമ്പരാഗത വ്യവസായത്തിൽ പ്രമുഖസ്ഥാനമാണ് കൈത്തറിക്കുള്ളത്. ഈ ബില്ലിൽ ബോർഡിന്റെ രൂപീകരണത്തെക്കുറിച്ച് പറയുന്നുണ്ട്. അതിൽ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറെ സംബന്ധിച്ച് പറയുന്നുണ്ട്. ഈ സമാന സ്വഭാവത്തിൽത്തന്നെ ഖാദി തൊഴിലാളി ക്ഷേമനിധി ബില്ലിലും ഇത്തരം കാര്യത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഖാദി ബോർഡിന്റെ സെക്രട്ടറിയായിരിക്കണം അതിന്റെ ചീഫ് എക്സിക്യൂട്ടിവ് എന്നു പറയുന്നുണ്ട്. അങ്ങനെ ഇതിന്റെ സെക്രട്ടറിയെ ചീഫ് എക്സിക്യൂട്ടിവ് ആയി തെരഞ്ഞെടുക്കുമ്പോൾ കൈത്തറി ക്ഷേമനിധിയുടെ ചീഫ് എക്സിക്യൂട്ടിവിനെ തെരഞ്ഞെടുക്കാൻ കഴിയുന്നില്ല. എന്തുകൊണ്ടെന്നാൽ അങ്ങനെ ഒരു ബോർഡ് നിലനിൽക്കുന്നില്ല എന്നുള്ളതാണ്. അത്തരമൊരു ബോർഡില്ല. അതുകൊണ്ട് ചീഫ് എക്സിക്യൂട്ടിവ്മാരെ തെരഞ്ഞെടുക്കുമ്പോൾ ഇത് രണ്ടിലുംതന്നെ വെളിയിൽ നിന്നുള്ള പ്രഗത്ഭൻമാരെയാരെയെങ്കിലും തെരഞ്ഞെടുക്കുന്നതായിരിക്കും നല്ലത് എന്ന അഭിപ്രായം എനിക്കുണ്ട്. മറെറാരു കാര്യം പറയാനുള്ളത് അനൗദ്യോഗികമെമ്പർമാരുടെമേലുള്ള നടപടികളെക്കുറിച്ചാണ്. മൂന്നു കമ്മിററികളിൽ തുടർച്ചയായി ഹാജരാകാതിരിക്കുകയോ കാര്യശേഷി ഇല്ലായ്മ തെളിയുകയോ ചെയ്താൽ അവരെ ഡയറക്ടർ ബോർഡ് മെമ്പർ സ്ഥാനത്തുനിന്നും മാററാം എന്നു പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ കാര്യക്ഷമതയെസംബന്ധിച്ച് അന്വേഷണം നടത്തേണ്ടത് ആരാണ്? അനൗദ്യോഗികമെമ്പർമാർ കാര്യപ്രാപ്തി ഉള്ളവർ അല്ലെങ്കിൽ കാര്യപ്രാപ്തി ഉള്ളവർ അല്ല എന്നുള്ളത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആവശ്യമായിട്ടുള്ള സംവിധാനം ഈ ബില്ലിനകത്തു കാണുന്നില്ല. ആ പോരായ്മ പരിഹരിക്കുന്നതിന്. ആവശ്യമായിട്ടുള്ള നടപടികൾ കൂടി ഇതിനകത്തു വേണം.

കൈത്തറിതൊഴിലാളികളിൽ നിന്നും ഒരു മാസം ഒരു രൂപ നിരക്കിലും ഈ തൊഴിലുമായി നേരിട്ട് ഏർപ്പെട്ടിരിക്കുന്ന ആളുകളിൽ നിന്നും ഒരു മാസം രണ്ടു രൂപ എന്നുള്ള നിരക്കിലും പിരിച്ചെടുക്കുവാനുള്ള തീരുമാനം സ്വാഗതാർഹമാണ്. എന്നിരുന്നാലും മറെറാരു മാററം വരുത്തേണ്ടിയിരിക്കുന്നത് കൈത്തറി വിപണനം നടത്തിക്കൊണ്ടിരിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഒരു മാസത്തെ അവരുടെ ആകെ വിററുവരവിൻെറ ഒരു ശതമാനം ഈടാക്കണം എന്നുള്ളത ഭേദഗതി വരുത്തി ഏററവും കുറഞ്ഞത് ഒരു ശതമാനം എന്നുള്ള നിലയിൽ വ്യാപാര സ്ഥാപനങ്ങളുടെ ശേഷിയുടെ ഏററക്കുറച്ചിൽ കണക്കാക്കി അതിൽ ഒരു മാററംകൂടി വരുത്തണം. ആ ഒരു ശതമാനത്തിൽ അൽപ്പംകൂടി വർദ്ധനവ് വരുത്തേണ്ടിയിരിക്കുന്നു. ഇതിൽ തൊഴിലാളിക്ക് കിട്ടിക്കൊണ്ടിരിക്കുന്നത് പരിമിതമായ വരുമാനമാണ്. അതുകൊണ്ട് ക്ഷേമനിധി രൂപീകരിക്കുന്ന അവസരത്തിൽ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും, പെൺമക്കളുടെ വിവാഹമടക്കമുള്ള കാര്യങ്ങൾക്കും ലഭിക്കുന്ന സാമ്പത്തികസഹായം വളരെ പരിമിതമായ തുകയാണ് എന്നുള്ളത് മനസിലാക്കി ഇതിൽ വർദ്ധനവ് വരുത്താൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നമ്മുടെ ഖാദിവ്യവസായത്തിൻെറ അവസ്ഥയെസംബന്ധിച്ച് എല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട മെമ്പർമാർ അതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞു. അടുത്ത കാലംവരെയും ചിലർക്കുവേണ്ടി മാത്രമുള്ളതായിരുന്ന നമ്മുടെ ഖാദിബോർഡ്. ഖാദിബോർഡുകൊണ്ട് സമൂഹത്തിന് എങ്ങനെ പ്രയോജനമുണ്ടാക്കാൻ കഴിയും എന്നത് സംബന്ധിച്ച് ഒരു യഥാർത്ഥ രൂപം നമുക്ക് കിട്ടുന്നത് അടുത്തകാലത്തു മാത്രമാണ്. നൂൽ നൂൽപ്പ്, വസ്ത്രം നെയ്ത്തു രംഗത്തു മാത്രമല്ല തേനീച്ച വളർത്തൽ, ഇഷ്ടികനിർമ്മാണം മുതൽ തീപ്പെട്ടി വ്യവസായം വരെയുള്ള കാര്യങ്ങളിൽ ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് വളരെ കൂടുതൽ ശ്രദ്ധ ചെലുത്തുന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. ഇന്ന് ഖാദിരംഗത്തു പണിയെടുക്കുന്ന തൊഴിലാളികളെസംബന്ധിച്ച് പറയുമ്പോൾ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വേതനം വളരെ വളരെ പരിമിതമാണ്. നമ്മുടെ സംസ്ഥാനഗവൺമെൻറിന് മാത്രമായിട്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമെന്നുള്ള പ്രതീക്ഷയുമില്ല. കേന്ദ്ര ഖാദി കമ്മീഷൻെറ സഹകരണംകൂടി ഉണ്ടെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലുമൊരു മാററം വരുത്താൻ കഴിയൂ. അതൊരു സത്യമാണ്. എന്നിരുന്നാൽപോലും എക്സ്ഗ്രേഷ്യ എന്നുള്ള നിലയ്ക്കെങ്കിലും സംസ്ഥാനഗവൺമെൻറിന് തൊഴിലാളികൾക്കു വേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ളത് സംബന്ധിച്ച് നമ്മൾ ആലോചിക്കണം. മറെറാരു ദു:ഖകരമായ കാര്യം, ഇവിടെ സൂചിപ്പിച്ചതുപോലെ വ്യാജനിർമ്മിത ഖാദിയുടെ സംസ്ഥാനത്തേക്കുള്ള ഒഴുക്കാണ്. ഇത് വർദ്ധിച്ചു വരികയാണ്. നിയന്ത്രിക്കാൻ നമുക്ക് കഴിയുന്നില്ല. ഇതിൻെറ ഫലമായിട്ട് ഇവിടെ ഉൽപാദിപ്പിക്കുന്ന ഖാദി ഉൽപ്പന്നങ്ങൾ ഇവിടെത്തന്നെ കെട്ടിക്കിടക്കുന്ന സ്ഥിതി ഉണ്ടാകുന്നു. ഇത് എങ്ങനെ നിയന്ത്രിക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ചുകൂടി പരിശോധിച്ചുകൊണ്ട് ഇതിനെല്ലാം ഒരു പരിഹാരം കണ്ടെത്തുന്നതിന് ബഹുമാനപ്പെട്ട ഗവൺമെൻറ് തയ്യാറാകണമെന്നു അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, 29 ഭാഗങ്ങളിലായി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ ഈ സംസ്ഥാനഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവശത അനുഭവിക്കുന്നവരുടെ താൽപ്പര്യം സംരക്ഷിക്കുന്ന ഒരു ഗവൺമെന്റാണ് ഇതെന്ന് ആവർത്തിച്ചു വെളിവാക്കുന്ന ഒന്നാണ്. ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിനുശേഷം പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളോട് സ്വീകരിച്ച് പോന്നിട്ടുള്ള നടപടികൾ ഓരോന്നായി എടുത്തു പറയേണ്ടതില്ല. കയർ വ്യവസായം, കശുവണ്ടി . വ്യവസായം, മൽസ്യബന്ധനവ്യവസായം ഇപ്പോൾ കൈത്തറി വ്യവസായം ഇവയിലൂടെയും തൊഴിലാളികളുടെ ജീവിതത്തിൽ പ്രത്യാശയ്ക്ക് വകനൽകിക്കൊണ്ടുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പരമ്പരാഗത വ്യവസായങ്ങളിൽ പണിയെടുക്കുന്ന ദശലക്ഷക്കണക്കിന് തൊഴിലാളികളോട് അവരുടെ താൽപ്പര്യം സംരക്ഷിക്കുന്ന ഒരു നയം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു ഈ മേഖലയിലെ തൊഴിലാളികൾ ക്ഷേമനിധികൾ അടക്കമുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രക്ഷോഭണത്തിന്റെ മാർഗ്ഗം സ്വീകരിച്ചപ്പോൾ കഴിഞ്ഞ ഗവൺമെന്റു നൽകിയ സംഭാവന കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. അവർക്ക് ജയിലറ സംഭാവന നൽകിയ ഗവൺമെന്റായിരുന്നു കഴിഞ്ഞ ഗവൺമെന്റ്. എന്നാൽ അദ്ധ്വാനിക്കുന്നവരും കഷ്ടത അനുഭവിക്കുന്നവരും അവരുടെ ആവശ്യങ്ങൾ ഉയർത്തുന്ന സന്ദർഭത്തിൽ അതിനോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കുകമാത്രമല്ല പ്രസംഗത്തിൽമാത്രം ഒതുക്കാതെ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് വേണ്ടിയിട്ടുള്ള നല്ല നടപടികളുടെ ഭാഗമായിട്ടാണ് ഞാൻ ഇതിനെ കണക്കാക്കുന്നത്. കേരളത്തിൽമാത്രമല്ല കൈത്തറി വ്യവസായമുള്ളത്. ഇതൊരു ദേശീയ പ്രധാന്യമുള്ള അതിപ്രധാനമായ ഒരു പരമ്പരാഗതവ്യവസായമാണ്. എന്നാൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ കൈത്തറി വ്യവസായം തകർച്ചയുടെ നടുവിലാണ്. ഈ കൈത്തറി വ്യവസായത്തെ സംരക്ഷിക്കാനുതകുന്ന യാതൊരു നയസമീപനവും ഇൻഡ്യാ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇല്ല എന്നു പറയേണ്ടി വന്നതിൽ ഖേദമുണ്ട്. സത്യം അതായതുകൊണ്ട് പറഞ്ഞു എന്നു മാത്രം.

സർ, കൈത്തറി വ്യവസായത്തിൽത്തന്നെ ഇപ്പോൾ നേരിടുന്ന പ്രധാനപ്പെട്ട പല പ്രശ്നങ്ങളുമുണ്ട്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ നൂലിന്റെയും രാസപദാർത്ഥങ്ങളുടേയും വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേരള സംസ്ഥാനത്ത് മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ മേഖലയിൽ വർദ്ധിച്ച കൂലി കൊടുക്കുന്നുണ്ട്. എന്നാൽ കിട്ടുന്ന കൂലി മതിയെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. ആന്ധ്രയിൽ മറെറാരു കൂലിയാണ്, അതുപോലെ തമിഴ്നാട്ടിൽ അതിനെക്കാൾ വളരെ കുറഞ്ഞ കൂലിയാണ്. അഖിലേൻഡ്യാ സ്വഭാവമുള്ളതും ദേശീയപ്രാധാന്യമുള്ളതുമായ ഈ വ്യവസായത്തിൽ ഒരു ഏകീകൃത ദേശീയ വേതന നയം ഇൻഡ്യാ ഗവൺമെന്റ് ആവിഷ്കരിക്കേണ്ടതാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ, ഈ വ്യവസായത്തിന്റെ തകർച്ചയിൽ മർമ്മപ്രധാനമായ ഒരു കാര്യമുണ്ട്. ഇൻഡ്യയിലെ ടെക്സ്ററയിൽ വ്യവസായത്തിന്റെ ,തകർച്ചയുടെ വിശദാംശങ്ങളിലേക്ക് ഒന്നും കടക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. പൊതുവെ, ഇൻഡ്യാ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന പാപ്പരായ ആസൂത്രണ നയത്തിന്റെ ഫലമായി വളർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന ഓരോ നടപടിയും കൂടുതൽ സങ്കീർണ്ണതയിലേക്കും പ്രശ്നങ്ങളിലേക്കും ഈ മേഖലയെ വലിച്ചിഴയ്ക്കുന്നുവെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. കാരണം, നമ്മുടെ രാജ്യത്തെ വളർച്ചയ്ക്ക് സഹായകമാകും എന്ന് കണക്കാക്കിക്കൊണ്ടാണ് ഇൻഡ്യാഗവൺമെന്റ് ഐ.എം.എഫ്. ൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും വായ്പയെടുക്കുന്നത്. ഐ.എം.എഫ്. ൽനിന്നും വായ്പ എടുത്തതിന്റെ നിബന്ധനകൾ നമ്മുടെ ടെക്സ്റ്റൈറ്റൽ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ വഴിതെളിച്ചിട്ടുണ്ട്. ഐ.എം.എഫ്. ൽനിന്നുമുള്ള ഉപാധികൾക്ക് വിധേയമായി ഇൻഡ്യാ ഗവൺമെന്റ് പണം കടമെടുത്തു വരുന്നതിന്റെ ഫലമായിട്ട് ഇന്ന് കടം വീട്ടുന്നതിനുവേണ്ടി കടമെടുക്കുകയെന്ന അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുകയാണ്. അതേസമയം അവരുടെ ഉപാധികൾക്ക് വിധേയമായി നിൽക്കുന്നതിന്റെ ഫലമായി ഒരു സാമൂഹ്യത്തകർച്ച ഈ രാജ്യത്തെ പരമ്പരാഗത വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആ വിധത്തിൽ ഇൻഡ്യയിലൊട്ടാകെ നോക്കുമ്പോൾ, പരമ്പരാഗത വ്യവസായമെന്നുള്ള നിലയിൽ കൈത്തറി വ്യവസായത്തെ തകർച്ചയിലേക്ക് വലിച്ചിഴയ്ക്കുന്ന നയം ഇൻഡ്യാ ഗവൺമെന്റിന്റെ നടപടിയുടെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിൽനിന്നും ഒരു വ്യത്യസ്ത എന്നുള്ള നിലയിൽ സാമൂഹ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിൽ വ്യത്യസ്ത നയം സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ഈ സംസ്ഥാനഗവൺമെന്റ് തകർച്ചയിലേക്ക് പോയിക്കൊണ്ടിരിക്കുന്ന കൈത്തറിവ്യവസായത്തിൽ പ്രത്യാശയായി പ്രത്യക്ഷപ്പെട്ട ഈ നടപടിയെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. എ.കെ. പത്മനാഭൻ :</u> സർ, ഇന്ന് നമ്മുടെ സംസ്ഥാനത്ത് ദശലക്ഷക്കണക്കിന് തൊഴിലാളികളിൽ ആവേശവും ഉൽസാഹവും ഉണ്ടാക്കുന്ന ഒരു ദിനമാണ്. കേരളത്തിലെ തകർന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കൈത്തറിമേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന ഒരു ബില്ലും പതിനായിരക്കണക്കിന് വരുന്ന ഖാദിത്തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന മറ്റൊരു ബില്ലുമാണ് ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. നിയമസഭ നിയമനിർമ്മാണത്തിനുവേണ്ടിയുള്ളതാണെന്ന് കാണിക്കുന്ന ഒരു സമീപനമെടുക്കുന്ന ഒരു ഗവൺമെന്റ് മുൻ ഗവൺമെന്റ് എടുത്ത സമീപനത്തിൽനിന്നും വ്യത്യസ്തമായി നിരവധി നിയമനിർമ്മാണത്തിന് അവസരം കണ്ടെത്താൻവേണ്ടി ഒരു പ്രത്യേക സഭ വിളിച്ചുകൂട്ടിയിരിക്കുകയാണ്. ഈ സഭ സമ്മേളിക്കുന്ന ഈ ദിവസംതന്നെ പ്രതിപക്ഷബഞ്ചുകൾ ഒഴിഞ്ഞുകിടക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ദശലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന ഈ ബില്ലുകൾ അവതരിപ്പിച്ച്, അതിന്റെ ചർച്ചയിൽ പങ്കെടുക്കുന്നതിനുപകരം ന്യായമല്ലാത്ത കാരണങ്ങൾ പറഞ്ഞുകൊണ്ട് സഭവിട്ട് പുറത്തുപോകാനാണ് പ്രതിപക്ഷം തയ്യാറായത്. അതിൽ നമുക്ക് അൽഭുതത്തിനവകാശമില്ല. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഒരു ബിൽ കേരള ഖാദിത്തൊഴിലാളി ക്ഷേമനിധി ബില്ലാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലമായി ഈ വകുപ്പ് കൈകാര്യം ചെയ്യുകയും അതുവരെ ഖാദി ബോർഡ് വൈസ്ചെയർമാൻമാരായി ഇരിക്കുകയും ചെയ്ത പ്രധാനപ്പെട്ട നേതാക്കൻമാർ പ്രതിപക്ഷത്തിരിക്കുമ്പോൾ, അഞ്ചുവർഷക്കാലം ആ സ്ഥാനത്തിരുന്നുകൊണ്ട് ഈ സംസ്ഥാനത്തെ ഖാദിത്തൊഴിലാളികൾക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നുള്ള കുററബോധമുള്ളതുകൊണ്ടായിരിക്കാം അവർ ഈ സമ്മേളനദിവസം ബഹിഷ്കരിച്ച് പോയത്. ഏതായാലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെതന്നെ ഖാദിത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ചില നടപടികളെടുക്കുകയുണ്ടായി. ഖാദിത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുമായി നമ്മുടെ വ്യവസായവകുപ്പുമന്ത്രി ശ്രീമതി ഗൗരിയമ്മ ഒന്നുരണ്ട് വട്ടം ചർച്ചകൾ നടത്തി. ഖാദിത്തൊഴിലാളികൾ നിരവധി വർഷങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന വളരെ സുപ്രധാനമായ ഡിമാൻറുകളെ അംഗീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി എന്നുള്ളതിന്റെ സൂചനയാണ് ഖാദിത്തൊഴിലാളിക്ഷേമനിധി ബോർഡ് രൂപീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടു വന്നിട്ടുള്ളത്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഖാദിത്തൊഴിലാളികളുടെ സ്ഥിതി വളരെ ദയനീയമാണ്. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമെന്നുള്ള നിലയിൽ ഈ രാജ്യത്തു ഖാദി പ്രചരിച്ചിരുന്നതിൽനിന്നും വ്യത്യസ്തമായി ഖാദി ഒരു ഉപജീവനമാർഗ്ഗമായി സ്വീകരിക്കേണ്ട ഒരു സ്ഥിതിയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ഈ മേഖലയിൽത്തന്നെ ഒരുലക്ഷത്തി അറുപത്തിഒന്നായിരത്തോളം തൊഴിലാളികൾ 1985-86 കാലഘട്ടത്തിലുണ്ടായിരുന്നുവെന്നാണ് കണക്ക്. ആ തൊഴിലാളികളിൽ ഭൂരിപക്ഷം ആളുകൾക്കും കിട്ടുന്നത് വളരെ തുച്ഛമായ വേതനമാണ്. ഒരു ദിവസം രാവിലെ മുതൽ വൈകുന്നേരം വരെ ജോലിചെയ്താൽ രണ്ടും മൂന്നും രൂപ കൂലി കിട്ടുന്ന തൊഴിലാളികൾ ഈ മേഖലയിലുണ്ടെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ ഒരുപക്ഷേ ആളുകൾ തയ്യാറായില്ലെന്നുവരാം. പക്ഷേ യാഥാർത്ഥ്യം അതാണ്. പതിനാറിനും മുപ്പത്തിയഞ്ചിനും ഇടയ്ക്ക് പ്രായമുള്ള തൊഴിലാളികൾക്ക്, പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക് രാവിലെ മുതൽ വൈകുന്നേരം വരെ ഖാദിവ്യവസായ സ്ഥാപനങ്ങളിൽ അദ്ധ്വാനിച്ച് കിട്ടുന്ന വളരെ തുച്ഛമായ കൂലികൊണ്ട് സ്വന്തം കുടുംബം പോററാൻ സാധിക്കുന്നില്ല. എന്നുമാത്രമല്ല, അവരുടെ ദൈനംദിന ആവശ്യങ്ങൾപോലും നിറവേററാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ഖാദിത്തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന ഈ ബിൽ അവതരിപ്പിക്കുന്നതോടൊപ്പംതന്നെ ഖാദിമേഖലയിൽ മിനിമം വേജസ് ഏർപ്പെടുത്താനുള്ള നടപടികൂടി ഗവൺമെൻറിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. ഖാദിത്തൊഴിലാളികൾക്കുള്ള കൂലി നിശ്ചയിക്കുന്നത് ഖാദി കമ്മീഷൻ നിശ്ചയിക്കുന്ന കോസ്ററ് ചാർട്ടിന്റെ അടിസ്ഥാനത്തിലാണ്. കോസ്ററ് ചാർട്ട് ഈ വർഷം പുതുക്കി പത്തു ശതമാനം കൂലി കൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. ഖാദിത്തൊഴിലാളികൾക്ക് പത്തുശതമാനം കൂലികൂട്ടാൻ വേണ്ടി ഖാദി കമ്മീഷന്റെ കോസ്ററ് ചാർട്ട്പ്രകാരം തീരുമാനിച്ചപ്പോൾ തൊഴിലാളികൾ വാങ്ങേണ്ട പരുത്തിയുടെ വില വർദ്ധിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ കൂലി വർദ്ധനവ് നിഷേധിക്കുന്ന സ്ഥിതിയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. അതുപോലെതന്നെ ഖാദിവ്യവസായരംഗത്താണെങ്കിൽ ഇന്ന് നല്ലനിലയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങളൊന്നുമില്ലാത്ത സ്ഥിതിവിശേഷമുണ്ട്. അവരുടെ തറികളൊക്കെ വളരെ പഴകിയതാണ്. അവ പുതുക്കാനുള്ള നടപടികൾ ബോർഡിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ തന്നെ തൊഴിലാളികൾക്ക് കൂടുതൽ ഉൽപ്പാദിപ്പിക്കാനാവശ്യമുള്ള സാഹചര്യം ഇവിടെ കിട്ടുന്നില്ല അതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുവാൻ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം.

അഖിലേൻഡ്യാടിസ്ഥാനത്തിൽ തീരുമാനിക്കുന്ന കൂലി നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്രായോഗികമല്ലെന്ന് നമുക്ക് അറിയാം. ഉത്തർപ്രദേശിലും മദ്ധ്യപ്രദേശിലും ഒക്കെ രണ്ടു രൂപയും മൂന്നു രൂപയും കൂലി കിട്ടുകയെന്നു പറഞ്ഞാൽ ഒരു പക്ഷേ ആ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നല്ലൊരുകാര്യമായിരിക്കാം. കാരണം, ഉച്ചയ്ക്ക് രണ്ട് ചപ്പാത്തിയോ മറേറാ കഴിച്ച് ജീവിക്കുന്ന തൊഴിലാളിക്ക് ഒരു ദിവസം മൂന്നോ, നാലോ രൂപ കൂലി കിട്ടുന്നുവെന്നു പറഞ്ഞാൽ അവർക്ക് അത് സ്വർഗ്ഗമായി കണ്ടേയ്ക്കാം. പക്ഷേ നമ്മുടെ സംസ്ഥാനത്തെ സ്ഥിതി അതല്ല. ഈ സംസ്ഥാനത്തെ തൊഴിലാളികൾക്ക് നിരവധി വർഷത്തെ പോരാട്ടത്തിന്റെ ഫലമായിട്ട് അവരുടെ കൂലി വർദ്ധിപ്പിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട് മാത്രമല്ല, ഈ മേഖലയിൽ ജോലിസ്ഥിരത നേടിയെടുക്കാനും സാധിച്ചിട്ടുണ്ട്. ഉത്തർപ്രദേശിലും മദ്ധ്യപ്രദേശിലും രാജസ്ഥാനിലുമൊക്കെ കിട്ടുന്ന കൂലി

ഈ സംസ്ഥാനത്തും നടപ്പിലാക്കുകയെന്നുള്ള സമീപനം എടുക്കുന്നത് ഒരിക്കലും പ്രായോഗികമാകില്ല. അതുകൊണ്ടുതന്നെ ഖാദികമ്മീഷൻ ഇന്ന് അനുവർത്തിക്കുന്ന ഈ നയം തിരുത്തിക്കുറിക്കാനാവശ്യമായ സമ്മർദ്ദം നമ്മുടെ സംസ്ഥാനഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജോലിസ്ഥിരതയ്ക്കാവശ്യമായ നടപടിയുണ്ടാകണം. ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ പ്രായമാകുന്നതുവരെ ഈ ജോലിയിൽ തുടർന്നുകൊണ്ടുപോകണമെന്നില്ല. മിക്കവാറും തൊഴിലാളികളും വിവാഹം കഴിഞ്ഞാൽ ഈ മേഖലതന്നെ വിട്ടുപോവുകയാണ്. അതുകൊണ്ടുതന്നെ തൊഴിലാളിക്ഷേമനിധിയിൽനിന്നും അവർക്ക് ലഭിക്കുന്ന സംഖ്യ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം.

മററു മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ പോലെ, സർക്കാർ ജീവനക്കാരെപ്പോലെ കാലാവധി തീരുന്നതുവരെ റിട്ടയർമെൻറ് ഏജ് വരെ പ്രവർത്തിക്കുന്ന ഒരു സ്ഥിതി ഈ മേഖലയിലില്ല. അതുകൊണ്ട് ആ തൊഴിലാളികളുടെ ക്ഷേമനിധി വർദ്ധിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണം. ഈ മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുവാനുള്ള തീരുമാനം ഗവൺമെൻറ് എടുത്തുകഴിഞ്ഞിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്കും മററു മേഖലകളിലെ തൊഴിലാളികൾക്കും പെൻഷൻ നൽകാൻ തീരുമാനിച്ച സമീപനം എടുത്ത ഒരു ഗവൺമെൻറ് ഖാദിത്തൊഴിലാളികൾക്കും പെൻഷൻ കൊടുക്കാൻ എടുത്ത ഈ തീരുമാനം വളരെ സ്വാഗതാർഹമാണ്.

സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷംതന്നെ ഖാദി തൊഴിലാളികൾക്കു മാത്രമല്ല ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മററു വിഭാഗങ്ങൾക്ക്, ടെക്നിക്കൽ സ്ററാഫിന് ടെക്നിക്കൽ സ്ററാഫ് ആണെങ്കിൽ കഴിഞ്ഞ കാലത്ത് വളരെ തുച്ഛമായ കൂലി അതായത് പന്ത്രണ്ടും പതിനഞ്ചും രൂപ കൂലി വാങ്ങി ജോലി ചെയ്തിരുന്നവരാണ്. ആ തൊഴിലാളികൾക്ക് ലീവ് ആനുകൂല്യം ഉണ്ടായിരുന്നില്ല. ഏതു സമയവും ഖാദി മേഖലയിലെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാരുടെ ഇഷ്ടത്തിനനുസരിച്ച് അവരെ സ്ഥലം മാററുന്ന സ്ഥിതിയായിരുന്നു നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്ന ഉടനെ തന്നെ ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളിസംഘടന പ്രതിനിധികളുമായി ചർച്ച ചെയ്തുകൊണ്ട് കൂലി വർദ്ധിപ്പിക്കുവാനുള്ള തീരുമാനം എടുത്തു. അതുപോലെ ഒരു വർഷത്തിൽ ഏഴു ദിവസത്തെ കൂലിയോടുകൂടിയുള്ള ലീവ് അനുവദിക്കുന്നതിനുള്ള നടപടിയും ഈ ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഖാദി മേഖലയിലെ ഉദ്യോഗസ്ഥൻമാരുടെ ഇഷ്ടത്തിന് അനുസരിച്ച് ടെക്നിക്കൽ സ്ററാഫിനെ സ്ഥലം മാററുന്ന സമ്പ്രദായം അവസാനിപ്പിക്കുന്ന നടപടിയും ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. അത് ഫലപ്രദമായി എല്ലാ പ്രദേശങ്ങളിലും നടപ്പിലാകുന്നില്ല എന്ന ആവലാതി ഉയർന്നുവന്നിട്ടുണ്ട്. ഗവൺമെൻറ് എന്തു തീരുമാനം എടുത്താലും, ഖാദി ബോർഡ് എന്തു തീരുമാനമെടുത്താലും അത് നടപ്പിലാക്കാൻ തയ്യാറല്ല എന്ന നിലയിൽ പ്രവർത്തിക്കുന്ന ചില ഉദ്യോഗസ്ഥൻമാരുണ്ട്. വളരെ ശക്തിയായി ഈ ഉദ്യോഗസ്ഥൻമാരുടെ തെററായ നടപടിയെ തിരുത്താൻ ആവശ്യമായ നടപടികൾ ഖാദി ബോർഡിൻെറ ഭാഗത്ത് ഉണ്ടായിരിക്കണം. അതുപോലെ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായിരിക്കണം. നമ്മുടെ സംസ്ഥാനത്ത് ഖാദി രംഗത്ത് ജോലി സ്ഥിരത ഉറപ്പുവരുത്താനും അതുപോലെ കൂടുതൽ ജോലി സാദ്ധ്യത ലഭിക്കുവാനും ആവശ്യമായ ഒട്ടേറെ നടപടികൾ ഈ ഗവൺമെൻറ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കേരളത്തിൻെറ വടക്കെ അററത്തു കിടക്കുന്ന കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ഒരു പരുത്തി സംസ്ക്കരണ കേന്ദ്രം തുടങ്ങാൻ ഗവൺമെൻറ് തീരുമാനിച്ചിരു

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. മുപ്പതു നാൽപതു ലക്ഷത്തോളം രൂപ ചെലവുവരുന്ന ആ പരുത്തി സംസ്ക്കരണ കേന്ദ്രം തുടങ്ങിക്കൊണ്ട് ഈ മേഖലയിൽ ജോലി ലഭിക്കുവാൻ ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ എടുക്കാനുള്ള നടപടി ഈ ഗവൺമെൻറ് എടുത്തുകഴിഞ്ഞിട്ടുണ്ട്. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് ഗുണകരമായ നടപടികൾ എടുത്ത ഈ ഗവൺമെൻറിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ തൊഴിലാളികൾക്ക് മിനിമം വേതനവും അതുപോലെ ജോലി സ്ഥിരതയും ഉറപ്പു വരുത്താൻ ആവശ്യമായ നടപടികൾ ഇനിയും തുടർന്ന് ഉണ്ടാകണം എന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്</u> : സർ, ഖാദി തൊഴിലാളികൾക്കും കൈത്തറിത്തൊഴിലാളികൾക്കും കുറഞ്ഞ കൂലി മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്ന നിയമം ഇവിടെ ചർച്ച ചെയ്യുകയാണ്. വർഷങ്ങളായി നമ്മുടെ രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ ഒരു പ്രത്യേക രൂപത്തിലുള്ള കറവപ്പശുവായി ഖാദിയെ നിലനിർത്താനാണ് പരിശ്രമിച്ചിട്ടുള്ളത്. ഞാൻ പ്രധാനമായും ഇതിനെപ്പററി പറയുവാൻ ആഗ്രഹിക്കുന്നത്, ഈ നിയമസഭയിൽ തന്നെ ചർച്ചയ്ക്ക് വരാൻ പോകുന്ന ഒരു നിയമമുണ്ട്—അഴിമതി നിരോധന നിയമം. ആ അഴിമതി നിരോധന നിയമം പാസ്സാക്കി നമ്മൾ അയച്ചിട്ട് വർഷങ്ങളായി. ഇതുവരെ അതിന് അംഗീകാരം കിട്ടാതെ വീണ്ടും ഭേദഗതിയോടുകൂടി ഇപ്പോൾ വന്നിരിക്കുകയാണ്. അതിൽ ഭേദഗതി വരുമ്പോൾ അത് തടഞ്ഞുവെയ്ക്കുവാൻ പലരേയും പ്രേരിപ്പിച്ചത്, എന്താണെന്നുവച്ചാൽ അഴിമതി പുറത്തു വരരുത് എന്ന ഉദ്ദേശ്യമാണ്. എന്നാൽ ഖാദി മേഖലയിൽ കഴിഞ്ഞ കാലത്ത് വ്യാപകമായ ഒരു ഗൂഢസംഘം ലോൺ വിതരണത്തിലും അതിന്റെ ധനവിനിയോഗത്തിലും പ്രവർത്തിച്ചിരുന്നു എന്നത് സത്യമാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനു മുമ്പുള്ള അഞ്ചുവർഷക്കാലം ഓരോ ജില്ലയിലും ജില്ലാടിസ്ഥാനത്തിൽ ഇത് വിതരണം ചെയ്ത ആളുകളുടെ പട്ടിക എടുത്തു പരിശോധിച്ചു നോക്കിയാൽ ലോൺ കൊടുത്തിട്ടുള്ള ആളുകളുടെ, ലോൺ തിരിച്ചടക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചാൽ, അത്തരം കാര്യങ്ങളിൽ ഒരു പ്രത്യേക വിഭാഗം ആളുകൾക്ക് ഇത് കൊടുക്കുകയും ആ തുക എഴുതാക്കടംപോലെ അല്ലെങ്കിൽ വേണ്ടത്ര സെക്യൂരിററിയില്ലാതെ കൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് നേരിട്ട് ബോദ്ധ്യമാകുന്നതാണ്. ഇത്തരത്തിലുള്ള കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ചതുകൊണ്ടാണ് തൊഴിലാളികളുടെ കാര്യം ശ്രദ്ധിക്കുവാൻ അവർക്ക് ആ കാലഘട്ടത്തിൽ കഴിയാതെ പോയത്. 1957-ൽ ഇവിടെ ഒരു കോൺഗ്രസ് ഇതര ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനുമമ്പും അധികാരത്തിൽ വന്നശേഷം പിന്നീടുള്ള സന്ദർഭങ്ങളിലും, അടിസ്ഥാനപരമായി സാമൂഹ്യപരിഷ്ക്കരണത്തിന് ദുർബലജനവിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ, നിയമ നിർമ്മാണത്തിന്റെ മേഖലയിലായാലും മററു പരിഷ്ക്കരണ നടപടികളുടെ മേഖലയിലായാലും ഇടതുപക്ഷ ജനാധിപത്യ പുരോഗമന പ്രശ്നത്തിന്റെ മുൻകയ്യോടുകൂടിയുള്ള ഭരണകൂടങ്ങൾ നിലവിൽ വരുമ്പോൾ മാത്രമേ ഉണ്ടായിട്ടുള്ളു എന്ന് വ്യക്തമായി മനസ്സിലാക്കുന്നതാണ്. ഇപ്പോൾ ഇവിടെ ഇതൊന്ന് ക്ഷമയോടുകൂടി കേട്ടിരിക്കുവാനുള്ള മനസ്സ് അവർക്കില്ലായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട സി. പി. ബാലൻവൈദ്യർ മാവൂർ ഗ്വാളിയർ റയോൺസിനെപ്പററി പറഞ്ഞു. ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മുസ്ലീം ലീഗിന്റെ നേതാവ് ശ്രീ. മൊയ്തീൻകുട്ടി ഹാജിയും പറഞ്ഞത്, മാവൂർ, ഗ്വാളിയർ റയോൺസ് തുറക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പുമന്ത്രി അതിന്റെ മുതലാളിയെ നേരിട്ട് കാണാൻ പോകുന്നത് അപമാനമാണെന്നാണ്. അതിന് തക്ക മറുപടി അപ്പോൾ കൊടുക്കുകയും

ചെയ്തു. എങ്കിൽത്തന്നെ അത്തരം ബാലിശമായ വാദഗതികൾ ഉന്നയിച്ചുകൊണ്ട് അതിനെ തടസ്സപ്പെടുത്താൻ ശ്രമിച്ചു. അവസാനം അത് നടപ്പിലാകുമെന്നു വന്നപ്പോൾ എന്താണ് സംഭവിച്ചത്? നമ്മളാരും പ്രതീക്ഷിക്കാത്ത ഒന്ന്, ശ്രീ. എ. കെ. ആന്റണി വരെ കോഴിക്കോട് പട്ടണത്തിൽ ചെന്നുനിന്ന് പറഞ്ഞു, ഇത് നാടിനെ നന്നാക്കാനല്ല മാർക്സിസ്റ്റു പാർട്ടിക്ക് സമ്മേളനത്തിന് ഫണ്ട് പിരിക്കാൻ വേണ്ടിയാണ് മാവൂർ ഗ്വാളിയർ റയോൺസ് തുറക്കുന്നത് എന്ന്. അതിന് നാട്ടുകാർ മറുപടി കൊടുത്തുകൊള്ളും. നമ്മൾ മറുപടി പറയേണ്ട കാര്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് കോഴിക്കോട് പാർലമെന്റ് സീററിലേക്ക് നടക്കേണ്ട ഉപതെരഞ്ഞെടുപ്പ് മാററിവച്ചത് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: തെരഞ്ഞെടുപ്പ് എന്നു പറയുമ്പോൾ തന്നെ അവർക്ക് ഭയമാണ്. തെരഞ്ഞെടുപ്പ് എവിടെയെല്ലാം നടത്തിയിട്ടുണ്ടോ അവിടെയെല്ലാം തോൽക്കുകമാത്രം ചെയ്തിട്ടുള്ളപ്പോൾ ഇവിടെമാത്രം മാററിവച്ചതിൽ അൽഭുതമൊന്നുമില്ല. അപ്പോൾ തമിഴ്നാട്ടും . . .

ശ്രീ. ഒ. ഭരതൻ: കോൺഗ്രസ് പാർട്ടിക്കകത്തുതന്നെ തെരഞ്ഞെടുപ്പ് നടക്കാത്തതിന് കാരണം എന്താണ്?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: കോൺഗ്രസ് പാർട്ടി എന്നു പറയുന്നതിൽ, അതിന്റെ അംഗത്വത്തിന് ഭയങ്കര അടിയാണ്. ഒരു ഭാഗത്തുകൂടി ശ്രീ. എ. കെ. ആന്റണിയുടെ ഗ്രൂപ്പുകാർ മെമ്പർഷിപ്പ് നൽകും; മറുഭാഗത്തുകൂടി കരുണാകരൻ ഗ്രൂപ്പുകാർ മെമ്പർഷിപ്പ് നൽകും. അവസാനം തെരഞ്ഞെടുപ്പ് നടത്താൻ ആര് നേതൃത്വം നിൽക്കണം എന്ന് ഉറപ്പില്ലാത്തതുകൊണ്ട് അംഗത്വം നൽകൽ തന്നെ നിർത്തിവച്ചിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കോൺഗ്രസ്സിൽ അങ്ങനെയുള്ള ഒരു തെരഞ്ഞെടുപ്പ് നടന്നു. കെ. എസ്. യു. ന് അകത്ത് അങ്ങനെ ഒരു തെരഞ്ഞെടുപ്പ് നടന്നു. അങ്ങയുടെ ജില്ലയായ ആലപ്പുഴ ജില്ലയിലെ കെ. എസ്. യു. പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ വേണ്ടി തെരഞ്ഞെടുപ്പിന്റെ റിട്ടേണിംഗ് ആഫീസറുടെ ഉടുതുണി ഊരിപ്പോയ കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എസ് ഗോവിന്ദക്കുറുപ്പ്: ആലപ്പുഴ ഡി. സി. സി. ആഫീസിൽ നിന്ന് റിട്ടേണിംഗ് ആഫീസറായ ചെങ്ങന്നൂർകാരൻ ഒരു അഭിഭാഷകൻ അവസാനം തുണിയില്ലാതെ ഓടിയപ്പോൾ കണ്ടുനിന്ന കടക്കാർ നാണം കൊണ്ട് തുണികൊടുത്താണ് അദ്ദേഹത്തെ രക്ഷിച്ചത് എന്ന വസ്തുത നാട്ടിൽ പാട്ടാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: മാവൂർ ഗ്വാളിയർ റയോൺസിലെ ഐ. എൻ.ററി.യു. സി. (ഐ)യുടെ സെക്രട്ടറി ഇപ്പോൾ ഐ.എൻ.ററി. യു.സി. വിട്ടിരിക്കുകയാണ് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. കെ. മാധവൻ: ശ്രീ. രാജീവ് ഗാന്ധിയുടെയും ശ്രീ. കെ. കരുണാകരന്റെയും പാർട്ടി കോൺഗ്രസ് അല്ലെന്നും അതൊരു ഫാസിസ്ററ് പാർട്ടിയാണെന്നും അറിയാമോ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: അവർ ഫാസിസ്ററ് പാർട്ടിയാണോ അതോ മററ് എന്താണെന്നുള്ളതിനെപ്പററി വർഗ്ഗപരമായ വിശകലനത്തിനും അതിന് ഒരു വിലയിരുത്തലിനും ഉത്തരം തരാൻ ഞാൻ അർഹനല്ല.



LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ആ കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. അത് ഒരു വിപുലമായ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കേണ്ട കാര്യമാണ്. ഏതായാലും ഇത്തരത്തിൽ ഒരു ബിൽ പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടെ അടിസ്ഥാനപരമായ പരിഷ്ക്കാരങ്ങൾക്കുവേണ്ടി മുൻകൈയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ്. കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം . . . .

1980–ലെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അപ്പുറത്തിരുന്നുകൊണ്ട് ശ്രീ. കെ. കരുണാകരനും മററും പ്രസംഗിച്ചത് ഇതൊരു പെൻഷൻ ഗവൺമെൻറാണെന്നാണ്. അന്ന് കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നതിനെപ്പററി ആക്ഷേപിച്ചാണ് പ്രസംഗിച്ചത്. പിന്നീട് കുറെ കഴിഞ്ഞപ്പോൾ അവർ പ്രസംഗിച്ചത്, ഞങ്ങളുടെ വകയാണ് ഈ സംഭാവന, ഇന്ദിരാഗാന്ധി അവിടെ നിന്ന് കൊടുത്തയച്ചത് ഇവിടെ കൊടുക്കുന്നു എന്നേയുള്ളു ; അല്ലാതെ കർഷകത്തൊഴിലാളി പെൻഷൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വകയല്ല എന്ന്. കാരണം ആദ്യം എതിർക്കും, പിന്നെ ജനങ്ങളിൽനിന്ന് അതിന്റെ തിരിച്ചടി കിട്ടുമ്പോൾ കാര്യങ്ങൾ മനസ്സിലാക്കി തിരുത്തി പറയുവാൻ നിർബന്ധിതരാകുന്നു എന്നതിന്റെ തെളിവുകളാണ് ഇത്. ഏതായാലും ശരി, ഇങ്ങനെ അടിസ്ഥാനപരമായ പരിഷ്ക്കാരങ്ങൾ കാർഷിക മേഖലയിൽ എടുത്തുനോക്കിയാലും കാണാം. ഇൻഡ്യയുടെ എത്രയോ സംസ്ഥാനങ്ങളിൽ ഇതുപോലെ ഖാദി വ്യവസായത്തിൽ കൂടുതൽ ആളുകൾ പണിയെടുക്കുന്നു. കേരളത്തിലുള്ളതിന്റെ പത്തോ നൂറോ ഇരട്ടി ആളുകൾ ഈ മേഖലയിൽ പണിയെടുക്കുന്ന സംസ്ഥാനങ്ങൾ ഇൻഡ്യയിൽ വേറെയുമുണ്ട്. ഇപ്പോൾ ഉത്തർപ്രദേശത്ത് ആയാലും മഹാരാഷ്ട്ര ആയാലും അതുപോലെതന്നെയുള്ള പ്രദേശങ്ങൾ എടുത്താൽ ലക്ഷക്കണക്കിന് ആളുകൾ ഖാദി മേഖലയിൽ പണിയെടുത്ത് ജീവിക്കുന്നു. ആ സ്ഥാനങ്ങളിൽ ഇന്നുവരെ പ്രതിപക്ഷത്തിന്റെ ഒരു ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടില്ലാത്ത സംസ്ഥാനങ്ങളാണ്. എന്നിട്ടുപോലും ഇവിടെ പുരോഗമനത്തിന്റെ മേൽച്ചട്ട 'അണിഞ്ഞ് പുരോഗമനം പോരെന്നു പറഞ്ഞു നടക്കുന്നവർക്ക് അവർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഒരിടത്തും ഇത്തരം ഒരു നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഖാദി മേഖലയിൽ പണിയെടുക്കുന്നവരുടെ ജീവിതം വളരെ പ്രയാസകരമാണ്. എന്റെ പ്രദേശത്ത് സർവ്വോദയ സംഘക്കാരുടെ ഒരു ഖാദി പ്രസ്ഥാനമുണ്ട്. അതിൽ കുറെ ആളുകൾ പണി എടുക്കുന്നു. ആ പ്രസ്ഥാനത്തിന്റെ സാമ്പത്തിക കഴിവ് വച്ചുകൊണ്ട് അവർക്ക് അതിൽകൂടുതൽ കൊടുക്കാൻ കഴിയുമോയെന്നു ചോദിച്ചാൽ കൊടുക്കാൻ കഴിയുകയില്ല. എങ്കിൽപ്പോലും ആ മേഖലയിൽ പണിയെടുക്കുന്നവരുടെ സ്ഥിതി എത്രയോ ദയനീയമാണ്. രണ്ടും രണ്ടരയും മൂന്നും രൂപ ഒരു കുടുംബത്തിന്റെ ഉപജീവനത്തിനു വേണ്ടി ലഭിക്കുന്ന തരത്തിലാണ് അതിന്റെ സ്ഥിതി. ഈ സ്ഥിതിക്ക് മാററം വരുത്തി നല്ല നിലയിൽ ഇതിനെ സംരക്ഷിച്ചുകൊണ്ടുപോകാൻ കേരളത്തിലെ ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണം നൽകാനുള്ള ഗവൺമെൻറിന്റെ ഈ സംരഭം പരിപൂർണ്ണമായി വിജയിപ്പിക്കുന്നതിന് എല്ലാ ഭാഗത്തുനിന്നും കൂടുതൽ സഹകരണമുണ്ടാകേണ്ട സന്ദർഭത്തിൽ അതിൽനിന്ന് മാറി നിൽക്കാൻ അവർ ശ്രമിച്ചത് വാസ്തവത്തിൽ ഖേദകരമാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. 'ഇതുപോലുള്ള കാര്യങ്ങളിൽ ഞാൻ നേരത്തേ പറഞ്ഞതുപോലെ ഇതിനുമുമ്പ് വൈസ് പ്രസിഡൻറുമാരായിരുന്ന ആളുകൾ ഇതിനെ കൊണ്ടു നടന്ന ശൈലി പോലെയല്ല ഇപ്പോൾ ഇത് കൊണ്ടുനടന്നവർക്ക് ഉള്ളത് എന്നത്യ കൊണ്ട് അവർക്ക് ഇത് തമ്മിൽ താരതമ്യപ്പെടുത്തി നോക്കാനേ കഴിയുകയില്ല എന്നതാണ് സ്ഥിതി. അതൊന്ന് ക്ഷമയോടെ കേൾക്കാനുള്ള സഹിഷ്ണത പോലും

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ഇല്ലാത്തതിന്റെ ഫലമായിട്ടാണ് അവർ ഇന്ന് ഈ ചർച്ചയിൽ നിന്ന് വിട്ടുനിന്നത്. ഇത് വളരെ ഖേദകരമായിപ്പോയി, ഇതുപോലെ പല പുരോഗമന രീതിയിലുള്ള നിയമനിർമ്മാണങ്ങളായ കൈത്തറി, ഖാദി അതുപോലെതന്നെ മററ് അസംഘടിതരായി നിന്നവരും ഈ സമൂഹത്തിലെ പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നതുമായിട്ടുള്ള തൊഴിലാളികൾക്കുള്ള അനവധി ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണങ്ങളുമായി തുടർന്നും ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കേശവൻ : സർ, നമ്മുടെ സംസ്ഥാനത്തിലെ വളരെ പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവ്യസായമാണ് കൈത്തറി നെയ്ത്തുവ്യവസായം. മുമ്പൊക്കെ നാട്ടിൻപുറങ്ങളിൽ സഹകരണ സംഘങ്ങൾ ഈ മേഖലയിൽ രൂപം കൊണ്ട് വളരെയധികം ആളുകൾക്ക് തൊഴിൽ സാദ്ധ്യത ഉണ്ടാക്കിക്കൊണ്ടിരുന്നതാണ്. എന്നാൽ ഇന്ന് അത്തരം നാട്ടിൻപുറങ്ങളിലെ ചെറിയ ചെറിയ കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലച്ചിരിക്കുന്ന ഒരു സ്ഥിതിയാണ്. അതേസമയം നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ മുഖ്യമായ ഒന്നാണിത്. ഏകദേശം ഒന്ന് ഒന്നര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുത്ത് ഉപജീവനം നടത്തുന്ന ഒരു രംഗമാണ് ഇത്. ഇവിടെ ഒട്ടധികം പ്രശ്നങ്ങൾ അവർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ നൂലിന്റെ വിലയെ സംബന്ധിച്ചും ഉൽപ്പന്നങ്ങളുടെ മാർക്കെററിംങ്ങിനെ സംബന്ധിച്ചും ഒക്കെത്തന്നെ വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും ഈ വ്യവസായത്തെ ആശ്രയിച്ചുകൊണ്ടാണ് വളരെയധികം പാവപ്പെട്ട കുടുംബങ്ങൾ കഴിയുന്നത്. അത്തരം കുടുംബങ്ങളിൽ നിന്ന് ഈ രംഗത്തേക്ക് ജോലിക്കുവരുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് സുരക്ഷിതത്വം നൽകുന്ന, ഉറപ്പു നൽകുന്ന ഈ ക്ഷേമനിധി ബിൽ അവതരിപ്പിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞതിൽ, ഈ ഗവൺമെന്റ് അതിന് മുന്നോട്ടുവന്നതിൽ, ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. വിശേഷിച്ചും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. കാരണം അത്രമാത്രം ക്ലേശകരമായ ജീവിതമാണ് ഇന്ന് ആ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ തുടർന്നു കൊണ്ടിരിക്കുന്നത്. കാലാകാലങ്ങളിൽ അവരുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ച് പരിഹാരം കാണുന്നതിന് വളരെയധികം പരിശ്രമം നടന്നു. അവർ പ്രക്ഷോപണങ്ങളും സമരങ്ങളും നിവേദനങ്ങളുമൊക്കെയായിട്ട് നടന്നിട്ട് യാതൊരു പരിഹാരവും കാണാതിരുന്ന ഒരവസ്ഥയിലാണ് അവർക്കിപ്പോൾ വളരെ ആശ്വാസം പ്രദാനം ചെയ്യുന്ന ഈ ക്ഷേമനിധി ബിൽ കൊണ്ടുവന്നിരിക്കുന്നത്. വിശേഷിച്ചും ഇപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെടുന്നവർക്ക് ട്രൈസം പദ്ധതിയനുസരിച്ച് തൊഴിൽ പരിശീലനം കൊടുത്തിട്ട് അവർക്ക് ഐ. ആർ. ഡി. പി. വ്യവസ്ഥയിലും മററു നിലയിലും വായ്പ നൽകിക്കൊണ്ട് അവരെ സഹായിക്കാനുള്ള പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. എന്റെ അനുഭവത്തിൽ പല സ്ഥലത്തും അത് ഒരു തൊഴിൽസംരംഭം എന്ന നിലയിൽ ആശ്വാസകരമായി കണ്ടുകൊണ്ട് മുന്നോട്ടു വരുന്ന ആളുകൾതന്നെ ഇന്ന് വളരെയധികം നിരാശരാണ് ; വിഷമത്തിലാണ്. അത് മുന്നോട്ടു തുടർന്ന് കൊണ്ടുപോകാൻ കഴിയാത്തതിന്റെ ഫലമായി അടച്ചുപൂട്ടി അവസാനം അവർക്ക് നൽകിയിട്ടുള്ള വായ്പാഗഡുക്കൾ അടച്ചുതീർക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. അവർ ഇപ്പോൾ ജപ്തിയും റവന്യൂ റിക്കവറി നടപടികളുമായിട്ട് കിടക്കുകയാണ്. അങ്ങനെ ആ രംഗത്ത് ഇപ്പോൾ വളരെ ക്ലേശകരമായിട്ടുള്ള ഒരു സ്ഥിതി വിശേഷമാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ തേടി വന്നവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ആശ്വാസ നടപടികളുമായിട്ട് മുന്നോട്ടുവരുമ്പോൾ അതിൽ ആകൃഷ്ടരായി അതിലേക്ക് വന്ന ആളുകൾ തന്നെ ഇന്ന് ആ രംഗത്ത് വളരെയധികം ക്ലേശവും കഷ്ടപ്പാടും അനുഭവിക്കുകയാണ്. അവർക്ക് ഉള്ള കിടപ്പാടം പോലും നഷ്ടപ്പെടുന്ന സ്ഥിതിയിലേക്ക് വന്നിരിക്കുകയാണ്. മററ് പല പരമ്പരാഗത വ്യവസായ മേഖലയിലും കശുവണ്ടി വ്യവസായ രംഗത്തും അതുപോലെതന്നെ മൽസ്യബന്ധന രംഗത്തുമൊക്കെ തന്നെ ഈ ഗവൺമെൻറ് ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നിറവേററുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ പോലെതന്നെ കൈത്തറി തൊഴിലാളികളുടെ കാര്യത്തിലും അവർക്ക് ആശ്വാസം നൽകാൻ വേണ്ടി, വിവിധ രീതിയിൽ അവരെ സഹായിക്കാൻ വേണ്ടി ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവന്നത് അങ്ങേയററം ആശ്വാസകരമായുള്ള ഒന്നാണ്, അഭിനന്ദനീയമായ ഒന്നാണ്. ഈ നിയമ നിർമ്മാണത്തിൽ കൂടുതൽ പരിശോധന ആവശ്യമാണ് എന്നുള്ളതുകൊണ്ട്, പൂർണ്ണമായും തൊഴിലാളികൾക്ക് ഇതിന്റെ ഗുണഫലം ലഭ്യമാക്കുന്നതിന് ആവശ്യമായിട്ടുള്ള പരിശോധനയും ചർച്ചയും ആവശ്യമാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, കേരളത്തിലെ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കായ തൊഴിലാളികൾക്ക് ആശ്വാസം നൽകാനുതകുന്ന കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബില്ലിനെ സ്വാഗതം ചെയ്യുന്നു.

ഇത് പറയുമ്പോൾ തന്നെ ഈ ഗവൺമെൻറ് പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കാകെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയാണ്. കയറിന്റേയും കശുവണ്ടിയുടേയും കഴിഞ്ഞിട്ട് കൈത്തറി മൂന്നാമത്തേതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വമ്പൻ വ്യവസായശാലകൾ കുറവാണെന്നിരിക്കെ പരമ്പരാഗത മേഖലയിലാണ് കേരളത്തിലെ മെജോറിററി വരുന്ന ഈ അസംഘടിതരായ തൊഴിലാളികളും പണി എടുക്കുന്നത്. എന്നാൽ ഇന്ന് ഒട്ടാകെ ആ മേഖലകളെ പരിശോധിച്ചു നോക്കിയാൽ ആ മേഖലകളുടെ തൊഴിൽ സാദ്ധ്യതകൾ, ആ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഇവയൊക്കെ മററ് യാതൊരു കാലയളവിനെക്കാൾ ഗവൺമെൻറ് കൂടുതൽ വെല്ലുവിളിയെ നേരിടുന്ന സാഹചര്യത്തിലാണ്. ഈ ഗവൺമെൻറിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പൂർണ്ണമായും ചെയ്യണമെന്ന ഗവൺമെൻറിന്റെ തൊഴിലാളികളോടുള്ള ഒടുങ്ങാത്ത അഭിനിവേശം തന്നെയാണ് ഇത്തരത്തിലുള്ള ക്ഷേമനിധി ബില്ലുകൾ അവതരിപ്പിക്കുന്നതിന്റെ പിന്നിലുള്ളതെന്ന് ഞാൻ മനസ്സിലാക്കുകയാണ്. കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബില്ലിനെക്കുറിച്ചു പറയുമ്പോൾ പ്രധാനമായും കൈത്തറി വ്യവസായത്തെ സംരക്ഷിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഇന്നില്ല. ആ കാര്യത്തിൽ കേരളസർക്കാരിനെക്കുറിച്ച് പ്രത്യേകിച്ച് ഞാൻ ഒന്നും പറയുന്നില്ല. കാരണം സംസ്ഥാന ഗവൺമെൻറിന്റെ അധികാരപരിധിക്ക് പുറത്താണ് കൈത്തറി മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പലതും. ഇതിൽ പ്രധാനമായും ഉള്ളത് കൈത്തറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വിലയ്ക്ക് നൂൽ ലഭിക്കുന്നില്ല എന്നുള്ളതാണ്. ഈ ഗവൺമെൻറിന് ചെയ്യാൻ പററുന്ന കാര്യങ്ങൾ പൂർണ്ണമായും ചെയ്യാൻ മടിയില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് നൂൽ ബാങ്കുകൾ സ്ഥാപിക്കാനും അത്തരത്തിൽ നൂൽ പ്രൈമറി സഹകരണസംഘങ്ങൾക്ക് കുറച്ചൊക്കെ ലഭ്യമാക്കാനുമുള്ള സാദ്ധ്യതകൾ നമ്മുടെ ഗവൺമെൻറ് ചെയ്യുന്നുണ്ട്. എങ്കിൽപ്പോലും കൈത്തറി സഹകരണസംഘങ്ങൾക്ക് ആവശ്യമായ നൂൽ ഇന്ന് ലഭിക്കുന്നില്ല എന്നുള്ളതാണ് ഒരു വസ്തുത. കൈത്തറി രംഗവുമായി ബന്ധപ്പെട്ട പലതും

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിൽപ്പെട്ടതല്ല എന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെയെങ്കിൽ അത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയിട്ട് അത് നടപ്പിലാക്കാനുള്ള ഇനിഷ്യേററീവ് നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് ആ കാര്യത്തിൽ വയ്ക്കാനുള്ള നിർദ്ദേശം. ഈ രംഗത്ത് ലെവി സമ്പ്രദായം ഏർപ്പെടുത്തുന്നതിനെപ്പററി ആലോചിക്കണം. നമുക്കറിയാം സിമന്റിന്റെ രംഗത്ത് ലെവി ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലതന്നെ കാർഷിക വിളകൾക്കൊക്കെ ന്യായമായ വില ഉറപ്പാക്കണമെന്നുള്ളതുകൊണ്ടും വിതരണ രംഗത്ത് ന്യായമായ വില പിടിച്ചുനിറുത്താനുംവേണ്ടി സമഗ്രമായിട്ടില്ലെങ്കിൽപോലും കുറച്ചൊക്കെ ലെവി നാം ഏർപ്പെടുത്തുന്നുണ്ട്. സിമെന്റിന്റെ രംഗത്തും കാർഷിക വിളകളുടെ രംഗത്തും ലെവി ഏർപ്പെടുത്തുന്നതുപോലെ നൂൽ ഉല്പാദിപ്പിക്കുന്ന ഫാക്ടറികൾക്ക്—അത് കോ-ഓപ്പറേറീവ് രംഗത്താണെങ്കിലും—കേരളത്തിൽ പൊതുമേഖലയിൽ അധികം മില്ലുകളൊന്നുമില്ല. പക്ഷേ, ടെക്സ്റൈറൽ വ്യവസായവുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട തീരുമാനമായി ഇത് എടുക്കേണ്ടിവരുമെന്നുള്ളതുകൊണ്ടും കേരളത്തിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ കുറവാണെന്നുള്ളതുകൊണ്ടും കേരളാ ഗവൺമെന്റിന് ലെവി പ്രഖ്യാപിക്കാൻ ആകുമെന്ന് തോന്നുന്നില്ല. ഇത്ര പേർസെൻറേജ് ലെവി ഗവൺമെന്റിന് കൊടുക്കണമെന്ന ഒരു നയം വരുകയാണെങ്കിൽ അങ്ങനെ ശേഖരിക്കപ്പെടുന്ന ലെവി നൂൽ പ്രൈമറി സൊസൈററികൾക്ക് ന്യായമായ വിലക്ക് വിതരണം ചെയ്യാനും ഇന്ന് ഊർദ്ധശ്വാസം വലിക്കുന്ന പ്രൈമറി സഹകരണസംഘങ്ങളെ ഒരു പരിധിവരെ പിടിച്ചുനിറുത്താനും ഈ നടപടി സഹായിക്കുമെന്നുള്ളതുകൊണ്ട് നമ്മുടെ ഗവൺമെന്റിന് അത്തരമൊരു പരിപാടി നടപ്പിലാക്കാനുള്ള അധികാരമില്ലെങ്കിൽപോലും ഇത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനും അത് നടപ്പിലാക്കാനും ശ്രമിക്കണം.

നൂൽ ഉല്പ്പാദിപ്പിക്കുന്ന മില്ലുകളിൽ നിന്ന് ഗവൺമെന്റിന് ഒരു നിശ്ചിത പേഴ്സെൻറേജ് ലെവി തന്നേ പററൂ എന്ന നിയമം പാസ്സാക്കുവാനും അത്തരത്തിൽ ലെവി ശേഖരിച്ചുകൊണ്ട് പ്രൈമറി സൊസൈററികൾക്ക് ഇത് വിതരണം ചെയ്യാനും സാധിച്ചാൽ ഒരു പരിധി വരെയെങ്കിലും കൈത്തറി മേഖലയിൽ ഇന്ന് നിലവിലിരിക്കുന്ന പ്രധാനപ്പെട്ട വിഷമങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് അത് എങ്ങനെയാണ് ആലോചിക്കുകയെന്നു വച്ചാൽ അത്തരത്തിലുള്ള ഒരു പരിഗണന നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്ത് ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്.

സർ, ക്ഷേമനിധി ബിൽ—സമഗ്രമായ ഒരു ബിൽ തന്നെയാണ് ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നത്. കൈത്തറിത്തൊഴിലാളികൾക്ക് പെൻഷൻ, അതുപോലെതന്നെ കുട്ടികളുടെ വിദ്യാഭ്യാസാവശ്യങ്ങൾക്ക് അവർക്ക് വീട് വയ്ക്കുന്നതിന് ഒക്കെയുള്ള സമഗ്രമായ ഒരു ബില്ലാണ് കൊണ്ടുവന്നിരിക്കുന്നത്. ആ ബിൽ നിയമമായി വരുമ്പോൾ അതിന് അംശദായമായി കൊടുക്കേണ്ടവർ അതിൽ നിന്ന് രക്ഷപ്പെടരുതെന്നുവച്ച് ചില വകുപ്പുകൾകൂടി ഈ ക്ഷേമനിധി ബില്ലിൽ നമ്മുടെ ഗവൺമെന്റ് കൂട്ടിച്ചേർത്തിട്ടുണ്ട്. ഉദാഹരണമായി 13, 14, 20 തുടങ്ങിയ വകുപ്പുകൾ—13-ാം വകുപ്പിലാണെങ്കിൽ ഈടാക്കേണ്ട രീതിയെക്കുറിച്ചാണ് പറയുന്നത്. കുടിശ്ശിക വരുത്തിക്കഴിഞ്ഞാൽ ഭൂമിയുടെ കരം ഈടാക്കുന്നതുപോലെ ഈ കുടിശ്ശികയും ഈടാക്കാനുള്ള അധികാരം ഈ ബില്ലിൽ ഉറപ്പുവരുത്തുന്നുണ്ട്. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. കാരണം പല തൊഴിലുടമകളും തങ്ങളുടെ അംശദായത്തിൽ നിന്ന് രക്ഷപ്പെടാൻ: അതായത് കള്ളക്കണക്കുകൾ വച്ചും മററും രക്ഷപ്പെടാൻ പഴുതുകൾ നോക്കുമ്പോൾ ആ പഴുത് മുൻകൂട്ടി കണ്ടുകൊണ്ട് കുടിശ്ശിക വരുത്തുന്നവരുടെ പേരിലുള്ള ആ കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയുന്ന തരത്തിലുള്ള വകുപ്പുകൂടി ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

ളളത് ആശ്വാസകരമാണ്. എന്നുമാത്രമല്ല, വീണ്ടും രക്ഷപ്പെടാൻവേണ്ടി നമ്മുടെ തൊഴിൽ ഉടമകൾ ഒക്കെ പാപ്പർ സൂട്ട് ഒക്കെ ഫയൽ ചെയ്യാനും ഇത്തരം കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാനുളള പഴുതും ഒരു പരിധി കഴിഞ്ഞാൽ അവർ നോക്കുമെന്നുളളതുകൊണ്ട് അത്തരത്തിൽ വന്നാൽപ്പോലും ഈ അംശദായത്തിന്റെ കടം വീട്ടുന്നതിനായിരിക്കണം മുൻഗണന കൊടുക്കേണ്ടതെന്ന തരത്തിലുളള വകുപ്പുകൂടി 14-ാം വകുപ്പിൽ ഉൾക്കൊളളിച്ചിരിക്കുന്നു. കോടതിയിൽ പാപ്പർ സ്യൂട്ട് ഫയൽ ചെയ്ത് രക്ഷപ്പെടാൻ ശ്രമിക്കുന്ന തൊഴിലുടമയെ ഒരു പരിധിവരെ പിടിച്ചുനിറുത്താൻ ഇത് ഉപകരിക്കുമെന്നുളളത് ആശ്വാസകരമാണ്.

സർ, മറ്റൊന്ന് ഇത്തരത്തിലുളള പ്രവണതയ്ക്കെതിരെ നടപടിയെടുക്കാൻ ബാദ്ധ്യതപ്പെട്ട ഉദ്യോഗസ്ഥൻ പലപ്പോഴും ഇത്തരം നടപടികളുമായി മുന്നോട്ടു വരുമ്പോൾ ആ ഉദ്യോഗസ്ഥന് അനുഭവപ്പെടുന്നത് എന്താണെന്നുവച്ചാൽ ആ ഉദ്യോഗസ്ഥനെതിരായി നിരവധി കേസുകളുമായി കോടതിയെ സമീപിക്കുന്ന ഒരു പ്രവണത ഇന്ന് നിലവിലുണ്ട്. ഈ ബില്ലു കൊണ്ട് ഉദ്ദേശിക്കുന്ന ഗുണഫലം അതുവഴി നിഷേധിക്കപ്പെടുന്നുവെന്നുളളത് മുൻകൂട്ടികണ്ടുകൊണ്ട് ഇത്തരത്തിലൊരു ഉത്തമവിശ്വാസത്തോടു കൂടി ഈ ഉദ്യോഗസ്ഥൻ കൈക്കൊളളുന്ന നടപടിയിൻമേൽ കോടതിയിൽ കേസ് കൊടുത്തുകൊണ്ട് ചോദ്യം ചെയ്യാൻ കഴിയുകയില്ലെന്നുളള തരത്തിലേക്ക് പ്രൊട്ടക്ഷൻ കൊടുത്തിരിക്കുന്നതും ഇതിന്റെ ഉദ്ദേശ ഫലം തൊഴിലാളികൾക്ക് ഫലപ്രദമായി എത്തിക്കണമെന്നുളള ഉദ്ദേശത്തോടുകൂടിയാണ്. അതുകൊണ്ടുതന്നെ കൈത്തറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇന്നുണ്ടായിരിക്കുന്ന ഒട്ടേറെ വൈഷമ്യങ്ങൾ—തൊഴിലില്ലായ്മയും നൂൽ കിട്ടാത്തതും, ഉളള നൂലിന് വില വർദ്ധനവുമൊക്കെ നിലനില്ക്കുമ്പോൾ തന്നെ അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിക്കൊണ്ട് ഒട്ടേറെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് അവരുടെ ജീവിതത്തിന് അല്പമൊരു ആശ്വാസമെത്തിക്കാനുളള നമ്മുടെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ എല്ലാ ശ്രമങ്ങൾക്കും പിന്തുണ നൽകുന്നതോടൊപ്പംതന്നെ ഇത് പ്രധാനപ്പെട്ട ഒരു ബില്ലാണെന്ന് പറയുകയാണ്. നമ്മുടെ സ്വാതന്ത്ര്യസമരവുമായിട്ടുപോലും ബന്ധപ്പെട്ടിട്ടുളളതാണ് കൈത്തറിയും ഖാദിയുമൊക്കെ. അത്രമാത്രം ഇംപോർട്ടൻസുളളതാണ്. അതിനെക്കുറിച്ച് ചർച്ച ചെയ്യപ്പെടുവാനും കൂടുതൽ പുഷ്ടിയുളളതാക്കുവാനുമുളള ഈ ദിവസം നമ്മുടെ പ്രതിപക്ഷം സഭ ബഹിഷ്ക്കരിച്ചിരിക്കുകയാണ്. ഇത്തരുണത്തിൽ ഇത് കൂടുതൽ ചർച്ചചെയ്തുകൊണ്ട് എവിടെയെങ്കിലും പഴുതുകളുണ്ടെങ്കിൽ അടയ്ക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. ഭരതൻ : സർ, ഞാൻ കൈത്തറിത്തൊഴിലാളി ക്ഷേമനിധി നിയമത്തെ സ്വാഗതം ചെയ്യുകയാണ്, നമ്മുടെ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ് കൈത്തറിയെന്ന് എല്ലാവർക്കും അറിയാം. പ്രത്യേകിച്ച് ഈ കൈത്തറി വ്യവസായം കേരളത്തിന്റെ വടക്കൻ ഭാഗത്താണ് സംഘടിതമായിട്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒരുകാലത്ത് കേരളത്തിലെ കൈത്തറി നമ്മുടെ രാജ്യത്തിനകത്ത് മാത്രമല്ല വിദേശ രാജ്യങ്ങളിൽ പോലും വളരെയേറെ പ്രശസ്തിയാർജ്ജിച്ചിരുന്നതാണ്. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കൈത്തറിത്തുണിത്തരങ്ങൾ അന്യ രാജ്യങ്ങളിലേക്ക് ഇഷ്ടംപോലെ കയററി അയയ്ക്കപ്പെടുകയും അന്യരാജ്യക്കാർക്ക് ഏററവും പ്രിയങ്കരമായിത്തീരുകയും ചെയ്തിട്ടുളള ഒരു വ്യാവസായിക ഉല്പന്നമാണ്. പക്ഷേ, നിർഭാഗ്യവശാൽ ഇന്ന് ആ വ്യവസായവും ആ വ്യവസായമേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ജോലി ചെയ്യുന്ന തൊഴിലാളികളും അങ്ങേയററത്തെ ദുരിതത്തിലും കഷ്ടപ്പാടിലും വലഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ വ്യവസായമേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ രീതിയിലുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവന്നിട്ടുള്ള ഗവൺമെൻറിനെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഇതുപോലുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം നമ്മുടെ സംസ്ഥാന ഗവൺമെൻറ്, പ്രത്യേകിച്ച് നമ്മുടെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ ഈ കാര്യത്തിൽ സ്വീകരിക്കേണ്ടിയിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യത്തിലേക്ക് ഞാൻ ഗവൺമെൻറിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിനകത്തേയ്ക്ക് മററ് സംസ്ഥാനത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കൈത്തറിത്തുണിത്തരങ്ങൾ ഇഷ്ടംപോലെ കടന്നുവന്നുകൊണ്ടിരിക്കുന്നുണ്ട്. മററ് സംസ്ഥാനങ്ങളിലെ കൈത്തറിത്തുണിത്തരങ്ങളോട് മൽസരിക്കാൻ നമ്മുടെ കൈത്തറിത്തുണിത്തരങ്ങൾക്ക് അതിന്റെ വർദ്ധിച്ച വില കാരണം സാധിക്കുന്നില്ല. ഉല്പാദന വർദ്ധനവിന് ഏററവും പ്രധാനപ്പെട്ട കാരണം മററ് സംസ്ഥാനങ്ങളിൽ ഏററവും ചുരുങ്ങിയ മിനിമം കൂലി മാത്രമേ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കൊടുക്കുന്നുള്ളു എന്നുള്ളതാണ്. അതുകൊണ്ട് ഏകീകൃതമായിട്ടുള്ള മിനിമം വേജസ് കൈത്തറി വ്യവസായ മേഖലയിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമം നമ്മുടെ സംസ്ഥാന ഗവൺമെൻറ് ചെയ്യണം. അതിനുവേണ്ടി കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് അഭ്യർത്ഥിക്കാനുള്ളത്.

സർ, മറെറാരു കാര്യം കൈത്തറിക്കുവേണ്ടി മാത്രമായി നീക്കിവയ്ക്കപ്പെട്ടിട്ടുള്ള മേഖലകളിലേയ്ക്ക് പവ്വർലൂം വ്യവസായത്തിലെ ഉല്പന്നങ്ങൾ കടന്നുവന്നുകൊണ്ടിരിക്കുകയാണ്. അത് കർശനമായി തടയുന്നതിനുവേണ്ടിയുള്ള നടപടികൾ കേന്ദ്രഗവൺമെൻറിന്റെ സഹായത്തോടുകൂടി സ്വീകരിക്കുകയും ചെയ്യണം. എങ്കിൽ മാത്രമേ ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് സാധിക്കുകയുള്ളു. ആ രീതിയിലുള്ള നടപടികൾ കൂടി ഗവൺമെൻറ് സ്വീകരിച്ച് ഈ വ്യവസായമേഖലയെ ആകെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഇതിനെ ഒരിക്കൽകൂടി സ്വാഗതം ചെയ്യുന്നു.

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടിസ്പീക്കർ)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കൈത്തറിത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്ന കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇതോടൊപ്പം ഇവിടെ അവതരിപ്പിച്ച ഖാദിത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടു
12 NOON.] ത്തികൊണ്ടുള്ള ബില്ലിനെയും ഞാൻ അനുകൂലിക്കുകയാണ്. ഈ രണ്ട് ബില്ലുകളും ഇവിടെ അവതരിപ്പിച്ചത് സംസ്ഥാനത്തെ കൈത്തറിത്തൊഴിലാളികളെയും ഖാദിത്തൊഴിലാളികളെയും അവരുടെ പ്രയാസങ്ങളിൽനിന്ന് രക്ഷിക്കുക എന്നുള്ള സദുദ്ദേശത്തോടുകൂടിയാണ്. കൈത്തറിത്തൊഴിലാളികൾക്ക് പെൻഷൻ നൽകണമെന്നുള്ള ആവശ്യം വളരെ വർഷക്കാലമായി കേരളത്തിലെ കൈത്തറിത്തൊഴിലാളികൾ ഉന്നയിച്ചുവരികയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പാവപ്പെട്ട തൊഴിലാളി വിഭാഗങ്ങൾക്ക് വിവിധങ്ങളായ ആശ്വാസനടപടികൾ സ്വീകരിച്ചുവെന്ന് നമുക്കറിയാം. കേരളത്തിലെ കയർത്തൊഴിലാളികൾക്കും കശുവണ്ടിത്തൊഴിലാളികൾക്കും പെൻഷൻ നൽകാൻ വ്യവസ്ഥചെയ്തുകൊണ്ടുള്ള നിയമനിർമ്മാണം ഈ സഭ അംഗീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുണ്ട്. ഒരു പുതിയ കാൽവയ്പോടുകൂടിയാണ് ഇന്ന് നാം ഇത് ആരംഭിച്ചിട്ടുള്ളത്. കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കൈത്തറിത്തൊഴിലാളികൾക്ക് അവശരായി കഴിയുമ്പോൾ ജീവിക്കാൻ മതിയായ സാഹചര്യം ഉണ്ടാക്കിക്കൊടുക്കാൻ നമുക്ക് സാധിക്കുകയില്ലെങ്കിലും ചെറിയൊരു സഹായമെങ്കിലും ചെയ്തുകൊടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് കൈത്തറി തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ വ്യവസ്ഥ ചെയ്തു കൊണ്ടുള്ള ഈ നിയമ നിർമ്മാണം നാം നടത്താൻ പോകുന്നത്. ഇവിടെ കൈത്തറിത്തൊഴിലാളികൾക്ക് നൂറുരൂപയെങ്കിലും പെൻഷൻ കൊടുക്കാൻ നമുക്ക് സാധിക്കണം. ഇന്ന് മററു തൊഴിലാളി വിഭാഗങ്ങൾക്ക് കൊടുത്തിട്ടുള്ള പെൻഷനുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ മാസം നൂറുരൂപയെങ്കിലും പെൻഷൻ കൊടുക്കാൻ സാധിക്കത്തക്കവിധം ഇതിന്റെ റൂൾസും മററും ഉണ്ടാക്കുന്ന സന്ദർഭത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ കൈത്തറി തൊഴിലാളികൾക്കുവേണ്ടി അവരുടെ നിധിയിലേക്ക് അംശദായം നൽകുന്നതു സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ കൈത്തറിത്തൊഴിലാളിയും പ്രതിമാസം ഒരു രൂപ വീതം അംശദായമായി നൽകണമെന്നാണ് ഇതിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. അതോടൊപ്പം വ്യാപാരിയുടേതായ സംഭാവന, തൊഴിലുടമകളുടേയും സഹകരണസംഘത്തിന്റെയും അംശദായം എന്നിവയുമുണ്ട്. ഇതെല്ലാം ഉൾക്കൊണ്ട് ഗവൺമെന്റിന്റെ ഗ്രാന്റും ലോണുമെല്ലാം സംഭരിച്ചുകൊണ്ട് കൈത്തറിത്തൊഴിലാളികളെ ഇത്തരത്തിൽ സഹായിക്കാൻ നമുക്ക് സാധിക്കണം. വീടില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികളുണ്ട്. അത്തരം കൈത്തറിത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു കൊടുക്കാൻ സാധിക്കത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുകയാണ്. കൈത്തറിത്തൊഴിലാളികളുടെ കുട്ടികൾക്ക് വിവാഹച്ചെലവിനായും അതുപോലുള്ള മററു കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയും സഹായം ചെയ്തുകൊടുക്കാൻ നമുക്ക് ഈ നിയമത്തിന്റെ ഫലമായി സാധിക്കും. കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീത്തൊഴിലാളികൾക്ക് പ്രസവകാല ആനുകൂല്യങ്ങൾ നൽകുന്നതിനും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൈത്തറിത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ചെയ്യാൻ ഇന്ന് വളരെയധികം പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് കൈത്തറിത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾകൂടെ ചെയ്തുകൊടുക്കാൻ നമുക്ക് സാധിക്കണം.

സർ, ഇതിന്റെ ബോർഡിന്റെ രൂപീകരണത്തെ സംബന്ധിച്ചും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൈത്തറിത്തൊഴിലാളിക്ഷേമനിധി ബോർഡിൽ പതിനഞ്ച് മെമ്പർമാർ ഉണ്ടായിരിക്കണമെന്നാണ് ഇതിനകത്ത് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആ പതിനഞ്ച് ഡയറക്ടർമാരുടെയും നിയമനം ഗവൺമെന്റ് നോമിനേഷൻ പ്രകാരമാണെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൈത്തറിത്തൊഴിലാളിയുടേതായ അഞ്ച് പ്രതിനിധികൾ, വ്യാപാരികൾ, തൊഴിലുടമകൾ, കൈത്തറി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദകർ എന്നിവരുടേതായ അഞ്ച് പ്രതിനിധികൾ, സർക്കാരിനെ പ്രതിനിധീകരിക്കുന്ന അഞ്ച് അംഗങ്ങൾ എന്നിങ്ങനെ പതിനഞ്ച് അംഗങ്ങളുണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൽ സർക്കാരിന്റെ പ്രതിനിധികൾ അഞ്ച് വേണമോയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. വ്യാപാരികളുടെയും തൊഴിലുടമകളുടെയും പ്രതിനിധികളും അഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

വേണമോ എന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. പതിനഞ്ച് അംഗങ്ങൾ എന്നുള്ളതിൽ കൈത്തറി തൊഴിലാളികളുടെ പ്രതിനിധികൾക്ക് ഭൂരിപക്ഷം ലഭിക്കത്തവിധത്തിൽ ഈ ബോർഡിൽ മാററം വരുത്താൻ സാധിക്കുമോയെന്നുള്ളത് സബ്ജക്ട് കമ്മിററിയുടെ പരിശോധനയുടെ ഘട്ടത്തിൽ പരിശോധിക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നോമിനേഷൻ എന്നു പറയുമ്പോൾ പലരേയും നോമിനേററ് ചെയ്യാം. നമ്മുടെ നാട്ടിൽ നോമിനേഷൻ ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. ഈയിടെ കേരള സർവ്വകലാശാലാ സെനററിലേക്ക് രണ്ടു വിദ്യാർത്ഥി പ്രതിനിധികളെ നോമിനേററ് ചെയ്തു. രണ്ടു വിദ്യാർത്ഥി പ്രതിനിധികളെ നോമിനേററ് ചെയ്തപ്പോൾ യഥാർത്ഥത്തിൽ യാതൊരു അർഹതയുമില്ലാത്ത ആളുകളെ നോക്കി നോമിനേററ് ചെയ്യുന്ന അവസ്ഥ നമുക്ക് ഈ സംസ്ഥാനത്ത് കാണാൻ സാധിച്ചു. സർവ്വകലാശാലാ സെനററിലേക്ക് വിദ്യാർത്ഥി പ്രതിനിധികളായി നോമിനേററ് ചെയ്യപ്പെടുന്നവർ ഔട്ട് സ്ററാൻറിംഗ് സ്ററുഡൻസ് ആയിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനെല്ലാം കടകവിരുദ്ധമായി യഥാർത്ഥ പ്രതിഭകളായ വിദ്യാർത്ഥികളെ നോമിനേററ് ചെയ്യുന്നതിനുപകരം കലയുമായി യാതൊരു താൽപര്യവുമില്ലാത്ത ഒരു കെ. എസ്. യു. വിദ്യാർത്ഥിയെ സെനററിലേക്ക് നോമിനേററ് ചെയ്തു. സ്പോർട്സ് രംഗത്ത് പ്രാവീണ്യമുള്ള ആളുകളെ നോമിനേററ് ചെയ്യുന്നതിനുപകരം ഇന്നേവരെ ഒരു ഫുട്ബാൾ കളിയിൽപ്പോലും പങ്കെടുക്കാത്ത ഒരു കെ. എസ്. യു. വിദ്യാർത്ഥിയെ

*      *      *      *

*      *      *      *

---

പ്രതീക്ഷിക്കാൻ സാധിക്കാത്തതാണ്. തൊഴിലാളികളുടെ പ്രതിനിധികളെയും തൊഴിലുടമകളുടെ പ്രതിനിധികളെയും സർക്കാരിൻെറ പ്രതിനിധികളെയും നോമിനേററ് ചെയ്യാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ഈ സർക്കാർ ഈ അധികാരം ദുർവിനിയോഗം ചെയ്യുകയില്ലെന്ന പ്രതീക്ഷ കേരളത്തിലെ തൊഴിലാളികൾക്കുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കേരള സർവ്വകലാശാലയും ഈ കാര്യത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് നമുക്ക് അറിയാവുന്നതാണ്.

*      *      *      *

*      *      *      *

---

ഈ രണ്ട് ഉപദേശകൻമാരുടെ നിർദ്ദേശപ്രകാരം സെനററിലേക്കുള്ള നോമിനേഷൻ രണ്ട് കെ. എസ്. യു. ക്കാർ. * * അതുപോലെ അർഹതയില്ലാത്തവരെ ഇത്തരം സമിതികളിലേക്ക് നോമിനേററ് ചെയ്യാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഈ ഗവൺമെൻറ് ഒരിക്കലും തയ്യാറാവുകയില്ലെന്നുള്ള കാര്യത്തിൽ കേരളത്തിലെ ജനങ്ങൾക്ക് പൂർണ്ണബോദ്ധ്യമുണ്ട്.

ശ്രീ. സി. പി. കുഞ്ഞ് :

*      *      *      *

*      *      *      *

---

* സഭാദ്ധ്യക്ഷൻെറ ഉത്തരവു പ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

2/942/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : * * * * രാജീവ്ഗാന്ധിയുടെ ക്യാബിനററിൽ ഡെപ്യൂട്ടി മന്ത്രിയായിരുന്നു. അവിടെ ഇപ്പോൾ ഒരു പാർലമെൻറ് സീററ് ഒഴിവുവന്നിട്ടുണ്ട്. ആ ഒഴിവ് വന്ന പാർലമെൻറ് സീററിൽ * * * * ബീഹാർപ്രദേശ് യൂത്ത്കോൺഗ്രസ്സിൻെറ സെക്രട്ടറിക്ക് സ്ഥാനം കിട്ടാൻവേണ്ടിയുള്ള എല്ലാ പണിയുമാണ് ഇപ്പോൾ സംഘടിപ്പിക്കുന്നത്. നമ്മുടെ പ്രതിപക്ഷനേതാവ് പറഞ്ഞില്ലേ സർ, കേരളത്തിൽ രഹസ്യപ്പോലീസ് കൊടുക്കുന്ന റിപ്പോർട്ട് ആദ്യമായിട്ട് കിട്ടുന്നത് പ്രതിപക്ഷനേതാവിനാണെന്ന്. എങ്ങനെയാണ് അത് കിട്ടുന്നത്. രഹസ്യപ്പോലീസ് തയ്യാറാക്കുന്ന റിപ്പോർട്ട് ഒന്ന് മുഖ്യമന്ത്രിക്ക്, ഒന്നു ചീഫ് സെക്രട്ടറിക്ക്, ഒന്ന് ഗവർണ്ണർക്ക്. ഈ മൂന്ന് അധിപൻമാർക്കും കൊടുക്കുമെങ്കിൽ * * * * അതേ ഘട്ടത്തിൽ തന്നെ പ്രതിപക്ഷനേതാവിൻെറ ഓഫീസിൽ എത്തിക്കുകയാണ്.

ശ്രീ. ഗോപി കോട്ടമുറിക്കൽ : * *

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : * * * * ഏതായാലും അത് ഇതിനകത്ത് ഒരു വിഷയമല്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങൾ പറയാനാഗ്രഹിക്കുന്നില്ല. നമ്മുടെ നോമിനേഷൻ സംബന്ധിച്ചുള്ള വ്യവസ്ഥ ശരിയായി പാലിക്കണമെന്നതാണ് എനിക്കുള്ള അഭിപ്രായം. നമ്മുടെ കൈത്തറി തൊഴിലാളിക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ പ്രതിനിധികളെയും സർക്കാരിൻെറ പ്രതിനിധികളെയുമെല്ലാം നോമിനേററ് ചെയ്യുമ്പോൾ ഈ സ്ഥാപനം നടത്താൻ യോഗ്യതയുള്ള തൊഴിലാളി പ്രതിനിധികളെ നോക്കി നോമിനേററ് ചെയ്യണം. ഈ ഗവൺമെൻറിൽനിന്ന് ജനങ്ങൾ അതാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിലുള്ള നടപടികളെ തുരങ്കം വയ്ക്കാൻ പരിശ്രമിക്കുന്ന ശ്രമങ്ങളെ എന്ത് വിലകൊടുത്തും ചെറുത്തു തോൽപ്പിക്കേണ്ടതുണ്ട്. കേരളത്തിൽ കൈത്തറിത്തൊഴിലാളികളെ സംരക്ഷിക്കാനുതകുന്ന വിവിധങ്ങളായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെൻറ് മുന്നോട്ടു പോവുകയാണ്. പണ്ട് കാലം മുതൽതന്നെ കൈത്തറിത്തൊഴിലാളി വിഭാഗത്തിനിടയിൽ ഇടതുപക്ഷ പ്രസ്ഥാനം ശക്തിമത്തായ ഒരു പ്രസ്ഥാനമാണ്. ഖാദി രംഗത്തും ഇടതുപക്ഷപ്രസ്ഥാനം ശക്തമാണ്, ഈ തൊഴിലാളി വിഭാഗത്തിനിടയിൽനിന്നും കോൺഗ്രസ്സ് (ഐ) യുടെ ജനപിൻതുണ നാൾക്കുനാൾ ചോർന്നുകൊണ്ടിരിക്കുകയാണ്. കൈത്തറിത്തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പ് വരുത്തുന്നതിനുവേണ്ടിയുള്ള ഈ നിയമനിർമ്മാണത്തിൻെറ ഘട്ടത്തിലെങ്കിലും ഈ സഭയിലിരിക്കാനുള്ള സാമാന്യ മര്യാദ കാണിക്കാൻ പ്രതിപക്ഷം തയ്യാറാകേണ്ടതായിരുന്നു. അവർക്ക് എന്ത് കൈത്തറിത്തൊഴിലാളി സർ ? അവർക്ക് എന്ത് ഖാദിത്തൊഴിലാളി സർ ? അവർക്ക് നിരന്തരമായ സമരം. ആ നിരന്തരമായ സമരത്തിനുവേണ്ടിയാണ് ഇന്ന് ഈ നിയമസഭ അവർ വിട്ടുപോയത്. പ്രതിപക്ഷം ആവശ്യപ്പെട്ടു നിയമസഭ വിളിച്ചു

* സഭാദ്ധ്യക്ഷൻെറ ഉത്തരവു പ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടണമെന്ന്, നിയമസഭ വിളിച്ചു കൂട്ടിയപ്പോഴ് പ്രതിപക്ഷത്തിന് ഇരിക്കാൻ മനസ്സില്ല. ചില പൊടി ന്യായങ്ങൾ പറഞ്ഞുകൊണ്ട് അവർ ഇറങ്ങിപ്പോയി. ഇപ്പോൾ ശ്രീ. അവുക്കാദർകുട്ടി നഹയോട് എന്തൊരു ബഹുമാനമാണ് നമ്മുടെ പ്രതിപക്ഷത്തിന് ? ഇവിടെ ഇതിനുമുമ്പ് ഈ സഭയിലെ മെമ്പറായിരുന്നു ശ്രീ. പി. ടി. ചാക്കോ അന്തരിച്ചപ്പോൾ ആ പി. ടി. ചാക്കോയ്ക്കുവേണ്ടി അനുശോചനം രേഖപ്പെടുത്തി സഭ പിരിയാത്ത പാരമ്പര്യം സൃഷ്ടിച്ചവരാണ് ഇന്ന് ഈ പുതിയ ന്യായങ്ങളുമായി വന്ന് നിയമസഭ ബഹിഷ്ക്കരിച്ച് പുറത്തു പോയിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ നിയമനിർമ്മാണങ്ങളിൽ യാതൊരു താൽപ്പര്യവുമില്ലാത്ത പ്രഖ്യാപനമാണ് പ്രതിപക്ഷം നടത്തിയിട്ടുള്ളത്. ഖാദിത്തൊഴിലാളികളെ രക്ഷിക്കാൻ വേണ്ടിയുള്ള നിയമനിർമ്മാണം സ്വീകരിക്കുന്ന ഈ സന്ദർഭത്തിൽ എങ്കിലും ഈ സഭയിലിരുന്നുകൊണ്ട് ഈ സഭാ നടപടികളുമായി സഹകരിക്കുവാൻ പ്രതിപക്ഷത്തിനു സാധിക്കണമായിരുന്നു. ഇവിടെ തൊഴിലാളി വിഭാഗങ്ങൾക്ക് ക്ഷേമം ഉറപ്പുവരുത്താൻവേണ്ടി കൊണ്ടുവന്നിട്ടുള്ള എല്ലാ നല്ല കാര്യങ്ങളെയും എതിർക്കാൻ മാത്രമുള്ള ഒരു സ്ഥിതി വിശേഷമാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. സർ, ഈ പ്രതിപക്ഷത്തിന്റെ സമീപനമെന്താണ് ? തങ്ങൾ ക്രിയാത്മകമായി പ്രവർത്തിക്കുമെന്നാണ് അവർ അധികാരത്തിൽ വന്നപ്പോൾ പറഞ്ഞത്. എന്നാൽ ക്രിയാത്മകമായി പ്രതിപക്ഷത്തെ നമുക്ക് ഇവിടെ കാണാൻ സാധിക്കുന്നില്ല. കൈത്തറിത്തൊഴിലാളികൾക്കുവേണ്ടി ബിൽ അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷമില്ല. ഖാദി തൊഴിലാളികൾക്കുവേണ്ടി ബിൽ അവതരിപ്പിക്കുമ്പോഴും പ്രതിപക്ഷമില്ല. ഇത്തരം നിയമനിർമ്മാണങ്ങളുമായി സഹകരിക്കാനുള്ള സാമാന്യ മര്യാദപോലും കാണിക്കാതെയുള്ള സ്ഥിതിവിശേഷമാണ് കേരളത്തിലെ പ്രതിപക്ഷം ഇന്നു സ്വീകരിച്ചിട്ടുള്ളത്. സർ, ആര് എതിർത്താലും ഈ നടപടികളുമായി മുന്നോട്ടു പോകണം.

ശ്രീ. എസ്. ആർ. തങ്കരാജ് : ബഹുമാന്യനായ പി. റ്റി. ചാക്കോ അന്തരിച്ചപ്പോൾ അദ്ദേഹം കോൺഗ്രസ്സിൽ ഒരു വിമതനായിരുന്നുവെന്നും അന്ന് അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് സഭയിൽ പറയുന്നതിനുവേണ്ടി ഇന്നത്തെ പ്രതിപക്ഷ നേതാവ് സഭയിൽ ഇല്ലായിരുന്നുവെന്നുമുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എല്ലാ വിധത്തിലുമുള്ള രാഷ്ട്രീയ കളിയാണ് പ്രതിപക്ഷത്തിനുള്ളത്. ബഹുമാനപ്പെട്ട നഹയോട് സ്നേഹമൊന്നും പ്രതിപക്ഷത്തിനില്ല. അത്തരം കളിയുടെ പേരിൽ മാത്രമാണ് അവർ ഈ നിയമസഭ വിട്ടു പോയിട്ടുള്ളത് എന്നു എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. ഇവിടെ വിവിധ ജനവിഭാഗങ്ങൾക്ക് ക്ഷേമം ഉറപ്പുവരുത്താൻവേണ്ടിയുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെയെല്ലാം തുരങ്കം വയ്ക്കാനുള്ള നടപടിയാണ് ഇന്നു പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നിയമനിർമ്മാണ രംഗത്തു തന്നെ ഒരു പുതിയ കാൽവയ്പു കുറിക്കുവാൻ ഇടതുപക്ഷ ഗവൺമെൻറിനു സാധിച്ചിരിക്കുകയാണ്. കൂടുതൽ ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുകയും നിയമ നിർമ്മാണത്തിനു ആവശ്യമായ സമയം അനുവദിക്കുകയും ചെയ്തുകൊണ്ട് നിയമനിർമ്മാണസഭയുടെ അന്തസു വീണ്ടെടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോഴാണ് സാധിച്ചിട്ടുള്ളത്. സർ, ഈ നിയമസഭയെ ഒരു റബ്ബർ സ്റ്റാംപാക്കി മാററുകയാണ് ശ്രീ കരുണാകരന്റെ ഭരണകാലത്തു ചെയ്തത്. ഇന്ന് അതിൽനിന്നും വ്യത്യസ്തമായി നിയമനിർമ്മാണ സഭയായി ഈ സഭയെ ഉയർത്തിക്കൊണ്ടു വരാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി കൈത്തറിത്തൊഴിലാളികളെയും ഖാദി തൊഴിലാളികളെയും സഹായിക്കാൻ വേണ്ടി കൊണ്ടുവന്ന ഈ രണ്ടു ബില്ലുകളെയും സഹർഷം സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, നമ്മുടെ സമൂഹത്തിലെ ഏററവും കഷ്ടപ്പെടുന്ന പ്രയാസപ്പെടുന്ന ഒരു വിഭാഗം തൊഴിലാളികളാണ് കൈത്തറി തൊഴിലാളികളും ഖാദി നൂൽനൂൽപ്പ് തൊഴിലാളികളും. ചെയ്യുന്ന തൊഴിലിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് ഉപജീവനം കഴിക്കാൻ കഴിയാത്ത വരാണ്. മററു മേഖലകളിൽ തൊഴിൽ എടുക്കുന്നവരാണെങ്കിൽ അവർ എടുക്കുന്ന തൊഴിലിൽ നിന്നുള്ള വരുമാനം കൊണ്ട് കുടുംബം സംരക്ഷിക്കാനും സ്വന്തം ചെലവ് പരിമിതമായിട്ടെങ്കിലും നിർവഹിക്കാനും കഴിയും. പക്ഷെ ഖാദിത്തൊഴിലാളികളും കൈത്തറിത്തൊഴിലാളികളും എല്ലാം അതിൽ നിന്നും വ്യത്യസ്തരാണ്. കൈത്തറിത്തൊഴിലാളികളുടെ സ്ഥിതിയാണെങ്കിൽ നൂലിന്റെ വില, അവർ ഉല്പാദിപ്പിക്കുന്ന തുണികൾക്ക് മാർക്കററില്ലാത്ത പരിതഃസ്ഥിതി എല്ലാമുണ്ട്. പുതിയ പുതിയ സംവിധാനങ്ങളെല്ലാം നാട്ടിൽ വരുന്നതിനനുസരിച്ച് പുതിയ തുണിത്തരങ്ങൾ ഇറങ്ങുന്ന അവസരത്തിൽ അവരുടെ കൈകൊണ്ട് ഉണ്ടാക്കുന്ന നാടൻ തുണിത്തരങ്ങൾക്ക് വില കിട്ടാത്ത സ്ഥിതിയുമുണ്ട്. ഗവൺമെൻറാണെങ്കിൽ അതു വാങ്ങി തക്ക സമയത്തു റിബേററും അതുപോലെയുള്ള ആനുകൂല്യങ്ങളും കൊടുക്കാത്ത വൈഷമ്യങ്ങൾ നേരിടുന്നതുകൊണ്ടും ഇന്നും അർദ്ധപട്ടിണിക്കാരായും മുഴുപ്പട്ടിണിക്കാരായും ആ വിഭാഗം കഴിയുകയാണ്. നൂൽനൂൽപ്പു തൊഴിലാളികളാണെങ്കിൽ ഭൂരിപക്ഷവും പെൺകുട്ടികളാണ്. സഹകരണ സംഘങ്ങൾ മുഖേന സംഘടിപ്പിക്കപ്പെടുന്ന നെയ്ത്തു കേന്ദ്രങ്ങളിൽ അവരുടെ ജോലി വളരെ പ്രയാസപ്പെട്ടതാണ്. ഒരാഴ്ച ജോലി ചെയ്താൽ അവർക്ക് ആകെ കിട്ടുന്ന വരുമാനം നാല്പതോ അൻപതോ രൂപയാണ്. പലപ്പോഴും ദയനീയമാണ് അവരുടെ സ്ഥിതി. അവർക്ക് നൂലിന്റെ വില കൂട്ടിക്കൊടുക്കാനാവശ്യമായ സംവിധാനം വേണമെന്ന് ഇതിനു മുൻപ് പല പ്രാവശ്യം ഈ നിയമസഭയിൽത്തന്നെ പല പ്രതിനിധികളും ആവശ്യപ്പെട്ടിട്ടുള്ളതാണ്. അങ്ങനെ ജോലിക്കുവേണ്ടി ജോലി ചെയ്യുന്നു എന്നുള്ളതിൽ കവിഞ്ഞ് ഇന്നത്തെ സംഘടിത തൊഴിലാളികളുടെയെല്ലാം പ്രക്ഷോഭണ ഫലമായി പല മേഖലകളിലും വിവിധ തൊഴിലാളികളുടെയിടയിൽ അവർക്കുണ്ടായിട്ടുള്ള വരുമാനം, ബോണസ്, മററു ആനുകൂല്യങ്ങൾ, ഇവയൊന്നുംതന്നെ ഇതേവരെ തിരിഞ്ഞു നോക്കാത്ത ഒരു വിഭാഗമാണ് ഖാദിത്തൊഴിലാളികളും കൈത്തറിത്തൊഴിലാളികളും. ഖാദി എന്നുപറഞ്ഞാൽ മഹാത്മാഗാന്ധിയോട് ബന്ധപ്പെട്ടതാണ് എന്നൊക്കെ കോൺഗ്രസുകാർ പ്രസംഗിക്കും. പക്ഷെ മഹാത്മാഗാന്ധിയെ ഓർത്തെങ്കിലും ഖാദിത്തൊഴിലാളികൾക്ക് ക്ഷേമനിധിയും മററാനുകൂല്യങ്ങളും കൊടുക്കുന്ന ഈ നിയമം ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷക്കാർക്ക് ഇവിടെ ഇരിക്കാനുള്ള സൻമനസ്സ് ഉണ്ടായില്ല. അതുകൊണ്ട് അവർ ഗാന്ധിജിയെ തള്ളിപ്പറയുന്നതുപോലെ ഖാദിയെയും ഖദറിന്റെ നിർമ്മാണത്തെയും ഖാദിത്തൊഴിലാളികളെയുമെല്ലാം തള്ളിപ്പറയുന്ന ഒരു സ്ഥിതിയിലേക്ക് ആണ് പോയിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ഒന്നൊന്നായി തൊഴിലാളിക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഓരോ നിയമവും ഇവിടെ പാസാക്കുമ്പോൾ കോൺഗ്രസ് (ഐ) യ്ക്കും പ്രതിപക്ഷ നേതാവിനും കൂടെയുള്ള ഘടക കക്ഷികളെ പിടിച്ചിരുത്താൻ പററാത്തതുകൊണ്ട് മററു പല കാര്യങ്ങളും പറഞ്ഞ് പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്തി സഹതാപവും അനുകമ്പയും നേടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പു പ്രവർത്തനം അല്ലെങ്കിൽ പാർലമെൻററി പ്രവർത്തനം അല്ലെങ്കിൽ ഘടക കക്ഷികളുടെ പ്രവർത്തനം നടത്തി ജനങ്ങളുടെ ശ്രദ്ധ മറെറാരു വഴിക്കു തിരിച്ചു വിടാനുള്ള പരിശ്രമങ്ങളാണ് ഇന്നു ഇവിടെ കണ്ടത്. സർ, തെരഞ്ഞെടുപ്പു കഴിഞ്ഞയുടനെ കൂടെയുള്ളവരോടും ഉദ്യോഗസ്ഥൻമാരോടും പ്രതിപക്ഷ നേതാവു പറഞ്ഞത് ഈ ഗവൺമെൻറ് കൂടിയാൽ 6 മാസമേ നിലനിൽക്കുകയുള്ളു എന്നാണ്. സർ, 6 മാസം കഴിഞ്ഞപ്പോൾ ചോദ്യം തുടങ്ങി. 6 മാസം കഴിഞ്ഞതുകൊണ്ട് നിങ്ങൾ ബേജാറാകേണ്ടതില്ല അടുത്ത 6 മാസം കൂടി മാത്രമേ തുടരുകയുള്ളു എന്നുപറഞ്ഞു. അതുകൊണ്ടാണ് മുസ്ലീം ലീഗും കേരളാ കോൺഗ്രസുമൊക്കെ കോൺഗ്രസുകാരോടും കരുണാകരനോടും ചോദിക്കുന്നത്. അപ്പോൾ വീണ്ടും കരുണാകരൻ പറഞ്ഞു നിങ്ങൾ ഇങ്ങനെ വെറുതെയിരുന്നാൽ പോരാ ആറു മാസവും ഒരു കൊല്ലവും കൊണ്ട് ഈ ഗവൺമെൻറിനെ മറിച്ചിടണമെങ്കിൽ ചില പ്രക്ഷോഭ പരിപാടികളൊക്കെ നടത്തണം. അതിനു നിങ്ങൾ നിങ്ങളുടെ മാർഗ്ഗം നോക്കണം. ഞങ്ങൾ ഞങ്ങളുടെ മാർഗ്ഗം നോക്കുകയാണ്. അങ്ങനെ അവരോടു പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടു മൂന്നു മാസമായി മുസ്ലീം ലീഗും കോൺഗ്രസ് (ഐ) യും കേരളാ കോൺഗ്രസുമെല്ലാം യാത്രയും ജാഥയും എല്ലാമായിട്ട് കേരളത്തിൻെറ വടക്കേ അററത്തുനിന്നും തെക്കേ അററത്തേക്ക് വരികയാണ്. ഇതിലൂടെയെല്ലാം കാണുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് ഭരണം തുടർന്നാൽ വരുന്ന തൊഴിൽ ക്ഷേമ നടപടികളും ജനക്ഷേമ നടപടികളും ജനങ്ങളിലേക്ക് ആഞ്ഞിറങ്ങുമ്പോൾ തൊഴിലാളി പിൻതുണ കൂടി വരുന്നതുകൊണ്ട് പ്രതിപക്ഷത്തിൻെറ കുപ്രചരണങ്ങൾ വില പോകുന്നില്ല എന്നുള്ളതാണ്. സർ, കുഞ്ചൻനമ്പ്യാർ പറഞ്ഞതുപോലെ പാണ്ടൻ നായുടെ പല്ലിനു ശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഇവർ പറയുന്ന കാര്യങ്ങൾ തൊഴിലാളികളുടെയിടയിൽ ഏശുന്നില്ല. ആറു മാസവും ഒരു കൊല്ലവും ഒന്നരക്കൊല്ലവും നീട്ടി നീട്ടി ഈ ഗവൺമെൻറിനു കാലാവധി നിശ്ചയിക്കുകയാണ്. അതെല്ലാം കഴിഞ്ഞാൽ കൂടെ നിൽക്കുന്ന ഘടകകക്ഷികൾ പിൻതിരിഞ്ഞു ചോദിക്കുമ്പോൾ മറുപടി പറയാനില്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട അവുക്കാദർകുട്ടി നഹയുടെ പേരിൽ ഇന്നു സഹതാപം രേഖപ്പെടുത്തിക്കൊണ്ട് ഈ നിയമസഭ അവർ ബഹിഷ്ക്കരിച്ചിരിക്കുകയാണ്. അവുക്കാദർക്കുട്ടി നഹയോട് എല്ലാവർക്കും സ്നേഹവും ബഹുമാനവും ആദരവുമുള്ളതാണ്. പക്ഷെ ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ മുൻകാല അനുഭവങ്ങളിൽ സഖാവ് എ. കെ. ജി. യെപ്പോലെ പ്രഗത്ഭൻമാരായ നിരവധി പാർലമെൻേററിയൻമാർ മരണപ്പെട്ട അവസരത്തിൽ ഇങ്ങനെയൊരു നടപടിക്രമം തുടർന്നു എന്നുള്ളതിൻെറ ഓർമ്മപോലും ഇല്ലാത്ത, ആ ഔചിത്യം പോലും പാലിക്കാതെയാണ് ഇത്രയും പ്രധാനപ്പെട്ട ഈ നിയമങ്ങൾ ഈ നിയമസഭ ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷം ഈ സഭ ബഹിഷ്ക്കരിച്ചു പോയത്. തീർച്ചയായും സമൂഹത്തിലെ അടിത്തട്ടിലുള്ള തൊഴിലാളികളെയും അദ്ധ്വാനിക്കുന്നവരെയും ഈ ഗവൺമെൻറ് ശ്രദ്ധിക്കുന്നു എന്നുള്ളതിൻെറ നിരവധി ഉദാഹരണങ്ങളിൽ ഒന്നുകൂടിയായിട്ടാണ് ഖാദിത്തൊഴിലാളികൾക്കും കൈത്തറിത്തൊഴിലാളികൾക്കും വേണ്ടിയുള്ള ഈ നിയമ നിർമ്മാണം ആരംഭിച്ചിട്ടുള്ളത്, ഇതു പാസാക്കാൻ പോകുന്നത്. തീർച്ചയായും ഇതിൻെറ സെലക്ടു കമ്മിററിയും സബ്ജക്ടു കമ്മിററിയും വരുമ്പോൾ വിവിധ രൂപത്തിലുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും കൂടുതൽ ആനുകൂല്യങ്ങൾ ഈ വിഭാഗത്തിനു കൊടുക്കേണ്ടതായുമുണ്ട്. പ്രത്യേകിച്ച് പെൺകുട്ടികൾ ജോലി ചെയ്യുന്ന സ്ഥലത്ത് പിരിവെടുത്താണ് അവർ കഴിയുന്നത്. പാലക്കാടു ജില്ലയിൽ നിരവധി കൈത്തറിത്തൊഴിലാളികളുണ്ട്. അവരെല്ലാം പിരിവെടുത്തു ഒന്നിച്ചു

താമസിക്കുന്നവരാണ്. അവരെല്ലാം കൈത്തറിതൊഴിൽ ഉപേക്ഷിക്കാൻ നിർബന്ധിക്കപ്പെടുകയാണ്. പക്ഷെ ആ തൊഴിൽ ഉപേക്ഷിച്ചാൽ അവർക്കു മറെറാരു തൊഴിലും ചെയ്യാൻ കഴിയുകയില്ല. മററ് സാധാരണ തൊഴിലാളികൾക്കാണെങ്കിൽ കർഷക ത്തൊഴിലാളികൾക്കാണെങ്കിൽ പാടത്തു പണിയില്ലെങ്കിൽ പറമ്പിൽ പണിയെടുക്കുകയോ തെങ്ങു കയററമോ മറെറന്തെങ്കിലും പണിയോ ചെയ്യാം. പക്ഷെ ഈ കൈത്തറി തൊഴിലാളികൾക്ക് ആ തൊഴിൽ അല്ലാതെ മററ് യാതൊരു തൊഴിലും എടുത്തു പരിചയമില്ല. അവരുടെ ഭാര്യമാർ അല്ലെങ്കിൽ കുടുംബത്തിലെ സ്ത്രീകൾ മററു ജോലികൾ ചെയ്തു ശീലിച്ചവരല്ല. അതുകൊണ്ട് ഇതിൽ നിന്നുള്ള വരുമാനം മുടങ്ങിയാൽ പട്ടിണി കിടക്കുകയെന്നുള്ളതല്ലാതെ മററ് യാതൊരു മാർഗ്ഗവുമില്ല. ഇന്ന് പല സഹകരണസംഘങ്ങളും ഒരടി മുന്നോട്ടു വയ്ക്കാൻ കഴിയാത്ത ഒരു പരിതസ്ഥിതിയിലാണ്. സർ, നിരവധി മേഖലകളുണ്ട്. കുഴൽമന്ദത്തുണ്ട്, കൊല്ലംകോടുണ്ട്. ആലത്തൂർ ഉണ്ട്, പാലക്കാട് ഉണ്ട്. ഈ നിരവധി മേഖലയിൽ ഒന്നിച്ചുനിൽക്കുന്ന കൈത്തറി സഹകരണസംഘങ്ങളുണ്ട്. കൈത്തറിതൊഴിലാളികളുമുണ്ട്. അതെല്ലാം ഇന്ന് പൂട്ടിയിടേണ്ട ഒരു സ്ഥിതിയിലാണ്. കാരണം തൊഴിലാളികൾ കൊണ്ടുവരുന്ന വസ്ത്രങ്ങൾക്ക് പൈസ കൊടുക്കാൻ കഴിയാത്ത ഒരു സ്ഥിതി സഹകരണസംഘങ്ങൾക്കുണ്ട്. നൂലിന് മുൻകൂർ പൈസ കൊടുക്കണം. അന്നന്ന് ചെയ്യുന്ന ജോലിയിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ട് അന്നന്ന് അരി വാങ്ങി ജീവിക്കുന്നവരാണ് ഈ വിഭാഗം തൊഴിലാളികൾ. അങ്ങനെയുള്ള ഇത്തരം തൊഴിലാളികൾക്ക് പൈസ കൂടുതൽ മുടക്കി മുണ്ട് ഉൽപ്പാദിപ്പിക്കാനുള്ള നൂലിന് കൂടുതൽ പൈസ കൊടുത്ത് വാങ്ങിക്കാൻ കഴിയുകയില്ല. സൊസൈററിയിൽ നിന്ന് അഡ്വാൻസ് കൊടുക്കാൻ നിവൃത്തിയുണ്ടോയെന്ന് ചോദിച്ചാൽ നിവൃത്തിയില്ല. അവർ കൊണ്ടുവരുന്ന ചരക്കിന് തന്നെ വില കൊടുക്കാൻ നിവൃത്തിയില്ലാതെ സഹകരണസംഘങ്ങൾ ബുദ്ധിമുട്ടുന്നു. പിന്നെ എങ്ങനെ തൊഴിലാളികൾ മുൻകൂട്ടി നൂൽ വാങ്ങും? ആദ്യം നൂൽ കടകളിൽ നിന്ന് വാങ്ങിച്ച് വേണം മുണ്ട് നെയ്യാൻ. അപ്പോൾ ഇങ്ങനെയുള്ള ഒരു പ്രതിസന്ധി ഈ രംഗത്ത് സൃഷ്ടിച്ചിരിക്കുകയാണ്. സഹകരണസംഘങ്ങളും, തൊഴിലാളികളും പ്രതിസന്ധിയിലാണ്. കൂടാതെ നമുക്ക് ചരക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത ഒരു പരിതസ്ഥിതിയാണ് ഇന്നുള്ളത്. പോളിസ്ററർ തുടങ്ങിയ പരിഷ്ക്കരിച്ച വസ്ത്രങ്ങളുടെയിടയിൽ ഈ പാവപ്പെട്ട കൈത്തറി തൊഴിലാളികൾ നെയ്യുന്ന വസ്ത്രങ്ങൾക്ക് മാർക്കററില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുണ്ട്. അങ്ങനെ ഈ രംഗത്ത് ഇന്ന് നിരവധി വിഷമങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അവരെ സംരക്ഷിക്കാൻ തീർച്ചയായിട്ടും കൂടുതലായി എന്തെല്ലാം സഹായങ്ങൾ ചെയ്യാൻ കഴിയുമെന്ന് സബ്ജക്ട് കമ്മിററി പരിഗണിക്കേണ്ടതാണ്. ആ രീതിയിലുള്ള പ്രയത്നങ്ങളുണ്ടെന്ന് മനസിലാക്കിക്കൊണ്ടുതന്നെയാണ് ഖാദി തൊഴിലാളികൾക്കും കൈത്തറി തൊഴിലാളികൾക്കും ക്ഷേമനിധി പോലുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ നടപടിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. സി. പി. നാരായണൻ: സർ, ഖാദിഗ്രാമ വ്യവസായത്തിലെ തൊഴിലാളികൾ എന്നുപറഞ്ഞാൽ നമ്മുടെ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിട്ടുള്ളവരാണ്. നമ്മുടെ സംസ്ഥാനത്ത് ഈ രംഗത്ത് മാത്രം ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. നെയ്ത്തുകാരായും, അതുപോലെതന്നെ നൂൽപ്പുകാരായും ആയിട്ടാണ് അവർ പണിയെടുക്കുന്നത്. നൂൽപ്പുകാരുടെ കൂട്ടത്തിൽ എസ്. എസ്. എൽ. സി., ബി. എ. എം. എ. വരെ പഠിച്ചിട്ടുള്ള കുട്ടികളടക്കം പണിയെടുക്കുന്നുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ സംസ്ഥാനത്തിലെ തൊഴിലില്ലായ്മയുടെ രൂക്ഷതയാണ് ഈ രംഗത്ത് ഈ വിഭാഗം കുട്ടികളെ വരാൻ നിർബന്ധിക്കുന്നത്. മററ് യാതൊരു തൊഴിലും കിട്ടാത്തതായ പരിത:സ്ഥിതിയിൽ അവർ ഈ രംഗത്ത് വരുന്നുവെന്നുള്ളതാണ്. കാരണം ഈ രംഗത്ത് മാനമായ കൂലിയും, ജീവിക്കാനാവശ്യമായിട്ടുള്ള മററ് . സൗകര്യങ്ങളും കിട്ടുമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല. ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ വളരെ തുച്ഛമായിട്ടുള്ള കൂലിയാണ് ഇവർക്ക് കിട്ടുന്നത്. മൂന്നു രൂപ മുതൽ ചിലപ്പോൾ എല്ലാവിധ സൗകര്യങ്ങളുമുണ്ടായിക്കഴിഞ്ഞാൽ ടേപ്പും അതുപോലെ ചർക്കക്കുള്ളതായ കേടുപാടുകളെല്ലാം തീർത്ത് കഴിഞ്ഞ് എട്ടോ പത്തോ രൂപ കിട്ടിയെന്നു വരും. ഈ രീതിയിൽ തുച്ഛമായിട്ടുള്ള കൂലി വാങ്ങുന്ന തൊഴിലാളികൾ എന്നുള്ള നിലയ്ക്ക് അവരെ സംരക്ഷിക്കാനുള്ള ഒരു നിയമവും കേരളത്തിലും ഇൻഡ്യയിലുമില്ല. ഇൻഡ്യാ രാജ്യത്ത് 65 ലക്ഷം വരുന്ന തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട് 49 കൊല്ലമായെങ്കിലും മഹാത്മജിയുടെ പിൻതുടർച്ചക്കാർ എന്ന് അവകാശപ്പെടുന്നതായ അവർ ഈ ഖാദി പ്രസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ട് തൊഴിലെടുത്ത് ജീവിക്കുന്നവർക്ക് സംരക്ഷണങ്ങൾ നൽകുന്നതിന് ആവശ്യമായിട്ടുള്ള യാതൊരു നിയമനിർമ്മാണങ്ങളും ഉണ്ടാക്കിയിട്ടില്ല. നമ്മുടെ സംസ്ഥാനത്തിലും, ഇൻഡ്യയിലും പല മേഖലകളിലും തൊഴിൽ സംരക്ഷണ നിയമങ്ങളുണ്ട്. ഖാദിയെ സംബന്ധിച്ചിടത്തോളം ആ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി യാതൊരു നിയമങ്ങളുമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. മുമ്മൂന്ന് കൊല്ലം കൂടുന്ന അവസരത്തിൽ ചിലപ്പോൾ നാലു കൊല്ലം കൂടുമ്പോൾ ഒരു കോസ്ററ് ചാർട്ട് തയ്യാറാക്കി ഖാദി കമ്മീഷൻ നിശ്ചയിക്കുന്ന ഒരു ചെറിയ വേതന വർദ്ധനവാണ് ഉണ്ടാകുന്നത്. വില സൂചികയുടെ അടിസ്ഥാനത്തിൽ പല വ്യവസായങ്ങളിലും ക്ഷാമബത്ത കൊടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഉണ്ട്. ഖാദിയെ സംബന്ധിച്ചിടത്തോളം അത്തരത്തിലുള്ളതായ യാതൊരു കാര്യങ്ങളുമില്ല. ഒരു നിയമങ്ങളും ബാധകമല്ല. നമ്മുടെ ഇൻഡ്യാ രാജ്യത്തിൽ ബോണസ് നിയമമുണ്ട്. 8 1/3% മിനിമം ബോണസ് കൊടുക്കണമെന്ന് നിയമമുണ്ട്. ഖാദിയെ സംബന്ധിച്ചിടത്തോളം വളരെക്കാലത്തെ പ്രക്ഷോഭണത്തിന്റെയും സമരത്തിന്റേയും ഫലമായി ആ തൊഴിലാളികൾക്ക് 8 1/3% ബോണസല്ല, ഇൻസെൻറീവ് കൊടുക്കാനുള്ള നിയമമാണുള്ളത്. ഇൻഡ്യാ രാജ്യത്തിലെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികൾക്ക് മററ് തൊഴിലാളികളെപ്പോലെ ബോണസ് നിയമം ബാധകമല്ല. മററ് നിയമങ്ങളോ, സംരക്ഷണങ്ങളോ ഒന്നും അവർക്ക് ബാധകമല്ല. ഈ തൊഴിലാളികൾ വളരെയധികം അവശതയനുഭവിക്കുന്നവരാണെന്ന കാര്യത്തിൽ തർക്കമില്ല. ഞാൻ ഈ ഗവൺമെൻറിനെ അഭിനന്ദിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറും, അതിലെ വകുപ്പുമന്ത്രിയായ ശ്രീമതി ഗൗരിയമ്മയും പിന്നോക്കം കിടക്കുന്ന ഏററവും അവഗണിക്കപ്പെട്ടുകിടക്കുന്ന ഈ വിഭാഗത്തിനുവേണ്ടി ഇത്തരത്തിലുള്ള ഒരു ക്ഷേമനിധി കൊണ്ടുവന്നതിൽ നമുക്ക് അഭിനന്ദിക്കാതിരിക്കാൻ നിർവാഹമില്ല. ഈ കാര്യത്തിൽ ഈ സംസ്ഥാനത്തിലെ ലക്ഷക്കണക്കിന് വരുന്ന ഖാദി ഗ്രാമ വ്യവസായത്തിലെ തൊഴിലാളികൾ അഭിനന്ദിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഞാൻ പറയുന്നത് കേരളത്തിൽ മാത്രമല്ല, ഇൻഡ്യാ രാജ്യത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഇതുപോലുള്ള തൊഴിലാളികളുണ്ട്. ഇൻഡ്യയിൽ ആദ്യമായിട്ടാണ് ഇത്തരം ഖാദി ഗ്രാമ വ്യവസായത്തിലെ തൊഴിലാളികൾക്ക് ഒരു ഖാദി ക്ഷേമനിധി ബിൽ കൊണ്ടുവരുന്നതെന്നത് നിയമസഭയെ സംബന്ധിച്ചിടത്തോളവും, കേരളത്തെ സംബന്ധിച്ചിടത്തോ

LIBRARY ARCHIVES Kerala Legislative Assembly

ളവും അഭിമാനകരമായ കാര്യമാണ്. ഈ നിയമം ഇവിടെ വന്നുകഴിഞ്ഞാൽ ഈ നിയമത്തിന്റെ പ്രത്യാഘാതങ്ങൾ ഇവിടെ നിൽക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം. തീർച്ചയായും മററ് ഖാദി ഗ്രാമ വ്യവസായങ്ങളിൽ പണിയെടുക്കുന്ന ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് ഇത് ആവേശമുണ്ടാക്കും. അതിനാവശ്യമായിട്ടുള്ള നിയമനിർമ്മാണത്തിനു വേണ്ടിയുള്ള പ്രചോദനമുണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്. ആ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിലെ തൊഴിലാളികൾക്കുള്ളതായ താൽക്കാലികമായ വിഷമങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു ആശ്വാസം മാത്രമേ ഇതുകൊണ്ടാകുകയുള്ളു. ഇവർക്കാവശ്യമായ മിനിമം വേജസുണ്ടാക്കുന്നത് അത്യാവശ്യമാണ്. മിനിമം വേജസ് നിയമങ്ങൾ എങ്ങനെയുണ്ടാക്കുമെന്നതിനെ സംബന്ധിച്ച് ആലോചിക്കേണ്ട കാര്യമാണ്. ആ നിയമങ്ങൾ കൊണ്ടുവന്നതുകൊണ്ട് ഇവരുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ എടുക്കേണ്ടതുണ്ട്. വളരെ തുച്ഛമായ കൂലി കിട്ടുന്നതായ ഒരു വിഭാഗം ആണ് ഈ തൊഴിലാളികൾ. അതുപോലെതന്നെ ഒട്ടേറെ പ്രശ്നങ്ങളുണ്ട് ഇതിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം. ചിലപ്പോൾ ചർക്കയുടെയും മററും പാർട്ട്സിന് കേട് വന്നുകഴിഞ്ഞാൽ അത് നന്നാക്കാൻ കഴിയുകയില്ല. രാവിലെ ഭക്ഷണവുമായി ജോലിക്കുവേണ്ടി പോയിട്ട് പാർട്സിന് കേട് വന്നുകഴിഞ്ഞാൽ മടങ്ങിവരേണ്ട സ്ഥിതിയാണുള്ളത്. അതുപോലെതന്നെ ചിലപ്പോൾ നല്ല ടേപ്പില്ലാത്തതിന്റെ ഫലമായും മോശമായ പരുത്തിയുടെ ഫലമായിട്ടും ചിലപ്പോൾ നൂൽ കിട്ടാത്തതായ പരിതഃസ്ഥിതിയുമുണ്ട്. അപ്പോഴും മടങ്ങിവരേണ്ട സ്ഥിതിയാണ് അവർക്കുള്ളത്. അങ്ങനെ അവർക്ക് കൂലി നഷ്ടപ്പെടുന്ന സ്ഥിതിയെത്തിച്ചേരുന്നു. അങ്ങനെ സ്പെയർ പാർട്ട്സും മററും ഇല്ലാത്തതായ ബുദ്ധിമുട്ട് അനുഭവിച്ചു വരുന്നു. ടേപ്പ് കിട്ടാത്തതായ വിഷമങ്ങളുമുണ്ട്.

ടേപ്പ് ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് ഇപ്പോൾ തീരുമാനിച്ചു. പയ്യന്നൂർ ഇപ്പോൾ പരുത്തി സംസ്കരണ കേന്ദ്രം ഉണ്ടാക്കിക്കൊണ്ട് മലബാറിന്റെ ഭാഗത്തേക്കെങ്കിലും തൊഴിലാളികൾക്ക് ടേപ്പ് കൊടുക്കാനുള്ള സാഹചര്യമുണ്ടാക്കി. നല്ലയിനം പരുത്തി ഉണ്ടാക്കണം. അതിന് വിജയ തുടങ്ങിയ പ്രത്യേക തരത്തിലുള്ള പരുത്തികളാണ് വേണ്ടത്. അതെല്ലാം ശരിയായി കൊണ്ടു വരണം. നല്ലയിനം പരുത്തിയില്ലെങ്കിൽ തൊഴിലാളികളാണ് അതിന്റെ ദുരിതം അനുഭവിക്കുന്നത്. കാലാവസ്ഥയിലും വിഷമങ്ങൾ ഉണ്ടാകാറുണ്ട്. ഷെഡ്ഡുകൾ ശാസ്ത്രീയമായ രീതിയിലല്ല എടുക്കുന്നത്. ഈ സംസ്ഥാനത്ത് ഇരുനൂറോളം ഷെഡ്ഡുകൾ ഉണ്ടാക്കിയിട്ടുണ്ട്. ആ ഷെഡ്ഡുകളിൽ പണിയെടുക്കുന്ന അവസരത്തിൽ നല്ല വേനൽ കാലമാണെങ്കിൽ ചർക്കയിൽ കൂടി നൂല് എടുക്കുന്ന അവസരത്തിൽ നൂല് പൊട്ടി വെയിസ്ററായി പോകുന്ന സ്ഥിതിയുണ്ട്. വർഷകാലമായി കഴിഞ്ഞാൽ ഈർപ്പമുണ്ടാകുന്നതിന്റെ ഫലമായി നൂല് കിട്ടാത്ത സ്ഥിതിയുണ്ട്. അപ്പോൾ സാധാരണയായി കിട്ടിക്കൊണ്ടിരിക്കുന്ന കൂലി കുറയുന്ന അവസരവും ചിലപ്പോൾ ഉണ്ടാകാറുണ്ട്. ഇത്തരത്തിലുള്ള വളരെയധികം ദുരിതങ്ങൾ ഈ വിഭാഗത്തിലെ ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. മറെറാരു കാര്യം കൂടിയുണ്ട്. ഖാദിബോർഡിന്റെ കീഴിൽ കുറെ സൊസൈററികളും സ്ഥാപനങ്ങളുമുണ്ട്. എന്നാൽ ഖാദിബോർഡിന്റെ കീഴിൽ അല്ലാതെ കേന്ദ്ര ഖാദി കമ്മീഷന്റെ നേരിട്ടുള്ള സഹായത്തോടുകൂടി നടത്തുന്ന പല സ്ഥാപനങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ട്. സർവോദയ സംഘങ്ങൾ, അസോസിയേഷനുകൾ, അതുപോലെ ഗാന്ധിപീസ് ഫൌണ്ടേഷൻ തുടങ്ങിയ നിരവധി സ്ഥാപനങ്ങളുണ്ട്. ആയിരക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുണ്ട്. എന്നാൽ ആ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ പണിയെടുത്തു കഴിഞ്ഞാൽ ഖാദി കമ്മീഷന്റെ കോസ്റ്റ് ചാർട്ട് പ്രകാരമുള്ള വേതനം പോലും കൊടുക്കാത്ത സ്ഥിതിയാണുള്ളത്. ഇന്ന് ഇപ്പോൾ ഖാദി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള കോസ്റ്റ് ചാർട്ട് പ്രകാരം 8% വെൽഫെയർ ഫണ്ടിൽ കൊടുക്കണം. 8% വെൽഫെയർ ഫണ്ടിൽ കൊടുത്തു കഴിഞ്ഞാൽ അതുപോലെ 8% മാനേജുമെന്റ് കൂടി ഇട്ട് ഒരു ദേശസാൽകൃത ബാങ്കിലോ മററ് ഏതെങ്കിലും ബാങ്കിലോ നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഒരു കൊല്ലത്തിനകം പോകാൻ പാടില്ല എന്നാണ്. എന്നാൽ ഈ സംസ്ഥാനത്തിലെ എല്ലാ സ്ഥാപനങ്ങളും നാലഞ്ചു കൊല്ലക്കാലമായി ഈ പാവപ്പെട്ട പട്ടിണിക്കൂലി വാങ്ങുന്ന തൊഴിലാളികളിൽ നിന്ന് വാങ്ങിയിട്ടുള്ള കാശ് അടയ്ക്കാതെ ദുരുപയോഗപ്പെടുത്തി എന്നുള്ളതാണ് യാഥാർത്ഥ്യം. നിങ്ങൾ ആലോചിച്ചുനോക്കണം, സർവ്വേ ദയയെ സംബന്ധിച്ച് പാടിപ്പുകഴ്ത്തുന്ന ആളുകൾ ഇത്തരത്തിൽ നടുന്നു. ഞങ്ങൾ പറയുന്നത് ഈ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യാനുണ്ട്. കഴിഞ്ഞ കാലത്ത് വളരെയധികം പ്രക്ഷോഭങ്ങളും സമരങ്ങളും ഖാദിതൊഴിലാളികൾ നടത്തി. അങ്ങനെ നടത്തിയതിന്റെ ഫലമായി ഒരു കമ്മീഷനെ നിശ്ചയിച്ചു. കമ്മീഷന്റെ റിപ്പോർട്ട് പോയി. പക്ഷെ ആ റിപ്പോർട്ട് പ്രകാരമുള്ള ക്ഷേമനിധി കൊണ്ടുവരാൻ ഈ ഗവൺമെന്റ് വരേണ്ടി വന്നു. ഇതിനു പറഞ്ഞിട്ടുള്ള കാര്യങ്ങളെപ്പററി പറയുമ്പോൾ പ്രധാനം ആരോഗ്യ സംരക്ഷണം. ഈ പണി എടുക്കുന്ന ആളുകളുടെ ആരോഗ്യത്തെ സംബന്ധിച്ച് എന്താണ് ഉറപ്പ്. പരുത്തിയും നൂലുമായി ബന്ധപ്പെടുന്ന അവസരത്തിൽ ശ്വസിക്കുമ്പോൾ ഈ പരുത്തി മൂക്കിലും വായിലും പോയി രോഗം പിടിപെടുന്നു. അവരെ സംരക്ഷിക്കാനുള്ള സംവിധാനം എന്താണ് ? അതിന് ഇന്ന് യാതൊരു സംവിധാനവുമില്ല. പതിനഞ്ചോ ഇരുപതു വർഷം പണിയെടുത്തുകഴിഞ്ഞാൽ ഈ തൊഴിലാളികൾ അനാരോഗ്യരായി പോകുന്ന സ്ഥിതിയാണ് ഉള്ളത്. അത്തരത്തിലുള്ള അനാരോഗ്യരമായ സംഭവങ്ങൾ ഈ വിഭാഗത്തിനിടയിലുണ്ട്. ഖാദിഗ്രാമ വ്യവസായ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഇത്തരം ഒരു നിയമം കൊണ്ടുവന്നതിന് ഞാൻ ഒന്നുകൂടി ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ് ഇതിൽ ഇനിയും ആവശ്യമായ മാററങ്ങൾ വരുത്തേണ്ടതുണ്ട്. ഖാദി ബോർഡ് ഇവിടെയുണ്ട്. ഖാദിബോർഡിനെ സംബന്ധിച്ച് പറയുന്ന അവസരത്തിൽ ബോർഡ് ഓരോ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന സംഖ്യയെ സംബന്ധിച്ചും അതുപോലെ ലോണുകളെ സംബന്ധിച്ചും മാത്രം ആലോചിക്കുന്ന ബോർഡായി അത് കുറഞ്ഞു പോകരുത്. ഈ സംസ്ഥാനത്തുള്ള ലക്ഷക്കണക്കിന് തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കത്തക്ക രീതിയിൽ ആ ബോർഡിന്റെ പ്രവർത്തനം കൊണ്ടുപോകേണ്ടതാണ്. ഞാൻ ഖാദി ബോർഡിലെ മെമ്പറായിരുന്നു. മെമ്പറായിരുന്നപ്പോഴുള്ള അനുഭവം എനിക്കറിയാം. ഖാദി ബോർഡ് ആകെ ആലോചിക്കുന്നത് ഓരോ സ്ഥാപനത്തിലും കടം കൊടുക്കുന്നതിനെ സംബന്ധിച്ചാണ്. ഖാദിത്തൊഴിലാളികളുടെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കാൻ തൊഴിലാളികളുടെ പ്രതിനിധികൾ അതിലില്ല. അതിൽ നോമിനേററ് ചെയ്യുന്ന ആളുകളായിരിക്കും. പക്ഷെ തൊഴിലാളികളുടെ പ്രതിനിധി എന്നുള്ള നിലക്ക് ഏതെങ്കിലും രീതിയിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സ്ഥിതി അവിടെയില്ല. ആ രീതിയിൽ ഖാദി ബോർഡിലും പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട് ഖാദിബോർഡ് ആ വ്യവസായങ്ങൾ നടത്തുന്നതുപോലെതന്നെ ആ വ്യവസായത്തിൽ പണി എടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസിലാക്കി അതിനാവശ്യമായ നടപടികളെടുക്കാനുള്ള മാററങ്ങൾ അതിലുണ്ടാകേണ്ടതുണ്ട്. ഖാദി ബോർഡിന്റെ കീഴിൽ ലക്ഷക്കണക്കിന് രൂപ കടം എടുത്തിട്ടുള്ള പല വ്യവസായങ്ങളുമുണ്ട്. അത്തര



LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇരുപത്തിരണ്ടോളം വ്യവസായങ്ങൾ നിലവിലുണ്ട്. കൂടുതൽ വ്യവസായങ്ങൾ നടത്താനുള്ള ചില നടപടികളും എടുത്തിട്ടുണ്ട്. അങ്ങനെ എഴുപത്തിയഞ്ചോളം വ്യവസായങ്ങളിൽ പണിയെടുക്കുന്ന അവസരത്തിൽ ലക്ഷക്കണക്കിന് രൂപ കടം വാങ്ങിയിട്ട് തിരിച്ചടക്കാത്ത ആളുകൾ ഇന്നും ഇവിടെയുണ്ട്. ഇവിടെ ചാരിറ്റബിൾ സൊസൈററി എന്ന പേരിൽ ആളുകളെ വിളിച്ച് ഇരുപതിനായിരം രൂപ ഉണ്ടാക്കി അല്ലെങ്കിൽ ഉണ്ടാക്കുന്നതിനുവേണ്ടി സ്ഥലം വാങ്ങി ഇരുപതിനായിരം രൂപയുടെ മൂലധനം ഉണ്ടെന്ന് പറഞ്ഞുകൊണ്ട് ലക്ഷക്കണക്കിന് രൂപ വാങ്ങി ദുരുപയോഗപ്പെടുത്തുന്ന അനുഭവമുണ്ട്. ആരാണ് തിരിച്ചു നോക്കേണ്ടതുള്ളത്. ഖാദി കമ്മീഷന്റെ കീഴിലും ഇതുപോലെ വാങ്ങിയിട്ടുള്ള സംഖ്യയുണ്ട്. ഇത്തരം ഒട്ടേറെ സംഭവങ്ങൾ ഖാദി ഗ്രാമവ്യവസായത്തിലുണ്ട്. അത്തരം സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അത് പരിശോധിക്കേണ്ട കാര്യമാണ്. അങ്ങനെ പരിശോധിച്ച് ഖാദിത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. ഇത് പറയുന്ന അവസരത്തിൽ, നമ്മുടെ രാജ്യത്ത് ഖാദി ഉൽപ്പന്നം വാങ്ങുന്നത് വളരെ ചുരുക്കം ആളുകളാണ്. എന്നാൽ ഇപ്പോൾ കൂടുതൽ ആളുകൾ ഉപയോഗിക്കുന്നുണ്ട്. അത് ഉപയോഗിക്കാൻ നിർബന്ധിതരാകുമ്പോൾ തന്നെ ഖാദി ഉൽപ്പന്നത്തിന് വില വർദ്ധിക്കുന്നു. കൂലിയിലുണ്ടാകുന്ന വർദ്ധനവിന്റെയും മററും ഫലമായി മാർക്കററിൽ ഈ ഉൽപ്പന്നത്തിന് വില വർദ്ധിക്കാൻ ഇടയാകുന്നു. അത്തരത്തിൽ വില വർദ്ധിക്കാതിരിക്കാനുള്ള ഒരു സമീപനം എടുക്കണം. അതിനാവശ്യമായി പരുത്തിക്കു subsidy കൊടുക്കാൻ കഴിയണം. കേന്ദ്ര ഖാദി കമ്മീഷനോട് നമ്മൾ പറഞ്ഞ് വില കയറാതിരിക്കാനും ഖാദി ഉൽപ്പന്നം വിററഴിക്കാനുമുള്ള സംവിധാനം ഉണ്ടാക്കണം. അതിനു വേണ്ട സഹായങ്ങൾ ചെയ്യുന്നതിനുവേണ്ടി ഖാദി കമ്മീഷൻ നേരിട്ട് പരുത്തിക്ക് സബ്സിഡി കൊടുത്തുകൊണ്ട് ഈ ഉൽപ്പന്നങ്ങൾക്ക് മാർക്കററ് ഉണ്ടാക്കാനുള്ള സാഹചര്യത്തെക്കുറിച്ച് പരിശോധിക്കേണ്ടതാണ്. അത്തരം ഒട്ടേറെ പ്രശ്നങ്ങൾ ഖാദി മേഖലയിലുണ്ട്. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആ രീതിയിൽ അതുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിക്കാനും സാധിച്ചതുകൊണ്ടാണ് ഞാൻ ഇത്രയും കാര്യങ്ങൾ ഇവിടെ പറയാൻ ഉദ്ദേശിച്ചത്. ഈ കാര്യങ്ങളെ കുറിച്ച് ഒന്ന് കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. തീർച്ചയായും മാററങ്ങൾ വരുത്തേണ്ടതുണ്ട്. ഈ ക്ഷേമനിധി ബിൽ ordinance വന്നപ്പോൾ തന്നെ ഈ സംസ്ഥാനത്തുള്ള ഖാദിത്തൊഴിലാളികൾക്ക് വളരെയധികം ആവേശമുണ്ടായിട്ടുണ്ട്. അവഗണിക്കപ്പെട്ടിട്ടുള്ളതായി ഞാൻ അംഗീകരിക്കുന്നു എങ്കിൽപോലും ആ രീതിയിൽ ചില മാററങ്ങൾ ഇനിയും വരുത്തേണ്ടതുണ്ട്. അതെല്ലാം സബ്ജക്ട് കമ്മിററിയിൽ ആലോചിച്ചുകൊണ്ട് ആവശ്യമായ മാററങ്ങൾ വരുത്തണം. ബോർഡ് ലേക്കെടുക്കുന്ന മൂന്നാളുകളുടെ പേരു പറഞ്ഞു. അവിടെ 10 ആളുകളെ എടുക്കുന്ന കൂട്ടത്തിൽ മൂന്ന് ആളുകൾ തൊഴിലാളികളുടെ പ്രതിനിധികൾ. ഒന്ന് മാനേജ്മെന്റിന്റെ ആളും ബാക്കി ഉദ്യോഗസ്ഥൻമാരും മററുമാണ്. അത്രത്തോളം തൊഴിലാളികളുടെ പ്രാതിനിധ്യം ഉണ്ടാക്കുന്നുവെന്നതിൽ സംശയമുണ്ട് ആ സംശയമെല്ലാം തീർക്കത്തക്ക സാഹചര്യമുണ്ടാക്കേണ്ടതുണ്ട്. ആ രീതിയിൽ ഒരു ക്ഷേമനിധി ബിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട ശ്രീമതി ഗൗരിയമ്മയെ ഒന്നുംകൂടി അഭിനന്ദിച്ചുകൊണ്ടും ഈ മുന്നണി ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ടും ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. സത്യനേശൻ: സർ, കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് വേണ്ടി കൊണ്ടുവന്ന ഈ ക്ഷേമനിധി ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കൈത്തറിത്തൊഴിലാളികൾ എന്ന് പറയുമ്പോൾ മററ് ബഹുമാനപ്പെട്ട മെമ്പർമാർ പരാമർശിച്ച പ്രശ്നമൊന്നും ഞാൻ പരാമർശിക്കുന്നില്ല. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിലെ തിരുവനന്തപുരം ജില്ലയും കണ്ണൂർ ജില്ലയുമായി പ്രധാനമായും ബന്ധപ്പെട്ട വ്യവസായമാണ് കൈത്തറി വ്യവസായം. തിരുവനന്തപുരം ജില്ലയെന്ന് പറയുമ്പോൾ കുളത്തൂർ, ബാലരാമപുരം എന്നീ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് കൈത്തറി വ്യവസായത്തിലെ പതിനായിരം തൊഴിലാളികൾ ഇന്ന് ജീവിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് ബാലരാമപുരത്തെ സ്ഥിതി ഞാൻ പറയാം. ബാലരാമപുരം മേഖലയിൽ പ്രത്യേകിച്ച് നെയ്യാററിൻകര താലൂക്കിൽ കൈത്തറി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പതിനായിര കണക്കിന് കുടുംബങ്ങൾ ഇന്ന് പട്ടിണിയിലാണ്.

സർ, നൂലിൻെറ ക്രമാതീതമായ വിലക്കയററം, കൈത്തറിത്തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വില കിട്ടാതിരിക്കുക, ഇതിൻെറയെല്ലാം ഫലമായി നെയ്യാററിൻകര താലൂക്കിൽ, പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിൽ, കൈത്തറി വ്യവസായം ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുകയാണ്. എനിക്ക് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ബാലരാമപുരം കേന്ദ്രമാക്കി നൂൽബാങ്ക് അടിയന്തിരമായി സ്ഥാപിച്ചുകൊണ്ട് കൈത്തറിത്തൊഴിലാളികൾക്ക് നൂൽ ലഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നാണ്. പക്ഷേ ഇന്ന് നൂൽ കിട്ടുന്നില്ല. ഇന്നൊരു സ്വകാര്യ മുതലാളിയെ ആശ്രയിച്ചുകൊണ്ടാണ് ബാലരാമപുരത്തെ കൈത്തറി വ്യവസായം നിലനിൽക്കുന്നത്. ആ താലൂക്കിൽ എമ്പാടുമുള്ള കൈത്തറിത്തൊഴിലാളികളിൽ ഒരു മുതലാളിയെ ലാക്കാക്കി നൂലിനുവേണ്ടി വരികയും ആ മുതലാളി ക്രമാതീതമായി നൂലിൻെറ വില കയററുന്നതിൻെറ ഫലമായി ഇന്ന് ആ മേഖലയിലെ വ്യവസായം തകർച്ചയിൽ നിൽക്കുകയുമാണ്. പല പഞ്ചായത്തുകളിലും ഇന്ന് കൈത്തറിത്തൊഴിലാളികൾ ജോലിയില്ലാതെ ഗുരുതരമായ പട്ടിണിയിൽ കഴിയുകയാണ്. പ്രത്യേകിച്ച് പള്ളിച്ചൽ, ബാലരാമപുരം, അതിയന്നൂർ, കല്ലിയൂർ തുടങ്ങിയ പഞ്ചായത്തുകളിലെ തൊഴിലാളികൾ ഇന്ന് ഗുരുതരമായ ഒരു സ്ഥിതിയെ തരണം ചെയ്യുകയാണ്. നൂൽ കിട്ടുന്നില്ല, അഥവാ കിട്ടി ജോലി ചെയ്തൽത്തന്നെയും ഈ ബാലരാമപുരം മേഖലയിലെ ഒരു പിടി മുതലാളിമാരെ ആശ്രയിച്ചുകൊണ്ടാണ് അവരുടെ ഉൽപ്പന്നങ്ങൾ വിററഴിക്കേണ്ടി വരുന്നത്. അവർ എടുക്കുന്നില്ല. അതുപോലെ തമിഴ്നാട് തുടങ്ങിയ സംസ്ഥാനത്തുനിന്നും ക്രമാതീതമായി കൈത്തറിത്തുണി വന്നു കയറുകയും അതിനു നിയന്ത്രണം ഇല്ലാതെ വിററഴിക്കുകയും ചെയ്തതിൻെറ ഫലമായി നമ്മുടെ ഈ സംസ്ഥാനത്ത് ഉണ്ടാക്കപ്പെടുന്ന കൈത്തറിക്ക് ഇന്ന് മാർക്കററില്ലാതെ വന്നിരിക്കുന്നു. അങ്ങനെ ഈ കൈത്തറി വ്യവസായം ഗുരുതരമായ ഒരു സ്ഥിതി നേരിട്ടുകൊണ്ടിരിക്കുകയാണ്. അടിയന്തിരമായി ഗവൺമെൻറ് ഇതിന് പരിഹാരം കാണണമെന്ന ഭ്യർത്ഥിക്കുന്നു. രണ്ടാമത് ഖാദിയെ സംബന്ധിച്ച് ഒരു കാര്യം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. വലിയവിള കേന്ദ്രമാക്കി 1968 മുതൽ ചാരിററബിൾ സൊസൈററി എന്ന നിലയിൽ ഒരു സഹകരണസംഘം പ്രവർത്തിച്ചു വരികയായിരുന്നു. നെയ്യാററിൻകര താലൂക്കിലെ പത്തു പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് വലിയവിള ഖാദി കേന്ദ്രം. ആ സ്ഥാപനത്തിൽ 2600 ഓളം വരുന്ന തൊഴിലാളികൾ പണി എടുത്തു വരികയായിരുന്നു. അടുത്ത കാലത്ത് വലിയവിള കേന്ദ്രമാക്കിയുള്ള ഖാദി ബോർഡിൻെറ കീഴിൽ ആ സ്ഥാപനം അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെൻറിനോടഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, നമ്മുടെ സംസ്ഥാനത്ത് ഏററവും പ്രയാസമനുഭവിക്കുന്ന ജനവിഭാഗങ്ങളിലൊന്നായ കൈത്തറിത്തൊഴിലാളികൾക്ക് അല്പമെങ്കിലും ആശ്വാസം എത്തിക്കുന്നതിലേക്ക് സുരക്ഷിതത്വ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഈ ക്ഷേമനിധി ബിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ പ്രതിപക്ഷത്തിന്റെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭിക്കാൻ ഇടയായില്ല എന്നുള്ള ദുഃഖകരമായ ഒരു സ്ഥിതിയാണുണ്ടായത്. അത് കിട്ടിയിരുന്നെങ്കിൽ ചർച്ച കുറെക്കൂടി സമ്പുഷ്ടമാകുമായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. ഏതായാലും സബ്ജക്ട് കമ്മിററിക്ക് അയയ്ക്കുന്ന അവസരത്തിൽ തീർച്ചയായും ആ സംഭാവനകളുണ്ടാകും. അതു കൂടുതൽ പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും എന്നുമാത്രമാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. ഇവിടെ അവതരിപ്പിച്ച ഭേദഗതികളിൽ പൊതുജനാഭിപ്രായത്തിന് വിടുക, സെലക്ട് കമ്മിററിക്ക് വിടുക, എന്നൊക്കെയുള്ള അഭിപ്രായങ്ങളുണ്ട്. പക്ഷേ അഭിപ്രായപ്രകടനം നടത്തിയ എല്ലാ അംഗങ്ങളും ഇങ്ങനെ ഒരു നിയമനിർമ്മാണ നടപടിക്ക് മുൻകൈ എടുത്ത ഗവൺമെൻറിന്റെ നടപടിയെ സ്വാഗതം ചെയ്യുകയാണ് ചെയ്തത്. പൊതുജനാഭിപ്രായത്തിന് വിട്ടാൽ കാലതാമസം കൂടുതലുണ്ടാകും എന്നുള്ളതുകൊണ്ടും, വളരെവേഗം ഇത് നിയമമാക്കിയും അതിന്റെ പ്രയോജനം സാധാരണ ദുരിതമനുഭവിക്കുന്ന കൈത്തറിത്തൊഴിലാളി വിഭാഗത്തിന് ലഭ്യമാക്കണമെന്നുള്ള ഗവൺമെൻറിന്റെ ആഗ്രഹം കൊണ്ടും ആ ഭേദഗതികൾ അംഗീകരിക്കാൻ നിവൃത്തിയില്ല. ഇത് സബ്ജക്ട് കമ്മിററിക്കു തന്നെ അയയ്ക്കണമെന്ന അഭിപ്രായത്തിൽ ഗവൺമെൻറ് ഉറച്ചുനിൽക്കുകയാണ്. ഇപ്പോൾതന്നെ ഈ ക്ഷേമനിധിയുമായി ബന്ധപ്പെടുത്തി, വ്യവസായത്തെ ബാധിക്കുന്ന പല പ്രശ്നങ്ങളെക്കുറിച്ചുമിവിടെ സൂചിപ്പിച്ചു ഈ വ്യവസായത്തിനു നേരിടുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. ഞാൻ ആദ്യമായി സൂചിപ്പിച്ചതുപോലെ ആരേയും കുററപ്പെടുത്താൻ പറയുന്നതല്ല. അങ്ങനെ ആരും വ്യാഖ്യാനിക്കുകയും ചെയ്യരുത്. കുററപ്പെടുത്തണമെങ്കിൽ കുററപ്പെടുത്താം, അത് മറെറാരു കാര്യം. കേന്ദ്രഗവൺമെൻറിന്റെ ടെക്സ്ററയിൽ പോളിസി ഈ വ്യവസായത്തെ വളരെയേറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഞാൻ ആദ്യം ഒന്നു സൂചിപ്പിച്ചു. ആ ടെക്സ്ററയിൽ പോളിസി ഈ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കണ്ടിട്ടാണ് പിന്നീട് ഒരു പ്രൊട്ടക്ഷൻ എന്നുള്ള നിലയിൽ 22 ഐറററം കൈത്തറി മേഖലയ്ക്ക് വേണ്ടി റിസർവ് ചെയ്തത്. പക്ഷേ അതുമാത്രം നടപ്പായിട്ടില്ല. അതിന്റെ ആഘാതം വളരെ വലുതായിരുന്നു. അതുപോലെതന്നെ പഞ്ഞി എക്സ്പോർട്ട് നടത്തിയത്. പിന്നീട് അത് നിർത്തി. പഞ്ഞി എക്സ്പോർട്ട് നടത്തിയ അവസരത്തിൽ നൂലിന്റെ വില ക്രമാതീതമായി വർദ്ധിച്ചു. എക്സ്പോർട്ട് നിർത്തിയെങ്കിലും നൂലിന്റെ വില കാര്യമായി കുറച്ചുകൊണ്ടു വരാൻ കഴിഞ്ഞിട്ടില്ല. നൂല് ഇപ്പോഴും കയററി അയയ്ക്കുന്നുണ്ട്. ഇപ്പോൾ അങ്ങനെയുള്ള പ്രതികൂലമായ സാഹചര്യം ഇൻഡ്യ ഒട്ടാകെയുണ്ട് ഈ മേഖലയിൽ. ഉൽപ്പാദനച്ചെലവ് കുറഞ്ഞ സംസ്ഥാനങ്ങളിൽ നിന്ന് കടുത്ത മൽസരം നമുക്ക് ഉണ്ടാകുന്നു. അതുപോലെ മററു ചില പ്രയാസങ്ങളുണ്ട്. വ്യാജചരക്കുകൾ വിററഴിക്കാൻ ശ്രമിക്കുന്നു. അതു നമ്മുടെ വിപണിയെ നല്ലതുപോലെ സ്വാധീനിക്കുന്ന പ്രതികൂലമായ സാഹചര്യങ്ങളാണ് നിലനിൽക്കുന്നത്. വളരെയേറെ ദുരിതമനുഭവിക്കുന്ന ഒരു ജനവിഭാഗമാണിവർ. അവർക്ക് സഹായം നൽകുന്നതിനുവേണ്ടി ഗവൺമെൻറ് പരമാവധി ശ്രമിക്കുന്നുണ്ട്. കേന്ദ്രഗവൺമെൻറ് അംഗീകരിച്ചിട്ടുള്ളത് 30 ദിവസത്തെ റിബേററാണ്. സംസ്ഥാന ഗവൺമെൻറ് 90 ദിവസത്തെ

LIBRARY ARCHIVES Kerala Legislative Assembly

റിബേററ് അനുവദിച്ചു. ഈ പ്രയാസമേറിയ സാമ്പത്തിക സാഹചര്യത്തിലും കഴിഞ്ഞ വർഷംവരെയുള്ള റിബേററ് കുടിശ്ശിക തീർത്തുകൊടുത്തത് മുൻഗണന നൽകി ആളുകളെ സഹായിക്കണമെന്നു കരുതിയാണ്. എന്നാൽ ഇപ്പോഴും 10–14 കോടി രൂപയുടെ സാധനങ്ങൾ വിററഴിക്കാതെ കെട്ടിക്കിടക്കുകയാണ്. ആ ഒരു ബുദ്ധിമുട്ടുണ്ട്. അതൊരു ദൂഷിതവലയമാണ്. അതുകൊണ്ട് വലിയ ബുദ്ധിമുട്ടുണ്ടാകുന്നു. ഉൽപ്പാദകൻ മുതൽ മറെറല്ലാ ആളുകൾക്കും അതിൽ ബുദ്ധിമുട്ടുണ്ടാകും. പരമാവധി വിററഴിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. അതുപോലെതന്നെ മററു സഹായങ്ങളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ഡ്രൗട്ട് ഈ ജോലിയെ പ്രതികൂലമായി ബാധിച്ചിരുന്നു. അതിനുള്ള അസിസ്ററൻസ് കൊടുത്തു. കഴിഞ്ഞ വർഷം തന്നെ 28 ലക്ഷം രൂപ ഗ്രാൻറായി കൊടുത്തു എന്നാണ് ഞാൻ പറയുന്നത്. ഈ വർഷവും 35 ലക്ഷം രൂപ കൊടുത്തു കഴിഞ്ഞു. ഗവൺമെൻറ് ചെയ്യാവുന്നതിൻെറ പരമാവധി പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് 10 കോടി രൂപയുടെ മോഡേണൈസേഷൻ സ്കീം കേന്ദ്രഗവൺമെൻറിന് കൊടുത്തിട്ടുണ്ട്. നാമെല്ലാം ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്, മോഡോണൈസേഷ൯ കൂടാതെ കാലത്തിൻെറ മാററങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആ മേഖലയിൽ മാററങ്ങ൯ വരുത്തിക്കൊണ്ടു മുന്നോട്ടു പോയില്ലെങ്കിൽ നമുക്ക് പിടിച്ചു നിൽക്കാ൯ സാധിക്കാതെ വരും. പക്ഷേ സംസ്ഥാനത്തിൻെറ സാമ്പത്തികസ്ഥിതി വച്ചുകൊണ്ട് വളരെ മാററങ്ങൾ ഉണ്ടാക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ കേന്ദ്രഗവൺമെൻറിനു മോഡേണൈസേഷൻ സ്കീം കൊടുത്തിരിക്കുന്നത്. ഈ മേഖലയെ ശക്തമായ ഒരടിത്തറയിൽ നിലനിറുത്തുന്നതിനുവേണ്ടി പലവിധത്തിലുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നാഷണൽ മിനിമം വേജസിൻെറ കാര്യത്തെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട സഭയ്ക്കറിയാം, ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാം, എത്രയോ വർഷങ്ങളായി പല മേഖലകളിലും പല വ്യവസായങ്ങളിലും നാഷണൽ മിനിമം വേജസ് പോകട്ടെ, റീജിയണൽ മിനിമം വേജസ് എങ്കിലും ഏർപ്പെടുത്താൻ വേണ്ടി നമ്മൾ ശ്രമിച്ചിട്ട് അതൊന്നും തന്നെ നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാവശ്യമായ സമ്മർദ്ദമോ പ്രേരണയോ നൽകേണ്ടവർ നൽകിയിട്ടുമില്ല. അതുകൊണ്ട് എന്തു പററുന്നു ? പലപ്പോഴും മൈഗ്രേഷൻ ഉണ്ടാകുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തുനിന്ന് പല ഇൻഡസ്ട്രിക്കും മൈഗ്രേഷൻ ഉണ്ടാകുന്നു. റീജിയണൽ മിനിമം വേജസ് പോലും നമുക്ക് നമ്മുടെ പല വ്യവസായ മേഖലകളിലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ആ ബുദ്ധിമുട്ടുകളുടെയെല്ലാം നടുവിൽ നിന്നുകൊണ്ടുള്ള ദുരിതപൂർണ്ണമായ ഒരു ജീവിതമാണ് കൈത്തറിത്തൊഴിലാളികൾക്കുള്ളത്. അവരെ സഹായിക്കുക എന്നുള്ളത് ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാനുദ്ദേശിക്കുന്ന ആളുകളുടെയൊക്കെയും കടമകളിലൊന്നാണ്.

ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ വളരെ ശ്രമകരമായ ജോലിയാണ് ഗവൺമെൻറിനുള്ളത്. തൊഴിലുള്ളവർക്ക് തൊഴിൽ ഉറപ്പു വരുത്തുക, ഭാഗികമായി തൊഴിലുള്ളവർക്ക് സംരക്ഷണം നൽകി തൊഴിലില്ലാത്ത സന്ദർഭത്തിൽ പ്രയാസമുണ്ടാകാത്ത രീതിയിൽ ഉറപ്പു നൽകുക, തൊഴിലില്ലാത്തവർക്ക് പുതിയ തൊഴിൽ കണ്ടെത്തുവാൻ ശ്രമിക്കുക, അടിസ്ഥാന വികസനമേഖലയെ സംരക്ഷിക്കുക തുടങ്ങിയ വളരെ ശ്രമകരമായ ജോലിയാണ് ഗവൺമെൻറിനുള്ളത്. ഈ വിഭാഗത്തെ സംരക്ഷിക്കേണ്ടതും സഹായിക്കേണ്ടതും ഏത് ഗവൺമെൻറിൻേറയും പ്രാഥമികമായ കടമയാണെന്നുള്ള ബോധത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. വളരെയധികം നിർദ്ദേശങ്ങൾ ഉണ്ട്. ആ നിർദ്ദേശങ്ങളെല്ലാം സ്വാഗതാർഹമാണ്. സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് വരുന്നയവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. സ്വാഗതാർഹമായ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്യും. ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു പിടിവാശിയും ഇല്ല. എല്ലാവരുടേയും സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : സർ, കേരള ഖാദിത്തൊഴിലാളി ക്ഷേമനിധി ബിൽ അവതരിപ്പിച്ചതിന് ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ടും മററ് വിധത്തിലും നല്ല അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ മെമ്പർമാരോട് ആദ്യംതന്നെ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. മെമ്പർമാർ ഉന്നയിച്ച ചില കാര്യങ്ങൾക്കു മാത്രമേ മറുപടി പറയുന്നുള്ളു. ഈ ബിൽ ഖാദിത്തൊഴിലാളികളെ മാത്രമേ ബാധിക്കുകയുള്ളു. ഖാദി ബോർഡിന്റെ കീഴിൽ വേറെ തൊഴിലാളികളും ഉണ്ട്. വില്ലേജ് ഇൻഡസ്ട്രീസിനെ സംബന്ധിച്ച തൊഴിലാളികൾ ഉണ്ട്. ഇവിടെ പലരും സംസാരിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഏററവും കുറഞ്ഞ കൂലി കിട്ടുന്ന വിഭാഗമാണിത്. ഖാദി കമ്മീഷന്റെ കോസ്ററ് ചാർട്ട് വച്ചു നോക്കുകയാണെങ്കിൽ വലിയ കൂലിയാണ്. ഒരു രൂപയ്ക്ക് ഇത്ര പൈസ എന്നാണ് പറയുന്നത്. പക്ഷേ ഉല്പാദിപ്പിക്കുന്ന ഖാദി വളരെ കുറവാണ്. അതിന്റെ അടിസ്ഥാനത്തിൽ വളരെ കുറച്ച് കൂലി മാത്രം വാങ്ങുന്ന ഖാദിത്തൊഴിലാളികളെമാത്രം ബാധിക്കത്തക്കവിധത്തിലുള്ള ഒരു നിയമമായിട്ടാണ് ഇത് കൊണ്ടുവന്നത്. വില്ലേജ് ഇൻഡസ്ട്രീസിന്റെ കിഴിൽ ഉല്പാദിപ്പിക്കുന്ന തീപ്പെട്ടിക്ക് പ്രത്യേകം നിയമങ്ങളുണ്ട്. അതുപോലെതന്നെ ഇഷ്ടിക നിർമ്മാണത്തിനും പ്രത്യേകം നിയമമുണ്ട്. മററ് ചിലതിനും ഉണ്ട്. ഇന്നത്തെ നിലയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കിട്ടുന്ന പണം കൂടുതൽ വില്ലേജ് ഇൻഡസ്ട്രീസിനുവേണ്ടി നീക്കിവയ്ക്കുകയും ആ വിധത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്. വില്ലേജ് ഇൻഡസ്ട്രീസിനും മററ് ചെറുകിട വ്യവസായങ്ങൾക്കുമൊക്കെ മിനിമം വേജ്സും മററാനുകൂല്യങ്ങളും വെൽഫെയർ ആക്ടിവിററീസുമൊക്കെ നടക്കുന്നതുകൊണ്ട് അതിനെ മാററിനിറുത്തിയിട്ട് ഇതിനെമാത്രം ബാധിക്കുന്ന വിധത്തിലുള്ള ഒരു നിയമമായിട്ടാണ് കൊണ്ടുവന്നിരിക്കുന്നത്. അത് ഏതിനെയൊക്കെ ബാധിക്കുമെന്നുള്ള കാര്യം കൂടുതൽ പരിശോധിച്ചുവന്നാൽ ഇത് ഇനിയും കൂടുതൽ താമസിക്കാൻ ഇടയാകും. അതുകൊണ്ടാണ് ഇതിൽ മാത്രമായിട്ട് ഒതുക്കിയിരിക്കുന്നത്. 26,000 തൊഴിലാളികൾ ഉണ്ടെന്ന് പറഞ്ഞു. പയ്യന്നൂർ ഖാദി ഗ്രാമവ്യവസായത്തിലോ, ആ സെൻററിലോ അല്ലെങ്കിൽ വേറെ ചില സെൻററിലോ അല്ലാതെ മററുള്ളിടത്തോ എടുക്കുന്നതായിട്ടുള്ള നടപടി ഇല്ല. ഖാദി മേഖലയിൽ നടക്കുന്ന പ്രവർത്തനമെല്ലാം ശരിയാണെന്ന് ഞാൻ പറയുന്നില്ല. ഗവൺമെന്റിന്റെ കീഴിൽ ഇതിന് ആവശ്യമായ ഇൻസ്ട്രക്ടർമാരെ എടുക്കുന്നുണ്ട്. യാതൊരു വിവരവുമില്ലാത്ത ഇൻസ്ട്രക്ടർമാരെയാണ് എടുത്തിരുന്നത്. പഠിപ്പിക്കാനും നൂൽനൂൽക്കാനും അറിഞ്ഞുകൂടാത്തതായിട്ടുള്ള ആളുകളെയാണ് ഇൻസ്ട്രക്ടർമാരായി എടുത്തിരുന്നത്. എല്ലാവരുടെയും കാര്യമല്ല ഞാൻ പറയുന്നത്. കുറെ ആളുകളെ അങ്ങനെ എടുത്തിട്ടുണ്ട്. അതുകൊണ്ടുണ്ടാകുന്നതെന്താണെന്നുവച്ചാൽ ആ സെൻററിൽ തൊഴിലാളികൾ പോകാതെയായി. വർക്ക് ചെയ്യാതെയായി. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇൻസ്ട്രക്ടർമാരുടെ കൂലി വർദ്ധിപ്പിക്കുകയുണ്ടായി. നേരത്തേ കുറഞ്ഞ കൂലിയാണുണ്ടായിരുന്നത്. ഡെയ്ലി വേജസാണ് അവർക്ക് കൊടുത്തിരുന്നത്. അവരുടെ കൂലി വർദ്ധിപ്പിച്ചതിനുശേഷം അവരെ നൂൽനൂൽക്കാനും പഠിപ്പിക്കാനുമുള്ള നടപടിയെടുക്കേണ്ടിവന്നു. പരിശീലനം കൊടുത്ത് അവരെ പിരിച്ചുവിടാ

തിരിക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. നൂൽ നെയ്ത്തിനാവശ്യമായിട്ടുള്ള പഞ്ഞി റാ കോട്ടൺ ആയിട്ടാണ് കൊടുക്കുക. അത് കൊടുത്താൽ സാധാരണ ഗതിയിൽ ഉല്പാദനം കുറയും. അതുകൊണ്ട് ഗവൺമെൻറ് കൂടുതൽ നൂൽ ഉണ്ടാക്കാൻവേണ്ടി പഞ്ഞി സ്ലൈവർ ആക്കി കൊടുക്കത്തക്കവിധത്തിലുള്ള ഒരു സ്ലൈവർ ഫാക്ടറി തുടങ്ങുന്നതിനുവേണ്ടി മുഖ്യമന്ത്രി കെട്ടിടത്തിനുവേണ്ടി കല്ലിട്ടിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗവൺമെൻറ് നൽകുന്ന സ്പിൻഡിൽസ്, ഒന്നും രണ്ടും മൂന്നും നാലും ഒക്കെയുള്ള സ്പിൻഡിൽസ് മാറി, രണ്ട് സ്പിൻഡിൽസ് ഉള്ള ചർക്കയും അതുപോലെ സെമി ആട്ടോമേററിക് ചർക്കയും പുതിയതായി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ഗവൺമെൻറ് വേറൊന്നുകൂടി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ നാരായണൻ സംസാരിച്ചപ്പോൾ പല സാധനങ്ങളും ഒടിഞ്ഞുകിടക്കുന്ന കാര്യം പറഞ്ഞു. പല സെൻററിലും ചർക്ക ഒടിഞ്ഞുപോയാൽ അവിടെയത് കൂട്ടിയിടുകയല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ല. ഈ ഗവൺമെൻറധികാരത്തിൽ വന്നതിനുശേഷം വോണൌട്ട് ആയിട്ടുള്ള ഉപകരണങ്ങൾ നന്നാക്കുന്നതിനും അതിനാവശ്യമായിട്ടുള്ള സാധനങ്ങൾ വാങ്ങിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അതിൻെറ പ്രോഗ്രസ് അത്ര ശരിയായിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ജില്ലകൾതോറും അതിനാവശ്യമായിട്ടുള്ള ചുമതലക്കാരെ നിയമിച്ച് ഒരു കാലപരിധിവച്ച് ഒടിഞ്ഞുപോയ ഉപകരണങ്ങൾ നന്നാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒടിഞ്ഞുപോയ ചർക്കകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിലാളികളെ സംബന്ധിച്ച് പറയുമ്പോൾ ബോർഡ് മെമ്പർമാരെ മാററുന്നതിനുള്ള നിയമത്തെപ്പററി പറഞ്ഞു. മൂന്നു പ്രാവശ്യം ഹാജരായില്ലെങ്കിൽ മാററാം. ഇവിടെ നിയമസഭയിൽത്തന്നെ 60 സിററിംഗിന് ഹാജരാകാതെ വന്നാൽ സീററ് നഷ്ടപ്പെടുമെന്നാണ്. പക്ഷേ നിയമസഭയുടെ അനുവാദം വാങ്ങിയാൽ അതു പോകുകയില്ല. അതുപോലെ മാത്രമേ ഇതിലുമുള്ളു. ഖാദിത്തൊഴിലാളികളിൽ മററുള്ളവരെപ്പററി ഞങ്ങൾ ഒന്ന് ആലോചിച്ചു. ഖാദികമ്മിഷനുമായി ആലോചിച്ചു. ഖാദി ബോർഡുമായി ആലോചിച്ചു. 26,000 തൊഴിലാളികളെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ഒരു പ്രത്യേക ബോർഡും അതിനുള്ള സംവിധാനവും ആവശ്യമായ ഉദ്യോഗസ്ഥൻമാരും വന്നാൽ ഈ പിരിക്കുന്ന കാശെല്ലാം വെറുതെ ശമ്പളത്തിനു പോകും. അതുകൊണ്ട് ചെലവു കുറച്ചുകിട്ടുന്ന പൈസ ഇവർക്ക് കൊടുക്കത്തക്കവിധത്തിലുള്ള സ്കീമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായിട്ടാണ് ഖാദി ബോർഡിൻെറ ആളുകളും ബാക്കിയുള്ളവരും വന്നത്. തൊഴിലാളിപ്രാതിനിധ്യം കൂടുതൽ വേണമോ വേണ്ടയോയെന്നുള്ളത് ആലോചിക്കാവുന്നതാണ്. അത് ഏതായാലും ഗവൺമെൻറ് ആലോചിക്കുന്നതാണ്.

പിന്നെ കള്ളഖാദിയുണ്ടെന്നുള്ളത് നേരാണ്. നമ്മുടെ സെൻററിൻെറ വാതുക്കൽ കൊണ്ടുവന്ന് ഒരു ബോർഡുവച്ച് അവർ വിൽക്കുന്നുണ്ട്. ഇതിനെ ഇല്ലാതാക്കുന്നതിന് ഒരു നിയമമുണ്ടാക്കുന്നതിനുവേണ്ടി കേന്ദ്ര ഖാദി കമ്മിഷന് ഒരു പ്രമേയം പാസാക്കി അയച്ചിട്ടുണ്ട്. അതിനുവേണ്ടി ഒരു നിയമം തന്നെ പാസാക്കണം. പാസാക്കാതെ ഇവരെ നിയന്ത്രിക്കാൻ പററുകയില്ല. ഖാദി ബോർഡിൻെറ അല്ലെങ്കിൽ ഖാദി കമ്മിഷൻെറ ഒരു സ്റേറാർ തുടങ്ങുന്നതിനപ്പുറത്ത് ഖാദി എന്ന് എഴുതി അവരുടെ പേരിൽ സ്റേറാർ തുടങ്ങിയാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കണമെങ്കിൽ നിയമമുണ്ടെങ്കിൽ മാത്രമേ പററുകയുള്ളു. ആ വിധത്തിൽ അവരെ നിരോധിക്കുന്ന ഒരു നിയമം കേന്ദ്ര ഗവൺമെൻറ് തന്നെ കൊണ്ടുവരണം. കള്ള ഖാദിയും കള്ള ഹാൻഡ്ലൂമും വരുന്നുണ്ട്. ഇല്ലെന്നുള്ളതല്ല. മനുഷ്യൻ വിഷത്തിനു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ മായം ചേർക്കുന്ന കാലമാണ്. ഇതിനാവശ്യമായി നിയമമുണ്ടാക്കണ മെന്ന കേന്ദ്ര ഗവൺമെൻറിനോട് നേരിട്ടാവശ്യപ്പെട്ടിട്ടുണ്ട്. ഖാദി കമ്മിഷ നോടും ആവശ്യപ്പെട്ടിട്ടുണ്ട് ഖാദി കമ്മിഷൻെറ ചെയർമാൻ ഇവിടെ വന്ന പ്പോൾ അദ്ദേഹത്തോടും പറഞ്ഞിട്ടുണ്ട്. അദ്ദേഹം ടേക്കപ്പ് ചെയ്യാമെന്നു പറഞ്ഞിട്ടുണ്ട്. ഇതാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്.

സർ, ഇവിടെ പാറശ്ശാല മെമ്പർ വലിയവിള സൊസൈററിയുടെ കാര്യം പറഞ്ഞു. ആ സൊസൈററി ഒരു ഫ്രോഡാണ്. അവിടെ 2600 തൊഴിലാളി കൾക്ക് തൊഴിൽ കൊടുത്തിരുന്നു എന്നുള്ളത് നേരാണ്. ഖാദി [1 P.M.] ബോർഡിൽ നിന്ന് 60 ലക്ഷം രൂപ വാങ്ങിച്ചിട്ടുണ്ട്. എന്നിട്ട് ചാരിററബിൽ സൊസൈററീസ് ആക്ററ് വച്ച് രജിസ്ററർ ചെയ്തിരിക്കുകയാണ്. അതു എങ്ങനെ നിയമപരമായി കൈകാര്യം ചെയ്യാ മെന്നാണ് ആലോചിക്കുന്നത്. വേങ്ങര ഒരു സൊസൈററി ഉണ്ട്. ഹിൽട്രൈബ്സ് ആണെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ആ പഞ്ചായ ത്തിലേ ഹിൽട്രൈബ്സ് ഇല്ല. അതിൽ കള്ളത്തരമില്ല എന്നൊന്നും ഞാൻ പറയുന്നില്ല. ഇതെല്ലാം കണ്ടുപിടിച്ച് നടപടിയെടുക്കണം. വലിയവിള സൊസൈററിയെ സംബന്ധിച്ച് വലിയ പ്രക്ഷോഭങ്ങളൊക്കെയുണ്ടായി. ആരൊക്കെയോ പത്രത്തിലെഴുതി, മന്ത്രി ഫയൽ പൂഴ്ത്തി എന്ന്. മന്ത്രിക്ക് ഇതിൽ യാതൊരു ബന്ധവുമില്ല. എൻെറ കാലത്തു കൊടുത്തതുമല്ല. പക്ഷെ പത്രത്തിൽ റിപ്പോർട്ട് വന്നത് മന്ത്രി ഫയൽ പൂഴ്ത്തി എന്നാണ്. ലിററററി സയൻറിഫിക് ആൻഡ് ചാരിററബിൾ സൊസൈററീസ് ആക്ട് അനുസരിച്ച് രജിസ്ററർ ചെയ്തതായതുകൊണ്ട് നടപടി എടുക്കാൻ കഴിയുകയില്ല. നഷ്ടം വന്നാൽ ചാരിററി പോയി. 60 ലക്ഷം രൂപയാണ് കൊടുത്തത്. നടപടിയും ചർച്ചയുമൊക്കെ വന്നപ്പോൾ ആ മാനേജുമെൻറ് മാറി. ആ മാനേജ്മെൻറിനെ മാററിയിട്ടു കഴിഞ്ഞകാലത്തിരുന്ന ഒരാൾ വന്നു. പിൽ ക്കാലത്തു ആ മാനേജ്മെൻറ് തന്നെ വന്നു. ഇതു എങ്ങനെ കൈകാര്യം ചെയ്യാ മെന്നുള്ളതിനെപ്പററി ഗവൺമെൻറ് ലീഗൽ ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചു. ഇതു കൈകാര്യം ചെയ്യുന്ന ആളുകൾ ഇൻഫ്ളുവൻഷ്യൽ അല്ല എന്നു വിചാരി ക്കരുത്. മുമ്പ് ഇവിടെ ഉല്പാദിപ്പിച്ചിരുന്ന സാധനങ്ങൾ വിററുപോകുന്നവ യായിരുന്നു. ഇത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഗവൺമെൻറ് നോക്കുകയാണ്. ഇതുവരെ ഈ സൊസൈററി അടച്ചിട്ടില്ല. ഇവിടെ ബഹു മാനപ്പെട്ട മെമ്പർ പറഞ്ഞതു അടച്ചു എന്നാണ്. അടച്ചിട്ടില്ല.

ഗവൺമെൻറ് കഴിഞ്ഞ ഒരു കൊല്ലം ഖാദിയുടേയും വില്ലേജ് ഇൻഡസ് ട്രീസിൻേറയും പ്രവർത്തനം പീപ്പിൾസ് മൂവ്മെൻറാക്കാൻ ഒരു ശ്രമം നടത്തി. കഴിയുന്നതും കൂടുതൽ ആളുകൾക്ക് കൊടുക്കുക, പ്രവർത്തനങ്ങൾ കഴിയു ന്നതുംവേഗം നടപ്പിലാക്കുക, അങ്ങനെ കിട്ടിയ പണമൊന്നും ലാപ്സാക്കാതിരി ക്കാൻ ഗവൺമെൻറ് നടപടി എടുത്തിട്ടുണ്ട്. ഇതിൻെറ പുനരുദ്ധാരണ നടപടികളെടുക്കുന്നതിന് ആരുടെ ഉപദേശവും അഭിപ്രായവും സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാണ്. മററുവിധത്തിൽ ഗവൺമെൻറിന് കിട്ടിയ നടപടി ക്രമങ്ങൾവച്ചുകൊണ്ട് നടപടികളെടുത്തിട്ടുണ്ട് എന്നു മാത്രമാണ് പറയാ നുള്ളത്.

ശ്രീ. ബേബിജോൺ പറഞ്ഞതുപോലെ എല്ലാപേരും അഭിപ്രായപ്പെട്ടത് പൊതുജനാഭിപ്രായത്തിന് വിടണമെന്നാണ്. അല്ലെങ്കിൽ സെലക്ററ് കമ്മിററിക്ക് വിടണമെന്നാണ്. പിരിച്ചെടുത്ത ഒരു കോടിയോളം രൂപ പലരുടേയും കയ്യിലിരിക്കുകയാണ്. ആ പൈസ വാങ്ങിച്ചെടുക്കണം. കഴിഞ്ഞ കൊല്ലം ഞങ്ങൾ അതിന് ശ്രമിച്ചു നോക്കിയതാണ്. പല പ്രൊട്ടസ് ററുമുണ്ടായി. ഖാദികമ്മീഷൻെറയടുത്തു പരാതിയൊക്കെ പോയി. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഇത് സബ്ജക്റ്റ് കമ്മിററിക്ക് തന്നെ വിടാൻ ഭേദഗതി അവതരിപ്പിച്ച മെമ്പർമാർ അനുവദിക്കണമെന്നും അവർ അവരുടെ ഭേദഗതികൾ പ്രസ് ചെയ്യരുതെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. നിങ്ങളുടെ വിലയേറിയ അഭിപ്രായത്തിന് ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തുന്നു. സബ്ജക്റ്റ് കമ്മിററിയിൽ ഇതിന്റെ വിശദവിവരങ്ങളെപ്പററി ചർച്ച ചെയ്ത് ഈ നിയമങ്ങൾ കൂടുതൽ നന്നാക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കുമെന്ന് ഉറപ്പു പറഞ്ഞുകൊണ്ട് ഈ പ്രമേയം പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പി. മമ്മു മാസ്ററർ അവതരിപ്പിച്ച ഒന്നാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി. പി. ബാലൻവൈദ്യർ അവതരിപ്പിച്ച രണ്ടാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച നാൽപ്പതും നാൽപ്പതു എ. യും ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സത്യൻ മൊകേരി അവതരിപ്പിച്ച 19, 19എ. എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

